2012 October-December

GEORGIAN MIRROR

The Journal of Indian Orthodoxy



മലങ്കരസഭ: നാളെ...

GEORGIAN MIRROR
The Journal of Indian Orthodoxy

2012 **CONTENTS** OCTOBER - DECEMBER

സ്ഥലപരിമിതി കാരണം ചില പംക്തികൾ ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

എഡിറ്റർ

കവർ: നിന്റെ കൂടാരത്തിന്റെ സ്ഥലത്തെ വിശാലമാക്കുക; നിന്റെ നിവാസങ്ങളുടെ തിരശ്ശീലകളെ അവർ നിവിർക്കട്ടെ; തടുത്തുകളയരുത്; നിന്റെ കയറുകളെ നീട്ടുക; നിന്റെ കുറ്റികളെ ഉറപ്പിക്കുക. നീ ഇടത്തോട്ടും വലത്തോട്ടും പരക്കും. (യെശ. 54:2, 3)

(The external boundaries of India as depicted are neither accurate nor authentic.)

tPmÀPnb ³ andÀ
മലങ്കരയുടെ സത്യദർശനം
പു.4 ലക്കം 4 ▪ 2012 ഒക്ടോബർ – ഡിസംബർ



Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.

Printed and Published by:
Mathew Alexander for St. George Orthodox Valiyapally, Palarivattom, Kochi-682 025

Editor : C.V. Benjamin, Responsible for selection of news under the PRB Act


Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirror2009@yahoo.com

Chief Editor: 94470 85545 Email: frchackoky@gmail.com
Editor: 93884 73243
Church Website: www.sgovp.com
Church Office Email: sgovpp@gmail.com

Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints (St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന് (വി. യൂദാ 3,20)

എഡിറ്റോറിയൽ

ഇടത്തോട്ടും വലത്തോട്ടും പരക്കുന്ന ഒരു ദർശനം



Chasing the past, I stumbled into the future.
- T.A. Sachs

ലോകമെമ്പാടുമുള്ള മലങ്കരസഭാ മക്കൾക്ക് ഇത് ആഹ്ലാദത്തിന്റെ ദിനങ്ങളാണ്. ആത്മീയ കോളനിയായിത്തീർന്ന മലങ്കരയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള ചുവടുവെപ്പിന്റെ ശതാബ്ദി സഭയിലെങ്ങും കൊണ്ടാടുമ്പോൾ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തലമുറകളുടെ പോരാട്ടത്തിന്റെ ചരിത്രം വർണ്ണിക്കാനാണ് ജോർജിയൻ മിറർ തുനിഞ്ഞതെങ്കിലും, സഭയുടെ ഭാവിദർശനമായിത്തീർന്നത് ദൈവനിയോഗമാണ്. ഇന്ന് നമ്മുടെ തലമുറയ്ക്ക് ഒരു ദർശനം വേണം കൂടാരത്തിന്റെ സ്ഥലം വിശാലമാക്കുന്നതിനുള്ള ഒരു ദർശനം (യെശ.54: 2,3)

വിൽസൺ അച്ചൻ, പി. തോമസ്, ജോഷ്വ അച്ചൻ തുടങ്ങിയ പ്രതിഭാശാലികളായ എഴുത്തുകാർ കാതോലിക്കേറ്റിന്റെയും സഭയുടെ ഭാവിദർശനത്തിന്റെയും ഈ ലക്കത്തിൽ അണിനിരക്കുന്നു. വിൽസൺ അച്ചന്റെ 'പരിശുദ്ധസഭയുടെ തിരുവചന – ചരിത്ര വിശകലനവും,' പി. തോമസിന്റെ 'വൈദിക മേലദ്ധ്യക്ഷ പദവിയിലേക്കുള്ള അന്വേഷണവും' ചരിത്രത്തിന്റെ നാൾവഴിയിലൂടെ വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു.

ഒരു മനുഷ്യന്റെ മനസ്സിലെ ചിന്തകൾ സൂക്ഷ്മമായി പരിശോധിച്ചാൽ, ഭാവിയെപ്പറ്റിയുള്ള ചിന്തകളിലായിരിക്കും, അയാൾ കൂടുതൽ സമയം ചിലവഴിച്ചിട്ടുള്ളതെന്ന് എമേഴ്സൻ പറഞ്ഞിട്ടുണ്ട്. ഭൂതകാലത്ത് സംഭവിച്ചതെല്ലാം ഇന്നിലേക്ക് നമ്മെ കൊണ്ടെത്തിക്കുന്നതിനായിരുന്നു. നാളയെ കരുപ്പിടിപ്പിക്കുന്നതിന് നമുക്ക് ലഭിച്ചിരിക്കുന്ന അവസരമാണിന്ന്. ഡോ. വർഗ്ഗീസ് പി. പുന്നൂസിന്റെയും അലക്സ് കുര്യന്റെയും ലേഖനങ്ങൾ നാളയെപ്പറ്റിയുള്ള സഭയുടെ സ്വപ്നങ്ങളാണ്.

മീഡിയയെക്കുറിച്ച് ഗൗരവമായ ഒരു ചർച്ച സഭയിൽ നടത്തേണ്ട കാലമായിരിക്കുന്നു. യുവതലമുറ ആധുനിക മാധ്യമങ്ങളിലേക്ക് ചുവടുവയ്ക്കുമ്പോൾ സഭയ്ക്ക് ഇവരിലേക്കെത്തുന്നതിന് പുതിയ മീഡിയ ഉപയോഗിക്കാതെ തരമില്ല. ശക്തമായ ഒരു മീഡിയാപോളിസിക്ക് സഭ രൂപം നൽകുന്നതിന് പ്രസാർ ഭാരതിയുടെ ചുമതല വഹിക്കുന്ന, ഡോ. ജോർജ് വർഗീസിന്റെ ലേഖനം ഇടയാക്കുമെന്നു പ്രത്യാശിക്കാം.

പ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ കെ.എം. ജോർജച്ചന്റെ 'മണ്ണും കുന്തിരിക്കവും' വാങ്ങിപ്പോയവരെക്കുറിച്ചുള്ള ഓർത്തഡോക്സ് വിശ്വാസത്തിന്റെ നിദർശനമാണ്. മരണം മൂലം താൽക്കാലികമായി വേർപെട്ടാലും ദ്രവത്വമുള്ള ശരീരം രൂപാന്തരപ്പെട്ടു ആത്മാവിനോടു വീണ്ടും കൂടിച്ചേരും എന്ന ഓർത്തഡോക്സ് കാഴ്ചപ്പാട് അച്ചൻ വിശദമാക്കുന്നു.

പുരുഷന്മാർക്കൊപ്പം സ്ത്രീകളും ഇടവക സമിതികളിൽ പ്രവർത്തിക്കുന്നതിന് സഭ അനുവദിക്കുന്നു. എന്നാൽ ഇത് വേണ്ടവിധം പ്രയോജനപ്പെടുത്താൻ സ്ത്രീകൾ മുന്നോട്ടുവരുന്നില്ലെന്നു ഡോ. സാറാമ്മ വർഗ്ഗീസ് ചൂണ്ടിക്കാണിക്കുന്നു.

ഓർത്തഡോക്സ് വിശ്വാസത്തെക്കുറിച്ചുള്ള ഒരു ലേഖനപരമ്പര ഈ ലക്കം മുതൽ ആരംഭിക്കുന്നു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് തിരുമേനി എഴുതുന്ന ഈ പരമ്പര വായനക്കാർക്ക് ഏറ്റവും പ്രയോജനകരമാകുമെന്നു കരുതുന്നു.

നവംബർ 25 നു കാതോലിക്കേറ്റിന്റെ ശതാബ്ദി മഹാസംഗമം കൊച്ചിയിൽ നടക്കുന്നു. സഭയുടെ ഈ വലിയ കൂടിവരവ് എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണ്. സഭ കരുത്താർജ്ജിച്ച് മുന്നോട്ടുപോകുന്നതിന് ഈ സമ്മേളനം മുഖാന്തരമാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് സഭയെ സ്നേഹിക്കുന്ന ഏവർക്കുമായി ഈ പ്രത്യേക ലക്കം സമർപ്പിക്കുന്നു.

ക്രിസ്തുയേശുവിൽ നിങ്ങളുടെ

കെ.വൈ. ചാക്കോ അച്ചൻ

പരിശുദ്ധ സഭ: തിരുവചന– ചരിത്ര വിശകലനം

■ ഫാ. വിത്സൻ മാത്യു, ബേസിൽ ദയറ



ഉപോദ്ഘാതം

പരിശുദ്ധ സഭയുടെ ചരിത്രം കാലാതീതമായ വസ്തുതയാണ്. വിശുദ്ധ ത്രിത്വത്തിന്റെ ഏകത്വഭാവത്തിൽ സഭയുടെ വളർച്ചയും സംവേദനവും ഉൾക്കൊണ്ടിരിക്കുന്നു. പാഴും ശൂന്യവുമായി, വെള്ളത്താൽ മൂടപ്പെട്ടു കിടന്ന ഭൂമിയിൽ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചു എന്നുള്ളത് ഭൂമിയിൽ സ്ഥാപിതമാകുവാനുള്ള പരിശുദ്ധ സഭയുടെ മുൻ സൂചനയായിരുന്നു. 'വെളിച്ചമുണ്ടാകട്ടെ' എന്ന ദൈവസ്വരം ലോകത്തെ പ്രകാശിപ്പിക്കുവാനുള്ള ദൗത്യവുമായി സ്ഥാപിതമായ പരിശുദ്ധ സഭയുടെ പ്രതീകാത്മക വിശകലനമായിരുന്നു. വെളിച്ചം മുതൽ മനുഷ്യസൃഷ്ടി വരെയുള്ള ക്രമീകൃതമായ മുന്നേറ്റത്തിൽ, സഭയുടെ ദൗത്യം, ലക്ഷ്യം, സംവേദനം ആദിയായവയെല്ലാം ഉൾപ്പെട്ടിരുന്നു. ചുരുക്കത്തിൽ, പരിശുദ്ധ സഭയെന്ന സത്യവും, സത്തയും, സ്വത്വവും അനാദിയായ ഒരു യാഥാർത്ഥ്യത്തിന്റെ വിശകലനത്തെ സൂചിപ്പിക്കുന്നു.

സഭാ സങ്കല്പം : പഴയനിയമ – പുതിയനിയമ കാഴ്ചപ്പാടിൽ

ഏദൻതോട്ടത്തിൽ പാദങ്ങൾ ചലിപ്പിച്ച് ദൈവത്തോടൊത്തുള്ള താളാത്മകമായ ചലനം, നിർദ്ദേശങ്ങൾ പാലിക്കുവാനുള്ള ആഹ്വാനം ആദിയായവ യഹോവയായ ദൈവം ആദിമനുഷ്യർക്ക് നൽകിയിരുന്നു. പരിശുദ്ധ സഭയുടെ ചിട്ടയായുള്ള നിഷ്ഠകളും, അനുഷ്ഠാനങ്ങളുമുൾക്കൊള്ളുന്ന ഘടനാപരമായ ഒരു ഭാവമാണ് ഇതിലൂടെ ദർശിക്കാവുന്നത്. സാത്താന്റെ ചടുലമായ പ്രവേശനവും, ആകർഷണീയ ഭാവങ്ങളും പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം വേദവിപരീതങ്ങളുടെയും ദുർവ്യാഖ്യാനങ്ങളുടെയും ജഡികതകളുടെയും പ്രതീകങ്ങളാണ്. ഏദനിലെ പതനം, സത്യവിശ്വാസം നഷ്ടപ്പെടുന്നതിന്റെ ഭീതിദമായ ചിത്രമാണ്. ഏദനിലെ നിഷ്കാസനം സത്യവിശ്വാസവും, ആരാധനാനുഭവവും, ആദ്ധ്യാത്മിക സത്തയും നഷ്ടപ്പെട്ട് ഉഴലുന്നതിന്റെ പ്രതീകമാണ്.

"ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക" എന്ന് അബ്രഹാമിനു ലഭിച്ച ദൈവവിളി പരിശുദ്ധ സഭയുടെ സത്തയിലേക്കുള്ള ഉൾവിളിയാണ്. സർവ്വവും വിട്ട് ദൈവവിളിക്ക് വിധേയമായി, ദൈവീക പ്രകാശത്തെ പിൻപറ്റി യാത്രചെയ്ത തീർത്ഥാടകരായി അബ്രഹാമും കൂടെയുള്ളവരും മാറ്റപ്പെട്ടു. 'കണ്ണു കണ്ടിട്ടില്ലാത്ത, ചെവി കേട്ടിട്ടില്ലാത്ത, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നാത്ത ആദ്ധ്യാത്മികാനുഭൂതി പരിശുദ്ധ സഭാ മക്കളുടെ അവകാശമാണ്. വൃക്ഷംനട്ട് ആരാധന കഴിക്കുന്ന തലം തുടങ്ങി, ഹോമയാഗം, ഹനനയാഗം, അകൃത്യയാഗം, പാനീയയാഗം തുടങ്ങി ബലിഅനുഷ്ഠാനങ്ങളുടെ കേദാരമായി സഭാതലം മാറ്റപ്പെടുന്നു. പഴയനിയമ സഭാനൗകയെ അലങ്കരിക്കുവാൻ പുരോഹിതന്മാരും നിയമിതരായി. സഭാചരിത്രവും, സഭാജീവിതവും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനവിഭാഗത്തോട് ബന്ധപ്പെട്ട് അറിയപ്പെടുവാനും, വിശദീകരിക്കപ്പെടുവാനും ഇടയായി. സങ്കീർത്തനപുസ്തകങ്ങളിലെ സഭാസങ്കൽപം, 'യഹോവയുടെ കൂടാരം', 'നീതിമാന്മാരുടെ കൂടാരം' ആദിയായ സംഗീതാത്മക പ്രയോഗങ്ങളിലൂടെയാണ് വെളിവാകുന്നത്. ജ്ഞാനിയായ ശലോമോൻ വേർപെടുത്താനാവാത്ത ദിവ്യസ്നേഹവുമായി ബന്ധപ്പെടുത്തി സഭാജീവിതത്തെ വ്യാഖ്യാനിക്കുന്നു. പ്രിയനായി ജീവിക്കുന്ന കന്യകയുടെ തരളിതഭാവങ്ങൾ സഭാജീവിതത്തിൽ അദ്ദേഹം ദർശിക്കുന്നു. വലിയ പ്രവാചകന്മാർ, സഭാജീവിതത്തിന് സഹനതയുടെ ദീപ്തഭാവം നൽകി അലങ്കരിക്കുന്നു. ചെറിയ പ്രവാചകന്മാർ (പിൽക്കാല പ്രവചനഗ്രന്ഥങ്ങൾ) മാനസാന്തരം, പശ്ചാത്താപം, ആത്മസമർപ്പണം ആദിയായവയിലൂടെ സഭാനുഭവത്തെ വിശകലനം ചെയ്തു.

പുതിയനിയമത്തിൽ കർത്താവിന്റെ ശരീരം, മണവാട്ടി, അനുഗൃഹീത മുന്തിരിത്തോട്ടം തുടങ്ങിയ പ്രയോഗങ്ങൾ സഭാജീവിതത്തെ പ്രതിബിംബിപ്പിക്കുന്നു. ഉപ്പ്, വെളിച്ചം എന്നീ ഉപമാനങ്ങളിലൂടെ പരിശുദ്ധ സഭയുടെ ദൗത്യത്തെ നമ്മുടെ കർത്താവ് ഉദ്ദീപിപ്പിക്കുന്നു. മിഷനറി യാത്രകളിലൂടെ സഭയുടെ വളർച്ചയെ ത്വരിതപ്പെടുത്തിയ വി. പൗലോസിന്റെ ദർശനവും ജീവിതവും ഏവർക്കും മാതൃകയാണ്. സെഹിയോൻ മാളികയിലെ പരിശുദ്ധാത്മ ആവാസം, പരിശുദ്ധ സഭയുടെ വളർച്ചയുടെ നൂതനഘട്ടമാണ്. പീഡനങ്ങളിലൂടെ വളർന്ന സഭയുടെ ചരിത്രമാണ് ഇതിലെ കാതലായ വസ്തുത. സ്നേഹാധിഷ്ഠിത ഭാവങ്ങളെ കോർത്തിണക്കുന്ന ദൈവീകസുവിശേഷത്തിലൂടെ വി. യോഹന്നാൻ തന്റെ തിരുസഭാ സങ്കല്പം വെളിവാക്കുന്നു. ഏഷ്യാമൈനറിലെ ഏഴു സഭകളുടെ ആദ്ധ്യാത്മിക വീക്ഷണത്തിലൂടെ, സഭയുടെ ഉദയം, വളർച്ച, പീഡനം, പ്രത്യാശ ആദിയായ ഘടകങ്ങളെ വെളിപാടു പുസ്തകത്തിൽ വ്യാഖ്യാനിക്കുന്നു.

പരിശുദ്ധ സഭ: ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക്

"....യെഹൂദ്യയിലും. ശമര്യയിലും തുടങ്ങി ലോകത്തിന്റെ അറ്റത്തോളം സാക്ഷികളാകുവിൻ" എന്ന കർത്തൃകല്പന ശിരസാവഹിച്ചു കർത്തൃശിഷ്യന്മാർ അഭിമാനത്തോടെ കർത്താവിന്റെ സുവിശേഷം പ്രചരിപ്പിച്ചു. ജ്വലനശേഷിയുള്ള ഏതു വാതകത്തേക്കാളും അതിവേഗതയിൽ കർത്തൃസുവിശേഷം പടർന്നു വ്യാപിച്ചു. മുറിച്ചുമാറ്റപ്പെട്ട ശിരസ്സുകളും മറ്റവയവങ്ങളും കബന്ധങ്ങളും ഈ വ്യാപനത്തിന്റെ മറവിലെ അദൃശ്യശക്തികളായിരുന്നു. ദരിദ്രന് പ്രത്യാശയായും, സമ്പന്നന് ഭയം ജ്വലിപ്പിക്കുന്ന ആഹ്വാനമായും അരിഷ്ടന് സാന്ത്വനമായും ഈ സുവിശേഷം പ്രചരിച്ചു. ഗ്രീക്ക് – റോമൻ തത്വശാസ്ത്രങ്ങളിലെ രഹസ്യാത്മക ജ്ഞാനവും, ശക്തിയും ആശയവും, ആവേശവുമായി പ്രകടഭാവത്തിൽ ക്രിസ്തീയ സുവിശേഷം എത്തിച്ചേർന്നു. ജാതികൾക്ക് ആവേശവും, പണ്ഡിതർക്ക് പാണ്ഡിത്യവും, ജ്ഞാനികൾക്ക് ജ്ഞാനവുമായി ഇത് പരിണമിച്ചു. ക്രിസ്തുവിന്റെ രക്തസാക്ഷിത്വവും, തുടർന്നുണ്ടായ പീഡനങ്ങളും സഭയുടെ വളർച്ചയ്ക്ക് ആക്കംകൂട്ടി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ച ഈ സുവിശേഷം വി. തോമാശ്ലീഹായിലൂടെ ഇന്ത്യയിലുമെത്തി.

ഭാരതത്തിലെ ക്രൈസ്തവ സഭ: ഉദ്ഭവവും വളർച്ചയും

എ.ഡി. 52 ൽ വി. തോമസ് അപ്പോസ്തോലൻ ഭാരതത്തിലെത്തി എന്നാണ് പരക്കെയുള്ള വിശ്വാസം. അദ്ദേഹത്തിന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങളും, സുവിശേഷഘോഷണവും 'Acta Thoma' (Acts of Judas Thomas) എന്ന അപ്പൊക്രീഫ ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. വി. അപ്രേമിനെപ്പോലെയുള്ള പിതാക്കന്മാർ ഇത് കാവ്യാത്മകതയോടെ വിശദീകരിക്കുന്നുണ്ട്. പാലസ്തീനിയായിൽനിന്നും കാതങ്ങളകലെയുള്ള ഈ പ്രദേശത്തേക്ക് ദൈവാത്മാവിനാൽ പ്രേരിതനായാണ് വി. തോമസെത്തുന്നത്. വിഭിന്ന ഭാഷകളും സംസ്കാരങ്ങളും നിലനിന്ന ഭാരതഭൂമിയുടെ തെക്കേഅറ്റത്തുള്ള ഈ ഭൂഭാഗത്ത് തോമാശ്ലീഹാ എത്തിപ്പെട്ടത് വിശകലനാതീതമായ വസ്തുതയാണ്. അന്നത്തെ ഭാരതത്തെപ്പറ്റിയുള്ള ലഘു വ്യാഖ്യാനം ഒരു പരിധിവരെ തോമാ ശ്ലീഹായുടെ വരവിന്റെ ആധികാരികത ഉറപ്പിക്കുവാൻ ശക്തമാണ്.

- ഗ്രീക്ക്, റോം, മെസാപ്പൊട്ടോമിയ (ഇറാക്ക്), മറ്റു പേർഷ്യൻ രാജ്യങ്ങൾ ആദിയായവയുമായി ഇന്ത്യയ്ക്ക് (ഭാരതത്തിന്) വാണിജ്യബന്ധങ്ങളുണ്ടായിരുന്നു.
- സാംസ്കാരിക പാരമ്പര്യത്താലും, വ്യാപാരത്താലും ഈ നാടിന് വിദേശരാജ്യങ്ങളിൽ മതിപ്പുണ്ടായിരുന്നു.
- വ്യാപാരാവശ്യങ്ങൾ മൂലവും പീഡനങ്ങൾ മൂലവും ചിതറപ്പെട്ട യഹൂദവംശജർ ഈനാട്ടിൽ ധാരാളമായുണ്ടായിരുന്നു.
- ഉദാരശീലരും മഹാമനസ്കരുമായ ഭരണാധികാരികൾ വൈദേശികരുടെ സന്ദർശനത്തെ പ്രോത്സാഹിപ്പിച്ചിരുന്നു.
- മതത്തെ ധർമ്മമായി കണക്കാക്കിയ ഭാരതീയ ജനത, വിവിധങ്ങളായ സംസ്കാരങ്ങൾ, പഠിപ്പിക്കലുകൾ, ധാർമ്മിക പ്രമാണങ്ങൾ, നൂതനവിശ്വാസങ്ങൾ ആദിയായവയെ ജിജ്ഞാസയോടെ വീക്ഷിച്ചിരുന്നു.

നിയതമായ ആരാധനാരീതി, മതബോധനം ആദിയായവ ലഭ്യമാകാതിരുന്ന ഭാരതജനത, വിശാലമനസ്കതയോടെ ഏതൊരു പുതിയ പ്രമാണത്തെയും തങ്ങളുടെ വിശ്വാസത്തോടു ചേർത്തു കാണുന്നതിൽ തൽപരരായിരുന്നു.

ഇത്തരത്തിലുള്ള ഒരു സാമൂഹ്യ ചുറ്റുപാടിലേക്കാണ് എ.ഡി. 52 ൽ തോമാശ്ലീഹ കടന്നുവരുന്നത്. അന്നിവിടെയുണ്ടായിരുന്ന ജനവിഭാഗങ്ങളെപ്പറ്റി വിഭിന്ന കാഴ്ചപ്പാടുകളാണ് പലർക്കും ഉണ്ടായിരുന്നത്.

* ആദി ദ്രാവിഡ വംശത്തിലുള്ളവരായിരുന്നു ഇവിടുത്തെ തദ്ദേശീയർ എന്ന് ഒരു വിഭാഗം വിശ്വസിക്കുന്നു.
* ദ്രാവിഡരും, ഇവിടുത്തെ ആദിവംശജരും ചേർന്ന ഒരു സങ്കരവർഗ്ഗം.
* ഇന്നത്തെ സമൂഹം താഴ്ന്ന വിഭാഗമായി കണക്കാക്കുന്ന ഒരു സാമാന്യ ജനവിഭാഗം.
* ആഢ്യരായ ഉന്നതകുലജാതർ.
* വിവിധങ്ങളായ ആവശ്യങ്ങൾക്കായി ഇവിടെ കുടിയേറിപ്പാർത്ത വിദേശികളുടെ പിൻഗാമികളായ ഒരു സമൂഹവും വിദേശികളും തദ്ദേശീയരും ചേർന്നുണ്ടായ ഒരു സങ്കരവിഭാഗവും.

വിവിധങ്ങളായ അഭിപ്രായങ്ങളുടെ നടുവിൽ ഏതു വിഭാഗമായിരുന്നു അന്നിവിടെ പ്രബലമെന്നു പറയുവാനും ആരെയാണ് വി. തോമസ് ജ്ഞാനസ്നാനപ്പെടുത്തി ക്രിസ്ത്യാനികളാക്കിയതെന്നു പറയുവാനും കൂടുതൽ പഠനങ്ങൾ ആവശ്യമാണ്.

പല ചരിത്രകാരന്മാരും ബ്രാഹ്മണരെയാണ് ജ്ഞാനസ്നാനപ്പെടുത്തിയതെന്നു പറയാറുണ്ട്. എന്നാൽ, അതു പൂർണ്ണമായും വിശ്വസിച്ചാൽ താഴെപ്പറയുന്ന സംശയങ്ങൾക്ക് നാം മറുപടി പറയേണ്ടിവരും.

- അദ്ധ്വാനിക്കുന്നവരെയും, ഭാരം ചുമക്കുന്നവരെയും, തള്ളപ്പെട്ടവരെയും പേർ ചൊല്ലി വിളിച്ച ഉത്തമഗുരുവിന്റെ ശിഷ്യൻ എന്തുകൊണ്ട് ഉന്നതരെ തന്നെ തിരഞ്ഞെടുത്ത് സ്നാനം നൽകി?
- ബഹുഭൂരിഭാഗം ക്രിസ്തീയ സമൂഹങ്ങളും, ഉന്നതകുലജാതരിൽനിന്നുള്ള സ്നാനത്തെക്കാളുപരി അടിസ്ഥാനവർഗ്ഗങ്ങൾ ക്രിസ്തീയതയോട് പ്രതിപത്തി കാട്ടി എന്നു വിശ്വസിക്കുവാനും, പഠിപ്പിക്കുവാനും താൽപര്യം കാട്ടുന്നു. എന്നാൽ, അതിനു വിപരീതമായി 'തങ്ങൾ ഉന്നതകുലജാതരാണെന്ന താൻപോരിമ' ഒരു പരിധി വരെ മലങ്കര നസ്രാണികളുടെ വളർച്ചയ്ക്ക് വിഘാതമായിട്ടില്ലേ? താണ ജാതിക്കാരെ ഉൾക്കൊള്ളുവാനും, അവരോടൊപ്പമായിരിക്കുവാനും താൽപര്യം കാട്ടാത്ത കാടത്തമനോഭാവം ഈ വിശ്വാസത്തിന്റെ പ്രതിഫലനമല്ലേ?

ആ കാലഘട്ടത്തിൽ ബ്രാഹ്മണർ കേരളത്തിൽ ഉദയം ചെയ്തിട്ടില്ലായിരുന്നു എന്ന് വാദിക്കുന്ന ചരിത്രകാരന്മാരുടെ തെളിവുകൾ പഠനവിധേയമാക്കണം.

വി. തോമാശ്ലീഹായുടെ വരവിന്റെ കാലത്ത് ഇവിടെയുണ്ടായിരുന്നവർ ആരായിരുന്നാലും ഇപ്രകാരം നമുക്ക് സംക്ഷിപ്തമായി വ്യാഖ്യാനിക്കാം.

- വൈദേശിക സാന്നിദ്ധ്യത്തിൽ പലതും, അറിഞ്ഞതും കേട്ടതുമായ ഒരു സമൂഹം.
- ആരാധനാനുഭവങ്ങളോട് (ഒരുപക്ഷേ പ്രാഗ് രൂപത്തിലാകാം) താല്പര്യം പുലർത്തിയിരുന്നവർ.
- സ്വാതന്ത്ര്യം അനുഭവിച്ചിരുന്ന സമൂഹം (മതസ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം ആദിയായവ)
- രാജാധിപത്യം നിലവിലിരുന്ന സമൂഹം. (ഉന്നതർ തുടങ്ങി പല വിഭാഗത്തിൽ പെട്ടവരും ശ്ലീഹായുടെ പുതിയ സുവിശേഷത്തോടു താൽപര്യം കാട്ടി. പള്ളിവാണ പെരുമാൾ എന്നൊരു ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു എന്നൊരു ഐതിഹ്യം തന്നെ നിലവിലുണ്ട്.)
- ദളിത് ബന്ധു ജോസിനെ പോലെയുള്ളവർ പറയുന്നത് അന്നിവിടെ ഉണ്ടായിരുന്നത് ആദിവാസികളോട് തുല്യരായ ഒരു വിഭാഗമാണെന്നായിരുന്നു. (കുറവർ, പറയർ ആദിയായ വിഭാഗങ്ങളിൽ പെട്ടവർ അന്നിവിടെ ഉണ്ടായിരുന്നുവെന്ന അഭിപ്രായം നിലവിലുണ്ട്. എന്നാൽ, അന്നത്തെ കുറവരും പറയരും ഇടക്കാലത്ത് ക്ഷീണം സംഭവിച്ചുപോയ വിഭാഗമാകണമെന്നുമില്ല. ഒരുപക്ഷേ, അവർ അന്നത്തെ പ്രധാനികളാകാം. എന്നാൽ കാലാന്തരത്തിൽ അവർ തള്ളപ്പെട്ടുപോയിരിക്കാം. ഒരുകാലത്ത് സാമ്പത്തികമായും, സാമൂഹ്യമായും ഉന്നതാവസ്ഥയിലുണ്ടായിരുന്ന ബ്രാഹ്മണർ ആദിയായ പലരും ഭൂപരിഷ്കരണനിയമത്തോടെ നിരാലംബരായിട്ടുണ്ട്. അവരും സംവരണത്തിനായി മുറവിളി കൂട്ടുന്നു. ഇന്ന് സംവരണാനുകൂല്യം അനുഭവിക്കുന്നവർ ഒരുപക്ഷേ, പലവിധമായ ഉന്നതവിഭാഗങ്ങളായി പരിണമിച്ചേക്കാം. കാലത്തിന്റെ വികൃതികൾ വർണനാതീതമല്ലെ?)

പള്ളിസ്ഥാപനവും സുവിശേഷീകരണവും

വി. തോമാശ്ലീഹാ ഏഴരപള്ളികൾ സ്ഥാപിച്ചു എന്നു പാരമ്പര്യമായി വിശ്വസിച്ചുപോരുന്നു. പള്ളികൾ എന്ന പ്രയോഗത്തിലുപരി 'മൺറങ്ങൾ' സ്ഥാപിച്ചു എന്നു വിശ്വസിക്കുവാൻ പലരും താൽപര്യപ്പെടുന്നു. ഏഴര സമൂഹങ്ങളെ തോമാശ്ലീഹാ രൂപപ്പെടുത്തി എന്നത് വ്യാഖ്യാനത്തിന് വിധേയമാക്കണം. ആ സമൂഹത്തിന് ആരാധനയ്ക്കായി കൂടി വരുവാൻ ഒരു സ്ഥലവും ആവശ്യമായി വന്നിട്ടുണ്ട്. മൺറങ്ങൾ/സമൂഹങ്ങൾ/കൂട്ടങ്ങൾ/പള്ളികൾ എല്ലാം പഠനവിഷയങ്ങളാക്കണം. മലങ്കരയുടെ തെക്കു മുതൽ വടക്കു വരെയും തോമായുടെ പാദമുദ്ര പതിഞ്ഞിട്ടുണ്ട്.

തോമായുടെ മാർഗ്ഗവും നിയമവും (Way of Thomas & Law of Thomas)

തോമായുടെ മാർഗ്ഗം ക്രിസ്തുമാർഗ്ഗമാണ്. നിയമം വേദാധിഷ്ഠിതവും. എ.ഡി. 72 ൽ മൈലാപ്പൂരിൽ രക്തസാക്ഷിയായ വി. തോമസ്, നമ്മുടെ കർത്താവിന്റെ ഉത്തമശിഷ്യനായിരുന്നു. ഗുരുവിനെ മറന്ന് ശിഷ്യനെ ദൈവീകരിക്കുന്ന ഒരു ഭാവം നമ്മുടെ പൂർവ്വികരിൽ ഉണ്ടായോ എന്നു സംശയം. പല സഞ്ചാരികളും വി. തോമായ്ക്ക് മലങ്കര നസ്രാണികൾ നൽകിയ അത്യാദരവിൽ അത്ഭുതം കൂറുകയും, ചിലർ വിമർശനങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

'നസ്രാണി സംജ്ഞ'

ലോകത്ത് ഒരു ക്രൈസ്തവ വിഭാഗങ്ങളും സ്വീകരിക്കാത്ത നാമമാണിത്. റോമാ സാമ്രാജ്യത്തിൽ ക്രിസ്ത്യാനികളെ, റോമാക്കാരും യഹൂദന്മാരും പരിഹസിപ്പാനുപയോഗിച്ച നാമം നമ്മുടെ പൂർവ്വികർ അഭിമാനത്തോടെ മാറോടു ചേർത്തു 'അപമാനത്തെ അഭിമാനമായി' കണ്ട പൂർവ്വികരുടെ ഉത്കൃഷ്ടതയ്ക്ക് ആദരം. 'കർത്താവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാനിടയാകരുതെ'ന്ന (1 കൊരി.1:18) തിരുവചനത്തിന്റെ സാക്ഷാത്കാരം.

മലങ്കരയിലെ സഭാ വളർച്ച:

വി. തോമാശ്ലീഹായ്ക്കു ശേഷം അദ്ദേഹത്തിൽനിന്ന് കൈവെപ്പും, നിർദ്ദേശങ്ങളും ലഭിച്ചവരിലൂടെ സുവിശേഷം വളർന്നു. ഇന്ത്യയുടെ തെക്കൻ പ്രദേശങ്ങളിൽ സുവിശേഷം ലഭ്യമാകുന്നതിനു മുമ്പ് തോമായിൽ നിന്നും സുവിശേഷം ഗ്രഹിച്ച വടക്കേ ഇന്ത്യൻ പ്രദേശങ്ങളിൽ അതിന്റെ തുടർച്ച ആദ്യകാലങ്ങളിൽ നഷ്ടപ്പെട്ടുപോയി (ഗോണ്ടഫോറസിന്റെ രാജ്യം ആദിയായവ– മലങ്കരയിലെ പിൻഗാമികൾ ശക്തരും, ശുദ്ധരുമായി സുവിശേഷത്തെ സംവേദിപ്പിച്ചു. എ.ഡി. 190 ൽ അലക്സാണ്ട്രിയൻ കലാലയത്തിന്റെ തലവൻ പന്റീനസ് മലങ്കരയിലെത്തി. (അന്നത്തെ കാലത്ത് ഇവിടെയുണ്ടായിരുന്ന മതവിഭാഗങ്ങൾ തമ്മിൽ ആരോഗ്യകരമായ സംവാദങ്ങളിൽ ഇടപെട്ടിരുന്നു എന്ന് അനുമാനിക്കുന്നു. ഈ സംവാദങ്ങളിൽ ജയിക്കുന്നവരുടെ വിശ്വാസം തോൽക്കുന്നവർ സ്വീകരിക്കുവാൻ നിർബന്ധിതരായിരുന്നു. അല്ലെങ്കിൽ സ്ഥലം ഉപേക്ഷിച്ച് പോകുമായിരുന്നു. ക്രിസ്ത്യാനികളുടെ നിലനിൽപിനും, സംവാദങ്ങളിൽ ജയിക്കുവാനായിട്ടുമായിരുന്നു പന്റീനസിനെ വരുത്തിയതെന്നും വിശ്വസിക്കപ്പെടുന്നു.) എ.ഡി. 290 ൽ പേർഷ്യയിൽനിന്നും വന്ന ദാവീദ് എന്ന മെത്രാനാണ് ആദ്യമായി മലങ്കരയിൽ വന്ന വിദേശ മെത്രാനെന്ന് അനുമാനിക്കുന്നു. തുടർന്നുണ്ടായ 'സുറിയാനി കുടിയേറ്റം' (Suriyani Migration) പുതിയൊരു ചരിത്രത്തിന് തുടക്കം കുറിച്ചു. പേർഷ്യൻ സാമ്രാജ്യത്തിലെ പീഡനങ്ങൾകൊണ്ടും, വ്യാപാരലക്ഷ്യങ്ങൾ മുന്നിൽ കണ്ടുമാണ് പേർഷ്യൻ വ്യാപാരികളും യഹൂദന്മാരും കുടിയേറിയ ഈ മണ്ണിലേക്ക് 'ക്നായി' തൊമ്മന്റെ (Merchant Thomas) നേതൃത്വത്തിൽ കുടിയേറ്റം നടന്നത്. ഇവരുടെയെല്ലാം ആഗമനത്തിലും ഇവിടുത്തെ ക്രിസ്ത്യാനികൾ (അവരെ 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്നു വിളിച്ചിരുന്നു) തനിമ കൈവിട്ടില്ല. മറിച്ച്, കടന്നുവന്നവർക്ക് ഭരണാധികാരികളുടെ സഹായത്തോടെ നിലനിൽപിനാവശ്യമായ സഹായവും നൽകി. ഭരണാധികാരികളെ സ്വാധീനിച്ച്, വരത്തന്മാരെ വിരുദ്ധരാക്കുവാൻ സൗമ്യശീലരായ തദ്ദേശീയ ക്രിസ്ത്യാനികൾ തുനിഞ്ഞില്ല. തുടർന്നുള്ള ചരിത്രം വിസ്താരഭയത്താൽ ചുരുക്കുന്നു.

എ.ഡി. 3–ാം നൂറ്റാണ്ടു മുതൽ എ.ഡി. 1653 വരെയുള്ള മലങ്കരസഭയുടെ കാലഘട്ടം:

പേർഷ്യയിൽനിന്നും (East Syrian) വന്ന മെത്രാപ്പോലീത്താമാർ ഇവിടെയുണ്ടായിരുന്നു. എന്നാൽ, അന്നിവിടെ ഭരണം നടത്തിയിരുന്നത് തദ്ദേശീയരായ 'ജാതിക്ക് കർത്തവ്യൻ' (അർക്കദ്യാക്കോൻ) മാരായിരുന്നു. മലങ്കര നസ്രാണികളുടെ പൗരുഷ പ്രതീകങ്ങളായിരുന്നു അവർ. വിദേശശക്തികൾക്ക് സഭയുടെ സ്വാതന്ത്ര്യം അടിയറവയ്ക്കാതെ അഭംഗുരം സഭാനൗകയെ നയിച്ച മനീഷികളായിരുന്നു അവർ. **മതപരമായി ക്രിസ്ത്യാനികളും സാംസ്കാരികപരമായി ഹിന്ദുക്കളും, ആരാധനാപരമായി പൗരസ്ത്യ സുറിയാനി ക്രമങ്ങൾ പിന്തുടർന്നുവന്നവരുമായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അന്തസ്സും, അഭിമാനവും ആഭിജാത്യവും സംരക്ഷിക്കുവാൻ അവർ ശ്രദ്ധാലുക്കളായിരുന്നു. 1498 ൽ വാസ്കോ ഡി ഗാമയുടെ വരവിനു ശേഷമാണ് കത്തോലിക്കർ ഇവിടെ കാലുകുത്തുന്നത്.** ഒരു നൂറ്റാണ്ടോളം വിവിധ കുതന്ത്രങ്ങൾ പയറ്റിയ പോർച്ചുഗീസുകാർ, അലക്സിസ്–ഡി മെനസിസിന്റെ സഹായത്തോടെ കത്തോലിക്കാ വിശ്വാസം ഉറപ്പിക്കുവാൻ ശ്രമിച്ച ഉദ്യമമായിരുന്നു 1599 ലെ 'ഉദയംപേരൂർ മീറ്റിംങ്' (പലരും ഈ മീറ്റിങ്ങിനെ സിനഡ് എന്നു പറഞ്ഞുവരുന്നു. ഇവിടത്തെ അർക്കദ്യാക്കോന്റെയോ, അന്നുണ്ടായിരുന്ന പേർഷ്യൻ മെത്രാന്റേയോ താൽപര്യമില്ലാതെ, മലങ്കരയുടെ മേൽ അധികാരമില്ലാത്ത മെനസിസ് വിളിച്ചുചേർത്ത മീറ്റിംങ് എങ്ങനെ 'സുന്നഹദോസാകും? സുന്നഹദോസിന് ഒരു അർത്ഥമുണ്ട്. അർത്ഥമുള്ള ആ പദം 'കയ്യാപ്പാമാരുടെയും', 'ഹന്നാസുമാരുടേയും', 'സന്നദ്രീം സംഘങ്ങളുടെയും' ദുരാലോചനകൾക്ക് ചാർത്തിക്കൊടുക്കുന്നത് ലജ്ജാവഹമാണ്.) ഇതിനും വിധേയപ്പെടാത്ത നസ്രാണി സിംഹങ്ങളെ പീഡനങ്ങളിലൂടെയും, ഒറ്റപ്പെടുത്തലുകളിലൂടെയും ഒതുക്കാൻ ശ്രമിച്ചതിനെതിരെയുള്ള ആത്മവീര്യ പ്രകടനമാണ് 1653 ലെ 'കൂനൻകുരിശ് സത്യം'

എ.ഡി. 1653 – 1815 വരെയുള്ള ഘട്ടം:

എ.ഡി. 1653 ൽ തോമസ് അർക്കദ്യാക്കോനെ ഒന്നാം മാർത്തോമ്മ (മാർത്തോമ്മാ I) എന്ന പേരിൽ വാഴിക്കുന്നു. അതായത്, സഭയുടെ വളർച്ചയുടെ പുതുഘട്ടമായി അർക്കദ്യാക്കോൻ സ്ഥാനം 'മാർത്തോ

മ്മാ നാമത്തിന് വഴിമാറുന്നു. 1653–1815 കാലഘട്ടത്തിൽ മാർത്തോമ്മാ I-VIII വരെ മലങ്കരസഭയെ ഭരിക്കുന്നു. 1653 ലെ സ്ഥാനാരോഹണത്തിന് ബദലായി പോർച്ചുഗീസുകാർ ചാണ്ടി കത്തനാരെ (ഇദ്ദേഹത്തെ മാർത്തോമ്മാ – I ന്റെ സാക്ഷിയായി നാം നിയമിച്ചിരുന്നു) കത്തോലിക്കാ പക്ഷ മെത്രാനായി വാഴിക്കുന്നു, മലങ്കര പട്ടത്വ സാധുതയെപ്പറ്റി പറയുന്നവർക്ക് ചാണ്ടി കത്തനാരുടെ പട്ടത്വം അംഗീകാരമുള്ളതു തന്നെയായിരുന്നു. യഥാർത്ഥത്തിൽ, ഈ കാലമായപ്പോഴേക്കും പോർച്ചുഗീസുകാർ ഇന്ത്യയിൽ ബലഹീനരാക്കപ്പെടുകയും ഡച്ചുകാർ ശക്തരാകുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ, ഇവിടെനിന്നു പോകുന്നതിനു മുമ്പ് കഴിയുന്നത്ര നാശം വരുത്തിയിട്ടു പോകുവാൻ അവർ താൽപര്യപ്പെട്ടു. തദ്ദേശീയനോടുള്ള താൽപര്യത്തിലുപരി, താൽക്കാലിക ലാഭമാണ് അവർ കണക്കാക്കിയത്. അതിന്റെ തെളിവാണ്, ചാണ്ടി മെത്രാൻ ആഗ്രഹിച്ച ആളെ അദ്ദേഹത്തിന് പിൻഗാമിയായി ലഭിക്കാതെ പോയതും, പിൻഗാമിയായി വിദേശീയനെ നിയമിച്ചതും.

1653 ലെ റോമൻ കത്തോലിക്കരുടെ വിഭജനവും, 1772 ലെ തൊഴിയൂർ സഭയുടെ വേർപിരിയലും ഈ കാലഘട്ടത്തിലെ പ്രത്യേകതയാണ്. മാർത്തോമ്മാ – 1 നെതിരെ, പട്ടത്വ സംബന്ധമായി ഉയർന്ന ആരോപണങ്ങൾ ശക്തമായപ്പോൾ, പൗരാണിക സഭകളിലെ പാരമ്പര്യം പോലെ ഒരു മെത്രാനെ മലങ്കരയിലേക്കയയ്ക്കുവാൻ നാം പല വിദേശസഭകളോടും ആവശ്യപ്പെട്ടിരുന്നു. (യരുശലേം ബിഷപ്) അതിൻപ്രകാരം, 1665 ൽ അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് മലങ്കരയിലെത്തി. ഇദ്ദേഹം അന്ത്യോഖ്യൻ ബിഷപ്പാണെന്നാണ് ചിലരുടെ ചിന്താഗതി. റോം, അലക്സാന്ത്ര്യാ, അന്ത്യോഖ്യ, കോൺസ്റ്റാന്റിനോപ്പിൾ ആദിയായവ പോലെ യരുശലേമിലും പാത്രിയർക്കാ പദവിയുണ്ടായിരുന്നു. ഗ്രീഗോറിയോസ് യരുശലേമിലെ ബിഷപ്പായിരുന്നു. ഒന്നാം തൂബ്ദേനിൽ നാം പേരോർക്കുന്നവരുടെ കൂട്ടത്തിൽ മാർ ഇഗ്നാത്തിയോസ് (അന്ത്യോഖ്യ) ബസേലിയോസ് (നമ്മുടെ കാതോലിക്ക), ഗ്രീഗോറിയോസ് (യരുശലേമിലെ ബിഷപ്) എന്നീ പേരുകളുണ്ട്. ഗ്രീഗോറിയോസ് അന്ത്യോഖ്യൻ പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടവനെങ്കിൽ ബുദ്ധിമാന്മാരായ നമ്മുടെ പിതാക്കന്മാർ പിന്നീട് ഗ്രീഗോറിയോസെന്ന് പ്രത്യേകം ചേർക്കില്ലായിരുന്നു. (ഇന്ന് അങ്ങനൊരു സ്ഥാനിക പദവി ഇല്ലെങ്കിലും നാമത് നന്ദിപൂർവ്വം പ്രത്യേകം സ്മരിക്കുന്നുവെന്നേയുള്ളൂ.) പുരാതനകാലം തൊട്ടേ നമ്മുടെ സഭ അന്ത്യോഖ്യൻ നുകത്തിലായിരുന്നുവെന്നു സമർത്ഥിക്കുവാനുള്ള കുബുദ്ധികളുടെ ശ്രമത്തെ നാം തള്ളിക്കളയണം.

എ.ഡി. 1816 – 1912 വരെയുള്ള ഘട്ടം:

മാർത്തോമ്മാ VIII നു ശേഷം, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് – I (ദീവന്നാസ്യോസ് – II) സഭാ തലവനായുയർത്തപ്പെടുന്നു. ഇവിടെ സ്ഥാനികനാമം **മലങ്കര മെത്രാപ്പോലീത്താ** എന്നായി മാറുന്നു. **അർക്കദ്യാക്കോൻ, മാർത്തോമ്മാ തുടങ്ങിയ പടവുകളിൽ നിന്ന് സഭയുടെ വളർച്ചയ്ക്കനുസൃതമായി തലക്കെട്ടും മാറുന്നു.** വട്ടശ്ശേരിൽ തിരുമേനി വരെയുള്ളവരുടെ സ്ഥാനികനാമം **'മലങ്കര മെത്രാപ്പോലീത്താ'** എന്നായിരുന്നു. 1840 ൽ സി.എം.എസ്. മിഷനറിമാരും 1889 ൽ മാർത്തോമ്മാ വിഭാഗവും (നവീകരണക്കാർ) മലങ്കരസഭയിൽ നിന്ന് വേർപെട്ടുപോകുന്നു.

1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ പാത്രിയർക്കീസ് തന്റെ അധീശത്വം ഉറപ്പിക്കുവാൻ ശ്രമിച്ചെങ്കിലും യുഗപ്രഭാവനായ പുലിക്കോട്ടിൽ രണ്ടാമൻ ആ ഉദ്യമത്തെ നിസ്സാരമായി തള്ളിക്കളഞ്ഞു. യഥാർത്ഥത്തിൽ, ഒരു അന്ത്യോഖ്യൻ പാത്രിയർക്കീസ് ഔദ്യോഗികമായി വരുന്നതു തന്നെ ഈ സമയത്താണ്. മലങ്കരസഭ പ്രതിസന്ധിയിലും, അസ്വസ്ഥതയിലുമായിരുന്ന 1876 വരെയുള്ള കാലഘട്ടത്തിൽ ഇവിടെ കാലുകുത്താത്തവരാണ്, 'തങ്ങൾ മലങ്കരയുടെ സംരക്ഷകരായിരുന്നു'വെന്നു പറഞ്ഞ് മേനി നടിക്കുന്നത്. ഇവരിവിടെ വന്നില്ലായിരുന്നുവെങ്കിൽ മലങ്കരസഭ 'നെസ്തോറിയനായിപ്പോകുമായിരുന്നു' എന്നും ഇവർ പരിതപിക്കാറുണ്ട്. എന്നാൽ, നൂറ്റാണ്ടുകൾക്കു മുമ്പ് വി. മാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഒരു പള്ളിയും, അതിലെ മാതാവിനോടു ബന്ധപ്പെട്ട ചുവർ ചിത്രങ്ങളും നശിപ്പിക്കുവാനോ പേരു മാറ്റുവാനോ ഒരു പേർഷ്യൻ മെത്രാനും തുനിഞ്ഞിട്ടില്ല. വിശ്വാസം സ്വീകരിക്കുവാനും, സംരക്ഷിക്കുവാനും, വിവേചനത്തോടെ പെരുമാറുവാനും ഇവിടുത്തെ നസ്രാണികളെ ആരും പഠിപ്പിക്കേണ്ടിയിരുന്നില്ല.

1912 – കാതോലിക്കേറ്റ് സംജ്ഞ: മലങ്കരസഭയുടെ വളർച്ചയുടെ ഏറ്റവും പുതിയ ഘട്ടത്തിൽ സഭ 'കാതോലിക്കേറ്റ്' എന്ന നാമം സ്വീകരിക്കുന്നു. അതായത്, **അർക്കദ്യാക്കോൻ, മാർത്തോമ്മാ, മലങ്കര മെത്രാപ്പോലീത്താ** എന്നീ നാമങ്ങളിൽ വിവിധ ഘട്ടങ്ങളിലായി വളർന്നുവന്ന സഭ, വളർച്ചയുടെ പുതുയുഗത്തിന്റെ തുടക്കമായി **'കാതോലിക്ക/കാതോലിക്കേറ്റ്'** നാമധേയം സ്വീകരിക്കുന്നു. **ഇതു പറിച്ചുനടലല്ല, പുതിയ ഒന്നിന്റെ സൃഷ്ടിയുമല്ല**. ഹിന്ദുസ്ഥാൻ, ഭാരതം, ഇന്ത്യ എന്ന് നമ്മുടെ രാജ്യം വിവിധ കാലഘട്ടത്തിൽ അറിയപ്പെട്ടു. **ചോള, ചേര, പാണ്ഡ്യ രാജ്യമെന്നും തിരുവിതാംകൂർ, കൊച്ചി, മലബാർ** എന്നും അറിയപ്പെട്ട നമ്മുടെ സംസ്ഥാനം 1956 മുതൽ കേരളം എന്നപേരിലറിയപ്പെടുന്നു എന്നതുകൊണ്ട്, കേരളം 1956 ലാണ് സ്ഥാപിതമായതെന്നർത്ഥമില്ല. **അതുപോലെ, നമ്മുടെ സഭയും ഒരു പുതുയുഗ നാന്ദിയായി** ഈ പദം/സംജ്ഞ സ്വീകരിച്ചു. കാലാന്തരത്തിൽ **'കാതോലിക്കോസ്'** എന്ന സ്ഥാനനാമം കൂടുതൽ വ്യക്തതയും, സ്വീകാര്യതയുമുള്ള മറ്റൊരു സംജ്ഞയ്ക്ക് വഴിമാറിക്കൂടായ്കയില്ല. ഈ പുതുസംജ്ഞകളിലൂടെ, സഭയുടെ പൗരാണികത, ആഢ്യത്വം, വിശ്വാസം, ആഗോള സംവേദനം ആദിയായവയെ സംവേദിപ്പിക്കുകയാണ് പിതാക്കന്മാർ ചെയ്തത്. ഈ സഭ റോമിനോ, അന്ത്യോഖ്യയ്ക്കോ വിധേയപ്പെടുവാൻ ഒരുക്കമല്ലെന്നും, ആദ്യകാലഘട്ടത്തിൽ സഭയെ സ്വാർത്ഥരഹിതമായി കരുതിയ പേർഷ്യൻ സഭയോടുള്ള (East Syrian) ബന്ധവും സ്നേഹവും ഒന്നുകൂടെ അരക്കിട്ടുറപ്പിക്കുകയാണെന്നുമുള്ള പ്രഖ്യാപനവുമാണ് ഈ സംജ്ഞയിലും പ്രതിഫലിപ്പിച്ചത്.

1912 ലെ അനുഗൃഹീത നിമിഷത്തിൽ ഇവിടുത്തെ വിഘടിതവിഭാഗം പ. വട്ടശ്ശേരിൽ തിരുമേനിയോടൊപ്പം ഒന്നിച്ചുനിന്നിരുന്നെങ്കിൽ,, ഇനിയുമൊരു കുരുക്കിൽ അകപ്പെട്ട് തമ്മിൽ തല്ലാതിരിക്കുവാനുള്ള അസുലഭ സൗഭാഗ്യം കൈവന്നേനെ. ഇങ്ങനെയൊരു യോജിപ്പ് വന്നിരുന്നെങ്കിൽ, ഒരേ ആരാധനാ പാരമ്പര്യവും, സംസ്കാരവുമുള്ളവർക്ക് ഒന്നിച്ചുനിൽക്കുവാനും, വിഘടനം ഒഴിവാക്കുവാനും, കാനോനിക സംഹിതകൾക്കനുസൃതമായി പ. പാത്രിയർക്കീസിനെ സ്വീകരിക്കുവാനും സാധിക്കുമായിരുന്നു.

സഭാ സമാധാനം : യാഥാർത്ഥ്യമോ, മിഥ്യയോ?

വിഘടിച്ചുനിൽക്കുന്നതും, വേർപെട്ടുപോകുന്നതും പ്രതിസന്ധിയാണ്. "... ഇവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ" എന്ന നമ്മുടെ രക്ഷകന്റെ മഹാപുരോഹിത പ്രാർത്ഥന നമുക്ക് മാതൃകയാകണം. കൊരിന്ത്യസഭയിലെ ഭിന്നത കണ്ട വി. പൗലോസ് പറയുന്നത്, "ഭോഗേച്ഛകളുടെ സ്വാധീനമാണ്' ഭിന്നത സൃഷ്ടിക്കുന്നതെന്നാണ്. സഭ നീതിമാന്മാരുടെ കൂടാരമാണ്. അവിടെ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം ഉയരണം. 1കൊരി. 1: 15 ൽ പറയുന്നത്, "നിങ്ങളിൽ ഭിന്നത ഉണ്ടാകുന്നതു തന്നെ ലജ്ജാവഹമെന്നാണ്" – ഭിന്നത ഭവിക്കാതെ ഏകാത്മാവിലും, മനസ്സിലും യോജിച്ചിരിക്കണമെന്ന ശ്ലീഹായുടെ ഉപദേശം നാം വിസ്മരിക്കരുത്. പരസ്പര ഛിദ്ര നാശത്തിലേക്കുള്ള പാതയാണ്. ഭിന്നതകളുടെ പാത വെടിഞ്ഞ്, പരസ്പര സമാധാനപാതയിലേക്ക് നാം ചരിക്കണം. വളർച്ചയുടെ പുതുഘടകമായ 'കാതോലിക്കേറ്റ്' എന്ന സംജ്ഞ സ്വീകരിച്ചതിന്റെ മഹാശതാബ്ദി വർഷത്തിൽ ഈ വിഷയത്തിൽ നാമും സമാധാനചുംബിതമായ പുതുസംജ്ഞ സ്വീകരിക്കണം. ഇവിടെ ആവശ്യം മാർത്തോമ്മാ ക്രിസ്ത്യാനി പൈതൃകം ഉൾക്കൊള്ളുന്ന എല്ലാ സഭകളുടെയും യോജിപ്പാണ്. എൻ.എസ്.എസിനും എസ്.എൻ.ഡി.പിക്കും ഒരുമിച്ചു പ്രവർത്തിക്കാമെങ്കിൽ, എന്തുകൊണ്ട് നമുക്കും സാധിക്കില്ല? ചില പ്രഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പദവികൾക്കും പിന്നാലെ ഓടി, സ്വാർത്ഥലാഭം മുന്നിൽ കണ്ടുള്ള പ്രവണതകളിൽനിന്ന് ക്രിസ്തീയ വിഭാഗങ്ങൾ മാറിനിൽക്കണം. നമ്മുടെ നാടിനാവശ്യം യോജിച്ചുള്ള ഒരു കൂട്ടായ്മയാണ്. ക്രൈസ്തവ സഭകളിലെ ഭിന്നതകൾ പരിഹരിക്കുവാനും എല്ലാ സഭകളിലുമുള്ള അർഹരായവരെ സഹായിക്കുവാനും സഭാ വ്യത്യാസം കൂടാതെ ഒരു കർമ്മപദ്ധതി ആവശ്യമുണ്ട്. രണ്ടാം ഘട്ടത്തിൽ, ഇതര സമുദായങ്ങളെ വിശ്വാസത്തിലെടുക്കുവാനും, മറ്റൊന്നും പ്രതീക്ഷിക്കാതെ അകളങ്കിതസ്നേഹത്തോടെ അവരെ സഹായിക്കുവാനുമുള്ള കർമ്മപദ്ധതിക്കു നാം രൂപം കൊടുക്കണം. സഭകളിലെ രാഷ്ട്രീയ സ്വാധീനത്തിന് നിയന്ത്രണം വരുത്തണം. മാറിയ കാലഘട്ടത്തിൽ പിടിച്ചുനിൽക്കുവാൻ രാഷ്ട്രീയ സ്വാധീനം കൂടിയേ തീരൂ എന്ന ചിന്ത സഭകളെയും ബാധിച്ചിട്ടുണ്ട്. എന്നാൽ, ക്രിസ്തുകേന്ദ്രീകൃതമായ ഒരു ജീവിതശൈലിയിലൂടെ നാം ജീവിച്ചേ മതിയാകൂ. ആദ്യം നമുക്ക് ലഭിച്ചത് പീഡനങ്ങളാണ്. സ്വാധീനങ്ങൾ പിന്നാലെ വന്നതാണ്. കേരള കോൺഗ്രസ് രാഷ്ട്രീയ വളർച്ചയ്ക്ക് ചില പ്രത്യേക രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഏതെങ്കിലും ക്രൈസ്തവസഭ പിന്തുണ കൊടുക്കുന്നെങ്കിൽ പുനർവിചിന്തനത്തിന് കാലമായി. ഇത്തരം പ്രവണതകൾ, ഓരോ മതങ്ങളിലും ശാക്തിക ചേരിതിരിവിനും, വർഗ്ഗീയതയ്ക്കും വഴിതെളിക്കും. മറ്റുള്ളവരെ നിയന്ത്രിക്കുവാൻ നമുക്ക് പറ്റിയില്ലെങ്കിലും, ക്രൈസ്തവരായ നമുക്ക് ദേശീയ മനോഭാവം പുലർത്തുവാൻ എന്തെങ്കിലും ചെയ്യേണ്ടേ?

സമാപ്തം

അന്ത്യകാലത്ത് പുത്രൻ മുഖാന്തരം അരുളിച്ചെയ്ത വചനത്തിന്റെ പ്രയോക്താക്കളാണ് സഭാമക്കൾ. ക്രൈസ്തവസഭയുടെ ചരിത്രം പതിരില്ലാത്തതാവണം. ശതാബ്ദി വർഷത്തിൽ പ. സഭയെക്കുറിച്ചും, പിതാക്കന്മാരെക്കുറിച്ചും നാം വ്യക്തമായി പഠിക്കണം. തലമുറ കൈമാറി കെടാതെ സൂക്ഷിച്ച സത്യവിശ്വാസം നമുക്ക് കൈമോശം വരരുത്. പ.ബാവാമാർക്കും, എപ്പിസ്കോപ്പൽ സുന്നഹദോസിനും കൈത്താങ്ങലായി നമുക്ക് വർത്തിക്കാം. ഛിദ്രശക്തികളെ ദൂരീകരിക്കുവാനും സ്വാർത്ഥരഹിതരായി പ്രവർത്തിക്കുവാനും നമുക്ക് ഉത്സുകരാകാം. ഭിന്നതകളുടെയും, പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ നിരാശരാകാതെ കർത്തൃകരങ്ങളിൽ ഭരമേൽപ്പിച്ച് ഊർജ്ജം ഉൾക്കൊണ്ട പ. പിതാക്കന്മാരുടെ പ്രാർത്ഥന നമുക്ക് ഉണ്മയും വെണ്മയുമാകട്ടെ. GM

മലങ്കരസഭയിലെ വൈദികമേലദ്ധ്യക്ഷപദവി: കാതോലിക്കേറ്റിന്റെ ശതാബ്ദിവേളയിൽ ഒരന്വേഷണം

■ പി. തോമസ്, പിറവം

ദൈവജനവും പ്രത്യേക പൗരോഹിത്യവും

പുരോഹിതവർഗ്ഗമായ ദൈവജനത്തിന്റെ പ്രത്യേക പൗരോഹിത്യത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടേ വൈദിക മേലദ്ധ്യക്ഷതയെക്കുറിച്ച് വിവരിക്കാനാവൂ. 'നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അദ്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.' (1 പത്രോസ് 2:9) പഴയ യിസ്രായേലിന്റെ പദവിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ യിസ്രായേലാണ് പുരോഹിതവർഗ്ഗമായ ക്രൈസ്തവസമൂഹം.

ജനതകൾക്കിടയിൽ പുരോഹിതവർഗ്ഗമായിരുന്നു പഴയ യിസ്രായേൽ (പുറ. 19:5,6). സർവ്വജാതികൾക്കും ദൈവത്തിനുമിടയിൽ മദ്ധ്യവർത്തിയായി അവരെ നിയമിച്ചു.

ആദ്യം പുരോഹിതകർമ്മങ്ങൾ അനുഷ്ഠിച്ചുവന്നത് കുടുംബത്തലവന്മാർ – ഗോത്രത്തലവന്മാർ, Patriarchs - ആയിരുന്നു. നോഹയും അബ്രഹാമും ഒക്കെ ബലിയനുഷ്ഠാനം നടത്തിയത് നമുക്കറിയാം.

എന്നാൽ മോശയുടെ കാലമാകുമ്പോൾ പ്രധാനപൗരോഹിത്യം മോശയിലും അഹറോനിലും കേന്ദ്രീകൃതമാകുന്നു (പുറ. 28:1). പിന്നീട് പൗരോഹിത്യാനുഷ്ഠാനങ്ങൾ പൊതുവേ ലേവ്യകുലത്തിൽ നിക്ഷിപ്തമായി (പുറ. 29).

ദൈവജനമായ യിസ്രായേൽ, ജാതിയെന്ന നിലയിൽ ജനതകൾക്കിടയിൽ പൗരോഹിത്യശുശ്രൂഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടും, ആ ജാതിയിൽ പ്രത്യേക പൗരോഹിത്യധർമ്മം ലേവ്യകുലത്തിനും അതിലെ പ്രധാനാചാര്യനും വേർതിരിക്കപ്പെട്ടിരുന്നു (സംഖ്യ 3:6).

രാജാവ്, പുരോഹിതൻ, പ്രവാചകൻ എന്നീ ത്രിവിധപദവികൾ ഏകീഭവിച്ചിരുന്ന യേശുക്രിസ്തുവിന്റെ – മ്ശിഹാ അഥവാ അഭിഷിക്തനായ യേശുവിന്റെ – പട്ടത്വം ശ്ലീഹന്മാരിലാണ് നിക്ഷിപ്തമായത്.

യേശുവിൽ വിശ്വസിച്ച ദൈവജനത്തിനിടയിൽ – പുരോഹിതവർഗ്ഗത്തിൽ – ശ്ലീഹന്മാരാണ് മ്ശിഹായുടെ പട്ടത്വശുശ്രൂഷ നിർവ്വഹിച്ചത്. പുതിയനിയമ കാലഘട്ടത്തിൽ ദൈവജനങ്ങൾക്ക് ശെമ്മാശ്ശൻ (ശുശ്രൂഷകൻ), പ്രിസ്ബിട്രോസ് (മൂപ്പൻ) അതായത് കശ്ശീശാ, എപ്പിസ്കോപ്പാ (അദ്ധ്യക്ഷൻ) എന്നീ ത്രിവിധ പട്ടത്വസ്ഥാനികൾ ഉണ്ടായതായി കാണാം.

പാത്രിയർക്കേറ്റുകൾ

ശ്ലീഹന്മാർ സുവിശേഷം വിതച്ച സ്ഥലങ്ങളിലെല്ലാം തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുവാൻ അദ്ധ്യക്ഷന്മാരെ അഭിഷേകം ചെയ്തു. (അപ്പൊ.പ്രവൃ. 20:28) കാലം പുരോഗമിക്കേ ഈ എപ്പിസ്കോപ്പാമാരുടെ ഇടയിൽ പ്രധാന പട്ടണങ്ങളിലെ – Metropolitan Cities – അദ്ധ്യക്ഷന്മാർ ഇതരയിടങ്ങളിലുള്ളവരെക്കാൾ മുമ്പന്മാരായി ഗണിക്കപ്പെട്ടു. അവരെ മെത്രാപ്പോലീത്താമാർ, ആർച്ച് ബിഷപ്പുമാർ എന്നെല്ലാം പരാമർശിക്കുന്നു. കാലം പോകവേ, സാമ്രാജ്യതലസ്ഥാനങ്ങളിലുള്ള മേലദ്ധ്യക്ഷന്മാർ മെത്രാപ്പോലീത്താമാരിൽ മുമ്പന്മാരായി ഗണിക്കപ്പെട്ടു. റോമാസാമ്രാജ്യത്തിലെ റോം, അലക്സന്ത്ര്യാ, അന്ത്യോഖ്യ, കുസ്തന്തിനോപോലീസ് എന്നീ പ്രവിശ്യാതലസ്ഥാനങ്ങളിലെ മേലദ്ധ്യക്ഷന്മാരെ പാത്രിയർക്കീസ്, പാപ്പാ എന്നൊക്കെ വിളിക്കുവാൻ തുടങ്ങി. (കാണുക: മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം, പാത്രിയർക്കീസ്)

എന്നാൽ റോമാസാമ്രാജ്യത്തിനു വെളിയിലുള്ള രാജ്യതലസ്ഥാനങ്ങളിലെ മേദ്ധ്യക്ഷന്മാരെ കാതോലിക്കാ, മഫ്രിയാന, വലിയ മെത്രാപ്പോലീത്താ എന്നെല്ലാമാണ് വിളിച്ചത്. പേർഷ്യയിലെ സെലൂക്യാ, തിഗ്രീസ്, അർമ്മീനിയാ, ഇന്ത്യ എന്നിവിടങ്ങളിലെ സഭാമേലദ്ധ്യക്ഷന്മാരെ ഇങ്ങനെ വിളിച്ചിരുന്നതായി സഭാചരിത്രത്തിൽ കാണാം. ചുരുക്കത്തിൽ തലസ്ഥാനപട്ടണങ്ങളിലെ മേലദ്ധ്യക്ഷന്മാർ പാപ്പാ, പാത്രിയർക്കീസ്, കാതോലിക്കാ, മഫ്രിയാന, വലിയ മെത്രാപ്പോലീത്താ എന്നിങ്ങനെ പരാമർശിക്കപ്പെട്ടു. ഇവർക്ക് അതതു പ്രദേശങ്ങളിലെ മെത്രാന്മാരിൽ മുമ്പൻ അഥവാ പ്രധാനി എന്ന സ്ഥാനമുണ്ടായിരുന്നു. അവർ തങ്ങളുടെ പട്ടണത്തിൽ സുവിശേഷമറിയിച്ച ശ്ലീഹന്മാരുടെയോ അറിയിപ്പുകാരുടെയോ പിൻഗാമികളായി പരാമർശിക്കപ്പെട്ടും വന്നു.

രാജ്യത്തെ മെത്രാന്മാരുടെ സമൂഹത്തിൽ – സുന്നഹദോസിൽ – അദ്ധ്യക്ഷനാകുവാനും സഭയെ പ്രതിനിധീകരിക്കുവാനും മെത്രാന്മാരെ വാഴിക്കുന്ന സുന്നഹദോസിൽ നേതൃത്വം വഹിക്കുവാനും ഉള്ള ചുമതലകളാണ് ഇവരിലുണ്ടായിരുന്നത്.

സഭാഭരണക്രമീകരണം

സാമ്രാജ്യഭരണ സമ്പ്രദായങ്ങളോട് സഭാഭരണക്രമീകരണം അനുരൂപമാക്കുന്ന പ്രക്രിയ പിന്നീട് സഭയിൽ ഉണ്ടായി. അപ്പോസ്തോലികസഭയിൽ ശ്ലീഹന്മാർ സ്ഥാപിച്ച സഭകൾ അതാതിടത്ത് സ്വയം ശീർഷകത്വമുള്ളതും പരസ്പര സ്നേഹബന്ധമുള്ളതുമായിരുന്നു. അപ്പോസ്തോലികകാലത്തിനു ശേഷം ദേശങ്ങളുടെയും രാജ്യങ്ങളുടെയും സാമ്രാജ്യങ്ങളുടെയും തലസ്ഥാനനഗരങ്ങൾക്ക് ഇതര സ്ഥലങ്ങളെക്കാൾ ലൗകികഭരണവ്യവസ്ഥയിൽ പ്രാധാന്യമേറി വന്നപ്പോൾ അത്തരം നഗരങ്ങളിലെ സഭാമേലദ്ധ്യക്ഷന്മാർക്കും തദനുസരണം പ്രാമുഖ്യമുണ്ടായി. ശ്ലീഹന്മാരുടെ പിൻഗാമികളായ മേലദ്ധ്യക്ഷന്മാരുടെ സ്ഥലങ്ങളെക്കാൾ, രാഷ്ട്രീയപ്രാധാന്യം കൈവരിച്ച സ്ഥലങ്ങളിലെ മേലദ്ധ്യക്ഷന്മാർ, അങ്ങനെ പ്രാമാണ്യം നേടി. യെരൂശലേമിലെ സഭയെ കേസറിയായിലെ മേലദ്ധ്യക്ഷനു കീഴിലാക്കിയതും നിഖ്യാസുന്നഹദോസിൽ അതിന് ബഹുമാനാർത്ഥം ഉന്നതപദവി നൽകിയതും മേൽപ്പറഞ്ഞതിന് ഒരു ഉദാഹരണം മാത്രം.

> ശ്ലീഹന്മാർ സ്ഥാപിച്ച സഭകൾ അതാതിടത്ത് സ്വയം ശീർഷകത്വമുള്ളതും പരസ്പര സ്നേഹബന്ധമുള്ളതുമായിരുന്നു

റോമാ, കുസ്തന്തീനോപോലീസ്, അലക്സന്ത്രിയ, അന്ത്യോക്യ, സെലൂക്യസ്റ്റെസിഫോൺ എന്നിവിടങ്ങളിലെ മെത്രാസനങ്ങൾക്ക് അതതു പ്രദേശത്തെ പ്രധാന സഭാമേലദ്ധ്യക്ഷ പദവി ഉണ്ടായത് മേൽപ്പറഞ്ഞ കാരണം കൊണ്ടാണ്.

സെലൂക്യാസ്റ്റെസിഫോണിലെ മെത്രാനായ 'പാപ്പ' തന്റെ സഭയെ റോമൻസാമ്രാജ്യത്തിലെ സഭാമാതൃകയിൽ സംഘടിപ്പിച്ച് പേർഷ്യാസാമ്രാജ്യത്തിലെ സഭാമേലധികാരിയായിരിക്കുവാൻ ശ്രമിച്ചു. പേർഷ്യൻഭാഗത്തെ മെത്രാന്മാർ അത് എതിർത്തു. എങ്കിലും എ.ഡി.410-ൽ സെലൂക്യാസ്റ്റെസിഫോണിലെ മെത്രാനെ പേർഷ്യാസാമ്രാജ്യം മുഴുവന്റെയും മേലധികാരിയായി അവർക്ക് അംഗീകരിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ പിൻഗാമികൾ പിൽക്കാലത്ത് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ, കാതോലിക്കാ, കാതോലിക്കാ– പാത്രിയർക്കീസ്, ബാബിലോൺ പാത്രിയർക്കീസ്, കൽദായ പാത്രിയർക്കീസ് എന്നെല്ലാം വിളിക്കപ്പെട്ടു.

ഇന്ത്യയിലെ സഭ

ഇന്ത്യയിലെ സഭ മാർത്തോമ്മാശ്ലീഹായുടെ നേരിട്ടുള്ള സുവിശേഷപ്രവർത്തനഫലമായി ഉദ്ഭവിച്ചതാണെന്നുള്ളത് ശക്തമായ പാരമ്പര്യമാണ്. എഡേസാ (ഉറഹാ), കൽദായ (മെസപ്പൊട്ടേമിയ അഥവാ ഇറാക്ക് ഉൾപ്പെട്ട പേർഷ്യൻസാമ്രാജ്യത്തിലെ സഭ) പേർഷ്യ, എന്നീ പൗരസ്ത്യദേശങ്ങളിലെ സഭകൾ ഇന്ത്യൻസഭയെപ്പോലെ മാർത്തോമാശ്ലീഹായെ അപ്പോസ്തോലനായി കരുതിയിരുന്നു. മാർത്തോമാശ്ലീഹായുടെ ശിഷ്യനായ ആദായി വഴി എഡേസായിലെ സഭ സ്ഥാപിച്ചതിനാൽ ആ സഭയും, പേർഷ്യൻ തലസ്ഥാനമായ സെലൂക്യ സ്റ്റെസിഫോണിൽ ആദായിയുടെ ശിഷ്യനായ മാറി സഭ സ്ഥാപിച്ചതുകൊണ്ട് കൽദായസഭയും മാർത്തോമായുടെ പൈതൃകം അവകാശപ്പെടുന്നു. പേർഷ്യൻസഭ തങ്ങളുടെ അപ്പോസ്തോലൻ മാർത്തോമാശ്ലീഹാ എന്ന് വിശ്വസിച്ചിരുന്നു. മേൽപ്പറഞ്ഞ നാലു സഭകളും തമ്മിൽ തോമാശ്ലീഹാ വഴി ആദ്ധ്യാത്മികബന്ധം ഉണ്ടായിരുന്നു.

ഇന്ത്യയിൽ ഏറ്റവും പ്രാചീനമായ സഭ മാർത്തോമ്മാക്രിസ്ത്യാനികളുടേതാണ്. അത് സിന്ധുനദി മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരുന്നതായി ജസ്വിട്ട് രേഖകളുണ്ട്. ഇന്ത്യക്കു പുറത്ത് ഈ സഭയുടെ മെത്രാപ്പോലീത്തായ്ക്ക് സൊക്കോത്രയിലും വലിയ ചൈനയിലും സാമന്തന്മാർ ഉണ്ടായിരുന്നു. പ്രാചീനകാലത്ത് ഇന്ത്യയുടെ പല ഭാഗങ്ങളിലും മാർത്തോമ്മാക്രിസ്ത്യാനികളുണ്ടായിരുന്നെങ്കിലും കേരള സഭ മാത്രമേ ആധുനികകാലം വരെ നിലനിന്നുള്ളു.

ഇസ്ലാമിന്റെ ഉദയം വരെ ഇന്ത്യ ഉൾപ്പെട്ട പൗരസ്ത്യദേശം മുഴുവനിലും വാണിജ്യഭാഷ അറമായ (സുറിയാനി അഥവാ കൽദായ ഭാഷ) ആയിരുന്നു. പേർഷ്യൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികഭാഷ ഏതാണ്ട് ബി.സി. 550 മുതൽ അറമായ ആയിരുന്നു. ആദ്ധ്യാത്മികവും വാണിജ്യപരവും സാംസ്കാരികവുമായ കാര്യങ്ങളിൽ കേരളസഭയ്ക്ക് മുൻപറഞ്ഞ പൗരസ്ത്യസഭകളുമായുള്ള ബന്ധവും അറമായഭാഷ അറിയാമായിരുന്ന യഹൂദരുടെ കേരളബന്ധവും സാന്നിദ്ധ്യവുംകൊണ്ടും കേരളസഭയും ആദിയിൽ അറമായ ആരാധനഭാഷ ഉപയോഗിക്കുവാൻ ഇടവന്നതായി പണ്ഡിതന്മാർ കരുതുന്നു. അതിന്റെ ഉദ്ഭവം യഹൂദക്രൈസ്തവരിൽ നിന്നാണെന്ന് പറയുന്നുണ്ട്.

ഇന്ത്യയിലെ വൈദികാദ്ധ്യക്ഷന്മാർ

ഏഴാം നൂറ്റാണ്ടിൽ ഈശോയാഹാബ് പാത്രിയർക്കീസിന്റെ (650 –700) ഒരു എഴുത്തിൽനിന്ന് പേർഷ്യൻ മെത്രാന്റെ എതിർപ്പു മൂലം പേർഷ്യയിലും ഇന്ത്യയിലും വൈദികാദ്ധ്യക്ഷന്മാരെ നിയമിക്കുന്നതിന് തടസ്സം ഉണ്ടായതായി പറഞ്ഞിരിക്കുന്നു.

കൽദായസഭയുടെ മേൽക്കോയ്മയോടുള്ള എതിർപ്പ് പേർഷ്യയിലെ സഭ തുടരുകയും ഒടുവിൽ ഒരു ഒത്തുതീർപ്പിന്റെ ഫലമായി പേർഷ്യൻസഭയ്ക്ക് സ്വയംഭരണാധികാരം ലഭിക്കുകയും ചെയ്തു.

മാർത്തോമാ ശ്ലീഹാ നേരിട്ട് സ്ഥാപിച്ച കേരളസഭ, പിൽക്കാലത്ത് പേർഷ്യയിലെയും പിന്നീട് ഒമ്പതാം നൂറ്റാണ്ടിനു മുമ്പായി കൽദായസഭയിലെ സെലൂക്യാ സ്റ്റെസിഫോണിലെയും ശ്ലൈഹിക മേലദ്ധ്യക്ഷതയ്ക്ക് വിധേയമായി. അതിന്റെ കൃത്യമായ കാലഘട്ടവും കാരണവും നമുക്ക് അറിവില്ല. ഒമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കൽദായപാത്രിയർക്കീസ് തീമോത്തി ഒന്നാമൻ ഭാരതസഭയെ പേർഷ്യൻസഭയിൽനിന്ന് വിടർത്തി നേരിട്ട് തന്റെ അധീനതയിലാക്കി. കൽദായസഭാദ്ധ്യക്ഷനായിരുന്ന തെയോദോസ്യോസ് 6 കൊല്ലത്തിലൊരിക്കൽ ഭാരതസഭാദ്ധ്യക്ഷൻ വിധേയത്വപ്രഖ്യാപനം അയച്ചാൽ മതിയെന്ന ഇളവ് ഭാരതസഭയ്ക്ക് നൽകി. (കാണുക: പേർഷ്യൻ സഭ, മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം, സെമിനാരി, കോട്ടയം, 1993)

എറ്റവും പ്രാചീനമായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ സിന്ധുനദി മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരുന്നതായി ജസ്വിട്ട് രേഖകളുണ്ട്

ഒമ്പതാം ശതകം ആദ്യം തീമോത്തി ഒന്നാമൻ പാത്രിയർക്കീസ് മെത്രാന്മാരുടെ തെരഞ്ഞെടുപ്പും അതിന് പാത്രിയർക്കീസിന്റെ അംഗീകാരം നേടുന്നതും വാഴിക്കുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകി. അതുവരെ ഇന്ത്യയിലെ മെത്രാന്മാർ ചേർന്ന് പാത്രിയർക്കീസിന്റെ എഴുത്ത് തെരഞ്ഞെടുക്കപ്പെട്ട ആളിന്റെ തലയിൽ വച്ച് അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിക്കുകയായിരുന്നു പതിവ്. കേരളത്തിൽ കൂനൻകുരിശു സത്യത്തിനു ശേഷം അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചത് ഇത്തരം ഒരു പാരമ്പര്യത്തിന്റെ പിൻബലത്തിലാകാം.

ഒരു സഭാദ്ധ്യക്ഷന്റെ നിര്യാണത്തെത്തുടർന്ന് അടുത്ത അദ്ധ്യക്ഷനെ വാഴിക്കുന്നത് ആ സഭയിലെ മെത്രാന്മാർ ചേർന്നാണല്ലോ. പ്രധാന മേലദ്ധ്യക്ഷനെ കീഴുള്ളവർ ചേർന്ന് സ്ഥാനാരോഹണം ചെയ്യിക്കുന്നു എന്നർത്ഥം. ഒരു സഭയിൽ ഇത്തരം സന്ദർഭം ഉണ്ടാകുമ്പോൾ വിശ്വാസൈക്യമുള്ള ഇതരസഭയിലെ പ്രധാന മേലദ്ധ്യക്ഷനെ ക്ഷണിച്ച് പ്രധാനകാർമ്മികനാക്കുന്ന രീതിയും ഉണ്ടായിരുന്നു.

ഭാരതസഭാദ്ധ്യക്ഷന്റെ പദവി

മാർത്തോമാ ശ്ലീഹായുടെ ഭാരതസഭയുടെ മേലദ്ധ്യക്ഷസ്ഥാനം 'ഇന്ത്യയുടെ വാതിൽ' എന്ന് വിളിക്കപ്പെട്ട മെത്രാനിൽ ആയിരുന്നു. കാലക്രമേണ അദ്ദേഹം പേർഷ്യായിലെ കാതോലിക്കായാൽ നിയമിക്കപ്പെട്ടുവന്നു.

ഭാരതസഭാദ്ധ്യക്ഷന് **'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും കവാടവും'** എന്നായിരുന്നു സ്ഥാനപ്പേര്. മൈലാപ്പൂരിൽ ഒരു കൽദായമെത്രാനും സന്യാസാശ്രമവും ഉണ്ടായിരുന്നു.

കൊടുങ്ങല്ലൂരു വച്ച് മാർ യാക്കോബിന്റെ ശിഷ്യനായ സക്കറിയാ ശെമ്മാശൻ 1301 ൽ എഴുതിയ ഒരു രേഖയിൽ (വത്തിക്കാൻ കോഡക്സ് 22) 'മാർ യാക്കോബ് മെത്രാപ്പോലീത്താ മാർത്തോമ്മാ ശ്ലീഹായുടെ സഭയുടെ അദ്ധ്യക്ഷനും ഭരണാധികാരിയുമാകുന്നു. അതായത് അദ്ദേഹം ഞങ്ങളുടെയും ഇന്ത്യയിലെ സകല ക്രിസ്ത്യാനികളുടെയും ഭരണാധികാരിയാകുന്നു' എന്ന് കാണുന്നു. 'മാർത്തോമ്മാശ്ലീഹായുടെ സഭ' എന്ന പ്രയോഗം ഇന്ത്യൻസഭയ്ക്ക് മാത്രമേ അന്ന് അവകാശപ്പെടാനാകുമായിരുന്നുള്ളു. 'ഇന്ത്യയിലെ സകല ക്രിസ്ത്യാനികളുടെയും ഭരണാധികാരി' എന്ന പ്രയോഗം 'ഇന്ത്യയുടെ കവാടം' എന്നതിന് സമമാണ്.

കൽദായ പാത്രിയർക്കീസായിരുന്ന അബ്ദീശോ 1567 ൽ 'ഇന്ത്യയിലുള്ള സുറിയാനിക്കാരായ നമ്മുടെ അജഗണങ്ങളെ വിഭജിച്ച് അവരെ മാർ അബ്രഹാം, മാർ യൗസേപ്പ് എന്നിവരെ ഭരമേൽപ്പിക്കുകയും അബ്രഹാമിനെ 'മറ്റെല്ലാ മെത്രാന്മാർക്കും മെത്രാപ്പോലീത്താമാർക്കും മേൽപ്പെട്ടവനായി' നിയമിക്കുകയും ചെയ്തു. പോർട്ടുഗീസ് കാലഘട്ടത്തിൽ ഏറ്റവും ഒടുവിൽ ഈ സ്ഥാനം വഹിച്ച മാർ അബ്രഹാം അങ്കമാലി ആസ്ഥാനമായി ഭരിച്ചു.

'ഇന്ത്യയുടെ കവാടവും മെത്രാപ്പോലീത്തായും' എന്ന സ്ഥാനം വഹിച്ചിരുന്ന സഭാദ്ധ്യക്ഷന് കൽദായസഭയുടെ ക്രമീകരണമനുസരിച്ച് ഭരണത്തിൽ സഹായിക്കുവാൻ അർക്കദിയാക്കോന്മാർ ഉണ്ടായിരുന്നു. ഈ അർക്കദിയാക്കോനെ 'ഇന്ത്യ മുഴുവന്റെയും സമീപസ്ഥലങ്ങളുടെയും അർക്കദിയാക്കോൻ' എന്ന് വിളിച്ചിരുന്നു. തീമോത്തി ഒന്നാമൻ പാത്രിയർക്കീസ് ഇന്ത്യയിലേക്കയച്ച കല്പനയിൽ അർക്കദിയാക്കോനെ 'ഇന്ത്യയിലെ വിശ്വാസികളുടെ തലവൻ' എന്ന് പറഞ്ഞു. മെത്രാപ്പോലീത്തായുടെ അധികാരങ്ങൾ അർക്കദിയാക്കോൻ പ്രയോഗിക്കുമായിരുന്നു. വിവിധ നാട്ടുരാജ്യങ്ങളിൽ ചിതറിപ്പാർത്തിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ രാജാവും തലവനുമായിരുന്നു 'ജാതിക്കു കർത്തവ്യ'നായിരുന്ന അർക്കദിയാക്കോൻ.

മലങ്കരയിൽ പേർഷ്യയിൽനിന്ന് നിയോഗിക്കപ്പെട്ടുവന്ന മെത്രാൻ നിർവ്വഹിച്ചിരുന്ന പ്രധാനപ്പെട്ട ചുമതലകൾ കശ്ശീശന്മാരെ അഥവാ പട്ടക്കാരെ അഭിഷേകം ചെയ്യുന്നതും പള്ളികൾ കൂദാശ ചെയ്യുന്നതും ആയിരുന്നു. മറ്റ് ആത്മീയ ലൗകിക മേലദ്ധ്യക്ഷത അർക്കദിയാക്കോൻ എന്ന വൈദികസ്ഥാനിയിലാണ് നിക്ഷിപ്തമായിരുന്നത്. (കാണുക: Dr. Jose Kuriedath CMI, Contribution of the Syro-Malabar Priests to the Socio-Economic and Cultural Devopment of Kerala, Thomas Christian Heritage, Vol. 3, LRC Publications, Mount St. Thomas, Kakkanad, 2009. p.91)

ചുരുക്കത്തിൽ കേരളസഭാതലവന്റെ സ്ഥാനം, പാപ്പാ പാത്രിയർക്കാ കാതോലിക്കാ സ്ഥാനികൾക്ക് സമമായതും ശ്ലൈഹികപിന്തുടർച്ചയും യഥാർത്ഥ സഭാമേലദ്ധ്യക്ഷതയും ഉള്ളതുമായ സ്വതന്ത്ര സഭാതലവന്റെ സ്ഥാനമായിരുന്നു. അതിന്റെ പദവിക്ക് അധോഗതിയുണ്ടായത് റോമൻ, പാശ്ചാത്യ സുറിയാനി സഭകളുമായുള്ള ബന്ധംകൊണ്ടാണ്.

സഭാഭിന്നതകൾ

മേലദ്ധ്യക്ഷന്റെ ചുമതല സഭാശുശ്രൂഷയെക്കാളുപരി, ഭരണമാണെന്ന ചിന്ത വളർന്നുവന്ന സാഹചര്യത്തിൽ സഭയിൽ തർക്കങ്ങളും വിഭജനങ്ങളുമുണ്ടായി. രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരവും യുദ്ധവും സഭയെയും ബാധിച്ചു. വേദശാസ്ത്രപരമായ മാനങ്ങൾ അതിൽ ആരോപിതമായി. റോം, അലക്സന്ത്ര്യാ, അന്ത്യോഖ്യാ, പേർഷ്യ എന്നിവിടങ്ങളിലെ പ്രധാന മേലദ്ധ്യക്ഷന്മാർ വിവിധ ചേരികളിലായി. വിശ്വാസപരമായ ഭിന്നതകളായി അത് പരിണമിച്ചു.

ഈ ഭിന്നതകൾ ആദ്യകാലത്ത് മലങ്കരസഭയെ ബാധിച്ചിരുന്നില്ല. പേർഷ്യയിൽ നിന്ന് വന്നിരുന്ന മെത്രാന്മാർ അധികാരത്തിനും ഭരണത്തിനും ശ്രമിക്കാതെ ആത്മീയമായ സഭാശുശ്രൂഷയിൽ മാത്രം ശ്രദ്ധിച്ചിരുന്നതിനാൽ ഈ സഭ പ്രശ്നങ്ങളില്ലാതെ മുന്നോട്ടുപോയി.

മലങ്കരസഭയുടെ ഇതര സഭാബന്ധങ്ങൾ

കേരള ക്രൈസ്തവസമൂഹം കിഴക്കൻസുറിയാനി സഭാപാരമ്പര്യമാണ് പിന്തുടർന്നു വന്നത്. പേർഷ്യൻ ക്രിസ്ത്യാനികളുടെ കേരളത്തിലേക്കുള്ള കുടിയേറ്റം ഈ ബന്ധത്തിന് ശക്തി പകർന്നിട്ടുണ്ട്. പോർട്ടുഗീസുകാരുടെ ആക്രമണം വരെയുള്ള സഭാചരിത്രം നോക്കിയാൽ ഇക്കാര്യം സുവ്യക്തമാണ്. അതേസമയം അക്കാലത്തിനിടയ്ക്ക് സഭയിൽ ഉണ്ടായ വേദശാസ്ത്രതർക്കങ്ങളും അതിലുള്ള സാമ്രാജ്യാധിപതികളുടെ ഇടപെടലുകളും മൂലമുണ്ടായ ഭിന്നിപ്പുകളിൽ കേരള ക്രൈസ്തവസമൂഹം പങ്കുചേർന്നിരുന്നില്ല. തർക്കങ്ങൾ ഉടലെടുക്കുംമുമ്പുള്ള വിശ്വാസവും ആരാധനാസമ്പ്രദായങ്ങളും ഇവിടെ നിലനിന്നു; പലപ്പോഴും സന്ദർശകരായ മേലദ്ധ്യക്ഷന്മാരുടെ സഭാപാരമ്പര്യത്തിന്റെ സ്വാധീനം അവിടവിടെ അൽപ്പാൽപ്പമായി ഉണ്ടായിരുന്നുവെങ്കിലും.

പോർട്ടുഗീസുകാർ ഇവിടെ വരുന്നതുവരെ പേർഷ്യയിൽനിന്ന് മെത്രാന്മാരെ ലഭിക്കുന്നതിനും അവരിലൂടെ സഭാശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനും തടസ്സമുണ്ടായിരുന്നില്ല.

സഭാഭിന്നതയുടെയും അധികാരമത്സരത്തിന്റെയും ആശയങ്ങൾ പേറി വന്ന പോർട്ടുഗീസ് മിഷനറിമാർ ഈ സഭയെ റോമിലെ പാത്രിയർക്കീസിന് – പാപ്പായ്ക്ക് – കീഴിലാക്കുവാൻ അശ്രാന്തപരിശ്രമം ചെയ്തു. (കൂടുതൽ വായനയ്ക്ക് നോക്കുക: Bishop Gregory Karemprel CMI, The Ecclesial Mission and Pastoral Care of the Migrants of the Syro-Malabar Church. Thomas Christian Heritage,

Vol. 1 , LRC Publications, Mount St. Thomas, Kakkanad, 2009. p.108)

പേർഷ്യയിലെ കാതോലിക്കാ അയച്ചുവന്ന മെത്രാന്മാരെത്തന്നെയും റോമിന്റെ കീഴിലാക്കുവാൻ സൈനികശക്തികൊണ്ടും മറ്റും ശ്രമിച്ചു. പലരും അതിൽ വീണുപോയി. പട്ടക്കാരിലും ജനങ്ങളിലും ഒരു വിഭാഗം അവരുടെ പ്രചാരണങ്ങളിൽപെട്ടു. ഒടുവിൽ പേർഷ്യൻമെത്രാന്മാരുടെ ഇവിടേയ്ക്കുള്ള വരവുതന്നെ നിരോധിച്ചു. സകല അധികാരവും മിഷനറിമാരിലൂടെ റോമിലേക്ക് കേന്ദ്രീകരിക്കപ്പെട്ടു. ഒടുവിൽ മെത്രാന്മാരെ അവർ നിയമിക്കുന്ന സാഹചര്യമായി.

പോർട്ടുഗീസ് സഭാകോളനി സ്ഥാപിക്കുവാനും റോമൻ സഭാപാരമ്പര്യം ഇവിടെ ഉറപ്പിക്കുവാനും നടത്തിയ ശ്രമങ്ങളെ അന്നത്തെ കേരള ക്രൈസ്തവസമൂഹം എതിർത്തു. പക്ഷെ, സൈന്യബലവും അവർ പാട്ടിലാക്കിയ നാട്ടുരാജാക്കന്മാരുടെ സമ്മർദ്ദവും മൂലം എതിർപ്പുകൾ ഒതുക്കി റോമൻപാരമ്പര്യം അടിച്ചേൽപ്പിക്കുവാൻ ഗോവ ആർച്ച് ബിഷപ്പ് ഉദയംപേരൂരിൽ പള്ളിയോഗം വിളിച്ചുകൂട്ടി. (കൂടുതൽ വായനയ്ക്ക് നോക്കുക: Fr. Dr. Xavier Koodapuzha, The Ecclesial Spirituality of the Syro-Malabar Church, Vol.3 Thomas Christian Heritage, LRC Publications, Mount St. Thomas, Kakkanad, 2010. p.43; Dr. Scaria Zacharia, Ed. The Acts and Decrees of the Synod of Diamber 1599, Indian Institute of Christian Studies, Edamattom, 1994. Introduction. p. 14, 15; Dr. Pius Malekandathil, Ed. Jornada, LRC publications, Kochi. 2003. Introduction p. 51, 53) എന്നാൽ ആ സുന്നഹദോസ് ആരംഭിച്ചത് കൽദായ (വകുദാശി/ബാഗ്ദാദ്) പാത്രിയർക്കീസ് ശെമയോൻ ദെന്ഹായുടെ പേര് കുർബ്ബാനയിൽ ഓർത്തുകൊണ്ടാണ്. പേർഷ്യൻസഭ റോമിന്റെ കീഴിലായിരുന്നതിനാൽ റോമിന് ഈ സഭയിൽ കോയ്മ ഉണ്ടായിരുന്നുവെന്നും, അല്ല പേർഷ്യൻസഭ അന്ത്യോഖ്യൻ സഭയുടെ കീഴിലായിരുന്നുവെന്നും അതതു പാരമ്പര്യത്തോടു കൂറുള്ളവർ ഇന്ന് വാദിക്കുന്നത് അന്നത്തെ സഭാസാഹചര്യങ്ങളെ മറച്ചുവച്ചുകൊണ്ടാണ്. രാഷ്ട്രീയസാഹചര്യങ്ങളാൽ മാത്രം പ്രധാന സഭാകേന്ദ്രങ്ങളായി വളർന്ന അന്ത്യോഖ്യ, റോമ, അലക്സന്ത്ര്യ, കസ്തന്തീനോസ്പോലീസ് എന്നിവയോട് വിശ്വാസൈക്യമില്ലാതിരുന്ന (4-ാം നൂറ്റാണ്ടു മുതൽ തന്നെ) പേർഷ്യൻസാമ്രാജ്യത്തിലെ കൽദായസഭയുമായാണ് മലങ്കരസഭയ്ക്ക് വൈദികബന്ധമുണ്ടായിരുന്നത്. ഇതിലൊന്നിന്റെയും കോയ്മ കൽദായസഭയിൽ ഉണ്ടായിരുന്നില്ല. **കൽദായസഭയിൽ ഭിന്നിപ്പുണ്ടായപ്പോൾ അതിൽ ഇടപെട്ട് ആധിപത്യമുറപ്പിക്കുവാൻ സുലാക്കായുടെ കാലത്ത് (1551-1555) റോമൻസഭ ശ്രമിച്ചതിനു ശേഷമാണ് അവിടെ റോമാബന്ധം തുടങ്ങിയത്.**

മേലദ്ധ്യക്ഷന്റെ ചുമതല സഭാശുശ്രൂഷയെക്കാളുപരി, ഭരണമാണെന്ന ചിന്ത വളർന്നുവന്ന സാഹചര്യത്തിൽ സഭയിൽ തർക്കങ്ങളും വിഭജനങ്ങളുമുണ്ടായി.

റോമൻമിഷനറിമാരോടുള്ള എതിർപ്പ് കെട്ടടങ്ങാതിരിക്കെ പൂർവ്വികപാരമ്പര്യത്തിലേക്ക് മടങ്ങാൻ മലങ്കരസഭ ഉദയംപേരൂർ സുന്നഹദോസിനു ശേഷവും പരിശ്രമിച്ചുകൊണ്ടിരുന്നു. യൂറോപ്യന്മാരല്ലാത്ത മെത്രാന്മാരാരും ഈ നാട്ടിൽ വന്നുചേരാതിരിക്കുവാൻ കടലിലും കരയിലും പോർട്ടുഗീസുകാരുടെ കണ്ണുണ്ടായിരുന്നു. അലക്സാന്ത്രിയ, അന്ത്യോഖ്യാ, പേർഷ്യ എന്നീ സഭകളിൽ നിന്ന് മേൽപ്പട്ടക്കാരെ വരുത്തുവാൻ ഈ സഭ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. പള്ളികൾ സ്ഥാപിക്കുവാനും വൈദികർക്കു പട്ടം കെട്ടുവാനും വൈദികമേലദ്ധ്യക്ഷനെ ലഭിക്കുകയായിരുന്നു അന്നത്തെ മലങ്കരസഭയുടെ ആവശ്യം. ഒരു പ്രത്യേക സഭയോട് മാത്രമല്ലാതെ ഇതിന് അഭ്യർത്ഥന നടത്തിയത് ഒരു കേന്ദ്രത്തോടും നമുക്ക് വിധേയത്വമില്ലായിരുന്നു എന്നതിന്റെ തെളിവാണല്ലോ. റോമൻ പേർഷ്യൻ സാമ്രാജ്യങ്ങളുടെ കീഴിലല്ലാതിരുന്ന കേരളസഭയ്ക്ക് സ്നേഹബന്ധത്തിനുപരിയായ വൈദികമേലദ്ധ്യക്ഷപദവി അംഗീകരിക്കേണ്ട ഒരു ബാദ്ധ്യതയും സാദ്ധ്യതയും ഇല്ലായിരുന്നു.

മലങ്കരയിലേക്കു വന്ന അഹത്തള്ള എന്ന മെത്രാനെ പോർട്ടുഗീസുകാർ ബന്ധനത്തിലാക്കിയതും അതിനെ തുടർന്ന് ജനങ്ങൾ വിപ്ലവത്തിനൊരുങ്ങിയതും വിശ്വാസം നിലനിർത്തുവാൻ വിദേശമിഷനറി മേൽക്കോയ്മയ്ക്കെതിരേ കൂനൻകുരിശുസത്യം ചെയ്തതും ഈ സാഹചര്യത്തിലാണ്.

റോമിൽനിന്നല്ലാത്ത മെത്രാന്മാരെ ലഭിക്കുവാനുള്ള പരിശ്രമങ്ങൾ ഈ സഭ ചെയ്തത് ആദ്യമൊന്നും ഫലപ്രദമായില്ല. ഒടുവിൽ ഈ സഭയിലെ പട്ടക്കാരും ജനങ്ങളും പള്ളിയോഗം ചേർന്ന് അർക്കദിയാക്കോൻ എന്ന സ്ഥാനിയെ മെത്രാനായി (ഒന്നാം മാർത്തോമ്മാ) അംഗീകരിച്ചു.

മെത്രാന്മാരെ വാഴിച്ചുകിട്ടുവാനുള്ള സാഹചര്യം ഇല്ലാതെ വന്നപ്പോൾ നിർബ്ബന്ധിതസാഹചര്യത്തിൽ ഇവിടെത്തന്നെ ഒരാളെ വാഴിച്ചുവെന്നുള്ളത് അതുവരെ ഉണ്ടാകാത്ത കാര്യമായിരുന്നു. മെത്രാനെ വാഴിക്കുവാനുള്ള സംവിധാനം ഇവിടെ അനിവാര്യമാണെന്ന കാര്യം അന്നേ ബോദ്ധ്യമായതാണ്.

മലങ്കര പള്ളിയോഗങ്ങൾ

ഈ സഭയുടെ പൊതുഭരണകാര്യങ്ങൾ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ നടത്തുന്ന പള്ളിപ്രതിനിധിയോഗമാണ് നിശ്ചയിച്ചിരുന്നത്. പോർട്ടുഗീസ് സൈന്യബലവും നാട്ടുരാജാക്കന്മാരുടെ പിന്തുണയും ഉണ്ടായിട്ടും, ഗോവ ആർച്ച് ബിഷപ്പ് മെനസീസ് ഇവിടത്തെ പള്ളിയോഗം വിളിച്ചുകൂട്ടുവാനുള്ള കുറി പള്ളികൾക്കയയ്ക്കുവാൻ ആർക്കദിയാക്കോനെ സമ്മർദ്ദം ചെലുത്തി സമ്മതിപ്പിക്കുകയായിരുന്നു. വിദേശിയായ ഗോവ സഭാദ്ധ്യക്ഷന്റെ (പദ്രൊവാദൊ) അധികാരം അന്ന് മലങ്കരപ്പള്ളികളിൽ വിലപ്പോകുമായിരുന്നില്ല. (അതുകൊണ്ടാണ് കേരളത്തിൽ ഒരു ക്രിസ്ത്യൻ റിപ്പബ്ലിക്കാണ് ഉള്ളതെന്ന് 18-ാം നൂറ്റാണ്ടിൽ പൗലിനോസ് എഴുതിയത്.)

മലങ്കരസഭയിലെ ആരാധനാചാരാനുഷ്ഠാനങ്ങളും ഭരണക്രമങ്ങളും കാലാനുസൃതം നിശ്ചയിച്ച് ക്രമവത്ക്കരിക്കുവാൻ മുമ്പും പള്ളിയോഗങ്ങൾ ചേർന്ന് തീരുമാനങ്ങളെടുത്തിട്ടുണ്ട്. അങ്കമാലി, ആലങ്ങാട്, പുത്തൻകാവ്, കണ്ടനാട്, ആർത്താറ്റ്, മാവേലിക്കര, തുടങ്ങിയ സ്ഥലങ്ങളിൽ ചേർന്ന പള്ളിയോഗങ്ങൾ എഴുതിവച്ച പടിയോലകൾ സഭാചരിത്രരേഖകളിൽ കാണാം. ഇന്നത്തെ സഭാഭരണഘടനയുടെ മൂലരൂപങ്ങൾ ഇവയിൽ കണ്ടെത്താം. അത്തരം യോഗതീരുമാനങ്ങളോട് ഇടവകപ്പള്ളികൾക്ക് തികഞ്ഞ വിധേയത്വം ഉണ്ടായിരുന്നു. കാരണം അവ അവരുടെ പ്രതിനിധികൾ ചേർന്ന് സുചിന്തിതമായി എടുക്കുന്ന തീരുമാനങ്ങളായിരുന്നു. (കാണുക: Fr. Dr. Xavier Koodapuzha, The Ecclesial Spirituality of the Syro-Malabar Church, Vol.3 Thomas Christian Heritage, LRC Publications, Mount St. Thomas, Kakkanad, 2010. p.37, 38)

സിറിയൻ സഭാബന്ധം

റോമൻ മിഷനറിമാരോടുള്ള എതിർപ്പ് ഒടുവിൽ പൊട്ടിത്തെറിയിലെത്തിയത് വിദേശത്തുനിന്ന് വന്ന അഹത്തള്ള എന്ന മേൽപ്പട്ടക്കാരനെ പോർട്ടുഗീസുകാർ മട്ടാഞ്ചേരിയിൽ കടലിൽ കെട്ടിത്താഴ്ത്തി കൊന്നുകളഞ്ഞു എന്ന വാർത്ത മൂലമായിരുന്നു. (ഈ മേൽപ്പട്ടക്കാരൻ ഏതു പാരമ്പര്യത്തിൽ നിന്നുള്ള ആളായിരുന്നുവെന്ന് തീർച്ചയാക്കുവാൻ ചരിത്രരേഖകൾ വ്യക്തമല്ല. ഏതായാലും സിറിയൻ അന്ത്യോഖ്യാ പാത്രിയർക്കീസ് അല്ലായിരുന്നുവെന്ന് പാത്രിയർക്കീസുമാരുടെ പട്ടികയിൽ നിന്ന് വ്യക്തമായറിയാം, ഇന്നും അങ്ങനെ ചിലർ ആണയിടുന്നുണ്ടെങ്കിലും!) തുടർന്നുണ്ടായ പള്ളിയോഗങ്ങൾ മിഷനറിമാരുമായും റോമുമായും ഇടക്കാലത്തുണ്ടായ ബന്ധങ്ങൾ പറിച്ചെറിഞ്ഞു. അന്ന് പൊതു സഭാനേതൃത്വം വഹിച്ചിരുന്ന അർക്കദിയാക്കോനെ മേൽപ്പട്ടക്കാരനായി വാഴിക്കുകയും ചെയ്തു. ഒന്നാം മാർത്തോമ്മാ എന്നാണിദ്ദേഹം വിളിക്കപ്പെടുന്നത്.

‘ഇന്ത്യയിലെ വിശ്വാസികളുടെ തലവൻ’ ‘ജാതിക്കു കർത്തവ്യൻ’ എന്നീ നിലയിൽ കേരളക്രിസ്ത്യാനികളുടെ തലവനായ അർക്കദിയാക്കോനെ അസാധാരണവും അത്യാവശ്യവുമായ സന്ദർഭത്തിൽ സഭാതലവനായ മേലദ്ധ്യക്ഷനായി ഉയർത്തിയതിൽ കൈവെപ്പിന്റെ തലനാരിഴ കീറി പരിശോധിച്ച് ക്രമരാഹിത്യം ആരോപിക്കേണ്ടതില്ല. ചരിത്രത്തിൽ പല സഭകളിലും അവ സ്വയംശീർഷകത്വം ആർജ്ജിച്ചപ്പോഴോ മറ്റ് പ്രശ്നസാഹചര്യങ്ങളിലോ ഒക്കെ ഇത്തരം സ്ഥാനാരോഹണങ്ങൾ നടന്നിട്ടുണ്ട്. (കാണുക: ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ദേശീയതയിലേക്കുള്ള മലങ്കരസഭയുടെ വളർച്ചയിൽ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പ്രസക്തി, വൈഖരി, കണ്ടനാട് ഭദ്രാസനം പഞ്ചരജതജൂബിലി സ്മരണിക) കരയിലും കടലിലും ആധിപത്യം പുലർത്തിയവർ റോമൻസഭയുടേതല്ലാത്ത ഒരു മേലദ്ധ്യക്ഷന്റെ സേവനം പൂർവ്വികപാരമ്പര്യാനുസരണം ഈ സഭയ്ക്ക് ലഭിക്കുന്നതിന് അസാദ്ധ്യമാകുംവിധം ഈ സഭയെ കൂച്ചുവിലങ്ങിലിട്ടപ്പോൾ, സഭയിൽ നിക്ഷിപ്തമായ പൗരോഹിത്യനൽവരം കൈമാറി സ്ഥാനാരോഹണം നടത്തിയത് മഹാപാപമല്ല. ഇന്ന് അലംഘ്യമെന്ന് കൊട്ടിഘോഷിക്കുന്ന കാനോനും ചട്ടങ്ങളും അന്ന് അത്ര കർക്കശമായ കാര്യങ്ങളായി കരുതപ്പെട്ടിരുന്നുമില്ല. ഒരു പാരമ്പര്യത്തിന്റെയും കാനോന്റെയും പിൻബലമില്ലാതെ, അനധികൃതമായി ഈ സഭയിൽ മേലധികാരം നേടിയവർക്ക് അതിനെക്കുറിച്ച് ആക്ഷേപിക്കുവാൻ ധാർമ്മികമായി ഒരവകാശവുമില്ല. ഏല്ലാ സഭയുടെയും പ്രധാനമേലദ്ധ്യക്ഷന്റെ സ്ഥാനത്തേക്ക് കീഴുള്ളവരാണ് വാഴ്ച നടത്തുന്നത് എന്നതും ഓർക്കണം.

കൈവെപ്പിന്റെ ഇടമുറിയാത്ത ശ്രംഖലാബന്ധത്തെപ്പറ്റി തലനാരിഴ കീറി പരിശോധിക്കുന്നവർ ഒരു കാര്യം മറക്കരുത്. ഒരു സഭാതല

വന്റെ മരണശേഷം അടുത്ത തലവൻ സ്ഥാനമേൽക്കുന്നതുവരെ ഈ ശ്രംഖലയുടെ കണ്ണി മുറിയുകയാണല്ലോ. പുതിയ ഒരാളെ വാഴിക്കുമ്പോൾ പട്ടത്വത്തിന്റെ തുടർച്ച ഉളവാകുന്നതായും കരുതപ്പെടുന്നു. ഇവിടെ ഒരു തലവന്റെ കൈവെപ്പല്ലല്ലോ പിന്തുടർച്ചക്കാരന് ലഭിക്കുന്നത്. സഭയുടെ പ്രതിനിധികളായ മെത്രാന്മാരോ കർദ്ദിനാൾമാരോ സഭാസമൂഹമോ ഒരാളെ തെരഞ്ഞെടുത്തിട്ട് മെത്രാന്മാരും വൈദികരും ജനങ്ങളും ഒരുമിച്ചാണ് പിന്തുടർച്ചക്കാരന്റെ വാഴ്ച പൂർത്തീകരിക്കുന്നത്. അതിനർത്ഥം യേശുമ്ശിഹായുടെ പൗരോഹിത്യ നൽവരം സഭയിലാണ് നിലനിൽക്കുന്നതെന്നാണ്. അത് സഭയെ പ്രതിനിധീകരിക്കുന്ന സ്ഥാനികളുടെ കൈവെപ്പിലൂടെയാണ് കൈമാറുന്നത്. ഏകസ്ഥാനിയുടെ സ്വന്തമല്ല ഈ കൈവെപ്പ്; സഭയുടേതാണ്. സഭയിലാണ് പട്ടത്വം എന്നതിനാൽ ഒരു സ്ഥാനിയുടെ നിര്യാണമോ സഭാഭ്രംശമോ കൈവെപ്പിന്റെ ശ്രംഖലയിൽ വിടവുണ്ടാക്കുകയില്ല. ഈ സത്യം സഭൈക്യചർച്ചയിൽ പരിഗണിക്കേണ്ടതുണ്ട്.

ഒമ്പതാം ശതകത്തിൽ തീമോത്തി ഒന്നാമൻ പാത്രിയർക്കീസിന്റെ കാലം വരെ ഇന്ത്യയിലെ മെത്രാന്മാർ ചേർന്ന് പാത്രിയർക്കീസിന്റെ എഴുത്ത് തെരഞ്ഞെടുക്കപ്പെട്ട ആളിന്റെ തലയിൽ വച്ച് അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിക്കുകയായിരുന്നു പതിവ് എന്ന് മുമ്പ് സൂചിപ്പിച്ചതാണ്. കൂനൻകുരിശു സത്യത്തിനു ശേഷം അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചത് ഇത്തരം ഒരു പാരമ്പര്യത്തിന്റെ ബലത്തിലാകാം. അഹത്തള്ളായുടെ ഒരു കല്പനപ്രകാരമാണ് വാഴ്ച നടന്നതെന്നതും ഓർക്കണം.

അന്ത്യോഖ്യൻബന്ധം

ഈ മേൽപ്പട്ടക്കാരന്റെ കൈവെപ്പിന്റെ ന്യൂനതയെക്കുറിച്ച് റോമൻപക്ഷം ഉന്നയിച്ച ആരോപണം മറികടക്കുവാൻ ഈ സഭയ്ക്ക് വീണ്ടും ഇതര സഭാമേലദ്ധ്യക്ഷന്മാരോട് സഹായം അഭ്യർത്ഥിക്കേണ്ടിവന്നു. വൈദേശികസഭകളുടെ ആത്മികഭരണസമ്പ്രദായങ്ങൾ പോർട്ടുഗീസ് കാലഘട്ടം മുതൽ ഇവിടെ പരിചയിക്കേണ്ടിവന്നതിന്റെ ഫലമായ ഒരു കോട്ടമായി ഇതിനെ കാണണം. അതിന്റെ ഫലമായി അന്ത്യോഖ്യൻ സുറിയാനിസഭയുമായി നമുക്ക് ബന്ധമുണ്ടായി. തുടർന്നുള്ള കാലഘട്ടത്തിൽ ക്ഷണിക്കപ്പെട്ടും അല്ലാതെയും മേലദ്ധ്യക്ഷന്മാരുടെ ചുമതലകൾ ഇവിടെ നിർവ്വഹിക്കുവാൻ വന്ന പിതാക്കന്മാർ വിവിധ സഭാപാരമ്പര്യത്തിൽ നിന്ന്-അലക്സാന്ത്രിയ, അന്ത്യോഖ്യാ, തെഗ്രിസ്, പേർഷ്യൻ നെസ്തോർ കൽദായ, അതിൽതന്നെ കത്തോലിക്കാസഭയിൽ ചേർന്നവരിൽ നിന്ന് – ഉള്ളവരായിരുന്നു. (ഈ മേൽപ്പട്ടക്കാർ പാശ്ചാത്യ പൗരസ്ത്യ സുറിയാനിസഭകളിൽ നിന്നുള്ളവരായിരുന്നു അധികവും. അവരൊക്കെ ഏതെങ്കിലും ഭദ്രാസനഭരണം ഉണ്ടായിരുന്നവരോ അതുപേക്ഷിച്ചു പോന്നവരോ ആകാൻ സാദ്ധ്യതയില്ല. പ്രത്യേക സാഹചര്യത്തിൽ ഇവിടേക്കു പോരുവാൻ വാഴിക്കപ്പെട്ടവരാകാം. പലരും തിരികെ പോയി. ചിലരൊക്കെ ഈ മണ്ണിൽ വിലയം പ്രാപിച്ചു.) എന്നാൽ ക്രമേണ അന്ത്യോഖ്യൻസഭയുമായി ബന്ധം ശക്തിപ്പെടുകയും, അക്കൂട്ടത്തിൽ നിന്ന് വന്ന പിതാക്കന്മാരിലൂടെ അന്ത്യോഖ്യൻ ആരാധനാക്രമം (പാശ്ചാത്യ സുറിയാനി) ഇവിടെ വേരൂന്നുകയും ചെയ്തു. എന്നാൽ ആർച്ച് ബിഷപ്പ് മെനസീസ് കൽദായസുറിയാനി ആരാധനക്രമങ്ങൾ മാറ്റി, ലത്തീൻ ക്രമത്തിന്റെ സുറിയാനിരൂപം പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടും, 100 വർഷത്തോളം മുമ്പും, പേർഷ്യൻ (കൽദയ) പൗരസ്ത്യ സുറിയാനി ആരാധനക്രമങ്ങൾ പഴയ പള്ളികളിലൊക്കെ ഉണ്ടായിരുന്നു.

ഭാരതസഭാദ്ധ്യക്ഷന് 'ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്തായും കവാടവും' എന്നായിരുന്നു സ്ഥാനപ്പേര്.

ഇംഗ്ലീഷ് മിഷനറിമാർ

ആംഗ്ലിക്കൻ മിഷനറിമാരുടെ വരവും അവരും മലങ്കരസഭയുമായുള്ള സമ്പർക്കവും അതിന്റെ ശൈഥില്യവും പിന്നീട് അന്ത്യോഖ്യൻ ബന്ധം ഉറപ്പിച്ചു പ്രഖ്യാപിക്കുവാൻ ഇടയാക്കി. പോർട്ടുഗീസുകാരെപ്പോലെതന്നെ ആംഗ്ലിക്കൻസഭയിലെ പിൽക്കാല മിഷനറിമാർ രാജകീയ പിൻബലത്തോടെ ഈ സഭയിൽ നവീകരണവിശ്വാസം നടപ്പാക്കുവാൻ ശ്രമിച്ചപ്പോൾ, അതിൽ നിന്നുള്ള രക്ഷാമാർഗ്ഗം എന്ന നിലയിൽ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ നേതൃത്വം ഈ സഭ പ്രഖ്യാപിക്കുകയായിരുന്നു. ആ നടപടികളുടെ പരിണതഫലമാണ് സിറിയൻസഭയുടെ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ കേരളത്തിൽ വരുവാൻ ഇടയായത്. മിഷനറിമാരുടെ സഭാനവീകരണശ്രമങ്ങളെ ചെറുക്കുവാൻ ബാവായുടെ നേതൃത്വത്തിൽ മലങ്കരപള്ളിയോഗം മുളന്തുരുത്തിയിൽ ചേരുകയും പൂർവ്വികപാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഇന്നുള്ള ഭരണസംവിധാനങ്ങളുടെ ഒരു രൂപരേഖ ഉണ്ടാകുകയും ചെയ്തു.

മലങ്കരസഭയുടെ തലവനായ മലങ്കരമെത്രാപ്പോലീത്തായുടെ പദവി പൗരാണികവും, രാജാക്കന്മാരാൽ അംഗീകരിക്കപ്പെട്ടു പോന്നതുമാണ്. നേരത്തേ സൂചിപ്പിച്ച 'ഇന്ത്യയുടെ കവാടം' എന്ന പദവിയുടെ തുടർച്ച അതിനുണ്ടായിരുന്നു. അർക്കദിയാക്കോന്റെ പദവിയും അതിൽ സമ്മേളിച്ചിരുന്നു, ഒന്നാം മാർത്തോമ്മാ മെത്രാന്റെ കാലം മുതൽ. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധം ശക്തിപ്പെടുകയും അവരിവിടെ നേരിട്ട് കാലുകുത്തുകയും ചെയ്തപ്പോൾ മുതൽ ഈ സ്ഥാനവും പദവിയും ന്യൂനവത്ക്കരിക്കുവാൻ ശ്രമമുണ്ടായി. മെത്രാൻവാഴ്ചയ്ക്ക് പാത്രിയർക്കീസിനെ ആശ്രയിക്കേണ്ടിവന്നതിനാൽ, അവർ മലങ്കരമെത്രാപ്പോലീത്താപദവിയെ താഴ്ത്തുവാൻ വേണ്ടി, സഭയെ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴുള്ള ഭദ്രാസനങ്ങളാക്കി വിഭജിക്കുവാൻ ശ്രമിച്ചു. മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചത് കാലാനുസൃതമായ ഭരണക്രമവത്കരണത്തിന് ഉദാഹരണമാണ്.

കാതോലിക്കേറ്റിന്റെ പ്രസക്തി

മലങ്കരസഭയ്ക്ക് പ്രധാനമേലദ്ധ്യക്ഷസ്ഥാനിക്കായി പേർഷ്യയിലെ കാതോലിക്കോസിനെ ആശ്രയിക്കേണ്ടിവന്നിരുന്നു. പിൽക്കാലത്ത് റോമിന്റെ പദ്രോവാദോ അധികാരത്തിൻകീഴിൽ പോർട്ടുഗലിനെയും അതിനു ശേഷം അന്ത്യോഖ്യാ പാത്രിയർക്കീസിനെയും മെത്രാൻവാഴ്ചയ്ക്ക് ആശ്രിക്കേണ്ടതായി വന്നു. ഇവിടെത്തന്നെ മെത്രാനെ വാഴിക്കുവാൻ പഴുതില്ലായിരുന്നു. ആ കുറവ് പരിഹരിക്കുവാൻ കാതോലിക്കാസ്ഥാപനത്തിന് – കാതോലിക്കേറ്റിന് – സാധിക്കുന്നുവെന്നതാണ് അതിന്റെ പ്രസക്തിയുടെ ആദ്യവസ്തുത.

1912 ൽ ഇവിടെ കാതോലിക്കാവാഴ്ച നടന്നത് കൂനൻകുരിശു സത്യത്തെത്തുടർന്നുണ്ടായ മെത്രാൻവാഴ്ച പോലെ അനിവാര്യമായ ഒരു നടപടിയായി കാണണം.

മെത്രാന്മാരെ വാഴിച്ചുകിട്ടുവാനുള്ള സാഹചര്യം ഇല്ലാതെ വന്നപ്പോൾ നിർബ്ബന്ധിതസാഹചര്യത്തിൽ അന്ന് ഇവിടെത്തന്നെ ഒരാളെ വാഴിച്ചുവെന്നുള്ളത് അതുവരെ ഉണ്ടാകാത്ത കാര്യമായിരുന്നു. മെത്രാനെ വാഴിക്കുവാനുള്ള സംവിധാനം ഇവിടെ അനിവാര്യമാണെന്ന കാര്യം അന്നേ ബോദ്ധ്യമായതാണ്. ആ ബോദ്ധ്യം പ്രായോഗികമാക്കി എന്നതാണ് കാതോലിക്കേറ്റിന്റെ പ്രസക്തിയുടെ രണ്ടാമത്തെ വസ്തുത.

മലങ്കരസഭയിൽ ദേശീയസഭാദ്ധ്യക്ഷന്റെ പദവി പുനഃസ്ഥാപിച്ചതുവഴി മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും പുനരുദ്ധരിക്കപ്പെട്ടു. അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ നേതൃത്വവും അനുവാദവും ഉണ്ടായിട്ടും വിമർശനം ഒഴിവായില്ല. സാധുവായ പട്ടത്വത്തിന്റെ ന്യൂനതയും മറ്റും വിഷയമാക്കി ആ നടപടിയെ ഒരു കൂട്ടർ അംഗീകരിച്ചില്ല. കാതോലിക്കായുടെ പിൻഗാമികളെ മലങ്കരസഭ വാഴിച്ചപ്പോൾ വിമർശനം ശക്തമായി തുടർന്നു. പക്ഷേ, 1958-ലെ സഭാസമാധാനത്തിൽ ഒരു പ്രശ്നവും കൂടാതെ ആ സ്ഥാനി അംഗീകൃതനായി. സഭാതലവനായി ഒരാളെ വാഴിക്കുന്നത് പാരമ്പര്യവിരുദ്ധമായ ഒന്നല്ലെന്ന് വിമർശകർക്കും ബോദ്ധ്യമുണ്ടായിരുന്നെന്ന് ഇത് തെളിയിക്കുന്നു.

മലങ്കരയിലെ കാതോലിക്കാ, സെലൂക്യയിലെ കാതോലിക്കായുടെയോ, അതല്ല, തെഗ്രീസിലെ കാതോലിക്കായുടെയോ ആരുടെ പിൻഗാമിയാണ് എന്നതിനെച്ചൊല്ലി തർക്കിക്കുകയോ, കൈവയ്പ്പു ശ്രംഖലയിലെ കണ്ണിയുടെ എണ്ണം പറയുകയോ ചെയ്യുവാൻ തലപുണ്ണാക്കേണ്ടതില്ല. ദേശീയസഭയുടെ അദ്ധ്യക്ഷനായി ഒരാൾ വാഴിക്കപ്പെട്ടിരിക്കുന്നുവെന്നതാണ് പ്രധാനം. (നോക്കുക: മലങ്കരഓർത്തഡോക്സ് സഭാവിജ്ഞാനകോശം, മഫ്രിയാന. പേ. 610) ദേശീയസഭയുടെ തലവനായി കേരളത്തിൽ ഉണ്ടായിരുന്ന മേലദ്ധ്യക്ഷന്റെ സ്ഥാനം പുനഃസ്ഥാപിച്ചതുവഴി മെത്രാന്മാരെ വാഴിക്കുവാൻ മലങ്കരസഭയ്ക്കുണ്ടായിരുന്ന തടസ്സം ഇല്ലാതെയായി. മറ്റൊരു സഭയെയും ഇക്കാര്യത്തിൽ ആശ്രയിക്കേണ്ടതില്ലെന്ന അവസ്ഥ സംജാതമായി. ഫലത്തിൽ ഇന്ത്യൻസഭയുടെ പൂർവ്വികപദവി വീണ്ടെടുത്തു. ഈ നടപടി അകാനോനികവും സാധുവായ കൈവെപ്പില്ലാത്തതുമെന്നൊക്കെ ആക്ഷേപിക്കുന്നർ **വൈദേശികസഭയുടെ കോളനിയായി ഈ സഭയെ നിലനിർത്തുവാൻ കുഴലൂതുന്നവരാണ്.** (ചരിത്രത്തിൽ ഇത്തരം അകാനോനികവും അസാധാരണവുമായ നടപടികൾ ഉണ്ടായിട്ടുമുണ്ട്. മാർ ജോസഫ് സെബസ്ത്യാനി ഒറ്റയ്ക്കാണ് പഴയകൂറ്റിലെ പറമ്പിൽ ചാണ്ടി മെത്രാനെ വാഴിച്ചത്. പ്രൊപ്പഗൻഡാ ആഞ്ജലൂസ് ഫ്രാൻസിസിനെ മലബാറിലെ വികാരി ആപ്പോസ്തോലിക്കായാക്കി. പോർട്ടുഗീസ് പദ്രോവാദോ മെത്രാന്മാരാരും മെത്രാഭിഷേകം നൽകിയില്ല. കത്തോലിക്കരും അകത്തോലിക്കരുമായ സുറിയാനിക്കാരുടെ ശ്രമഫലമായി വന്ന കൽദായമെത്രാനായ മാർ ശെമവൂനെ സൂത്രത്തിൽ ഉപയോഗിച്ച് ഒറ്റയ്ക്ക് മെത്രാഭിഷേകം നടത്തിച്ചു. പിന്നീട് മാർ ശെമവൂനെ പോണ്ടിച്ചേരിയിലേക്കു കടത്തി. അദ്ദേഹം അവിടെ ഒരു കിണറ്റിൽ മരിച്ചുകിടന്നു എന്ന് ഡോ. പ്ലാസിഡ് പൊടി

പത്തരമാറ്റുള്ള കാതോലിക്കേറ്റ് ഒന്നു മാത്രം

■ കെ.വി. മാമ്മൻ കോട്ടക്കൽ

മലങ്കരസഭയിൽ സ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റിന്റെ ശതാബ്ദിവേളയിൽ, ആ സ്ഥാപനത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ പ്രാധാന്യം കണക്കിലെടുത്ത്, സഭാടിസ്ഥാനത്തിൽ ഒട്ടധികം രചനാത്മക പരിപാടികൾ ആസൂത്രണം ചെയ്ത്, നടപ്പാക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായ പശ്ചാത്തലത്തിൽ, വ്യവസ്ഥാപിതമായ കാതോലിക്കേറ്റിന്റെ നേട്ടങ്ങളും കോട്ടങ്ങളും സ്വാഭാവികമായും ചിന്താവിഷയമാകുന്നുണ്ട്. ഇതിനകം പല സ്ഥലങ്ങളിലും ശതാബ്ദി സംബന്ധിച്ച ചർച്ചകളും സമ്മേളനങ്ങളും നടത്തി സഭാംഗങ്ങളെ ഈ കാര്യത്തിൽ കൂടുതൽ ബോധവാന്മാരാക്കി വരുന്നു എന്നത് ശുഭോദർക്കമാണ്. തുടർന്നും എല്ലാ ഭദ്രാസനങ്ങളും സഭയുടെ ഭാവിയെപ്പറ്റി ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്.

സഭാകേന്ദ്രമായ കോട്ടയത്തുവച്ചു നടത്തേണ്ടിയിരുന്ന സമാപനസമ്മേളനം കൊച്ചിയിൽ നടത്തുന്നത് തെക്കും വടക്കും ഉള്ള പള്ളികൾക്ക് കൂടുതൽ സൗകര്യപ്രദമായി സംബന്ധിക്കുന്നതിനായിരിക്കണം. സഭയെ എല്ലാവിധത്തിലും ശക്തിപ്പെടുത്തുന്നതിനും സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കും ആദ്ധ്യാത്മിക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പുതുജീവൻ പ്രദാനം ചെയ്യുന്നതിനും ശതാബ്ദി ആഘോഷങ്ങൾ ഉതകണം. മലങ്കരയിൽ സ്ഥാപിതമായ ശേഷവും ഒരിക്കലും പണയപ്പെടുത്തിയിട്ടില്ലാത്ത സഭയുടെ സ്വാതന്ത്ര്യം അന്യൂനം പരിരക്ഷിക്കുന്നതിനും ഇടക്കാലത്ത് ഒരു പ്രത്യേക ചുറ്റുപാടിൽ കൈവിട്ടുപോയ ആദ്ധ്യാത്മിക സ്വാതന്ത്ര്യം അഭിമാനപൂർവ്വം വീണ്ടെടുക്കുന്നതിനും കാതോലിക്കേറ്റിന് രാഷ്ട്രത്തിന്റെ പരമോന്നത നീതിന്യായകോടതിയിൽ നിന്ന് ചോദ്യം ചെയ്യാനാവാത്ത അംഗീകാരം കിട്ടുന്നതിനും സാധിച്ചു എന്നത് സഭയ്ക്കു ലഭിച്ച അസുലഭ ഭാഗ്യം മാത്രമാണ്. മാർ തോമാ ശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയും പേർഷ്യൻ സഭയും തമ്മിലുള്ള ബന്ധത്തിന്റെ തുടർച്ചയെന്ന നിലയിൽ, കാലങ്ങൾ കടക്കേ, മലങ്കരയിൽ നിലവിൽ വന്ന കാതോലിക്കേറ്റ് പുനഃസ്ഥാപിച്ചതാണെന്നും പുതുതായി രൂപംകൊണ്ടതാണെന്നും മറ്റുമുള്ള തർക്കങ്ങൾ, ആ സ്ഥാപനം തകർക്കാൻ ആകാത്തവണ്ണം ഒരു യാഥാർത്ഥ്യമായി ഉറച്ച ശിലമേൽ നിലകൊള്ളുന്നതിനാൽ, കാലഹരണപ്പെട്ടിരിക്കുന്നു.

> കാതോലിക്കേറ്റിന് പരമോന്നത കോടതിയിൽനിന്നും ചോദ്യംചെയ്യാനാവാത്ത അംഗീകാരം കിട്ടി എന്നത് സഭയ്ക്ക് അഭിമാനിക്കാവുന്ന കാര്യമാണ്.

മലങ്കരസഭ ഒന്നേയുള്ളുവെന്നും അതിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയും പ: കാതോലിക്കാ ബാവായാണെന്നും 1958 ലും പിന്നീടും സുപ്രീംകോടതിയിലെ ജഡ്ജിമാർ വിധി എഴുതിയിട്ടുണ്ട്. ഒരു കാലത്ത് 'വൃദ്ധൻ പുന്നൂസ്' എന്നു പറഞ്ഞ് നടന്നവർ പിന്നീട് 1958 ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് അദ്ദേഹത്തെ പരിശുദ്ധ ബാവായായി അംഗീകരിക്കുകയും ആചന്ദ്രതാരം കാതോലിക്കേറ്റിന്റെ കീഴിൽ നിലകൊള്ളുമെന്ന് ആറാം മാർത്തോമ്മാ അന്ത്യവിശ്രമം കൊള്ളുന്ന പുത്തൻകാവ് പള്ളിയെ സാക്ഷിനിർത്തി അർത്ഥശങ്കയ്ക്കിടയില്ലാതെ പ്രസ്താവിക്കുകയും ചെയ്തത് വെറും അഞ്ചര ദശാബ്ദങ്ങൾക്കു മുൻപാകയാൽ അതെല്ലാം കാണുകയും നേരിട്ടു കേൾക്കുകയും ചെയ്ത ഒട്ടധികം സജീവ സാക്ഷികൾ ഇന്നും സഭയിൽ ഉണ്ട്.

സമുദായക്കേസ് 1951-ൽ തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതി കാതോലിക്കാ വിഭാഗത്തിനെതിരായി വിധിച്ചതിനെതുടർന്ന് പ: ഗീവർഗീസ് രണ്ടാമൻ ബാവായ്ക്ക് 1952 ൽ കുറുപ്പംപടി പ്രളയിക്കാട് മൈതാനത്ത് ഓർത്തഡോക്സ് സഭ ഒരു വലിയ സ്വീകരണം നൽകി. ബാവായുടെ സ്വീകരണ ഘോഷയാത്രയ്ക്കെതിരെ ഹൈസ്കൂൾ അദ്ധ്യാപകൻ കൂടിയായിരുന്ന പൗലോസച്ചന്റെ നേതൃത്വത്തിൽ സ്ഥലത്തെ ചില പ്രമാണിമാരുടെ സഹകരണത്തോടെ കുറെ വിദ്യാർത്ഥികളെയും

പാറ സി.എം ഐ., മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. പുറം. 55. തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിലും ഇത് കാണാം. പുറം.190, 191. കാട്ടുമങ്ങാട്ട് കൂറിലോസിനെ മാർ ഗ്രീഗോറിയോസ് ഒറ്റയ്ക്കാണ് വാഴിച്ചത്.)

പൗരാണികമായ പേർഷ്യൻ കാതോലിക്കേറ്റിന്റെ മലങ്കരയിലെ പുനഃസ്ഥാപനം, ഈ സഭയുടെ സ്വാതന്ത്രവും സ്വയംശീർഷകത്വവും പ്രഖ്യാപിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു. ഇതാണ് കാതോലിക്കേറ്റിന്റെ പ്രസക്തിയുടെ മൂന്നാമത്തെ വസ്തുത.

> മലങ്കരസഭയിൽ ദേശീയസഭാദ്ധ്യക്ഷന്റെ പദവി പുനഃസ്ഥാപിച്ചതുവഴി മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും പുനരുദ്ധരിക്കപ്പെട്ടു

കാതോലിക്കാസ്ഥാപനം 1912-ൽ ഇവിടെ ഉണ്ടായത് സഭാഭിന്നതയുടെ പശ്ചാത്തലത്തിലാണ്. അന്ന് അതിന് പൊതുവേ അംഗീകാരമുണ്ടായില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനെ അനുകൂലിക്കുകയും കാതോലിക്കായെ നിഷേധിക്കുകയും ചെയ്തുവന്ന സഭാവിഭാഗം പിന്നീട് 1958-ൽ അതിനെ അംഗീകരിച്ചു. കാതോലിക്കാപദവിയിൽ സഭാദ്ധ്യക്ഷനെ വാഴിച്ചതും നിലനിറുത്തുന്നതും ഒരു അപരാധമായി കണ്ടിരുന്ന അന്ത്യോഖ്യൻപാത്രിയർക്കീസ് അനുകൂലികൾ, ഒടുവിൽ ആ സ്ഥാനിക്കു സമാന്തരമായി ശ്രേഷ്ഠകാതോലിക്കായെ - അദ്ദേഹം പാത്രിയർക്കീസിന്റെ കീഴിൽ ഒരു നാമമാത്രപദവിയാണ് വഹിക്കുന്നതെങ്കിലും - വാഴിക്കുക വഴി, ഒരു ശതാബ്ദം മുമ്പുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ ധീരനടപടി ശരിയാണെന്ന് പരോക്ഷമായി സമ്മതിച്ചിരിക്കുന്നു.

റോം മാത്രമാണ് ഏകമേലദ്ധ്യക്ഷൻ എന്ന് വാദിച്ചുവരുന്ന സീറോ മലങ്കരക്കത്തോലിക്കർ തങ്ങളുടെ പ്രധാന മേലദ്ധ്യക്ഷനെ - മേജർ ആർച്ച് ബിഷപ്പിനെ - കാതോലിക്കോസ് എന്ന് വിളിച്ച് അഭിമാനിക്കുന്നു, റോം ഇത് സമ്മതിക്കുന്നില്ലെങ്കിലും.

നവീകരണത്തിന്റെ പേരിൽ ഈ സഭയിൽനിന്ന് വിഘടിച്ചുപോയ മാർത്തോമ്മാസഭ തങ്ങളുടെ പ്രധാന മേലദ്ധ്യക്ഷനെ 'വലിയ മെത്രാപ്പോലീത്താ' എന്നാണ് വിളിക്കുന്നത്. ഇതെല്ലാം കാതോലിക്കേറ്റിന്റെ പ്രസക്തിയെയാണ് വെളിപ്പെടുത്തുന്നത്.

ക്രൈസ്തവസഭയിലെ ഓരോ പ്രദേശത്തും പ്രധാന മേലദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ - സ്വയംശീർഷകതയിൽ - സഭ നിലനിന്നുവെന്നത് നേരത്തെ സൂചിപ്പിച്ചതാണ്. രാജ്യങ്ങളിലെ സഭകൾ സ്വതന്ത്രവും സ്വയംശീർഷകത്വം ഉള്ളതുമായിരുന്നു. പാശ്ചാത്യ സാമ്രാജ്യത്വസ്വാധീനമാണ് അവയെ ഇല്ലാതാക്കി സഭകളിൽ ഇതരസഭകളുടെ കോളനിസമ്പ്രദായം കൊണ്ടുവന്നത്.

മലങ്കരസഭ പേർഷ്യയിൽനിന്നുള്ള മെത്രാന്റെ മേലദ്ധ്യക്ഷതയിൽ സ്വതന്ത്രവും സ്വയംശീർഷകത്വമുള്ളതുമായിരുന്നു. അത് നഷ്ടപ്പെട്ടത് റോം, അന്ത്യോഖ്യാ എന്നിവിടങ്ങളിലെ പ്രധാന മേലദ്ധ്യക്ഷന്മാരുടെ അവിഹിതവും അനാശാസ്യവും അനധികാരികവുമായ പ്രവർത്തനങ്ങൾ മൂലമാണ്.

ചുരുക്കത്തിൽ ഒരു സഭയ്ക്ക് പ്രധാനമേലദ്ധ്യക്ഷനെ വാഴിക്കുവാനുള്ള സംവിധാനം, സഭയ്ക്കു വേണ്ട പുരോഗതിക്കും പ്രവർത്തനത്തിനും വേണ്ടി ഇതരസഭകളെ ആശ്രയിക്കാതെ മെത്രാന്മാരെ വാഴിക്കുവാനുള്ള സാദ്ധ്യത, സഭയുടെ സ്വാതന്ത്ര്യം, സ്വയംശീർഷകത്വം എന്നിവയ്ക്ക് അനിവാര്യമായ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തിന്റെ ലഭ്യത എന്നിവയാണ് കാതോലിക്കേറ്റിന്റെ പ്രസക്തിയുടെ വസ്തുതകളായി ബോദ്ധ്യമാകുന്നത്.

കുറിപ്പുകൾ

1. ഡോ. പ്ലാസിഡ് പൊടിപാറ സി.എം ഐ., മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വളർച്ചയും തളർച്ചയും? ആശ്രമം പ്രസ്, മാങ്ങാനം, പുറം. 11
2. ടി. പുറം. 16
3. ടി. പുറം. 23
4. ടി. പുറം. 25
5. ടി. പുറം. 26, 28
6. ടി. പുറം. 32
7. ടി. പുറം. 32,33, 34
8. ടി. പുറം. 38

GM

കൂട്ടി പരിശുദ്ധ ബാവായെ നിന്ദിക്കത്തക്കവണ്ണം ഒരു സംഘം ആളുകൾ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് റോഡിന്റെ വശങ്ങളിൽ അണിനിരന്നിരുന്നു. 1958 ലെ സുപ്രീംകോടതി വിധി പ: ഗീവർഗീസ് രണ്ടാമനാണ് യഥാർത്ഥ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായും എന്ന് പ്രഖ്യാപിച്ചതോടെ ഇവർ അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹവുമായി നിരപ്പാകുകയും ചെയ്തു. മേൽപ്പറഞ്ഞ വിധിയെത്തുടർന്ന് അന്നത്തെ വിഘടിത മെത്രാൻമാർ സമാധാനം സ്ഥാപിതമാകുവാൻ തക്കവണ്ണം മുഖ്യധാരയിലേക്കു കടന്നുവരികയും പ: ഗീവർഗീസ് രണ്ടാമൻ ബാവായ്ക്ക് കീഴ്പ്പെടുകയും ചെയ്തു. അവർക്ക് നിലവിൽ അവർ സാരഥ്യം വഹിച്ചിരുന്ന ഭദ്രാസനങ്ങൾ തന്നെ പുനഃക്രമീകരണത്തിലും ലഭിച്ചു. സഭാ സമാധാനത്തെ പൂർണ്ണമായും ഉൾക്കൊണ്ട അങ്കമാലി ഭദ്രാസനത്തിന്റെ വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി 1966 ൽ കാലം ചെയ്തതിനെതുടർന്ന് മലങ്കരസഭയുടെ അംബാസഡർ എന്ന് അറിയപ്പെട്ടിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ഭരണം ഏറ്റെടുത്തു. പലതരത്തിലും സോദ്ദേശപരമായ പ്രവർത്തനങ്ങൾക്ക് അദ്ദേഹം മുൻകൈ എടുത്തുവെങ്കിലും 'അന്ത്യോഖ്യാ പ്രേമം' മനസ്സിൽ താലോലിച്ചിരുന്നവരും ഭദ്രാസനകൗൺസിൽ അംഗങ്ങളായിരുന്നവരും ആയ പൗലോസച്ചനും മങ്ങാട്ടുപള്ളി അക്സാണ്ടറച്ചനും കൂട്ടാളികളും ചേർന്ന് തന്ത്രപരമായി കലഹത്തിന്റെയും വിദ്വേഷത്തിന്റെയും വിത്തുകൾ വിതച്ചു തുടങ്ങി. ബോംബെ ഭദ്രാസനത്തിന്റെ രൂപീകരണത്തിനും വളർച്ചയ്ക്കും ഇവ വഴിതെളിച്ചു എന്നത് ദൈവനിയോഗം എന്നു മനസ്സിലാക്കാം.

സഭാ സമാധാനം നിലവിൽ വന്നതിനെതുടർന്ന് കണ്ടനാട് ഭദ്രാസനത്തിൽ സീനിയർ ആയിരുന്നത് ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിയായിരുന്നു. അതുകൊണ്ട് പൗലോസ് മാർ പീക്സിനോസ് തിരുമേനിയെ അവിടെ സഹായ മെത്രാപ്പോലീത്ത ആക്കുകയാണുണ്ടായത്. ഇത് അദ്ദേഹത്തെ അതൃപ്തനാക്കുകയും 'അന്ത്യോഖ്യ മൂവ്മെന്റിന്' രൂപംകൊടുക്കുകയും ചെയ്തു. ഏതാനും വർഷങ്ങൾ, തന്നെ പിന്തുണയ്ക്കുകയും വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുകയും ചെയ്തിരുന്ന കുറെ ഇടവകകളുമായി ചേർന്ന് അദ്ദേഹം കഴിഞ്ഞുകൂടി. പ: ഗീവർഗീസ് രണ്ടാമൻ ബാവാ കാലം ചെയ്തതിനാൽ പിൻഗാമിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന ഔഗേൻ മാർ തിമോത്തിയോസ് തിരുമേനിയുടെ കാതോലിക്കാ സ്ഥാനാരോഹണത്തിന് നേതൃത്വം കൊടുക്കുവാൻ പ: യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എത്തി. ഈ സാഹചര്യത്തിൽ പൗലോസ് മാർ പീലക്സിനോസ് തിരുമേനിക്ക് കണ്ടനാട് ഭദ്രാസനത്തിന്റെ പൂർണ്ണ ചുമതല ലഭിക്കുകയും സഭാന്തരീക്ഷം ഏറ്റവും ശാന്തമാകുകയും ചെയ്തു. ഇത് 1964 ൽ ആയിരുന്നു.

എന്നാൽ സഭയിലെ ശാന്തത ഒരു ദശാബ്ദത്തിൽ പരമാണ് നീണ്ടുനിന്നത്. 1970 കളുടെ ഉത്തരാർദ്ധത്തിൽ തന്നെ പ്രശ്നങ്ങൾ തലപൊക്കുകയും മലങ്കരസഭയുടെ ഭരണഘടനാപരമായ അംഗീകാരം ഇല്ലാതെ ഇവിടെനിന്ന് വൈദികർ സിറിയായിൽ പോയി മെത്രാപ്പോലീത്താമാരായി തിരിച്ചുവരികയും ചെയ്തു തുടങ്ങിയത് വീണ്ടും സഭയിലെ സമാധാനം തകർക്കപ്പെടുവാൻ സംഗതിയാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ പൗലോസ് മാർ പീലക്സിനോസ്, യാക്കോബ് മൂന്നാമൻ പാത്രിയർക്കീസിന് ഒരു വിധേയ ഉടമ്പടി എഴുതിക്കൊടുത്ത്, ശരിയായ അധികാരമോ സ്ഥാനമോ ഇല്ലാത്ത 'ശ്രേഷ്ഠ' കാതോലിക്കായായി സ്ഥാനം ഏൽക്കുകയും ചെയ്തു. ഇത്തരം ഒരു വിധേയ ഉടമ്പടി സ്വാതന്ത്ര്യബോധം ഉള്ള ഒരാളും ഒരിക്കലും എഴുതിക്കൊടുക്കുകയില്ലായെന്നു വർഷങ്ങൾക്കു ശേഷം അദ്ദേഹം തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. 'ശ്രേഷ്ഠ' കാതോലിക്കാ സ്ഥാനം വഹിക്കവേ അങ്കമാലിയിലെ തന്റെ ഭരണസീമയിൽ പെടുന്ന പള്ളികളിൽ പ്രവേശിക്കുന്നതിൽനിന്നും അന്ന് അങ്കമാലിയുടെ വിഘടിത മെത്രാനായിരുന്ന തോമസ് മാർ ദീവന്നാസിയോസ് രജിസ്റ്റർ നോട്ടീസ് മുഖേന അദ്ദേഹത്തെ വിലക്കുകയും ചെയ്തു.

ഒരു സഭാധ്യക്ഷനായ പാത്രിയർക്കീസിന്റെയോ കാതോലിക്കായുടെയോ മാർപാപ്പയുടെയോ കീഴിൽ പേരും മാലകളും ചാർത്തി മറ്റൊരു 'കാതോലിക്ക' രംഗപ്രവേശം ചെയ്താൽ അദ്ദേഹത്തിന് പേരിന്റെ കൂടെ 'പരിശുദ്ധ' എന്ന വിശേഷണം ചേർക്കുവാനോ സഭാധ്യക്ഷന്റെ ചുമതലകൾ കൃത്യമായി വഹിക്കുവാനോ കാനോൻ അനുവദിക്കുന്നില്ല. 'ഹിസ് ഹോളിനസ്' എന്നതിനു പകരം 'ഹിസ് ബിയാറ്റിറ്റ്യൂഡ്' എന്നാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്. ഈ വാക്കിന്റെ മലയാള രൂപമായ 'ശ്രേഷ്ഠ' തികച്ചും ഉത്തമൻമാർക്കു മാത്രം അർഹതപ്പെട്ടതാണെന്ന് ഓർക്കണം. ആദ്യത്തെ 'ശ്രേഷ്ഠ' ബാവ കലഹം നിറഞ്ഞ അന്തരീക്ഷത്തിൽ മിക്കവാറും മെത്രാന്മാരിൽനിന്നും ഒറ്റപ്പെട്ട് 1996 ൽ പിറമാടം ദയറായിൽ കാലം ചെയ്തു. തുടർന്ന് ഉദിച്ചുയർന്ന വ്യക്തിയാണ് ഇന്ന് കലഹകല്ലോലങ്ങൾ ഇളക്കിവിടുന്ന ഇപ്പോഴത്തെ 'തോമസ് പ്രഥമൻ'.

ഇതിനിടെ, സിറിയാ രാജ്യത്തിലെ ആഭ്യന്തര വിപ്ലവം സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന പാത്രിയർക്കീസ് ബാവ സക്കാ പ്രഥമൻ സിറിയയിൽനിന്നും പലായനം ചെയ്തുവെന്നും പാത്രിയർക്കൽ ആസ്ഥാനം ലബനനിലേക്കു മാറ്റിയെന്നും കേൾക്കുന്നുണ്ട്. അവരുടെ സാധാരണ വിശ്വാസികൾ പ്രാണരക്ഷാർത്ഥം നാടുവിട്ട് ഓടിപ്പോയി എന്ന് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ചുരക്കത്തിൽ ഒരുകാലത്ത് വളരെ പ്രബലമായിരുന്ന സുറിയാനിസഭ ഇന്ന് പഴയപ്രതാപം നഷ്ടപ്പെട്ട് വളരെ പ്രയാസം അനുഭവിക്കുന്ന അവസ്ഥയിൽ ആണെന്ന് മാധ്യമങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു. ഈ സഭ നിശ്ശേഷം തുടച്ചുമാറ്റപ്പെടുമോ എന്ന് മറ്റു ചില സഭകളുടെ അവസ്ഥയോട് താരതമ്യം ചെയ്ത് ചിന്തിക്കുന്നവരും ഉണ്ട്.

റോമൻ കത്തോലിക്കാ സഭയ്ക്ക് മാർപാപ്പയുടെ കീഴിൽ 'കാതോലിക്കാ' എന്നൊരു സ്ഥാനി ഇല്ല. മലങ്കരയിലെ പാരമ്പര്യത്തിന്റെ പേരുപറഞ്ഞാണ് തെക്ക് ഒരു 'കാതോലിക്ക' ആരും അറിയാതെ കത്തോലിക്കാ സഭയിൽ രംഗപ്രവേശം ചെയ്തിരിക്കുന്നത്. മലങ്കര റീത്ത് സ്ഥാപകനായിരുന്ന ആർച്ച് ബിഷപ് ആഗ്രഹിച്ചതും കിട്ടാതെപോയതുമായ സ്ഥാനം ഇന്നത്തെ ആർച്ച് ബിഷപ് തന്റെ സ്ഥാനനാമമായി സ്വയം ഏറ്റെടുത്തിരിക്കുന്നു. തങ്ങളുടെ മുൻ അധിപനെ പരിശുദ്ധനായി പ്രഖ്യാപിക്കാനുള്ള തത്രപ്പാട് ഇതിനു പിൻപിൽ ഉണ്ട് എന്ന സംശയം പ്രബലമാണ്.

ചരിത്രം, പാരമ്പര്യം, പുണ്യചരിതജീവിതം, ജനമധ്യത്തിലെ സ്ഥാനം, അധികാരം ഇവ വച്ചുനോക്കുമ്പോൾ മലങ്കരസഭയുടെ പ: കാതോലിക്കാ ബാവായും കാതോലിക്കേറ്റും പത്തരമാറ്റുള്ള തങ്കമാണ്. ഇത് മനസ്സിലാക്കുവാനും സ്ഥാപിക്കുവാനും യാതൊരു പ്രയാസവും ഇല്ല.

GM

കാതോലിക്കേറ്റ് അതിഥിമന്ദിരം



വരിഞ്ഞവിള സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി നിർമ്മിക്കുന്ന കാതോലിക്കേറ്റ് അതിഥിമന്ദിരത്തിന്റെ ശിലാസ്ഥാപനം പരി. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവാ നിർവ്വഹിച്ചു. സെപ്തംബർ 3–ാം തീയതി നടന്ന ചടങ്ങിൽ ഗവ.ചീഫ് വിപ്പ് പി.സി. ജോർജ്, ഡോ. കെ. റോയി പോൾ, ജി.എസ്. ജയലാൽ എം.എൽ.എ., ഇടവക വികാരി ഫാ. കോശി ജോർജ്, ഇടവക ട്രസ്റ്റി വി.കെ. ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

മലങ്കരസഭ കാതോലിക്കേറ്റ് ശതാബ്ദി നിറവിൽ

■ ഡോ. ബെന്നി കൂരലാൽ

പരിപൂർണ്ണ സ്വതന്ത്രമായ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ 100-ാം വാർഷികം സഭയാകമാനം പ്രാർത്ഥനാപൂർവ്വം ആചരിച്ചതിന്റെ സമാപനമാണ് നവംബറിൽ എറണാകുളത്ത് നടക്കുന്നത്. 1934 ലെ നമ്മുടെ സഭാഭരണഘടന സുപ്രീംകോടതി അംഗീകരിച്ചതോടുകൂടി വിദേശ ഭരണാധികാരം അവസാനിച്ചെന്ന് നമുക്കഭിമാനിക്കാം.

മലങ്കര സഭാംഗങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ട്. ഈ ആഘോഷവേള ദൈവഹിതത്തിനും സുവിശേഷവേലയ്ക്കും പൂർണമായി സമർപ്പിക്കുന്നതിനുള്ള അവസരമായി കണക്കാക്കണം.

പ്രവൃത്തിയാലുള്ള നീതീകരണവും വിശ്വാസത്താലുള്ള നീതീകരണവും മറ്റുള്ളവർ ഉയർത്തി പറയുമ്പോൾ കൃപയാലുള്ള നീതീകരണമാണ് ഓർത്തഡോക്സ് സഭയുടെ രക്ഷാസ്ഥാനം. നമ്മുടെ കർത്താവായ യേശുതമ്പുരാൻ സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളാൻ പറഞ്ഞതിനാൽ ആഴമായ ദൈവശാസ്ത്രവും മിഷൻ പ്രവർത്തനവും പ്രായോഗികമാക്കാൻ ഏകതയുടെ മഹാസമ്മേളനത്തിൽ നമുക്ക് കഴിയണം.

കാതോലിക്കേറ്റ് സ്ഥാപനം, ഒന്നിന്റെയും ആരംഭമോ അവസാനമോ ആയി കാണരുത്. നസ്രാണികളുടെ സ്വയം നിർണയത്തിന്റെയും, സ്വയം ഭരണത്തിന്റെയും സുദീർഘപാതയിലെ ഒരു പ്രധാന നാഴികക്കല്ലായി അതിനെ കണക്കാക്കണം.

നസ്രാണിയുടെ വ്യക്തിത്വം നിലനിൽപ്പിനായുള്ള നിരന്തര സമരങ്ങളുടെ ചരിത്രമാണെന്നാണ് സഭാ ചരിത്രകാരൻ ഇസെഡ്. എം. പാറേട്ട് കാതോലിക്കാ സ്ഥാപനത്തെപ്പറ്റി പറയുന്നത്. സഭയുടെ നിരന്തരമായ സമരപരമ്പരയുടെ നിർണ്ണായക വിജയമാണ് 1912 ലെ കാതോലിക്കേറ്റ് പുനഃസ്ഥാപനം.

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിനെ (മലങ്കര മെത്രാപ്പോലീത്ത) നിയമവിരുദ്ധമായി മുടക്കിയതും 1653 ലെ 'കൂനൻകുരിശ്' സത്യവും, അഹത്തുള്ള എന്ന സുറിയാനി മേല്പട്ടക്കാരനെ റോമൻ കത്തോലിക്കർ വധിച്ച സംഭവവും കാതോലിക്കേറ്റ് സ്ഥാപനത്തിന് ത്വരകമായെന്ന് നിസംശയം പറയാം,

മാർത്തോമാ ശ്ലീഹായുടെ പിൻഗാമിത്തവും അപ്പോസ്തോലിക പിന്തുടർച്ചയും അവകാശപ്പെടുന്ന ഇന്ത്യയിലെ ക്രൈസ്തവ സഭയുടെ (മാർത്തോമാ ക്രിസ്ത്യാനി) ദേശീയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി സ്ഥിതിചെയ്യുന്ന വൈദിക മേലധ്യക്ഷ സ്ഥാനമാണ് കാതോലിക്കേറ്റ്. ഇതിൽ വിശുദ്ധ പാരമ്പര്യങ്ങളും അപ്പോസ്തോലിക വിശ്വാസവും ദേശീയതയും സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കുറ്റമറ്റ വേദവിശദീകരണങ്ങളും നിറഞ്ഞുനിൽക്കുന്നു. മാർത്തോമൻ പൈതൃകം എന്ന കറതീർന്ന ഓർത്തഡോക്സി തന്നെയാണ് ഭാരത സഭകളുടെ ഐക്യത്തിന്റെ മാർഗ്ഗരേഖ എന്ന് ഓർത്തഡോക്സ് സഭ കരുതുന്നു.

മലങ്കരയിൽ എ.ഡി. 52 ൽ എത്തിയ മാർത്തോമ്മാ ശ്ലീഹ സഭയ്ക്ക് (മാർത്തോമാ ക്രിസ്ത്യാനി) ആവശ്യമായ ഭരണ ക്രമീകരണങ്ങളും ജീവിതശൈലിയും ആരാധനയും സംസ്ഥാപിച്ചിരുന്നുവെന്നു പറയാം. ദക്ഷിണഭാരതത്തിൽ നാലാം നൂറ്റാണ്ടിന് മുമ്പ് ശക്തിപ്രാപിച്ച ജൈന-ബുദ്ധ വിഭാഗത്തിൽ ക്രിസ്ത്യാനികളായവരും, നമ്പൂതിരിമാരിൽനിന്നും ക്രിസ്ത്യാനികളായവരും എല്ലാം നസ്രാണികളാണെന്നാണ് അറിയപ്പെട്ടിരുന്നത്.

ഇപ്പോൾ നടക്കുന്ന മുസിരിസ്സ് (പട്ടണം) സംസ്കാരം തോമാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലേക്ക് വിരൽചൂണ്ടുന്നുണ്ട്. 2006 ൽ കൊടുങ്ങല്ലൂരിൽ ആരംഭിച്ച ഉപരിതല സർവ്വേകളും 2007 മുതൽ പട്ടണത്തു നടത്തുന്ന പുരാവസ്തു ഗവേഷണ പദ്ധതിയും വിജയലക്ഷ്യം കണ്ടുതുടങ്ങിയതോടെ സെന്റ് തോമസിന്റെ ഭാരതത്തിലെ വരവും തെളിയിക്കപ്പെടുന്നുണ്ട്. കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (കെ.സി.എച്ച്.ആർ.) ആണ് ഉൽഖനനത്തിനും ഗവേഷണത്തിനും നേതൃത്വം നൽകുന്നത്.

'മർത്തമറിയത്തോമ്മ' എന്നൊരു പ്രയോഗം പാപ്പിറസ്സിലുണ്ട്. മാർത്തോമ്മയും സെന്റ് മേരിയും ആണ് അന്നത്തെ പ്രധാന ആരാധനാമൂർത്തികളെന്ന് പാപ്പിറസ്സ് രേഖ സൂചിപ്പിക്കുന്നു.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭ ഒരപ്പോസ്തോലിക സഭയെന്നല്ലാതെ (സമൂഹം) മറ്റൊരു സഭയുടെ അധീശത്വത്തിലല്ലായിരുന്നു അന്നെന്ന് വ്യക്തം.

സെന്റ് തോമസ് സ്ഥാപിച്ച ആദിമ ക്രൈസ്തവ സമൂഹത്തിന് ലോകത്തിലെ മറ്റു ക്രൈസ്തവ സഭകളിൽ നിന്നും വ്യത്യസ്തമായ ഒരു ഭരണസംവിധാനം ഉണ്ടായിരുന്നു.

പോർച്ചുഗീസുകാരുടെ വരവിന് മുൻപ് തോമാ ക്രിസ്ത്യാനികൾ പ്രധാനമായും ബന്ധപ്പെട്ടിരുന്നത് പേർഷ്യയിലെ കൽദായ സുറിയാനി സഭയുമായിട്ടായിരുന്നു.

ജാതിക്ക് കർത്തവ്യൻ അർക്കദിയാക്കോൻ, മാർത്തോമ്മാ മെത്രാൻ, മലങ്കര മെത്രാപ്പോലീത്ത, കാതോലിക്ക എന്നീ സ്ഥാനമാനങ്ങളിലൂടെയുള്ള ഭരണനിർവ്വഹണ പരിണാമം മലങ്കരസഭയുടെ പ്രവർത്തനോത്സുകമായ ചരിത്രപുരോഗതിയുടെ നിദർശനമാണ്. ഭാരതസഭയുടെ തനിമയ്ക്കും ദേശീയതയിലൂന്നിയ സാർവ്വത്രികതയ്ക്കും സ്വാതന്ത്ര്യത്തിനും സ്വയം ശീർഷകത്തിനും മേൽപ്പറഞ്ഞ ഓരോ സ്ഥാനനാമങ്ങൾ അതത്കാലത്ത് നൽകിക്കൊണ്ടിരുന്നതും ഇപ്പോൾ നൽകുന്നതുമായ പ്രാധാന്യം വളരെ വലുതാണ്. വിപുലമായ അധികാരങ്ങളാണ് മലങ്കര മെത്രാപ്പോലീത്തയ്ക്കും അദ്ദേഹം അദ്ധ്യക്ഷനായുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മലങ്കര സഭാ പാരമ്പര്യം കൽപിച്ചു നൽകിയിട്ടുള്ളത്. ഈ അംഗീകാരം ഇന്ത്യയുടെ പരമോന്നത കോടതി അംഗീകരിച്ചിട്ടുണ്ട്. പൗരസ്ത്യ കാതോലിക്കായ്ക്ക് മുകളിൽ സർവ്വശക്തനായ ദൈവം അല്ലാതെ മറ്റൊരധികാര കേന്ദ്രവുമില്ല. **കാതോലിക്ക, പാത്രിയർക്കീസ്, പോപ്പ് എന്നീ നാമകരണങ്ങൾ പൊതുസഭാ ചരിത്രത്തിൽ തുല്യസ്ഥാനങ്ങളിലാണ്.**

16-ാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടത്തിൽ കൽദായ സഭയ്ക്ക് ഇവിടുത്തെ ആദിമ സഭയിൽ വൈദിക അധികാരം ഉണ്ടായിരുന്നു. അതൊരു അവകാശം മാത്രമായിരുന്നു. ഭാരത ക്രൈസ്തവർ മാർത്തോമ്മാ ശ്ലീഹായിൽനിന്നു കിട്ടിയ വിശ്വാസം കാത്തുസൂക്ഷിച്ചിരുന്നു. കൽദായ മെത്രാൻ നമ്മുടെ സഭയെ എന്നും സ്വീകരിച്ചിരുന്നു.

മലങ്കര തോമാ ക്രിസ്ത്യാനികളുടെ ഭരണ സംവിധാനത്തിൽ പ്രധാനപ്പെട്ട സ്ഥാനമാണ് അർക്കദിയാക്കോൻമാർക്കുണ്ടായിരുന്നത്. അർക്കദിയാക്കോനെ ജാതിക്ക് തലവൻ എന്നും വിളിച്ചിരുന്നു. ഇന്ത്യയ്ക്ക് പുറത്തുള്ള മറ്റു സഭകളിൽ ആർച്ച് ഡീക്കൻ എന്നാണ് ഇവരെ അഭിസംബോധന ചെയ്തിരുന്നത്. ഇന്ത്യയ്ക്കു പുറത്തുള്ള മറ്റു സഭകളേക്കാൾ വ്യത്യസ്തവും വിപുലവുമായ അധികാര അവകാശങ്ങൾ അർക്കദിയാക്കോന്മാർക്കുണ്ടായുരുന്നു എന്നാണ് രേഖകളിൽ കാണുന്നത്.

നാട്ടുഭാഷ അറിവില്ലാത്തവരായിരുന്നു കൽദായ മെത്രാൻമാർ. അവർ മലങ്കരയിൽ സന്ദർശനത്തിനെത്തുമ്പോൾ അവരെ അനുഗമിച്ചിരുന്നത് അർക്കദിയാക്കോൻമാരായിരുന്നു. മെത്രാന്റെ വലതുവശത്തായിരുന്നു അർക്കദിയാക്കോന്റെ സ്ഥാനം. മെത്രാൻമാർക്കുണ്ടായിരുന്ന ലൗകികാധികാരങ്ങൾ ഭാരതസഭയിൽ ഫലപ്രദമായി അവർ കൈകാര്യം ചെയ്തിരുന്നു.

വൈദിക ട്രസ്റ്റിപോലുള്ള പദവിയും അർക്കദിയാക്കോൻമാർക്കുണ്ടായിരുന്നു. വികാരിമാരെ നിയമിക്കുന്നതും സ്ഥലം മാറ്റുന്നതും അർക്ക

ദിയാക്കോന്റെ ചുമതലയായിരുന്നു. വൈദിക വേതനവും മറ്റെല്ലാ ഭരണകാര്യങ്ങളും അർക്കദിയാക്കോൻമാരായിരുന്നു നടത്തിയത്. പലിശയില്ലാതെ സഭാമക്കൾക്ക് അവർ പണം കൊടുത്തിരുന്നു. സഭയുടെ പ്രവർത്തനം അന്ന് സാമൂഹ്യ പ്രവർത്തനമായിരുന്നു.

ഇന്ത്യ ഒക്കെയുടെയും അർക്കദിയാക്കോന്മാർ എന്നാണ് ഇന്ത്യയ്ക്ക് പുറത്തുള്ള സഭക്കാർ അർക്കദിയാക്കോന്മാരെ വിളിച്ചിരുന്നത്. അർക്കദിയാക്കോൻ– ഇന്ത്യ ഒക്കെയുടെയും വാതിൽ എന്നാണ് അർത്ഥം. അവിവാഹിതരായിരുന്ന അവർ വിശുദ്ധിയുള്ളവരും ഉഗ്രപ്രതാപികളുമായിരുന്നു. സഭാംഗങ്ങൾക്കിവർ മാതൃകാപുരുഷന്മാരായിരുന്നു. അങ്കമാലി ആസ്ഥാനമാക്കിയാണ് അവർ ഭരിച്ചിരുന്നത്. അവരിൽ ചിലർ കുറവിലങ്ങാട്ടുള്ള പകലോമറ്റം കുടുംബക്കാരുമായിരുന്നു. കുറവിലങ്ങാട്ടും താമസിച്ച് അവർ ഭരണം നടത്തിയിരുന്നു.

കൊച്ചി രാജാവ് സ്വർണമാല അണിയിച്ച് അർക്കദിയാക്കോന്മാരെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തലവനായി കണക്കാക്കിയിരുന്നു. അർക്കദിയാക്കോന്മാർക്ക് കരുത്തരായ ഒരുകൂട്ടം യോദ്ധാക്കൾ എപ്പോഴും സഹായത്തിനുണ്ടായിരുന്നു. സിവിൽ കേസുകൾ കൈകാര്യം ചെയ്തിരുന്നത് അർക്കദിയാക്കോന്മാരായിരുന്നു. വധശിക്ഷ നടപ്പാക്കാനുള്ള അധികാരവും അർക്കദിയാക്കോന്മാർക്കുണ്ടായിരുന്നു.

പെരുമ്പടപ്പ് സ്വരൂപത്തിലെ രാജാവിനെ അർക്കദിയാക്കോൻ സ്വർണകിരീടം അണിയിച്ചുകഴിഞ്ഞാൽ മാത്രമേ ജനങ്ങൾ രാജാവിനെ അംഗീകരിച്ചിരുന്നുള്ളു. കരുത്തന്മാരായ ക്രിസ്തീയ യോദ്ധാക്കളാണ് അർക്കദിയാക്കോന് അകമ്പടി സേവിച്ചിരുന്നത്. 1708 ൽ അർക്കദിയാക്കോൻ മാത്യുവിന്റെ നിര്യാണത്തോടെ അർക്കദിയാക്കോൻ പദവി നിന്നുപോയി.

മലങ്കരസഭയുടെ ഐക്യത്തിന്റെയും ശക്തിയുടെയും പ്രതീകമാണ് കൂനൻകുരിശുസത്യം

മേൽപ്പറഞ്ഞ സംഭവങ്ങളിൽ എ.ഡി. 52 ൽ സഭ സ്ഥാപിതമായ കാലം മുതൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക് ഭരണസംവിധാനം ഉണ്ടായിരുന്നതായി തെളിയുന്നു. 16–ാം നൂറ്റാണ്ട് വരെ ഈ ഭരണരീതി മലങ്കരയിൽ നിലനിന്നിരുന്നു. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ട് മുതൽ നിലനിന്നതും മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പൗരോഹിത്യ സുവിശേഷ സാക്ഷ്യ പാരമ്പര്യത്തിലുള്ളതുമായ പുരാതനസഭയാണ് മലങ്കരസഭ. അതിന്റെ പരമാധ്യക്ഷൻ തോമാ ശ്ലീഹായുടെ പിന്തുടർച്ചക്കാരാണ്, പുരാതനറോമൻ, പേർഷ്യൻ സാമ്രാജ്യങ്ങൾക്ക് പുറത്തായിരുന്ന ഒരു ക്രൈസ്തവ സമൂഹം എന്ന നിലയിൽ സ്വതന്ത്രവും, തദ്ദേശീയവുമായ സഭാ വ്യക്തിത്വം ആ സഭയ്ക്കുണ്ടായിരുന്നു. യഹൂദരും യഹൂദ സങ്കര വിഭാഗങ്ങളും, ദ്രാവിഡരും ആര്യഗണങ്ങളും ഗോത്രവിഭാഗങ്ങളും, ബ്രാഹ്മണരും അന്യജാതിക്കാരുമെല്ലാം മാർത്തോമ്മൻ മാർഗ്ഗത്തിലൂടെ ക്രിസ്തുവിന്റെ വെളിച്ചം പകർന്നവരാണ്. ഇപ്രകാരമുള്ള ഒരു തദ്ദേശീകൃത ക്രൈസ്തവ സംസ്കാരമാണ് മാർത്തോമാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നത്. 16–ാം നൂറ്റാണ്ട് വരെ ഇത് നിലനിന്നിരുന്നു. പോർച്ചുഗീസ് ആധിപത്യത്തിന്റെ മറവിൽ 16–ാം നൂറ്റാണ്ടോടെ മലങ്കരസഭയെ റോമൻ സഭയുടെ കീഴിലും ലത്തീൻ സഭാ പാരമ്പര്യത്തിന്റെ തടവിലും ആക്കുവാനുള്ള ശ്രമങ്ങൾ ധാരാളമായി. അതിനെതിരെ മലങ്കരസഭ നിരന്തരമായി പോരാടി. വിദേശാധിപത്യ ശ്രമങ്ങളോടാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ പോരാടിയത്. ആദ്യം റോമൻ സഭയോടും പിന്നീട് ആംഗ്ലിക്കൻ നവീകരണത്തോടും അന്ത്യോഖ്യൻ ഭരണമേലധികാരികളോടുമാണ് തോമാ ക്രിസ്ത്യാനികൾ പോരാടിയത്.

ഒന്നാമത്തെ പ്രക്ഷോഭം– 1653 ലെ കൂനൻകുരിശ് സത്യം വിദേശ ആധിപത്യത്തിനെതിരെ ഒരു ജനത ഒന്നിച്ചു നടത്തിയ ആദ്യ പ്രക്ഷോഭം. രണ്ടാമത്തേത്–1830 ലെ മാവേലിക്കര സുന്നഹദോസും, പടിയോലയും പാശ്ചാത്യ നവീകരണ വിശ്വാസ സമ്മർദ്ദങ്ങൾക്കെതിരെ പൗരസ്ത്യ സഭാ സമൂഹം നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനസമരം. മൂന്നാമത്തേത്–1889 ലെ തിരുവിതാംകൂർ റോയൽ കോടതി വിധിയിലൂടെ മലങ്കരസഭയുടെ ഭാവിയെ മുഴുവൻ ബാധിക്കുന്നതും പാത്രിയർക്കീസിന്റെ അധികാര കൈകടത്തലിനെതിരെ പ്രഖ്യാപനവും. പാത്രിയർക്കീസിന് മലങ്കരസഭയുടെമേൽ ഭരണാധികാരം ഇല്ലെന്നും റോയൽ കോടതി വിധിച്ചു. ഈ വിധി പ്രഖ്യാപനത്തോടെയാണ് കാതോലിക്കാ സ്ഥാപനത്തിനുള്ള നീക്കം ശക്തമായത്.

ഇതിനിടെ ഉദയംപേരൂർ സുന്നഹോസിനെക്കുറിച്ചുകൂടി പറയേണ്ടിയിരിക്കുന്നു. ഉദയംപേരൂർ സുന്നഹദോസ്സോടെ തോമാ ക്രിസ്ത്യാനിസഭയെ പോർച്ചുഗീസുകാർ ഹൈജാക്ക് ചെയ്തു. ഈ ഹൈജാക്കിനെതിരെയാണ് കൂനൻകുരിശ് സത്യം ഉണ്ടായത്. 1653 മേയ് 22 ന് അർക്കദിയോക്കോൻ തോമയെ മാർത്തോമയായി ആലങ്ങാട്ട് വെച്ച് അഭിഷേകം ചെയ്തു. 1658 ൽ റോമാ കത്തോലിക്കർ ചാണ്ടി അർക്കദിയാക്കോനെ കൂറുമാറ്റി കത്തോലിക്കാ സഭയുടെ തദ്ദേശീയ മെത്രാനാക്കി. ഇതാണ് സഭയുടെ ഭിന്നിപ്പ്. അങ്ങനെ സഭ രണ്ടായി. യഥാക്രമം ഓർത്തഡോക്സ്, കത്തോലിക്ക എന്നിങ്ങനെ.

ഒരു കീഴ്സ്ഥാനസാദ്ധ്യത ഒഴിവാക്കിയ ഒരു പുനഃസ്ഥാപനവും പുരാതനമായ ഒരു സ്വതന്ത്രസഭയുടെ പുതിയ സാദ്ധ്യതകൾ ഉൾക്കൊള്ളിച്ച് അദ്ധ്യക്ഷസ്ഥാപനത്തിന്റെ സ്ഥാപനവും ആയിട്ടാണ് 1912 ലെ മലങ്കര കാതോലിക്കേറ്റിന്റെ ആവിഷ്കാരം. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ ഉണ്ടായിരുന്ന തിഗ്രിസിലെ മഫ്രിയാനയല്ല പൗരസ്ത്യ കാതോലിക്ക. മൂന്നാം നൂറ്റാണ്ട് മുതൽ നിലനിന്ന സെലൂഷ്യ– ടെസിഫോണിയയിലെ പൗരസ്ത്യ കാതോലിക്കേറ്റാണ് 1912 ൽ മലങ്കരയിൽ സ്ഥാപിച്ചത്. തിഗ്രിസിലെ മഫ്രിയാനയുടെ സ്ഥാനമാണ് യാക്കോബായ സഭാ വിഭാഗത്തിനുള്ളത്. ആ സ്ഥാനം അവകാശപ്പെടണമെങ്കിൽപോലും പ്രസ്തുത സ്ഥാനി സുറിയാനി ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴിൽ ഉള്ള ആളായിരിക്കണം. 'ശ്രേഷ്ഠ ബാവ' ഇതിൽ ഏത് ഗണത്തിൽപെടുന്നുവെന്നത് ചിന്ത്യം. പരമാദ്ധ്യക്ഷനായ പൗരസ്ത്യ കാതോലിക്ക എല്ലാ നിലയിലും പരമോന്നത സ്ഥാനിയാണ്. പൗരസ്ത്യ കാതോലിക്കയ്ക്ക് മുകളിൽ മറ്റൊരു സഭാ മേധാവിയില്ലെന്ന് ചുരുക്കം.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ കൂനൻകുരിശ് സത്യം നടന്നു. അതുകഴിഞ്ഞ് ഭരണഘടനയും ഓർത്തഡോക്സ് സഭ രൂപീകരിച്ചു. സ്വാതന്ത്ര്യത്തിന്റെയും സ്വയംഭരണത്തിന്റെയും പ്രതീകമായ ഭരണഘടനപാസ്സാക്കിയെന്ന (1934) ചരിത്രസംഭവവും പൗരസ്ത്യ സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് അവകശപ്പെട്ടതാണ്.

മലങ്കരസഭയുടെ ഭാവി

People perish where there is no vision. - Proverbs 29:18

കാതോലിക്കേറ്റ് സ്ഥാപനആഘോഷങ്ങൾക്കു ശേഷം കാതോലിക്കേറ്റിന്റെ പ്രസക്തി, തനിമ, ചരിത്രനിയോഗം എന്നിവയെ കേന്ദ്രീകരിച്ച് ചർച്ചകളും സെമിനാറുകളും തുടരണം.

ശതാബ്ദിയോടനുബന്ധിച്ചു സഭയ്ക്ക് വികസനപദ്ധതികളും നൂതനസംരംഭങ്ങളും സ്വതന്ത്ര വീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങളും വേണം. ആത്മീയതയ്ക്കാവണം മുഖ്യപ്രാധാന്യം.

മലങ്കര കാതോലിക്കേറ്റ് ഇന്നത്തെയും നാളത്തെയും മലങ്കരസഭയുടെ പുരോഗതിയുടെയും ആത്മീയ നവീകരണത്തിന്റെയും പ്രഭവകേന്ദ്രമായിരിക്കണം. അതിനു തക്ക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

പരിഭാഷകളിൽ വന്നുപോയ തെറ്റുകൾ തിരുത്തിയ പുതിയ വേദപുസ്തകം സഭ പുറത്തിറക്കണം.

കാതോലിക്കോസേറ്റിന്റെ കീഴിൽ ഒരു കാനോൻ ഗ്രന്ഥം ഉണ്ടാകണം. മലങ്കരസഭയുടെ സമസ്ത പ്രതീക്ഷയുടെയും ചരിത്രപരമായ ശീർഷകമായിരിക്കണം കാതോലിക്കോസേറ്റ്.

എക്യുമെനിക്കൽ പ്രസ്ഥാനത്തിന് സഭ മുൻകൈയെടുക്കണം. പുതിയ ക്രൈസ്തവ ഐക്യം ഉണ്ടാവണം. പരിശുദ്ധ കാതോലിക്ക സ്ഥാനം ഐക്യത്തിന്റെ പരമാദ്ധ്യക്ഷനായിരിക്കണം.

വട്ടശ്ശേരിൽ തിരുമേനിയുടെ വലിയ ദർശനമാണ് സഭയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. മാർത്തോമാശ്ലീഹായുടെ പൗരസ്ത്യ ദേശം മുഴുവൻ വ്യാപിക്കുന്ന സഭയായി വളരാൻ തക്ക ദർശനം നൽകുന്ന ഒരു പിതാവിനെ ദൈവം തരുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

GM



ക്രിമിനൽ സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടിയ ഗവേഷകനാണ് ലേഖകൻ. ഇന്ത്യയ്ക്കകത്തും പുറത്തും നിരവധി മെമ്മറി ട്രെയിനിങ് പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്.

ഉദ്യോഗം – വിശ്വാസം – സഭാജീവിതം

■ ഡോ. വർഗീസ് പി. പുന്നൂസ്, എം.ഡി.



നാദിയ എവെയ്ദാ (Nadia Eweida) എന്ന കോപ്റ്റിക് ഓർത്തഡോക്സ് യുവതി ഉൾപ്പെടെ നാല് ബ്രിട്ടീഷ് പൗരന്മാർ സ്ട്രാസ്ബർഗിലുള്ള യൂറോപ്യൻ മനുഷ്യാവകാശ കോടതിയിൽ നൽകിയ കേസ് പാശ്ചാത്യനാടുകളിൽ വലിയ ചർച്ചാവിഷയമായി മാറിക്കൊണ്ടിരിക്കുന്ന ദിവസങ്ങളിലാണ് ഈ കുറിപ്പ് എഴുതുന്നത്.

ബ്രിട്ടീഷ് എയർവേയ്സിലെ ഉദ്യോഗസ്ഥയായ നാദിയയും ഒരു നഴ്സായ ഷെർലി ചാപ്ലിനും അവരുടെ ജോലി നഷ്ടപ്പെട്ടത് തങ്ങളുടെ മാലയിൽ മതചിഹ്നമായ കുരിശ് ധരിച്ചു എന്ന കുറ്റത്തിനാണ്. ഇതിലും വിചിത്രമായ കുറ്റങ്ങൾക്കാണ് ഒരു ദാമ്പത്യ കൗൺസിലറായ ഗാരി മക്ഫർലേനും (Gary Mc Furlane) രജിസ്ട്രാർ ആയ ലിലിയൻ ലാഡെലിനും (Lilian Ladele) തങ്ങളുടെ തൊഴിലിൽനിന്നും പിരിച്ചുവിടപ്പെട്ടത് – സ്വവർഗ്ഗാനുരാഗികളായ ദമ്പതികൾക്ക് കൗൺസിലിംഗ് നടത്താനും, അവരുടെ വിവാഹം രജിസ്റ്റർ ചെയ്യാനും തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉദ്യോഗസ്ഥന്മാർ വിസമ്മതിച്ചുവത്രേ! ഇംഗ്ലണ്ടിലെ കോടതികളിൽ കേസ് നടത്തി പരാജയപ്പെട്ട ഇവർ നീതിക്കായി യൂറോപ്യൻ മനുഷ്യാവകാശ കോടതിയെ സമീപിച്ചിരിക്കുകയാണിപ്പോൾ.

പ്രത്യക്ഷമായ മതചിഹ്നങ്ങൾ ജോലിസ്ഥലത്ത് ഏതളവുവരെ പ്രദർശിപ്പിക്കാം എന്നും വിശ്വാസപ്രമാണങ്ങൾ ജോലിയെ ഏതു രീതിയിൽ സ്വാധീനിക്കാമെന്നും മറ്റുമുള്ള അടിസ്ഥാനപ്രശ്നങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന ഈ വ്യവഹാരത്തെ ഒരു 'ലാൻഡ്മാർക്ക്' കേസായിട്ടാണ് നിയമജ്ഞന്മാർ കാണുന്നത്.

> **മാറിക്കൊണ്ടിരിക്കുന്ന ലോകവ്യവസ്ഥിതിയിൽ സഭാജീവിതം എങ്ങനെ ധന്യമാക്കാം?**

ഏർപ്പെട്ടിരിക്കുന്ന ജോലിയുടെ സ്വഭാവവും സ്വന്തം വിശ്വാസപ്രമാണങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ വലിയ ഒരു നൈതിക പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ക്രൈസ്തവ വിശ്വാസത്തിന്റെ പാലനവും, വിശിഷ്യാ ഓർത്തഡോക്സിയുടെ ആചരണവും മാറിക്കൊണ്ടിരിക്കുന്ന ലോക വ്യവസ്ഥിതിയിൽ അത്യന്തം ദുഷ്കരമായിക്കൊണ്ടിരിക്കുകയാണ്. തന്റെ മനഃസാക്ഷിക്കു നിരക്കാത്തതും തന്റെ വിശ്വാസത്തിനെതിരായിട്ടും ഉള്ള കാര്യങ്ങൾ ജോലിയുടെ ഭാഗമായി ചെയ്യേണ്ടിവരുമ്പോൾ ഒരു വ്യക്തിക്ക് അനുഭവപ്പെടുന്ന സംഘർഷത്തെ 'കോഗ്നിറ്റീവ് ഡിസോണൻസ്' എന്നാണ് മനോവിജ്ഞാനീയശാസ്ത്രം വിവക്ഷിക്കുന്നത്. ഗർഭഛിദ്രം ചെയ്യാൻ നിർബന്ധിതരാകുന്ന ഡോക്ടറും നഴ്സും ഈ സംഘർഷത്തിന്റെ ഇരകളാണ്. തന്റെ ബോസിന്റെ നിർബന്ധത്തിനു വഴങ്ങി 'സെക്സിയായി' വസ്ത്രധാരണം ചെയ്യാൻ നിർബന്ധിതയാകുന്ന പേഴ്സണൽ സെക്രട്ടറിയും, കമ്പനിയുടെ ആഘോഷ പരിപാടിയിൽ പങ്കെടുത്ത് 'നോമ്പുകാലത്തും' മദ്യം കഴിക്കേണ്ടിവരുന്ന എക്സിക്യൂട്ടീവും സമാനമായ സാഹചര്യത്തിൽ തന്നെ.

പഴയനിയമകാലത്തും ക്രൈസ്തവസഭയുടെ ആദ്യശതകങ്ങളിലും സത്യദൈവവിശ്വാസവും തങ്ങളുടെ ഔദ്യോഗിക സ്ഥാനവും തമ്മിലുള്ള പൊരുത്തക്കേടുകൾ വളരെ പ്രകടവും തൽക്ഷണമായ ഭവിഷ്യത്തുകൾ ഉളവാക്കാൻ സാധ്യതയുള്ളതുമായിരുന്നു. യൗസേഫും മോശയും, എസ്ഥേറും, മൊർദേഖായിയും ദാനിയേലും അടങ്ങുന്ന പഴയനിയമ വിശ്വാസവീരന്മാരും രഹസ്യശിഷ്യന്മാരായ യൗസേഫും നിക്കോദിമോസും ഗമാലിയേലും അടങ്ങുന്ന പുതിയനിയമ കഥാപാത്രങ്ങളും ഈ ശ്രേണിയിൽ പെടുന്നു. എന്നാൽ ആധുനിക കാലത്തിലേക്കു വരുമ്പോൾ ജീവഹാനി, സാമൂഹിക ഒറ്റപ്പെടൽ തുടങ്ങിയ ഭവിഷ്യത്തുകൾ ഉണ്ടാകുന്നതിനുള്ള സാധ്യത വിരളമാണ്. പക്ഷേ പാശ്ചാത്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിൽ സാഹചര്യങ്ങളിൽ ക്രൈസ്തവ മൂല്യങ്ങളും ഓർത്തഡോക്സ് ആചാരങ്ങളും മുറുകെപ്പിടിച്ചു പോകുമ്പോൾ മതമൗലികവാദി എന്ന മുദ്ര ചാർത്തിക്കിട്ടുമോ? സെക്യുലർ ലോകത്ത് ഒറ്റപ്പെട്ടുപോകുമോ? ഉദ്യോഗശ്രേണിയിലെ സ്ഥാനക്കയറ്റങ്ങൾക്ക് തടസ്സമാകുമോ? എന്നൊക്കെയുള്ള ഭയപ്പാടുകൾ പലരേയും മഥിക്കുന്നുണ്ട്.

നസ്രാണികളെ സംബന്ധിച്ചിടത്തോളം പരമ്പരാഗതമായ മുഖ്യതൊഴിൽ കൃഷിയാണ്. ചെറിയ രീതിയിലൊക്കെ വ്യാപാരവും ഉണ്ടായിരുന്നു. പക്ഷേ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാദ്ധത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും, അദ്ധ്യാപനം, സർക്കാർ ഉദ്യോഗം എന്നിവയിൽ അവർ അൽപ്പാൽപം എർപ്പെട്ടുതുടങ്ങി. ക്രമേണ നിയമം, ആതുരപരിപാലനം, വാണിജ്യം, ജേർണലിസം, പട്ടാളസേവനം, സാങ്കേതിക മേഖലകൾ എന്നിവയിൽ അവർ ഏർപ്പെട്ടുതുടങ്ങി. ഈ മേഖലയിലൊക്കെ അവർ അസൂയ ജനിപ്പിക്കുംവിധം വിജയം കൈവരിക്കുകയും ചെയ്തു. കൃഷിയിൽനിന്നുള്ള ആദായം കുറയുകയും കൃഷിഭൂമി ഇല്ലാതാകുകയും ചെയ്തതോടെ കർഷകസമൂഹം ഉദ്യോഗസ്ഥ സമൂഹമായി ചുവടുറപ്പിച്ചു. 'ഒരു കാർഷിക' സമൂഹത്തിനു ചേരുന്ന രീതിയിലുള്ള ജീവിതശൈലിയും വിശ്വാസജീവിതവും ആയിരുന്നു നസ്രാണിയുടേത്. പെരുന്നാളുകളും സഭാ പഞ്ചാംഗത്തിലെ മുഹൂർത്തങ്ങളുമെല്ലാം കാർഷികവൃത്തിയുടെ നാൾവഴികളുമായി ബന്ധപ്പെട്ടിരുന്നു. നോമ്പിലെ ഭക്ഷണരീതികളും വിഭവങ്ങളും എല്ലാം കർഷകസമൂഹത്തിന്റേതായിരുന്നു. ഉദ്യോഗത്തിൽനിന്ന് ഉപജീവനം തേടുന്ന ഉപഭോക്താക്കളായി മാറിയതോടെ ആഹാരവും വസ്ത്രധാരണവും മാത്രമല്ല മാറിയത് – അതിനേക്കാൾ ഏറെ മൂല്യബോധങ്ങളും വിശ്വാസങ്ങളും ആചാരങ്ങളുമാണുണ്ടായത്.

ഈ മാറ്റങ്ങൾക്കെല്ലാമിടയിലും നസ്രാണി അവരുടെ സഭാവിശ്വാസവും ആചാരവും തുടരാൻ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കേണ്ടതാണ്. ജോലിസംബന്ധമായി വേറൊരു നാട്ടിൽ ചെന്നാലും ആരാധനായങ്ങൾ ഉണ്ടാക്കാനും തന്റെ പാരമ്പര്യവും വിശ്വാസവും തുടരാനും ഇടവക പള്ളിയിലെ പെരുനാൾ കൂടാനും പരുമല പെരുന്നാളിന് ഓടിയെത്താനും ഒരു ശരാശരി നസ്രാണി ഇന്നും മനസ്സുവയ്ക്കുന്നുണ്ട്. ഇവരിലൊരു വിഭാഗം ഈ വക ഗൃഹാതുരത്വത്തിൽനിന്നു മാറി അകന്നുപോയി എന്നു വരികിലും തന്റെ വിശ്വാസത്തിന്റെയും ആചാരത്തിന്റെയും ജാത്യാഭിമാനത്തിന്റേയും ഒരു തിരി മനസ്സിൽ കത്തിക്കുന്നുവെന്നുള്ളത് ആശ്വാസകരംതന്നെ. അതു നസ്രാണിയുടെ പ്രത്യേകതയാണെന്നു പറയാതെവയ്യ.

നമ്മുടെ സമുദായത്തിൽ ഉയർന്നുവന്നിരിക്കുന്ന ഈ ഉദ്യോഗസ്ഥ വിഭാഗത്തിന് വേണ്ട രീതിയിൽ ബോധനവും മാർഗ്ഗനിർദ്ദേശവും നൽകാൻ നമുക്കു കഴിയുന്നില്ല എന്നതു ദുഃഖകരമാണ്. ഉദ്യോഗത്തിലിരിക്കുമ്പോഴും വിരമിച്ച ശേഷവും ഈ വിഭാഗത്തിൽ പെട്ടവരുടെ കർമ്മശേഷിയെ ഉപയോഗിക്കാൻ ഇടവകയ്ക്കും സഭയ്ക്കും സമൂഹത്തിനും കഴിയണം. ഉദ്യോഗസ്ഥരായിരിക്കുന്ന സമയത്ത് സാമൂഹിക പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തുന്നവർ തങ്ങളുടെ പ്രവർത്തനത്തിൽ സായൂജ്യം കണ്ടെത്തുന്നു. ഇടവകയും ഭദ്രാസനവും ഇത്തരത്തിൽ പ്രവർത്തിക്കുന്നവരെ സമൂഹത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. എങ്കിൽ മാത്രമേ പ്രവർത്തനമേഖല താൽപര്യം ഉള്ളവർക്ക് തുറന്നുകിട്ടൂ. പ്രവൃത്തിയോട് കൂറ് കാട്ടാൻ യുവാക്കളെ പ്രവർത്തനമേഖലയോട് സഹകരിപ്പിക്കാൻ ഇടവകയ്ക്ക് പ്രവർത്തനമേഖല ഉണ്ടായേ തീരൂ. ഇതു നാം മനസ്സിലാക്കണം.

അദ്ധ്യാപകർ

സഭയുടെ മനുഷ്യവിഭവശേഷി വികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടത്തിവരുന്ന പദ്ധതികൾ പ്രാവർത്തികമാക്കാൻ ഏറ്റവും യോഗ്യരായ വിഭാഗം അദ്ധ്യാപകരാണ്. സർവീസിൽ ഇരിക്കുന്നവരും വിരമിച്ചവരുമായ സഭയിലെ അധ്യാപകരുടെ സേവനം പദ്ധതികളുടെ നടത്തിപ്പിലേക്ക് സ്വീകരിക്കാവുന്നതാണ്. ഉദാഹരണത്തിന് **"പതിരാകരുതീ കതിരുകൾ"** എന്ന പേരിൽ ഉത്തരവാദിത്വമുള്ള ക്രൈസ്തവ രക്ഷാകർതൃത്വം പരിശീലിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും 2011 ൽ നടപ്പാക്കിയ പദ്ധതിയിൽ സഭാംഗങ്ങളായ മുഴുവൻ അധ്യാപകരും പങ്കാളികളായിരുന്നെങ്കിൽ ഭാവനാപൂർണ്ണമായ ആ പദ്ധതി വിജയിക്കുമായിരുന്നു. ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സുന്നഹദോസും സഭാ നേതൃത്വവും ഭദ്രാസനവും ഇടവകയും കൈകോർത്ത് അവയെ വിജയിപ്പിക്കാനും ശ്രമിക്കണം.

ആതുരസേവനം

നഴ്സുമാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, ഫിസിയോ തെറാപ്പിസ്റ്റുകൾ, മെഡിക്കൽ – സൈക്യാട്രിക് സോഷ്യൽ വർക്കർമാർ എന്നിങ്ങനെയോഗ്യത നേടിയിട്ടുള്ള നല്ലൊരു വിഭാഗം നമ്മുടെ സഭയിലുണ്ട്. ഇടവക തലത്തിലും ഭദ്രാസനതലത്തിലും മാസത്തിൽ ഒന്നോ രണ്ടോ ദിവസം ഇവരുടെ സന്നദ്ധസേവനം ടേൺ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ എളുപ്പമാണ്. അർപ്പണബോധത്തോടുകൂടിയ പ്ലാനിങ്ങും അതു നടപ്പിലാക്കാനുള്ള ഇച്ഛാശക്തിയും ഇടവക ഭദ്രാസനതലത്തിൽ ഉണ്ടാകണം. അവരവരുടെ വൈദഗ്ധ്യം ആവശ്യമുള്ള വ്യക്തികൾക്ക് ആരോഗ്യപരിചരണം നൽകാൻ സാധിക്കുന്നു എന്നു മാത്രമല്ല, ചെറുപ്പക്കാരായ പ്രഫഷനലുകൾക്ക് മൂല്യബോധം ലഭിക്കാനും, അവർ സഭയോടും ഇടവകയോടും കൂറുള്ളവരായി മാറാനും ഇത്തരം സംരംഭങ്ങൾ വഴിതുറക്കും. സഭയുടെ മാനവവിഭവശേഷിവകുപ്പ് ഈ വർഷം നടപ്പിലാക്കുന്ന "വാർദ്ധക്യകാല-സാന്ത്വനപരിചരണ പദ്ധതി"യുടെ നടത്തിപ്പിലൂടെ ഇത്തരത്തിലുള്ള നല്ല തുടക്കങ്ങൾ ഇടവകകളിൽ ഉണ്ടാക്കാൻ ഉള്ള സുവർണാവസരങ്ങൾ നമുക്കു സൃഷ്ടിക്കാൻ സാധിക്കും.

സഭ വിട്ട് പുതിയ കപട ആത്മീയ പ്രസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നവരിൽ നല്ലൊരു സംഖ്യ ആതുര ശുശ്രൂഷാരംഗത്തെ പ്രഫഷനലുകളാണ്. ഈ സത്യം നാം കണ്ണുതുറന്നു കാണണം. സേവനത്തിനുള്ള വാതിൽ കൊട്ടിയടയ്ക്കപ്പെട്ടതുകൊണ്ടാണ് യുവാക്കളടക്കം ഉള്ളവർ ഇങ്ങനെ പോകുന്നത്. ഇക്കാര്യത്തിൽ സഭ കണ്ണുതുറന്ന് പദ്ധതികൾ ആവിഷ്കരിക്കണം. മെഡിക്കൽ വിദ്യാർത്ഥികളും നഴ്സിംഗ് വിദ്യാർത്ഥികളും മറ്റും അവരുടെ പഠനകാലത്തുതന്നെ സേവനരംഗത്തു പങ്കാളികളായാൽ അത് അവരുടെ ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന സ്വാധീനമാകും.

സർക്കാർ - സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

നമ്മുടെ സഭാംഗങ്ങളായ ഉദ്യോഗസ്ഥർ പ്രവർത്തനമേഖലകളിൽ ജ്വലിച്ചുനിൽക്കുന്നവരാണ്. നിർഭാഗ്യവശാൽ അവരുടെ അറിവും പരിചയസമ്പത്തും അൽപംപോലും ഉപയോഗപ്പെടുത്തുവാൻ സഭയ്ക്കു കഴിയുന്നില്ല. റവന്യൂ, ബാങ്കിങ്, ധനകാര്യം, രജിസ്ട്രേഷൻ, ഓഡിറ്റിങ് തുടങ്ങിയ മേഖലകളിലെ പരിചയസമ്പത്ത് പള്ളികളുടെ നടത്തിപ്പിനും അക്കൗണ്ടിങ്ങിനും ഭരണകാര്യക്ഷമതയ്ക്കും റെക്കോർഡ് കീപ്പിങ്ങിനും ഉപയോഗിക്കാൻ കഴിഞ്ഞാൽ ഗുണപരമായ അനേകം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇടവകകളുടെ ഭരണകാര്യത്തിൽ ഉപദേശക തലത്തിൽ എങ്കിലും ഇവരുടെ സേവനം ലഭ്യമാക്കുന്നത് അഭികാമ്യമായിരിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന സർക്കാർ പദ്ധതികൾ പലതും ജനപങ്കാളിത്തത്തോടെ ചെയ്യുന്നതാണ്. കുടുംബശ്രീ, അയൽക്കൂട്ടം, വിവിധ തരത്തിലുള്ള ക്ഷേമപദ്ധതികൾ ഇവയ്ക്കൊക്കെ സാമ്പത്തികമായ സഹായങ്ങൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ലഭിക്കും. സ്വയംസഹായ സഹകരണ സംഘടനകൾ രൂപീകരിച്ചും ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ഇടവക, ഭദ്രാസന, സഭാ തലത്തിൽ സംഘടിച്ചു നീങ്ങിയാൽ മൈക്രോ ഫൈനാൻസ് സഹായങ്ങളും ലഭ്യമാക്കാവുന്നതാണ്.

സാങ്കേതിക വിദഗ്ധർ

എൻജിനീയറിങ് മേഖലയിൽ യോഗ്യത നേടിയിട്ടുള്ളവരും പരിശീലനം ലഭിച്ചുകൊണ്ടിരിക്കുന്നവരുമായ അനേകം ചെറുപ്പക്കാർ ഓരോ ഇടവകയിലും ഉണ്ടാകും. പരിസ്ഥിതി സൗഹൃദ നിർമ്മാണരീതികൾ, ഇടവകയിലെ സ്ഥിതിവിവരക്കണക്കുകൾ, ഓഫീസ് സംവിധാനം ഇവയുടെ ആധുനികവൽക്കരണം, കംപ്യൂട്ടർവൽക്കരണം, വെബ്സൈറ്റ് പ്രവർത്തനം എന്നിങ്ങനെയുള്ള ഉത്തരവാദിത്തങ്ങൾ യുവസംഘങ്ങൾക്കു കൊടുത്താൽ സ്വയം അവർ ഏറ്റെടുത്ത് ഭംഗിയായി പ്രവർത്തിക്കും. തൊഴിലില്ലായ്മ അനുഭവപ്പെടുന്ന ഈ മേഖലയിൽ ഇവരുടെ കൂടിവരവ് തൊഴിൽ സംരംഭകത്വത്തിനും, തൊഴിൽ നേടാനുള്ള മാർഗ്ഗദർശനത്തിനും തീർച്ചയായും സഹായകമാകും.

ഏറ്റവും ചെറിയ സമൂഹത്തിനും ലോകത്തിന്റെ മുൻനിരയിൽ എത്താൻ കഴിയുമെന്നതിന് ഉദാഹരണമാണ് യഹൂദന്മാർ. മീഡിയ, ഇൻഷുറൻസ്, ബാങ്കിംങ് തുടങ്ങിയ ഒട്ടനവധി മേഖലകളിൽ അമേരിക്കയെ നയിക്കുന്നത് യഹൂദരാണ്.

ഡ്രൈവിങ്, ഓട്ടോമൊബൈൽ, ഇലക്ട്രീഷൻ, പ്ലംബിങ് വൈദഗ്ധ്യമുള്ളവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

ജോലിയിലിരിക്കുന്ന സമയത്ത് തന്നെ സാമൂഹിക പ്രവർത്തനത്തിൽ താൽപര്യം ഉള്ളവരെ അല്ലെങ്കിൽ ആ പ്രവർത്തനത്തിൽ സന്തോഷമുള്ളവരെ ഒരു ചരടിൽ കോർത്തിണക്കി പ്രവർത്തനമേഖലയിൽ കൊണ്ടുവരാൻ ഇടവകയ്ക്കു കഴിയണം.

മാധ്യമ പ്രവർത്തകർ, അഭിഭാഷകർ

സമൂഹത്തിന്റെ വാതിൽ കാവൽക്കാർ എന്നു വിളിക്കാവുന്ന ഒരു വിഭാഗമാണ് അഭിഭാഷകരും മാധ്യമ പ്രവർത്തകരും നിയമപാലകരും. കേന്ദ്ര അടിസ്ഥാനത്തിലും ഭദ്രാസനാടിസ്ഥാനത്തിലും ഇടവക തലത്തിലും സാമൂഹിക ക്ഷേമ പദ്ധതികളുടെ ആവിഷ്കാരത്തിനും നടത്തിപ്പിനും ഈവിഭാഗത്തിൽപ്പെടുന്നവരുടെ നേതൃത്വം പ്രയോജനപ്പെടുത്താവുന്നതാണ്. നിയമബോധനക്ലാസുകൾ, നിയമസഹായവേദികൾ, പത്രപ്രവർത്തനപരിശീലനം തുടങ്ങിയവയൊക്കെ ഇതിനോടനുബന്ധിച്ചു ക്രമീകരിക്കാവുന്നതാണ്.

കുടുംബത്തിന്റെ ഭാഗംവയ്ക്കൽ മേരി റോയി വിധിയിലൂടെ സങ്കീർണ്ണമായിരിക്കയാണ്. ഇത് ക്രൈസ്തവ സമൂഹത്തെയാണ് ബാധിച്ചിരിക്കുന്നത്. വാർദ്ധക്യത്തിൽ മക്കൾ സംരക്ഷിക്കുമോ എന്ന ആശങ്കകൊണ്ടാവാം പലപ്പോഴും ഇക്കാര്യത്തിൽ വേണ്ട നിയമപരമായ ബാദ്ധ്യതകൾ പല മാതാപിതാക്കളും തങ്ങളുടെ ജീവിതകാലത്ത് ചെയ്യാതെ പോകുന്നത്. തന്മൂലം പലവിധ വഴക്കുകളും തർക്കങ്ങളും ഉദ്ഭവിക്കുന്നു. വില്പത്രം, ഭാഗപത്രം, ഇഷ്ടദാനം ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി നിയമവിദഗ്ധരെക്കൊണ്ട് ക്ലാസുകൾ എടുപ്പിക്കേണ്ടതാണ്.

കൂടുതൽ ചെറുപ്പക്കാർ ഇപ്പോൾ മാധ്യമരംഗത്തേക്ക് കടന്നുവരുന്നുണ്ട്. വാർത്താമാധ്യമങ്ങൾ വഴി വരുന്ന വാർത്തകൾ സഭയ്ക്കിപ്പോൾ സന്തോഷകരമല്ല. മലങ്കരസഭയുടെ പൗരാണികത്വവും പാരമ്പര്യ ശ്രേഷ്ഠതയും സഭാപരമായ ചിന്തകളും അർഹമായി പഠിക്കണമെങ്കിൽ അക്കാദമിക് പണ്ഡിതന്മാരും എഴുത്തുകാരും മാധ്യമപ്രവർത്തകരും നമ്മുടെ ശ്രേഷ്ഠമായ ചരിത്രത്തെ പൊതു സമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരണം. കടമറ്റത്തു കത്തനാരെപ്പോലും 'ജസ്യൂട്ട്' പാതിരിയുടെ വേഷത്തിൽ ചിത്രീകരിക്കുന്ന രീതിക്കു മാറ്റം വരുത്തണമെങ്കിൽ അതിന്റേതായ പരിശീലനവും ക്ലാസുകളും പ്രസിദ്ധീകരണങ്ങളും ഉണ്ടാകണം. നമ്മുടെ സഭയെപ്പറ്റിയുള്ള പഠനങ്ങൾകൊണ്ടേ ഇതിനു കഴിയൂ. സഭയ്ക്ക് ഈ രംഗത്തുള്ള പ്രഗല്ഭമതികളുടെ വൈദഗ്ധ്യവും പ്ലാനുകളും ഉണ്ടായേ തീരൂ.

ആധുനിക ലോകത്തിന്റെ ചതിക്കുഴികളെപ്പറ്റി സഭാംഗങ്ങളെ ബോധവാന്മാരാക്കാനും ചതിയിൽ പെടാതിരിക്കാനും പോലീസുദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് ക്ലാസുകൾ സംഘടിപ്പിക്കണം. സൈബർ ക്രൈമുകളെക്കുറിച്ചും കംപ്യൂട്ടർ-മൊബൈൽ -ഇന്റർനെറ്റ് ദുരുപയോഗത്തെക്കുറിച്ചും യുവതലമുറയ്ക്ക് വേണ്ട മുന്നറിയിപ്പുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാൻ ഇത്തരം സംരംഭങ്ങളുണ്ടാകണം.

മനുഷ്യവിഭവശേഷി വിദഗ്ധർ

മനുഷ്യവിഭവശേഷികൊണ്ട് ഏറ്റവും അനുഗ്രഹീതമായ ഒരു ജനവിഭാഗമാണ് മലങ്കര നസ്രാണികൾ. ജോർജിയൻ മിററിന്റെ മുൻ ലക്കത്തിൽ പി.എ. അലക്സാണ്ടർ എഴുതിയിരുന്നതുപോലെ ഒരു പക്ഷേ യഹൂദ-ബ്രാഹ്മണ ജനിതക പാരമ്പര്യമാകാം മെച്ചപ്പെട്ട മനുഷ്യവിഭവശേഷിയുടെ കാരണങ്ങളിലൊന്ന്. പക്ഷേ **കേരളത്തിന്റെ ജലസമ്പത്തു പോലെയാണ് മലങ്കര നസ്രാണിയുടെ മനുഷ്യവിഭവശേഷി! പകൃതിദത്തമായി ധാരാളമുണ്ട്. പക്ഷേ പ്രയോജനപ്പെടുത്താൻ നമുക്കറിഞ്ഞുകൂടാ എന്ന ദുസ്ഥിതി.** ഇതിനു പരിഹാരമുണ്ടാക്കത്തക്ക രീതിയിൽ മനുഷ്യവിഭവശേഷിയെ ടാപ്പ് ചെയ്യാനും സംഭരിക്കാനും ഉപയോഗപ്പെടുത്താനുമുള്ള ഭാവനാപൂർണ്ണ പദ്ധതികൾ ഇടവക/ഭദ്രാസന/സഭാ കേന്ദ്രതലത്തിൽ ഉരുത്തിരിയണം. 'ഹ്യൂമൻ റിസോഴ്സ് ' രംഗത്ത് ഉപയോഗപ്പെടുത്താവുന്ന പ്രഗല്ഭമതികളുടെ വലിയ നിരതന്നെ നമുക്കുണ്ട്. സിവിൽ സർവവീസ് ഉദ്യോഗസ്ഥർ, യൂണിവേഴ്സിറ്റി അദ്ധ്യാപകർ, മികച്ച പത്രപ്രവർത്തകർ, വിവിധ രംഗങ്ങളിൽ പ്രാഗല്ഭ്യം ലഭിച്ചവർ അവരെയെല്ലാം കൂട്ടി വരുത്തി ഒരു തിങ്ക് ടാങ്ക് (think tank) ഉണ്ടാക്കി സഭയുടെ വളർച്ചയ്ക്കായി നല്ല ഭാവിദർശനത്തോടെ മുമ്പോട്ടുപോകേണ്ടിയിരിക്കുന്നു.

പേരന്റിങ്, കരിയർ ഗൈഡൻസ്, സിവിൽ സർവീസ് ട്രെയിനിങ്, ബാങ്ക് ഓഫീസർ ട്രെയിനിങ്, കമ്യൂണിക്കേഷൻ സ്കിൽഡ് ട്രെയിനിങ്, ലൈഫ് സ്കിൽഡ് ട്രെയിനിങ് തുടങ്ങിയ അനേകം എച്ച്.ആർ. മേഖലകളിൽ നസ്രാണി വിദഗ്ധരുടെ സേവനം ഉപയോഗിച്ചാൽ വരും തലമുറയ്ക്ക് വലിയ വരദാനമായിരിക്കും. സംവരണാനുകൂല്യങ്ങൾ ഒന്നുമില്ലാത്ത ഒരു വിഭാഗമാണ് നാം. മെറിറ്റ് തെളിയിച്ച് ഏറ്റവും മുമ്പിൽ വന്നാൽ മാത്രമേ അവസരമുള്ളു എന്നതാണ് നമ്മുടെ സ്ഥിതി. ജനസംഖ്യാ വർദ്ധനനിരക്ക് താഴേക്കു പോകുന്ന ഒരു ജനവിഭാഗം. ഈ സാഹചര്യത്തിൽ നമുക്ക് ദൈവം തന്നിരിക്കുന്ന വരദാനമായ മനുഷ്യവിഭവശേഷി (എണ്ണത്തിലല്ല, ഗുണമേന്മയിൽ) ഏറ്റവുമധികം ഉപയോഗപ്പെടുത്തേണ്ട ചുമതലയും നമുക്കുണ്ട്. നമ്മുടെ സഭാംഗങ്ങളുടെ വൈദഗ്ധ്യവും അനുഭവസമ്പത്തും പ്രയോജനപ്പെടുത്തണം. അവർ വെട്ടിത്തെളിച്ച വഴിയേ മറ്റുള്ളവർക്കും പോകാൻ അവസരം ലഭ്യമാക്കാൻ ശ്രമിക്കണം.

വിവിധ മേഖലകളിൽ സേവമനുഷ്ഠിച്ച ശേഷം നാട്ടിൽ വിശ്രമജീവിതം നയിക്കുന്ന വ്യക്തികൾ മറ്റൊരു വലിയ സ്രോതസ്സാണ്. പാഴായിപ്പോകുന്ന ഈ സ്രോതസ്സുകൾ അനേകർക്ക് പ്രയോജനപ്പെടുന്ന ഉറവകളായി മാറ്റാൻ സഭയ്ക്കു കഴിയണം. ഇങ്ങനെയുള്ളവരെയൊക്കെ പൂൾ ചെയ്ത് പ്രവർത്തനമേഖലയിൽ കൊണ്ടുവരണം. മാറിയ കാലഘട്ടത്തിൽ ഇടവകയിലെ ശുശ്രൂഷയുടെ അർത്ഥതലങ്ങൾ വിപുലമായിട്ടുണ്ട്. ഓരോ ഇടവകാംഗത്തിനും ഓരോ കുടുംബത്തിനും ആവശ്യമായ വ്യക്തിഗതമായ ശുശ്രൂഷകളും ഇടവകയെ മൊത്തം കണക്കിലെടുത്തുള്ള മനുഷ്യവിഭവശേഷി വികസനം എന്ന ശുശ്രൂഷയുമാണ് കാലഘട്ടത്തിന്റെ ആവശ്യം. അതിനായി നാം നമ്മെത്തന്നെ സജ്ജരാക്കുകയും പ്രവർത്തിക്കുകയും ചെയ്തില്ലെങ്കിൽ പാഴ്സി സമൂഹത്തെപ്പോലെ നാം മെല്ലെ പൊതുസമൂഹത്തിലലിഞ്ഞ് ഇല്ലാതായിതീരും. ആധുനിക കാലഘട്ടം ആവശ്യപ്പെടുന്ന ഈ ദൈവവിളി നാം കേൾക്കുന്നുണ്ടോ?

കാതോലിക്കേറ്റ് പുനഃസ്ഥാപനശതാബ്ദി ആഘോഷവേളയിൽ ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കാൻ തീവ്രശ്രമങ്ങൾ സഭാനേതൃത്വത്തിൽ നിന്ന് ഉണ്ടാകണം. **GM**

ആലപ്പുഴ ഗവ. ടി.ഡി. മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗം പ്രൊഫസർ ആൻഡ് ഹെഡ് ആണ് ലേഖകൻ.

മലങ്കര നസ്രാണികൾ മൂന്നാം സഹസ്രാബ്ദത്തിനരികെ...

■ അലക്സ് കുര്യൻ

മാർത്തോമ്മാ പൈതൃകം, അപ്പോസ്തോലിക പിന്തുടർച്ച ഇവയൊക്കെ ആധുനിക തലമുറയ്ക്ക് പുതുമ തോന്നിയേക്കാവുന്ന പദങ്ങളാണ്. മലങ്കര നസ്രാണികളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ 20 നൂറ്റാണ്ടുകളിലൂടെ നാം നെഞ്ചിലേറ്റി നടന്ന അഭിമാനകരമായ നേട്ടങ്ങളാണ് ഈ വാക്കുകളിലൂടെ പ്രതിഫലിക്കുന്നത്.

മലങ്കരസഭ 1960-ാം വാർഷികവും കാതോലിക്കേറ്റ് ശതാബ്ദിയും പിന്നിടുമ്പോൾ നമുക്ക് അഭിമാനിക്കാനേറെയുണ്ട്. അതോടൊപ്പം വിലയിരുത്തലുകളും ആവശ്യമാണ്. ദീർഘമായ ഒരു ചർച്ചയ്ക്കോ വിശകലനത്തിനോ ഈ ലേഖനത്തിൽ കൂടി ഉദ്ദേശിക്കുന്നില്ല. എന്നാൽ ചില പ്രധാനകാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു എന്നു മാത്രം. പുതിയ സഹസ്രാബ്ദത്തിന് അരികെ നിൽക്കുന്ന മലങ്കരസഭയ്ക്ക് പല തലങ്ങളിലും തിരുത്തലുകളും, ദിശാബോധവും, ലക്ഷ്യപ്രാപ്തിയും അനിവാര്യമാണ്. കാലോചിതമായ തിരുത്തലുകൾ ഏതു സമൂഹത്തെയും കൂടുതൽ വിജയങ്ങളിലേക്ക് നയിക്കുമെന്നതിൽ സംശയമില്ല.

അടിസ്ഥാനങ്ങൾ കെട്ടിപ്പൊക്കുക

നിന്റെ സന്തതി പുരാതനശൂന്യങ്ങളെ പണിയും; തലമുറതലമുറയായി കിടക്കുന്ന അടിസ്ഥാനങ്ങളെ നീ കെട്ടിപ്പൊക്കും; കേടുതീർക്കുന്നവനെന്നും കുടിയിരിപ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥാനത്താക്കുന്നവനെന്നും നിനക്കു പേർ പറയും (യെശ. 58:12)

മലങ്കരസഭയിലെ ആധുനിക തലമുറയുടെ ഏറ്റവും വലിയ കടമയാണിത്. ദൈവദത്തമായി ഒട്ടേറെ അടിസ്ഥാനശിലകൾ നമുക്കു ലഭിച്ചിട്ടുണ്ട്. നൂറ്റാണ്ടുകളുടെ പ്രയാണത്തിൽ ഇതിലേറെയും മായപ്പെടുകയോ, മറയപ്പെടുകയോ മറയ്ക്കപ്പെടുകയോ ചെയ്തിട്ടുണ്ട്. പ്രത്യേകിച്ച് ഇടക്കാലത്ത്, നമുക്ക് അനുഭവിക്കേണ്ടിവന്ന വൈദേശിക അടിമത്വം നമ്മുടെ പൈതൃകത്തിന്റെ ഒട്ടേറെ തെളിവുകൾ നഷ്ടപ്പെടുവാൻ ഇടയാക്കി.

> **ഓർത്തഡോക്സിയാണ് ക്രിസ്തീയതയുടെ ഭാവി എന്ന് നാം തിരിച്ചറിയണം**

മലങ്കരസഭ പല കാര്യങ്ങളിലും സമ്പന്നമാണ്. അപ്പോസ്തോലിക പാരമ്പര്യം, പൗരോഹിത്യ പിന്തുടർച്ച, ആദിമവിശ്വാസത്തിന്റെ പിന്തുടർച്ച, ആചാരാനുഷ്ഠാനങ്ങളുടെ സമ്പന്നത, ദീർഘകാല ചരിത്രത്തിന്റെ പിൻബലം, ത്രിത്വാധിഷ്ഠിതമായ സത്യവിശ്വാസം, നൂറ്റാണ്ടുകളിലൂടെ നമുക്ക് ലഭിച്ച ആദരവുകൾ ഇവയൊക്കെ വരുംതലമുറകൾക്കു വേണ്ടി നാം കെട്ടിപ്പൊക്കണം.

മാർത്തോമ്മാ ശ്ലീഹായുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചരിത്രവസ്തുതകൾ നാം ഉയർത്തിക്കാട്ടണം. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനകാലത്ത് ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ട സ്ഥലങ്ങൾ നമ്മുടെ ഏറ്റവും വലിയ അഭിമാനകേന്ദ്രങ്ങളായി തീരണം. കൊടുങ്ങല്ലൂർ, പറവൂർ (കോട്ടയ്ക്കാവ്), പാലൂർ (കുന്നംകുളം), നിരണം, കൊല്ലം, തിരുവിതാംകോട്, നിലയ്ക്കൽ (ചായൽ), ഗോക്കമംഗലം തുടങ്ങിയ സ്ഥലങ്ങൾ ചരിത്രത്തിലെ ശ്രദ്ധാകേന്ദ്രങ്ങളാണ്. ഇതിൽ നിരണത്തും തിരുവിതാംകോട്ടും കുന്നംകുളത്തും നമ്മുടെ ദേവാലയങ്ങൾ നിലനിൽക്കുന്നു. കൊല്ലത്ത് ശ്ലീഹാ സ്ഥാപിച്ച ദേവാലയവും, അതിനെതുടർന്ന് പണിത തരിസാ പള്ളിയും കടലെടുത്തുപോയി. ഇപ്പോൾ അതിനു സമീപമുള്ളത് നമ്മുടെ കാദീശാ പള്ളി മാത്രമാണ്. പറവൂരിൽ റോമൻ കത്തോലിക്കാ സഭയുടെ കൈവശവും നിലയ്ക്കലിൽ എക്യുമെനിക്കൽ ദേവാലയവും സ്ഥിതിചെയ്യുന്നു. ഗോക്കമംഗലത്തിന്റെ സ്ഥലനിർണ്ണയത്തിൽ ഇതുവരെയും വ്യക്തതയായിട്ടില്ല. കോട്ടയത്തിനും, ആലപ്പുഴയ്ക്കും മദ്ധ്യേകായൽ തീരത്ത് എവിടെയോ എന്ന് വിശ്വസിക്കപ്പെടുന്നു. കൊടുങ്ങല്ലൂരിനു സമീപം നമ്മുടെ തീർത്ഥാടനകേന്ദ്രം സമീപഭാവിയിൽ ഉയരുമെന്നു പ്രതീക്ഷിക്കാം. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളോടനുബന്ധിച്ചു ശ്ലീഹായുടെ പ്രവൃത്തികളുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളും ഉയർത്തിക്കൊണ്ടുവരണം. വടക്കൻ പറവൂരിൽ അങ്കമാലി ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മാർത്തോമ്മൻ കേന്ദ്രം ഉയർന്നുവരണം. ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മകൾ പേറുന്ന മൈലാപ്പൂരിൽ നമ്മുടെ തീർത്ഥാടനകേന്ദ്രത്തിന്റെ പണികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. മലയാറ്റൂരിന് ചരിത്രത്തിന്റെ പിൻബലം ഇല്ലെങ്കിലും അവിടെ സഭവക സ്ഥലത്ത് ശ്ലീഹായുടെ നാമത്തിൽ ഒരു സ്ഥാപനം ഉയരുന്നത് നന്നായിരിക്കും.

അതുപോലെ നമ്മുടെ സത്യവിശ്വാസത്തിന്റെ ആഴമായ അർത്ഥവ്യാഖ്യാനങ്ങൾ പുതുതലമുറയ്ക്ക് അനുഭവവേദ്യമാകണം. പാരമ്പര്യമായി നമുക്ക് ലഭ്യമായ ചരിത്രത്തിന്റെ ഏടുകളെ ജനഹൃദയങ്ങളിലെത്തിക്കണം.

ഇത്തരം അടിസ്ഥാനങ്ങൾ കെട്ടിപ്പൊക്കുക എന്നുള്ളത് ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്വമാണ്. ആധുനിക കാലത്ത് പ്രചരിപ്പിക്കപ്പെടുന്ന വിശ്വാസവൈപരീത്യങ്ങളിൽനിന്നും സഭയെയും സമൂഹത്തെയും രക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ അനിവാര്യമാണ്.

ആദരവുകൾ.... അവഗണനകൾ.... നൂറ്റാണ്ടുകളിലൂടെ

ആരും കടന്നുപോകാതവണ്ണം നീ നിർജ്ജനവും ദ്വേഷവിഷയവും ആയിരുന്നതിനു പകരം ഞാൻ നിന്നെ നിത്യമാഹാത്മ്യവും തലമുറതലമുറയായുള്ള ആനന്ദവും ആക്കിത്തീർക്കും. (യെശ. 60:15)

മലങ്കര നസ്രാണികൾ ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും ആദരിക്കപ്പെട്ടിരുന്നു എന്നത് ഒരു വസ്തുതയാണ്. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനകാലത്ത് ദേവാലയങ്ങൾ ആരംഭിക്കുവാനും ആരാധനയ്ക്കു തുടക്കം കുറിക്കുവാനും കഴിഞ്ഞതുതന്നെ ആദിമ സഭയ്ക്കു ലഭിച്ച ആദരവാണ്. നൂറ്റാണ്ടുകളിലൂടെ നാം നിലനിർത്തപ്പെട്ടു എന്നതിനേക്കാൾ സമൂഹം നമ്മെ നിലനിർത്തിയെന്നു പറയുന്നതാണു ശരി. എക്കാലത്തും രാജാക്കന്മാരുടെയും നാടുവാഴികളുടെയും ആദരവിനും ആനുകൂല്യങ്ങൾക്കും മലങ്കര നസ്രാണികൾ പാത്രീഭൂതരായിരുന്നു എന്നത് വാസ്തവമാണ്. ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങൾ ഇവിടെ അനാവരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല. ചില സൂചനകളിൽ കൂടി മാത്രം ഇതു വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു.

3, 4, 8 നൂറ്റാണ്ടുകളിൽ നമുക്കു ലഭിച്ച ശാസനങ്ങളും ചെപ്പേടുകളും മാത്രം മതി ഇത്തരം ആദരവുകളെപ്പറ്റി വിലയിരുത്തുവാൻ. മലങ്കരസഭയുടെ ഏറ്റവും പുരാതനമായ ചെപ്പേട് ആണ് ഇരവികോർത്തൻ ചെപ്പേട്. എ.ഡി. 230 ൽ മഹാദേവപട്ടണത്ത് വണികശ്രേഷ്ഠനായ ഇരവികോർത്തന് മണിഗ്രാമവും മറ്റു ചില പദവികളും നൽകുന്നതായി ചെമ്പുതകിടിൽ എഴുതിയ ശാസനമാണ് ദേവലോകത്ത് സൂക്ഷിച്ചിരിക്കുന്നത്.

കേരളത്തിലെ ക്രൈസ്തവസഭയ്ക്ക് സാമൂഹികമായ പല പദവികളും സ്ഥാനമാനങ്ങളും പുരാതനകാലത്ത് അനുവദിക്കപ്പെട്ടിരുന്നു. മൂന്നാം നൂറ്റാണ്ടിൽ ചേരസാമ്രാജ്യം പ്രാബല്യത്തിലിരിക്കുന്ന കാലത്ത് വീരരാഘവ ചക്രവർത്തി അന്നത്തെ ക്രൈസ്തവ ഭരണകർത്താവായിരുന്ന ഇരവികോർത്തനായ ചേരമാൻ പെരുഞ്ചെട്ടിക്ക് എഴുതിക്കൊടുത്ത ശാസനത്തിൽ 72 പദവികളെപ്പറ്റി വിവരിക്കുന്നു.

എ.ഡി. 345 ൽ ക്നായി തൊമ്മനും കൂട്ടരും കേരളത്തിലേക്ക് കുടിയേറിയപ്പോൾ അവർക്ക് ലഭിച്ച ചെപ്പേട് മറ്റൊരു തെളിവാണ്. ഇതും മലങ്കര നസ്രാണികളോടുള്ള ആദരവിന്റെ പ്രതിഫലനമായിട്ട് നൽകപ്പെട്ടതാണ്.

എ.ഡി. 849 ൽ കുലശേഖര സാമ്രാജ്യം ഭരിച്ചിരുന്ന സ്ഥാണു രവിവർമ്മ മാർ സാബീർ ഈശോയ്ക്ക് എഴുതികൊടുത്തതാണ് തരിസാപള്ളി ശാസനങ്ങൾ. കൊല്ലത്ത് അവർക്ക് അനുവദിച്ച അവകാശങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്.

എ.ഡി. 9 നൂറ്റാണ്ടു മുതൽ 14-ാം നൂറ്റാണ്ടു വരെ കേരളത്തെ നയിച്ച ക്രിസ്ത്യൻ രാജകുടുംബമായിരുന്നു വില്യാർവട്ടം. ക്രിസ്ത്യാനികൾക്കു മാത്രമായി ഒരു രാജവംശം നിലനിർത്തിയിരുന്നു എന്നതുതന്നെ വലിയ ഒരു അംഗീകാരമാണ്. 1439 ൽ യൂജിനിയൻ പാപ്പാ, മശിഹായിൽ നമ്മുടെ ഏറ്റവും പ്രിയപുത്രൻ ഭാരതീയ പ്രശസ്ത ചക്രവർത്തിയായ തോമായ്ക്ക് ഒരു കത്ത് അയച്ചതായി രേഖയുണ്ട്.

എന്നാൽ പിന്നീട് മലങ്കര നസ്രാണികളുടെ ഇടയിലുണ്ടായ ചേരിതിരിവുകൾ നമ്മുടെ സ്ഥാനമാനങ്ങൾക്ക് ഒരു പരിധി വരെ ഇടർച്ചയുണ്ടാക്കി. എങ്കിലും നാട്ടുരാജാക്കന്മാർ പലപ്പോഴും ദേവാലയങ്ങൾക്ക് വസ്തുക്കൾ അനുവദിച്ചു നൽകിയിട്ടുണ്ട്. പറവൂർ തമ്പുരാക്കന്മാർ കോട്ടയ്ക്കാവ് പള്ളിക്ക് ഇരുപത്തിയാറു മുറി പുരയിടങ്ങൾ കരമൊഴിവായി വിട്ടുകൊടുക്കുകയും അവയുടെ കരം പള്ളിയുടെ വിളക്കുവെപ്പിനു നൽകുകയും ചെയ്തതായി രേഖയുണ്ട്.

20-ാം നൂറ്റാണ്ടിൽ മലങ്കരസഭയിൽ ഉണ്ടായ കേസുകളും ചേരിതിരിവുകളും നമ്മെ കൂടുതൽ ദുർബലരാക്കി.

1930 ലെ റീത്തു പ്രസ്ഥാനത്തിന്റെ ആരംഭവും, പാത്രിയർക്കീസ് വിഭാഗവുമായിട്ടുള്ള കേസുകളും നമ്മുടെ യശസ്സിനു മങ്ങലേൽപ്പിച്ചു.

റീത്ത് വിഭാഗത്തിന്റെ നിലപാടുകൾ അന്നും ഇന്നും ഒരുപോലെ തുടരുന്നു. മലങ്കര നസ്രാണികളിൽ ഭിന്നിപ്പുണ്ടാക്കുക എന്ന തത്വത്തിൽ ഉറച്ചുനിൽക്കുന്നു. മലങ്കരസഭയുടെ ഭാവിയെപ്പറ്റി എപ്പോഴും അവർ ഉത്കണ്ഠപ്പെടുന്നു. എന്നാൽ ഈയടുത്ത കാലത്ത്

ഇറ്റലിയിലെ പ്രശസ്ത കർദ്ദിനാൾ കാർലോ മരിയാ മാർട്ടിനിയുടെ പരാമർശങ്ങൾ (മാതൃഭൂമി ദിനപത്രം) അവർ വിലയിരുത്തുന്നത് നന്നായിരിക്കും. കത്തോലിക്കസഭ 200 വർഷങ്ങൾ പിന്നിലാണെന്നും, അകം പൊള്ളയാണെന്നും, ഭാവി ശോഭനമല്ലെന്നും അദ്ദേഹം വിലയിരുത്തുന്നു.

പാത്രിയർക്കീസ് വിഭാഗത്തിന്റെ കഴിഞ്ഞ നൂറ്റാണ്ടിലെ അധാർമ്മികവും, അക്രൈസ്തവവുമായ നിലപാടുകൾ സമൂഹമദ്ധ്യത്തിൽ മലങ്കരസഭയെ അവഹേളിതരാക്കി. ഇന്ന് അതിന്റെ പരിണിത ഫലങ്ങളാണ് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് ഭരണാധികാരികൾക്ക് മലങ്കര നസ്രാണികളുടെ വോട്ടും, നോട്ടും മാത്രം മതി... പക്ഷേ 72 പദവികൾ, അത് മറ്റുള്ളവർക്ക് തന്നെ!

വികസനസംസ്കാരം

നിന്റെ കൂടാരത്തിന്റെ സ്ഥലത്തെ വിശാലമാക്കുക; നിന്റെ നിവാസങ്ങളുടെ തിരശ്ശീലകളെ അവർ നിവിർക്കട്ടെ; തടുത്തുകളയരുത്; നിന്റെ കയറുകളെ നീട്ടുക; നിന്റെ കുറ്റികളെ ഉറപ്പിക്കുക. നീ ഇടത്തോട്ടും വലത്തോട്ടും പരക്കും. (യെശ. 54:2, 3)

മലങ്കരസഭയിൽ ഒരു വികസനസംസ്കാരം ഇനിയും രൂപം പ്രാപിക്കേണ്ടിയിരിക്കുന്നു. നാം ഇപ്പോഴും പതിറ്റാണ്ടുകൾക്കു പിന്നിലാണ്. നമുക്കു ചുറ്റുമുള്ള സമുദായങ്ങളും സഭകളും വികസനത്തിന്റെ പാതയിൽ ബഹുദൂരം മുന്നേറുമ്പോൾ ഈ രംഗത്തെ നമ്മുടെ കാൽവയ്പുകൾ വളരെ പരിമിതമാണ്. ഇടവകകളുടെയും ഭദ്രാസനങ്ങളുടെയും ആത്മീയ പ്രസ്ഥാനങ്ങളുടെയും ജനങ്ങളുടെയും കൂട്ടായ വളർച്ചയാണ് ഒരു സഭയുടെ വളർച്ചയായി കണക്കാക്കുന്നത്. സഭാ നേതൃത്വം നടപ്പിൽ വരുത്തുന്ന വികസനപ്രവർത്തനങ്ങൾ ഇതോടൊപ്പം കണക്കാക്കാം.

എസ്.എൻ.ഡി.പി. പോലുള്ള സമുദായ സംഘടനകളും സഭകളും കഴിഞ്ഞ പതിറ്റാണ്ടിൽ നേടിയ മുന്നേറ്റം ശ്രദ്ധേയമാണ്. 74000 ൽ പരം സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് 2350 കോടി രൂപയോളം മൈക്രോഫിനാൻസ് പദ്ധതി വഴിയായി അംഗങ്ങൾക്കു നൽകുവാൻ നേതൃത്വത്തിനു കഴിഞ്ഞു. ഇത് സമുദായാംഗങ്ങളുടെ സാമ്പത്തിക നില വളരെയധികം ഉയർത്തുവാൻ ഇടയാക്കി. 25 പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെ 60 സ്ഥാപനങ്ങൾ കഴിഞ്ഞ ദശകത്തിൽ അവർ പടുത്തുയർത്തി. മറ്റുള്ളവരുടെ വികസനം ഇടവകയ്ക്കു പുറത്തേക്കു വളർന്നപ്പോൾ നമ്മുടെ വികസനം ദേവാലയത്തിന്റെ പരിസരങ്ങളിൽ ഒതുങ്ങി. വിഷനും, മിഷനും ഒത്തുചേരുമ്പോൾ നമ്മുടെ ഇടവക പള്ളികളും ഭദ്രാസനങ്ങളും, ആത്മീയ സംഘടനകളുമൊക്കെ മികച്ച വിജയത്തിന്റെ പാതയിൽ മുന്നേറും. ഇതു രണ്ടും ഇല്ലെങ്കിൽ പതിറ്റാണ്ടുകൾ പിന്തള്ളപ്പെടും. നമുക്ക് ചുറ്റുമുള്ളവർ നമ്മെ പിന്തള്ളും. വികസനകാഴ്ചപ്പാടിലുള്ള വ്യത്യാസങ്ങളാണ് ഇന്നത്തെ നമ്മുടെ പിന്നോക്കാവസ്ഥയ്ക്കു കാരണം.

ഉന്നത ലക്ഷ്യങ്ങൾ ഇല്ല എന്നത് നമ്മുടെ പോരായ്മയാണ്

സഭ ഒറ്റക്കെട്ടായി ഈ സമീപനത്തിനു മാറ്റം വരുത്തണം എല്ലാ രംഗത്തും സഭയെ വളർത്തിയെടുക്കുവാൻ നാം ശ്രമിക്കണം. ഒട്ടേറെ സാദ്ധ്യതകൾ നമ്മുടെ മുൻപിലുണ്ട്. സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഒട്ടേറെ പ്രതിഭകൾ നമുക്കു ചുറ്റുമുണ്ട്. സാമ്പത്തികമായി അഭിവൃദ്ധി പ്രാപിച്ച ഒരു വിശ്വാസി സമൂഹം നമുക്കു ചുറ്റുമുണ്ട്. സഭയ്ക്കു വേണ്ടി എന്തും നൽകുവാൻ അവർ തയ്യാറാണ്. ഇത്തരം വ്യക്തികളുടെയും വിശ്വാസികളുടെയും സഹകരണം നാം പരമാവധി പ്രയോജനപ്പെടുത്തണം. സാമ്പത്തിക ഭദ്രതയുണ്ടെങ്കിൽ വികസനമെന്നതായിരുന്നു പഴയ സാമ്പത്തിക ശാസ്ത്രം. ഇന്ന് ആ കാഴ്ചപ്പാടിനു മാറ്റം വന്നിരിക്കുന്നു. സാമ്പത്തിക ഭദ്രതയോടൊപ്പം മനുഷ്യവിഭവശേഷിയും ഒത്തുചേരുമ്പോൾ വികസനത്തിന്റെ പടികൾ ചവുട്ടികയറാം എന്നതാണ് ആധുനികശാസ്ത്രം. ഈ രണ്ട് അനുകൂല ഘടകങ്ങളും സഭയ്ക്ക് ദാനമായി നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ-ആതുരശുശ്രൂഷാ രംഗത്ത് സമൂഹത്തിന് ഒട്ടേറെ മെച്ചപ്പെട്ട സേവനങ്ങൾ നമുക്ക് നൽകാൻ കഴിയും. സേവന വേതനവ്യവസ്ഥകളിൽ ഗവൺമെന്റ് കാതലായ മാറ്റം വരുത്തിയതോടെ അമിതലാഭം മാത്രം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന ഒട്ടേറെ സ്ഥാപനങ്ങളുടെ നില പരുങ്ങലിലാണ്. ഈ അനുകൂല സാഹചര്യം നാം പരമാവധി പ്രയോജനപ്പെടുത്തണം.

സ്ഥാപനങ്ങളുടെ കാര്യത്തിൽ ബാഹ്യകേരള ഇടവകകൾ കേരളത്തിലെ ഇടവകകളെക്കാൾ വളരെ മുന്നിലാണ്. ബാഹ്യകേരളത്തിലെ പകുതിയിലധികം സ്ഥലങ്ങളിലും സ്ഥാപനങ്ങൾ ആരംഭിക്കുകയും വിജയകരമായി അത് നടത്തിക്കൊണ്ടുപോകയും ചെയ്യുന്നുണ്ട്. ബാക്കിയുള്ള സ്ഥലങ്ങളിലും ഇത്തരത്തിലുള്ള പുരോഗമനശ്രമങ്ങൾ നടന്നുവരുന്നു. ഇത്തരം സമീപനങ്ങൾ സഭയുടെ യശസ്സ് ഉയർത്തുവാനും, ഇടവകകളുടെ സാമ്പത്തിക സ്ഥിതി വളർത്തിയെടുക്കുവാനും, മിഷൻ പോലുള്ള രംഗങ്ങളിൽ ശ്രദ്ധ ചെലുത്തുവാനും സാധ്യമാക്കുന്നു.

കേരളത്തിൽ ഇത്തരം വികസനമാതൃക ചൂണ്ടിക്കാണിക്കാവുന്ന ഇടവകകൾ ചുരുക്കമാണ്. മാവേലിക്കര ഭദ്രാസനത്തിലെ പത്തിച്ചിറ സെന്റ് ജോൺസ് ഇടവക ഇതിനൊരപവാദമാണ്. 720 ഭവനങ്ങളുള്ള ഗ്രാമീണ മേഖലയിലെ ഈ ഇടവക എല്ലാ തലങ്ങളിലും വികസനത്തിന്റെ പാതയിലാണ്. നവീകരിച്ച മനോഹരമായ ദേവാലയം, ശക്തമായി പ്രവർത്തിക്കുന്ന ആത്മീയ സംഘടനകൾ, ആയിരത്തോളം പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം, ഓഫീസ്, പാഴ്സനേജ് എന്നിവ ദേവാലയ പരിസരത്ത് പ്രവർത്തിക്കുമ്പോൾ, സമൂഹത്തിനു പ്രയോജനകരമായ രീതിയിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, സി.ബി.എസ്.ഇ. സ്കൂൾ, ഐ.ടി.സി., പാരലൽ കോളജ് എന്നിവ നല്ല നിലയിൽ മുന്നേറുന്നു. 1970 കളിൽ ആരംഭിച്ച വികസനപ്രക്രിയ ഇടവകയിൽ തുടർന്നുകൊണ്ടേയിരിക്കുന്നു. സഭാരത്നം കാലംചെയ്ത ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി ഈ ഇടവകക്കാരനായിരുന്നു എന്നത് എടുത്തുപറയത്തക്ക വസ്തുതയാണ്.

വികസനകാഴ്ചപ്പാടോടെ പ്രവർത്തിക്കുന്ന ഭദ്രാസനനേതൃത്വം, പ്രൊജക്ടുകൾക്ക് രൂപം നൽകുന്ന ഇടവക നേതൃത്വം, ഉറച്ച പിന്തുണ നൽകുന്ന വിശ്വാസ സമൂഹം ഇതു മൂന്നും ഒത്തുചേരുമ്പോൾ ഏതു വികസനവും നമുക്ക് പൂർത്തീകരിക്കുവാൻ കഴിയും. ഇതിൽ ഏതെങ്കിലും ഒരു തലത്തിൽ വ്യത്യസ്ത സമീപനം വന്നാൽ അത് വളർച്ചയെ ബാധിക്കും.

ഭദ്രാസനതലത്തിലുള്ള വികസനപ്രക്രിയയിലും ഇതേ അവസ്ഥ തന്നെയാണ്. സമതുലിതമായ ഒരു വളർച്ച നിലനിർത്തുന്ന ഭദ്രാസനങ്ങൾ കുറവാണ്. വിദ്യാഭ്യാസ-ആതുരശുശ്രൂഷാ രംഗത്തെ സ്ഥാപനങ്ങൾ, കാരുണ്യ സ്ഥാപനങ്ങൾ, സാമൂഹ്യ സേവനപ്രവർത്തനങ്ങൾ, സുവിശേഷം, ഇടവക വികസനം, സാമ്പത്തിക ഭദ്രത കൈവരിക്കൽ, ആത്മീയ പ്രസ്ഥാനങ്ങളുടെ വളർച്ച, ആത്മീയ നവോത്ഥാനം തുടങ്ങി എല്ലാ മേഖലകളിലും ഒരുപോലെ ശ്രദ്ധ കൊടുക്കുന്ന ഭദ്രാസനങ്ങൾക്കു മാത്രമേ സമഗ്ര വികസനം സാധ്യമാകൂ. ഏതെങ്കിലും ഒരു മേഖലയിൽ മാത്രം ശ്രദ്ധിക്കുകയും മറ്റു വിഭാഗങ്ങളെ അവഗണിക്കുകയും ചെയ്യുന്നത് ശരീരത്തിന്റെ ഒരു ഭാഗത്ത് അമിത വളർച്ച വരുന്നതുപോലെയാണ്.

സീറോ-മലബാർ സഭയുടെ ചങ്ങനാശ്ശേരി അതിരൂപത തിരുവനന്തപുരത്ത് മാത്രം നടത്തുന്ന വികസനപ്രവർത്തനങ്ങൾ 2000 കോടിയുടേതാണ് എന്ന സത്യം നാം മനസ്സിലാക്കണം. നമ്മുടെ ഇടവകകളും ഭദ്രാസനനേതൃത്വങ്ങളും സഭാനേതൃത്വവും വികസനത്തിന്റെ കാര്യത്തിൽ ഏതറ്റംവരെ പോകണമെന്ന് ഇനിയെങ്കിലും ചിന്തിക്കുന്നത് പ്രയോജനകരമായിത്തീരും. നെഗറ്റീവ് ചിന്താഗതികൾ മാറി സഭയ്ക്കു വേണ്ടി ഒട്ടേറെ കാര്യങ്ങൾ പൂർത്തീകരിക്കുവാൻ കഴിയും എന്ന ആത്മവിശ്വാസം നമ്മുടെ ആത്മീയ സ്ഥാനികളിലും വിശ്വാസികളിലും വളരേണ്ടിയിരിക്കുന്നു. വികസനത്തിന്റെ പാതയിൽ ആത്മീയ പ്രസ്ഥാനങ്ങൾക്കും മുഖ്യ പങ്കുവഹിക്കാനുണ്ട്. നാഗ്പൂർ സെമിനാരിയോട് അനുബന്ധിച്ച് പബ്ലിക് സ്കൂൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത് മാതൃകാപരമാണ്.

സാമ്പത്തിക ഭദ്രത

സഭയുടെ എല്ലാ തലങ്ങളിലും സാമ്പത്തിക ഭദ്രത കൈവരിക്കേണ്ടത് അത്യാവശ്യമാണ്. എങ്കിൽ മാത്രമേ ആത്മീയ - ഭൗതിക രംഗങ്ങളിലുള്ള നമ്മുടെ പ്രവർത്തനങ്ങൾ സമയോചിതമായി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ നമുക്ക് ഈ രംഗത്ത് ഭദ്രത കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള ശക്തമായ ശ്രമങ്ങൾ ഇതുവരെയും സഭയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലായെന്നതാണ് നേതൃരംഗത്തെ പലരുടെയും പരാതി.

പരുമല സെമിനാരിയിൽനിന്നും ലഭിക്കുന്ന വിഹിതം കാതോലിക്കാദിനപിരിവ്, എം.ഡി. കൊമേഴ്സ്യൽ സെന്ററിൽ നിന്നും ലഭിക്കുന്ന വാടക ഇവ ഒഴിച്ചാൽ മറ്റു വരുമാനങ്ങൾ ഒക്കെ അതതു സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാണ്. ഇങ്ങനെ ലഭിക്കുന്ന ഏഴോ എട്ടോ കോടി രൂപകൊണ്ട് മലങ്കരസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോ, വികസനപ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനോ കഴിയാതെ വരുന്നു. ഇതുതന്നെയാണ് ഒരു പരിധിവരെ ഭദ്രാസനങ്ങളുടെയും അവസ്ഥ. കാലോചിതമായി വൈദികരുടെ വേതനവും മറ്റും വർദ്ധിപ്പിക്കുമ്പോൾ ഇടവകകളുടെ സാമ്പത്തിക സ്ഥിതിയെയും അതു ബാധിക്കും.

ഇടവകകളുടെതുൾപ്പടെ ഏകദേശം 700 കോടിയോളം വാർഷിക ബഡ്ജറ്റ് ഉള്ള ഒരു സഭയിൽ ഒരു ശതമാനം മാത്രമേ പ. ബാവാ തിരുമേനിയുടെയും, വർക്കിങ് കമ്മിറ്റിയുടെയും നിയന്ത്രണത്തിൽ വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് ഒരു

ന്യൂനതയാണ്. പ്രതിവർഷം 50 കോടി രൂപയെങ്കിലും കേന്ദ്രതലത്തിൽ കണ്ടെത്തിയാൽ മാത്രമേ സഭയുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. സഭ പുതിയ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തണം.

എം.ഡി. കൊമേഴ്സ്യൽ സെന്ററിൽനിന്ന് ഇപ്പോഴും കുറഞ്ഞ നിരക്കിലുള്ള വാടകയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കോട്ടയം ടൗണിൽ സ്ക്വ.ഫീറ്റിന് 50 രൂപ വാടക ലഭിക്കുമ്പോൾ നമുക്ക് 15 രൂപ മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. അത് വർദ്ധിപ്പിക്കുവാൻ സഭ നടപടികൾ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്.

എം.ഡി. കോമേഴ്സ്യൽ സെന്ററിന്റെ മുകളിലുള്ള രണ്ടു നിലകൾ പണിയാൻ ഇനി അനുവാദം ലഭിക്കുകയില്ല. ഹൈവേ റൂൾസ് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നമുക്ക് അത് പൂർത്തിയാക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ 50 ലക്ഷം രൂപയിൽ അധികം പ്രതിവർഷം ലഭിക്കുമായിരുന്നു. ഇപ്പോഴുള്ള കെട്ടിടത്തിനു മുകളിൽ റൂഫിങ് നടത്തി വാടകയ്ക്കു കൊടുത്താൽ 40 ലക്ഷം രൂപ പ്രതിവർഷം ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

ഇപ്പോൾ എം.ഡി. കോമ്പൗണ്ടിൽ സഭ നിർമ്മിക്കാനുദ്ദേശിക്കുന്ന ഇന്റർനാഷണൽ കൺവൻഷൻ സെന്റർ കോട്ടയത്തിന്റെ ഭാവി വികസനത്തിന് കൂടുതൽ ഫലപ്രദമാകും. 20 കോടി രൂപയോളം ചെലവിൽ ഈ പദ്ധതി പൂർത്തിയാകുമ്പോൾ സഭയ്ക്ക് പ്രതിവർഷം 2 കോടി രൂപയെങ്കിലും ആദായം ലഭിക്കും.

കെ.കെ. റോഡിനഭിമുഖമായി എം.ഡി.കോമ്പൗണ്ടിൽ ഉപയോഗരഹിതമായി കിടക്കുന്ന രണ്ടര ഏക്കർ സ്ഥലത്ത് സഭ വികസനപ്രവർത്തനങ്ങൾ നടത്തണം. കോടിക്കണക്കിനു രൂപ വിലമതിക്കുന്ന ഈ ഭൂമി ഫലപ്രദമായി വിനിയോഗിക്കണം. 15-20 നിലകളിലായി ഒരു ഇന്റർനാഷണൽ ട്രേഡ് സെന്റർ നിർമ്മിച്ചാൽ നമ്മുടെ ഭാവി സ്വപ്നങ്ങൾ പൂവണിയിക്കുവാൻ സാധിക്കും. ഇത്തരം സംരംഭങ്ങൾ ഭാഗികമായി ബി.ഒ.ടി. വ്യവസ്ഥയിൽ പൂർത്തീരിക്കുവാൻ പലരും രംഗത്തുണ്ട്. ഇതൊക്കെയും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നമുക്കു കഴിയണം.

തിരുവനന്തപുരത്തെ ബസേലിയോസ് മന്ദിരത്തെ സംബന്ധിച്ചുണ്ടായ കേസുകൾ എല്ലാം ഒത്തുതീർന്നു. 3 പതിറ്റാണ്ടിലേറെയായി നടന്ന കേസുകൾ പിൻവലിച്ചത് ഇടവകയുടെയും ഭദ്രാസനത്തിന്റെയും സഭയുടെയും തിരുവന്തപുരത്തെ വളർച്ചയ്ക്ക് ആക്കം വർദ്ധിപ്പിക്കും. തിരുവനന്തപുരത്തും പുതിയ മന്ദിരങ്ങൾ നിർമ്മിച്ചാൽ സഭയ്ക്ക് ഒരു വിഹിതം ലഭിക്കും.

നേതൃത്വം ആത്മീകമായി വളരുമ്പോൾ വിശ്വാസിസമൂഹം ക്രിയാത്മകമായി പ്രതികരിക്കുന്നു

ടൂറിസം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ഒട്ടേറെ സഭാംഗങ്ങൾ പതിവായി ഇത്തരം കേന്ദ്രങ്ങൾ സന്ദർശിക്കാറുണ്ട്. വലിയതുക താമസ സൗകര്യത്തിനു വേണ്ടി ഇവർ ചിലവഴിക്കുന്നുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ സഭയുടെയോ, ഭദ്രാസനത്തിന്റെയോ, ഇടവകയുടെയോ ആഭിമുഖ്യത്തിൽ ഗസ്റ്റ്ഹൗസുകൾ പണിയണം. മൂന്നാർ, തേക്കടി, പീരുമേട്, കോട്ടയം, എറണാകുളം, കൂനൂർ, വൈത്തിരി, സുൽത്താൻ ബത്തേരി, കുടക്, മൈസൂർ, ബാംഗ്ലൂർ, ശാസ്താംകോട്ട, തിരുവനന്തപുരം തുടങ്ങി ഇത്തരം കേന്ദ്രങ്ങൾ ഇതിനായി പരിഗണിക്കാം. എല്ലാ കേന്ദ്രങ്ങളിലും നമുക്ക് സ്ഥലവുമുണ്ട്. കൂനൂരിലും മൂന്നാറിലും ഇടവകതലത്തിൽ ചെറിയതോതിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. മാർത്തോമ്മാ സഭയുടെ മൂന്നാർ ഗസ്റ്റ് ഹൗസിൽ നിന്നു മാത്രം 50 ലക്ഷത്തിലേറെ വരുമാനം ലഭിക്കുന്നു. കത്തോലിക്കാ സഭയ്ക്ക് മിക്ക കേന്ദ്രങ്ങളിലും ഗസ്റ്റ് ഹൗസുകൾ നിലവിലുണ്ട്. മറ്റു സമുദായങ്ങളും ഇത്തരം കേന്ദ്രങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രോജക്ടുകൾ ഇടവകതലത്തിലും ഭദ്രാസനതലത്തിലും പൂർത്തീകരിക്കാവുന്നതാണ്.

സഭ അടിയന്തിരമായി ഒരു വികസനഫണ്ട് രൂപവൽക്കരിക്കണം. എങ്കിൽ മാത്രമേ ഇത്തരം സംരംഭങ്ങൾ പൂർത്തീകരിച്ച് സ്ഥിരവരുമാനം കണ്ടെത്താൻ സാധിക്കുകയുള്ളൂ. സഭാംഗങ്ങളിൽ നിന്ന് സംഭാവനയായോ, പലിശരഹിത ബോണ്ടായോ തുക സ്വീകരിച്ച് 100 കോടി രൂപയുടെ ഒരു വികസനഫണ്ട് സ്വരൂപിക്കണം. സഭ ഒറ്റക്കെട്ടായി ശ്രമിച്ചാൽ ഈ തുക കണ്ടെത്തുവാൻ ബുദ്ധിമുട്ടില്ല.

ആത്മീയ നവോത്ഥാനം

കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധമായി 2002 മുതൽ 2012 വരെയുള്ള കാലം ആത്മീയ നവോത്ഥാനദശകമായി സഭ പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതിനനുസൃതമായി കൂടുതൽ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുവാൻ സാധിച്ചുവോ എന്നത് സ്വയം പരിശോധനയ്ക്കു വിധേയമാക്കണം. എന്നാൽ സഭയുടെ പൊതുവായ ആത്മീയ രംഗങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ ഈ കാലയളവിൽ നേടിയെടുക്കുവാൻ സാധിച്ചു എന്നത് വലിയ ദൈവകൃപയാണ്.

* നൂറ്റമ്പതിലേറെ ദേവാലയങ്ങൾ പുതുക്കി പണിയുകയോ, നവീകരിക്കുകയോ ചെയ്തു.
* പല ഇടവകകളുടെയും അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചു.
* വി. കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെയും വി. കുർബാന സ്വീകരിക്കുന്നവരുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായി. എല്ലാ ദേവാലയങ്ങളിലും മുൻകാലങ്ങളിലേക്കാൾ വിശ്വാസികളുടെ സഹകരണം ഉണ്ടായി.
* പെരുനാളുകൾ കൂടുതൽ ചിട്ടയോടുകൂടി അനുഷ്ഠിക്കുന്നു.
* തീർത്ഥാടനകേന്ദ്രങ്ങളുടെ ഒക്കെ വികസനത്തോടൊപ്പം തീർത്ഥാടരുടെ എണ്ണവും വർദ്ധിച്ചു.
* ആത്മീയസംഘടനകളുടെ പ്രവർത്തനങ്ങൾ സഭയിലുടനീളം കാര്യക്ഷമമായി നടത്തപ്പെട്ടു.
* പുതിയ ഭദ്രാസനങ്ങളും പുതിയ ക്രമീകരണങ്ങളും നിലവിൽ വന്നു. 14 മെത്രാപ്പോലീത്തമാരെ പുതുതായി നിയമിച്ചു.
* പ്രീമാരിറ്റൽ കൗൺസിലിങ് മിക്ക ഭദ്രാസനങ്ങളിലും നടപ്പിൽ വരുത്തി.
* ദശാംശം കൊടുക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ്. അത് കാതോലിക്കാദിനപിരിവിലും പ്രതിഫലിക്കുന്നു.
* സിലബസ് പരിഷ്കരണത്തോടൊപ്പം സണ്ടേസ്കൂൾ അസോസിയേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിച്ചു.
* പുതിയ ആശ്രമങ്ങളും ശാഖകളും നിലവിൽ വന്നു. നൂറിലേറെ സന്യാസി-സന്യാസിനികൾ പുതുതായി അംഗങ്ങളായി.
* തിരുവിതാംകോട്, മൈലാപ്പൂർ, മട്ടാഞ്ചേരി തുടങ്ങിയ പൈതൃക കേന്ദ്രങ്ങളുടെ വികസനം.
* സഭയുടെ വൈദിക സെമിനാരികളുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമായി. നാഗ്പൂർ സെമിനാരി വികസനത്തിന്റെ പാതയിൽ മുന്നേറുന്നു.
* സഭയിൽ വളരെയേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്ന തിരുവനന്തപുരം, കോയമ്പത്തൂർ, കുന്നംകുളം, എറണാകുളം എന്നീ സ്ഥലങ്ങളിലെ തർക്കങ്ങൾ പൂർണ്ണമായോ ഭാഗികമായോ പരിഹരിക്കപ്പെട്ടു. ഭദ്രാസനവിഭജനത്തെ തുടർന്ന് ഉണ്ടായ തർക്കങ്ങളും പരിഹരിക്കപ്പെട്ടു.
* സഭയുടെ മിഷൻ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. പുതിയ കാരുണ്യ സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും ആരംഭിക്കപ്പെട്ടു.
* ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ 60 ഇടവകകൾ.
* ഗോസ്പൽ ടീമുകളുടെ സാന്നിദ്ധ്യം നമ്മുടെ കൺവൻഷനുകൾക്ക് കുറെക്കൂടെ ഉണർവേകി.
* ഇടവക പൊതുയോഗങ്ങൾ കുറച്ചുകൂടി ശാന്തമായി. വൈദികരുടെ സേവനം കുറച്ചുകൂടി കാര്യക്ഷമമായി. സണ്ടേസ്കൂളുകളുടെയും പ്രാർത്ഥനാ യോഗങ്ങളുടെയും പ്രവർത്തനങ്ങൾ സജീവമായി.
* ശതാബ്ദിയോടനുബന്ധിച്ച് പ. ബാവാ തിരുമേനിയുടെ കൽപനപ്രകാരം നടത്തിയ 100 മണിക്കൂർ അഖണ്ഡ പ്രാർത്ഥനയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 25000 ലേറെ വിശ്വാസികൾ പങ്കെടുത്തു.
* ബൈബിൾ വായനയും, പഠനവും വളരെയധികം വിശ്വാസികളുടെ ദിനചര്യയുടെ ഭാഗമായി.

ഇതൊക്കെയും സഭാ പ്രവർത്തനരംഗത്തെ നവോത്ഥാനലക്ഷണങ്ങളാണ്. എന്നാൽ വ്യക്തി/കുടുംബങ്ങളുടെ പരിവർത്തനത്തിൽ കൂടി മാത്രമേ പൊതുവായ നവോത്ഥാനപ്രക്രിയ പൂർത്തീകരിക്കപ്പെടുകയുള്ളൂ. ഇതു കണക്കാക്കി കർമ്മപരിപാടികൾ ആവിഷ്കരിക്കണം. കരിസ്മാറ്റിക് കൺവൻഷനുകളുടെ ഗുണഭോക്താക്കളെ പറ്റി ഒട്ടേറെ ചർച്ചകൾ നടന്നുകഴിഞ്ഞു. അതുമൂലം ചിലരുടെയെങ്കിലും വ്യക്തിജീവിതത്തിൽ, കുടുംബജീവിതത്തിൽ ഉണ്ടാക്കിയ പരിവർത്തനം നന്മയുടെ വശമാണ്. കത്തോലിക്കാസഭ ഒരു പരിധി വരെ സജീവമായത് ഈ നവോത്ഥാനപ്രക്രിയയിലൂടെയാണ്. നമ്മുടെ ഇടവകകളിൽ ഏകദിനധ്യാനവും, വ്യക്തിഗത കൗൺസിലിംഗുമൊക്കെ കൂടുതലായി നടപ്പിൽ വരുത്തണം. അതുപോലെ ബൈബിൾ പഠനം, വിശ്വാസപഠനം, ആരാധനപഠനം ഒക്കെ അനിവാര്യമാണ്.

ഹ്യൂമൻ റിസോഴ്സ്

സഭയുടെ എച്ച്.ആർ. വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള

കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ പരിമിതമായ മേഖലകളിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. കേന്ദ്രസമിതിയോടൊപ്പം ഭദ്രാസനസമിതികളും നിലവിൽ വരണം. മൊത്തത്തിൽ 250 പേരെങ്കിലും അംഗങ്ങളായ എച്ച്.ആർ. വിഭാഗം നിലവിൽ വരണം.

സഭയുടെ സമഗ്രവികസനത്തിന് ആവശ്യമായ ഒരു ഡേറ്റാ ബാങ്കിന് രൂപം നൽകുവാൻ എച്ച്.ആർ. വിഭാഗം ആദ്യം ശ്രദ്ധിക്കണം. ഓരോ ഭദ്രാസനത്തിലും വ്യത്യാസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന വരുടെ ലിസ്റ്റ് തയ്യാറാക്കണം. ഡോക്ടേഴ്സ്, എൻജിനീയേഴ്സ്, ലോയേഴ്സ്, ഉന്നത ഗവ. ഉദ്യോഗസ്ഥർ, വ്യവസായ സംരംഭകർ, ഐ.ടി. മേഖല, സെക്രട്ടേറിയറ്റ് തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഭാംഗങ്ങളുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കണം. അത് ഭദ്രാസനത്തിനു പുറമെ ഒരു സിറ്റി കേന്ദ്രീകരിച്ച് പ്രാദേശിക തലത്തിലും തയ്യാറാക്കണം.

ഓരോ വിഭാഗത്തിന്റെയും പ്രാദേശികമായ ഒത്തുചേരലുകൾ 6 മാസത്തിലൊരിക്കൽ എങ്കിലും സംഘടിപ്പിക്കണം. സഭയുടെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളുമായി അവർക്ക് സഹകരിക്കുവാൻ അവസരമൊരുക്കണം. ഭാവിയിൽ നമ്മുടെ എല്ലാ ഭദ്രാസനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ ആരംഭിക്കേണ്ടിവരും. അത്തരം അവസരങ്ങളിൽ ഇതുപോലെയുള്ള ഡോക്ടേഴ്സിന്റെ സേവനം ഭാഗികമായും പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ നമുക്കു സാധിക്കും. തിരുവനന്തപുരം സിറ്റിയിൽ മാത്രം സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 120 ലേറെ ഡോക്ടർമാരുടെ കൂട്ടായ്മ നമുക്കുണ്ട്. തിരുവനന്തപുരത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അവരുടെ സേവനം ഇതിനോടകം വാഗ്ദാനം ചെയ്യപ്പെട്ടുകഴിഞ്ഞു.

സഭയ്ക്കു ഭാവിയിൽ ഒരു ഐ.ടി. പാർക്ക് നിലവിൽ വരണമെന്ന് ആഗ്രഹിക്കുന്നു. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സേവനം അവിടെ ഉപയോഗപ്പെടുത്താം.

എച്ച്.ആർ. വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓരോ വിഭാഗത്തിന്റെയും നേതൃത്വ സംഗമങ്ങൾ സംഘടിപ്പിക്കണം.

കൂടാതെ സഭയുടെ സ്ഥാപനങ്ങളെപ്പറ്റി പഠിച്ച് അവയുടെ നിലവാരം ശാസ്ത്രീയമായി വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്താൽ പല സ്ഥാപനങ്ങളും ഉന്നത നിലവാരത്തിലെത്തിക്കുവാൻ സാധിക്കും.

സുവിശേഷം

സഭ ഏറ്റവും പ്രാധാന്യം നൽകേണ്ട വസ്തുതയാണ് സുവിശേഷ പ്രവർത്തനം. പ്രത്യേകിച്ച് മലങ്കരസഭയുടെ 1960-ാം വാർഷികം നാം ആഘോഷിക്കുമ്പോൾ പ. മാർത്തോമ്മാ ശ്ലീഹാ നമുക്കു കാട്ടിത്തന്ന സുവിശേഷ പാത പിന്തുടരണം. സുവിശേഷത്തിന്റെ പാതയിൽ മലങ്കരസഭയ്ക്ക് കൂട്ടിച്ചേർക്കുവാൻ ഇനിയും വളരെയുണ്ട്. ഇന്ന് സഭാംഗങ്ങളോടു മാത്രമാണ് നാം സുവിശേഷം അറിയിക്കുന്നത് എന്നൊരു ചിന്താഗതി സഭയിലുണ്ട്. ആ നില നാം മാറ്റിയെടുക്കണം. സുവിശേഷത്തിന്റെ ചൈതന്യം നാം ഉൾക്കൊള്ളണം. സ്നേഹത്തിന്റെ സുവിശേഷത്തോടൊപ്പം യേശുക്രിസ്തുവിന്റെ രക്ഷയുടെ സുവിശേഷവും പങ്കിടണം. മാർത്തോമ്മാ സുവിശേഷ സംഘത്തിന് 56 മിഷൻ കേന്ദ്രങ്ങളും 306 സുവിശേഷകരും 56 മിഷനറിമാരുമുള്ളപ്പോൾ നമ്മുടെ സഭയിൽ സുവിശേഷ മേഖലയിൽ പ്രവർത്തിക്കുവാൻ തയ്യാറാകുന്നവർ വളരെ കുറവാണ്. എന്നാൽ റിട്ടയർമെന്റിനു ശേഷം ഇത്തരം സ്ഥലങ്ങളിൽ പ്രവർത്തിക്കുവാൻ പലരും മുന്നോട്ടുവരുന്നത് ശുഭസൂചനയാണ്. അടുത്തകാലത്ത് ഒരു ഉന്നത ഐ.എ.എസ്. ഉദ്യോഗസ്ഥൻ കലഹണ്ടിയിൽ പ്രവർത്തിക്കുന്നതിനുള്ള താല്പര്യം പരസ്യമായി അറിയിക്കുകയുണ്ടായി. വിവിധ ഭാഷകളിൽ നമ്മുടെ കുർബാന നടപ്പിൽ വരുത്തണം.

പരിസ്ഥിതി/കാർഷികം

പരിസ്ഥിതി സംരക്ഷണം മലങ്കരസഭയുടെ പ്രധാനപ്രചാരണ വിഷയമാണ്. സഭാംഗങ്ങളെയും സമൂഹത്തെ തന്നെയും നാം ബോധവൽക്കരിക്കണം. സഭയ്ക്ക് അഭിവന്ദ്യ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ പരിസ്ഥിതി കമ്മീഷൻ നിലവിലുണ്ട്. പരിസ്ഥിതി സംരക്ഷണം കാലഘട്ടത്തിന്റെ ആവശ്യവും, ദൈവനിയോഗവുമാണ്.

വയനാട്, ഇടുക്കി മേഖലകളിൽ സഭ കാർഷിക സെന്ററുകൾ രൂപീകരിക്കേണ്ടതാണ്. ഇതിനു നാഷണൽ ഹോർട്ടികൾച്ചർ ബോർഡ് ധനസഹായം നൽകുന്നുണ്ട്. ഇതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി ഇത്തരം സ്ഥാപനങ്ങളിൽ നൽകേണ്ടതാണ്. ഇടുക്കിയിൽ ഔഷധസസ്യങ്ങളുടെ നഴ്സറി തുടങ്ങാവുന്നതാണ്. മാർത്തോമ്മാ സഭയ്ക്ക് തിരുവല്ലായ്ക്കു സമീപം തെള്ളിയൂരിൽ 3 പതിറ്റാണ്ടിലേറെക്കാലമായി കാർഷിക ഗവേഷണ കേന്ദ്രവും വിജ്ഞാനകേന്ദ്രവും നിലവിലുണ്ട്.

ചരിത്ര ഡയറക്ടറി

മലങ്കരസഭയുടെ ആരംഭം മുതൽ ഇതുവരെയുള്ള പ്രധാനസംഭവങ്ങളെയും, വ്യക്തികളെയും ഉൾപ്പെടുത്തി ഒരു ചരിത്ര ഡയക്ടറി പ്രസിദ്ധീകരിക്കണം. മാർ തോമാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനം, അതിനുശേഷമുള്ള നൂറ്റാണ്ടുകളിലെ സഭാ പ്രവർത്തനത്തിന്റെ ലഘു ചരിത്രം, വിദേശ ആഗമനങ്ങൾ, വിവിധ കാലഘട്ടങ്ങളിൽ സഭയ്ക്ക് ലഭിച്ച പദവികൾ, പേർഷ്യൻ കുടിയേറ്റം, ക്നായി തോമ്മായുടെയും കൂട്ടരുടെയും ആഗമനം, പുരാതനസഭാ കേന്ദ്രങ്ങൾ, സാംസ്കാരിക തനിമകൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. കഴിഞ്ഞ 4-5 നൂറ്റാണ്ടുകളിൽ സഭയെ നയിച്ച പിതാക്കന്മാർ, അവരുടെ ലഘുചരിത്രം, ചരിത്ര സംഭവങ്ങൾ, പുരാതനദേവാലയങ്ങൾ എന്നിവയും ഉൾപ്പെടുത്തണം. അതോടൊപ്പം കഴിഞ്ഞ നൂറ്റാണ്ടിലെ പ്രധാനസംഭവങ്ങൾ, വ്യക്തികൾ, കോടതിവിധികൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ ലഘുവിവരങ്ങളും ചിത്രങ്ങൾ സഹിതം ഉൾപ്പെടുത്തേണ്ടതാണ്.

ടി.വി. ചാനൽ

സഭയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു ടെലിവിഷൻ ചാനൽ വിശ്വാസികളുടെ സ്വപ്നമാണ്. ഇന്ത്യയിൽ പതിനഞ്ചിലേറെ ക്രിസ്ത്യൻ ചാനലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒട്ടേറെ ചാനലുകൾ വിവിധ സഭകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. സഭയിലെ ഭൂരിപക്ഷം വ്യക്തികളും ഇത്തരം ചാനലുകൾ ദർശിക്കുന്നവരാണ്. സഭാവിശ്വാസത്തിൽനിന്നും അകന്നുപോകുന്നതിന് ഇതു പലപ്പോഴുംകാരണമാകുന്നു. ദൃശ്യശ്രവണ മാദ്ധ്യമങ്ങൾ സഭാ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിൽ നാം ഏറ്റവും പിന്നിലാണ്. മറ്റു ചാനലുകളിൽ കൂടി നമ്മുടെ പ്രവർത്തനങ്ങൾ ഉടൻ വിപുലീകരിക്കണം. അനതിവിദൂരഭാവിയിൽ സഭാംഗങ്ങളുടെ പൂർണ്ണപങ്കാളിത്തത്തിൽ ഒരു ചാനൽ പ്രവർത്തനസജ്ജമാകണം. മാർത്തോമ്മാ സഭ 'മലങ്കര ദർശൻ' എന്ന പേരിൽ ചാനലിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോഴുള്ള ഇന്റർനെറ്റ്/ടിവി/റേഡിയോ ഒക്കെ സഭയ്ക്ക് വളരെയധികം പ്രയോജനകരമാണ്.

ദൈവകൽപന പ്രകാരം മുഴുവൻ ദശാംശവും ദേവാലയത്തിൽ ശേഖരിക്കുന്നതിനുള്ള പദ്ധതി വേണം

സ്ലീബാദാസ സമൂഹം

മുൻകാലങ്ങളിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോയ വിഭാഗമാണ് സ്ലീബാദാസ സമൂഹം. അടുത്തകാലത്ത് സഭയുടെ ശ്രദ്ധ കൂടുതലായി പതിഞ്ഞിട്ടുണ്ട്. 1924 ൽ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ പ്രസ്ഥാനം സഭയുടെ പൈതൃക സ്വത്താണ്. അദ്ദേഹം അധഃസ്ഥിത വിഭാഗങ്ങളിൽപെട്ട 25000 പേരെ മാമ്മോദീസാ മുക്കി സഭയോടു ചേർത്തു. ഒരു പക്ഷേ മാർ തോമ്മാ ശ്ലീഹായ്ക്കു ശേഷം നമ്മുടെ സഭയിൽ ഏറ്റവും കൂടുതൽ പേരെ സുവിശേഷത്തിൽ കൂടി സഭയിൽ ചേർത്തത് അദ്ദേഹമാണ്. ഇന്ന് 1,25,000 അംഗങ്ങൾ ഉണ്ടെന്നു പ്രസ്ഥാനത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. എങ്കിൽ രണ്ടു ഭദ്രാസനത്തിന്റെ എങ്കിലും അംഗസംഖ്യ ഈ സമൂഹത്തിനുണ്ട്. സ്ലീബാദാസ സമൂഹത്തിന് ഒരു ഭദ്രാസനത്തിന്റെ പദവി നൽകി ഒരു മെത്രാപ്പോലീത്തായെ നിയമിക്കുവാൻ പ. സിനഡ് തീരുമാനമെടുക്കണം. സമൂഹാംഗങ്ങളുടെ സമഗ്രമായ വളർച്ചയ്ക്കു വേണ്ടി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കണം. മൈക്രോഫിനാൻസ് പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. സ്ഥാപക മെത്രാപ്പോലീത്തായുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുവാൻ സമൂഹത്തിൽനിന്നും 100 പേരെ തെരഞ്ഞെടുത്ത് സുവിശേഷ പ്രവർത്തനങ്ങൾക്കായി സേവനവേതനവ്യവസ്ഥകളോടെ നിയമിക്കണം. സഭയ്ക്കും സമൂഹത്തിനും വേണ്ടി ഒട്ടേറെ യാതനകൾ സഹിച്ച പത്രോസ് മാർ ഒസ്താത്തിയോസിന്റെ പാവനസ്മരണാർത്ഥം അദ്ദേഹത്തിന്റെ പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം സമൂഹത്തിന്റെ ചുമതലയിൽ പടുത്തുയർത്തണം.

എം.ഡി. കാതോലിക്കേറ്റ് സ്കൂൾസ്

സഭയുടെ വിദ്യാഭ്യാസ ഏജൻസി എന്ന നിലയിൽ ഒട്ടേറെ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. എന്നാൽ അടുത്തകാലത്തുള്ള വികസനപ്രവർത്തനങ്ങൾ പരിമിതമാണ്. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത മാനേജർ ആയിരുന്നപ്പോൾ കോർപ്പറേറ്റ് മനേജ്മെന്റിന്റെ കീഴിൽ ഒട്ടേറെ സ്കൂളുകൾ പുതുതായി ആരംഭിച്ചു. 3 സ്കൂളുകൾ സഭ വിലയ്ക്കു വാങ്ങി. സ്ഥാപനങ്ങളുടെ പ്രവർത്തനനിലവാരം ഉയർത്തി. ഒട്ടേറെ നേട്ടങ്ങൾ ആ കാലഘട്ടത്തിൽ നേടിയെടുക്കുവാൻ സാധിച്ചു. 10 സി.ബി.എസ്.സി. സ്കൂളുകൾ എങ്കിലും സമീപഭാവിയിൽ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കണം.

എം.ഒ.സി. കോളജസ് ഗവേണിങ് ബോർഡ്

ബോർഡിന്റെ കീഴിൽ പത്തനംതിട്ട, കോട്ടയം, സുൽത്താൻ ബത്തേരി, പഴഞ്ഞി, പാമ്പാടി, അടൂർ എന്നീ സ്ഥലങ്ങളിൽ കോളജുകൾ നിലവിലുണ്ട്. ഈ കോളജുകൾ എല്ലാം രണ്ടു പതിറ്റാണ്ടിലേറെ കാലം മുമ്പ് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. മറ്റു സഭകളും, സമുദായങ്ങളും ഓരോ വർഷവും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ നമുക്ക് അതിനു കഴിയാതെപോയത് ഖേദകരമാണ്. സമീപഭാവിയിൽ പുതിയ കോളജുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കണം.

വൈദിക സെമിനാരികൾ

മലങ്കരസഭയ്ക്ക് കോട്ടയത്തും, നാഗ്പൂരിലും വൈദിക സെമിനാരികൾ നിലവിലുണ്ട്. പഠനവിഷയങ്ങളിൽ ഈ രണ്ടു സെമിനാരികളും ഉയർന്ന നിലവാരം നിലനിർത്തുന്നു. മലങ്കരസഭയുടെ സെമിനാരികൾക്ക് സർവ്വകലാശാലാ പദവി ലഭിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. എന്നാൽ വൈദികരുടെ പരിശീലനത്തിൽ ചില മേഖലകളിൽ നാം പിന്നിലാണ്. മറ്റു സഭകളുടെ തിയോളജിക്കൽ സെമിനാരികളിൽനിന്നും പഠനം പൂർത്തിയാക്കുന്നവരുടെ നിലവാരത്തിലെത്തുവാൻ നമുക്കു കഴിയുന്നില്ല. പബ്ലിക് അഡ്മിനിസ്ട്രേഷൻ, ചർച്ച് മാനേജ്മെന്റ്, ചർച്ച് അക്കൗണ്ടിങ്, കൗൺസിലിങ്ങ്, ചർച്ച് ജേർണലിസം എന്നീ വിഷയങ്ങളിൽ നമ്മുടെ വൈദികർക്ക് വ്യക്തമായ പഠനവും, പരിശീലനവും നൽകണം. എങ്കിൽ മാത്രമേ ഇടവകഭരണം കാര്യക്ഷമമായി നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. **വൈദികർക്കുവേണ്ടി ഉന്നതനിലവാരമുള്ള ഒരു പരിശീലന** കേന്ദ്രം ന്യൂഡൽഹിയിൽ ആരംഭിക്കണം.

എം.ഒ.സി. പബ്ലിക്കേഷൻ

സഭാ പ്രസിദ്ധീകരണരംഗത്ത് എം.ഒ.സി. പബ്ലിക്കേഷന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. സഭയുടെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നായ പരുമലയിൽ സൗകര്യപ്രദമായ സ്ഥലത്ത് വിശാലമായ എം.ഒ.സി. സെന്റർ ആരംഭിക്കണം. ഇത് ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് പ്രയോജനപ്പെടും. ആരാധനക്രമങ്ങളുടെ പ്രസിദ്ധീകരണത്തിൽ മുൻ തെറ്റുകൾ ഒഴിവാക്കുവാൻ പരമാവധി ശ്രദ്ധിക്കണം. മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ച സഭാ പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണം സ്വാഗതാർഹമാണ്. സഭയുടെ ചരിത്ര ഡയറക്ടറി, തീർത്ഥാടക ഗൈഡ് എന്നിവ പ്രസിദ്ധീകരിക്കുന്നതിന് എം.ഒ.സി. പബ്ലിക്കേഷൻ മുൻകൈ എടുക്കണം.

സെൻട്രൽ സെക്രട്ടേറിയറ്റ്

സഭയുടെ സെൻട്രൽ സെക്രട്ടേറിയറ്റ് ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കും എന്ന് വിശ്വസിക്കുന്നു. സഭയുടെ എല്ലാ ഓഫീസുകളും ഒരു കുടക്കീഴിൽ വരുന്നതിന്റെ പ്രയോജനം സഭാംഗങ്ങൾക്കു ലഭിക്കണം. ഭദ്രാസനകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട സേവനം ലഭ്യമാക്കണം. പബ്ലിക് റിലേഷൻ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കണം. സഭയെ സംബന്ധിച്ചും, സ്ഥാപനങ്ങളെ സംബന്ധിച്ചുമുള്ള പൂർണ്ണവിവരങ്ങൾ സഭാംഗങ്ങൾക്കു ലഭ്യമാക്കണം.

സഭാംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കണം

സഭാ കേസുകൾ

മലങ്കരസഭയിലെ കേസുകൾക്ക് ഒരു നൂറ്റാണ്ടുകാലത്തിലേറെ പഴക്കമുണ്ട്. 1879 ൽആലപ്പുഴ ജില്ലാകോടതിയിൽ ആരംഭിച്ച് 1889 ലെ റോയൽ കോർട്ട് വിധിയോടെ അവസാനിച്ച നവീകരണ വിഭാഗക്കാരുമായിട്ടുള്ള കേസായിരുന്നു ഒന്നാമത്തേത്. പ. വട്ടശ്ശേരിൽ തിരുമേനിയെ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് അന്യായമായി മുടക്കിയതിനെതുടർന്ന് വട്ടിപ്പണ കേസ് ഉദ്ഭവിച്ചു. പ. ഗീവർഗീസ് ദ്വിതീയൻ ബാവയെയും അനുയായികളെയും സഭയിൽനിന്നു ബഹിഷ്കരിക്കുന്നതിനു പാത്രിയർക്കീസ് വിഭാഗം കൊടുത്ത സമുദായ കേസ് 1958 ലെ സുപ്രീംകോടതി വിധിയോടെ അവസാനിച്ചു. ഏറ്റവും ഒടുവിൽ 1975 ൽ ആരംഭിച്ച് 1995 ലെ സുപ്രീംകോടതിവിധിയോടെ പര്യവസാനിച്ച സഭാകേസ്. ഈ നാലുകേസിലും രാജ്യത്തെ പരമോന്നത കോടതി മലങ്കരസഭയുടെ അവകാശങ്ങളും പൗരസ്ത്യ കാതോലിക്കയുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അധികാര അവകാശങ്ങളും അംഗീകരിച്ചു നൽകിയിട്ടുള്ളതാണ്.

ആദ്യ കേസുകളിൽ മലങ്കരസഭ മുഴുവൻ നിറഞ്ഞുനിന്നിരുന്നുവെങ്കിൽ ഇന്ന് വ്യാപ്തി ഏതാനും ഇടവകകളിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. ബഹു. സുപ്രീംകോടതിയിലും, ബഹു. ഹൈക്കോടതിയിലും നിലനിൽക്കുന്ന എക്സിക്യൂഷൻ കേസുകൾക്ക് അനുകൂലമായി തീർപ്പുകൽപ്പിക്കുന്നതോടെ കേസുകളിൽനിന്ന് നമുക്കു വിമുക്തി നേടാം എന്നു പ്രത്യാശിക്കാം.

നഗരവൽക്കരണം

കേരളത്തിലെ നഗരവൽക്കരണത്തിന് രണ്ടു പതിറ്റാണ്ടിലേറെ കാലത്തെ ചരിത്രമുണ്ട്. തിരുവനന്തപുരം, കൊച്ചി,കോഴിക്കോട് എന്നീ നഗരങ്ങൾ ഉൾപ്പെടെ നിരവധി നഗരങ്ങൾ അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, മറ്റ് ഐ.ടി. പാർക്കുകൾ, സ്മാർട് സിറ്റി, എമേർജിങ് കേരള പദ്ധതികൾ, മെട്രോ-മോണോ റെയിൽവേ ഇതൊക്കെ നഗരങ്ങളിലേക്ക് കൂടുതൽ പേർ ചേക്കേറുവാൻ ഇടയാക്കും. അടുത്ത 10 വർഷത്തിനുള്ളിൽ 10 ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. ഇപ്പോൾ തന്നെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലായി ഒരു ലക്ഷത്തിലധികം ഓർത്തഡോക്സ്കാർ സ്ഥിരതാമസക്കാരായോ ദിവസവും ജോലിക്കു വരുന്നവരായോ ഉണ്ട്. ഇത് നമ്മുടെ ഉത്തരവാദിത്വം വളരെയധികം വർദ്ധിപ്പിക്കുന്നു. കൂടുതൽ ദേവാലയങ്ങൾ ഇത്തരം നഗരങ്ങളിൽ പണിയേണ്ടിവരും. അതിനുള്ള ആലോചനകൾ ഇപ്പോഴേ ആരംഭിക്കണം. ലഭ്യമായിടത്തൊക്കെ പുതിയ സ്ഥലങ്ങൾ വാങ്ങണം. സ്ഥലപരിമിതി നഗരങ്ങളിലെ ഒരു മുഖ്യപ്രശ്നമാണ്. അതുപോലെ കൂടുതൽ സഭാ കേന്ദ്രങ്ങളും സ്ഥാപനങ്ങളും നഗരങ്ങളിൽ ആരംഭിക്കണം. തിരുവനന്തപുരത്തും എറണാകുളത്തും നിലനിന്നിരുന്ന ഇടവക തർക്കങ്ങൾക്ക് ഏറെക്കുറെ പരിഹാരമായി കഴിഞ്ഞു. അത് ഇപ്പോഴുള്ള ഇടവകകളുടെയും വികസനത്തിനു വഴിതെളിക്കും.

ആത്മീയ പ്രസ്ഥാനങ്ങൾ

മലങ്കരസഭയിൽ ഒട്ടേറെ ആത്മീയ പ്രസ്ഥാനങ്ങൾ നിലവിലുണ്ട്. പ്രവർത്തനങ്ങൾ പൊതുവെ മെച്ചപ്പെട്ടു വരുന്നതിൽ നമുക്ക് അഭിമാനിക്കാം. എംജി.ഒ.സി.എസ്.എം., മർത്തമറിയം സമാജം, ബാലികാ-ബാല സമാജം, സണ്ടേസ്കൂൾ അസോസിയേഷൻ, പ്രാർത്ഥനാ യോഗങ്ങൾ ഇവയുടെ ഒക്കെ പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ടിട്ടുണ്ട്.

എന്നാൽ ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും അനേകവർഷങ്ങൾ പിന്നിലാണ്. സഭയിലെ 5 ലക്ഷത്തിലേറെ യുവതീ-യുവാക്കളെ പ്രതിനിധീകരിക്കുന്നതും 50000 ലേറെ അംഗങ്ങൾ ഉള്ളതുമായ ഒരു വലിയ പ്രസ്ഥാനം പ്രവർത്തനരംഗത്ത് പിന്തള്ളപ്പെടുന്നത് തീർത്തും ദുഃഖകരമാണ്. ചില ഭദ്രാസനസമിതികളും ഇടവക യൂണിറ്റുകളും മികച്ച നിലയിൽ പ്രവർത്തിക്കുമ്പോൾ കേന്ദ്രസമിതിയുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധമോ ലക്ഷ്യമോ ഇല്ല. കേവലം 10 ലക്ഷത്തിൽ താഴെ മാത്രം വാർഷിക ബഡ്ജറ്റുള്ള പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ മറ്റു യുവജനപ്രസ്ഥാനങ്ങളുടെ വാർഷിക ബഡ്ജറ്റുമായി താരതമ്യം ചെയ്താൽ മാത്രം മതി. എം.ജി.ഒ.സി.എസ്.എം.ന്റേത് 13 കോടിയും, മാർത്തോമ്മാ യുവജനസഖ്യത്തിന്റേത് 5 കോടിയുമാണ്. മറ്റു സഭകളിലൊക്കെ അവരുടെ യുവജനസംഘടനകൾ സജീവമാണ്. നമ്മുടെ സഭയിലും യുവജനപ്രസ്ഥാനത്തിന്റെ ചില വിദേശ യൂണിറ്റുകളിൽ 25 ലക്ഷത്തിലേറെ നീക്കിയിരിപ്പ് ഉണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ കേന്ദ്ര പ്രവർത്തനങ്ങൾ ശുഷ്കമാണ് എന്നതിൽ സംശയമില്ല.

അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കാലത്ത് കുന്നംകുളത്ത് ഒരു യൂത്ത് സെന്ററും (ഇപ്പോൾ പ്രവർത്തിക്കുന്നില്ല) അഭിവന്ദ്യ യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയുടെ കഠിനപരിശ്രമത്താൽ കോട്ടയത്ത് ഒരു ആസ്ഥാനവും ഒഴിച്ചാൽ മറ്റൊന്നിനും രൂപംകൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ആസ്തിയും ആസ്ഥാനവും വരുമാനവും മനുഷ്യവിഭവശേഷിയുമൊക്കെ ഉണ്ടെങ്കിലേ ഇന്ന് പ്രസ്ഥാനങ്ങൾക്ക് വളർച്ചയുള്ളു എന്ന യാഥാർത്ഥ്യം ഇനിയെങ്കിലും മനസ്സിലാക്കണം. കഴിഞ്ഞ 3 പതിറ്റാണ്ടുകൾക്കു മുമ്പ് നടത്തിയിരുന്ന കൊരട്ടി-നൂറനാട് കുഷ്ഠരോഗാശുപത്രികളിലെ സന്ദർശനം ഉൾപ്പെടെയുള്ള അജണ്ട ഇന്നും നടപ്പിൽ വരുത്തുകയാണ്.

യുവജനപ്രസ്ഥാനം കേന്ദ്രനേതൃത്വം സ്വയം വിമർശനത്തിനു തയ്യാറാകണം. രണ്ടുദിവസം എവിടെയെങ്കിലും സമ്മേളിച്ച് ഭാവി പരിപാടികൾക്ക് വിശദമായ പ്ലാൻ തയ്യാറാക്കണം. മൂന്ന് വർഷത്തിലൊരിക്കൽ എങ്കിലും ഒരു പ്രോജക്ട് പൂർത്തിയാക്കണം. അതിനുള്ള കരുത്ത് ഓർത്തഡോക്സ് യുവജനപ്രസ്ഥാനം അംഗങ്ങൾക്കുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ യൂത്ത് സെന്ററുകൾ പടുത്തുയർത്തണം. യുവജനപ്രസ്ഥാനത്തിന്റെ 1000 ലധികം മുൻ ഭാരവാഹികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പ്രസ്ഥാനത്തിനു വേണ്ടി ഏതു സഹായവും നൽകാൻ അവർ തയ്യാറാണ്. അവരിൽനിന്നും പ്രതിവർഷം മിനിമം 500 രൂപയെങ്കിലും സ്വീകരിക്കണം. അതുപോലെ നിലവിലുള്ള അംഗങ്ങൾ നൂറു രൂപ വീതം നൽകിയാൽപോലും 50 ലക്ഷം രൂപയോളം ലഭിക്കും. ഈ രീതിയിൽ മൂന്ന് വർഷംകൊണ്ട് മൂന്ന് കോടി രൂപയുടെ ഒരു പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കും.

സഭാ പ്രസിദ്ധീകരണങ്ങൾ

മലങ്കര സഭാ പത്രിക, മലങ്കരസഭാ മാസിക എന്നിവ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങളാണ്. ഇതിൽ മലങ്കരസഭാ പത്രിക

ചില സാങ്കേതിക കാരണങ്ങളാൽ കഴിഞ്ഞ ആറ് മാസമായി പ്രസിദ്ധീകരിക്കുന്നില്ല. രണ്ടു മാസത്തിനകം പ്രസിദ്ധീകരണം പുനരാരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

മലങ്കരസഭാ മാസികയുടെ സർക്കുലേഷൻ 25000 എങ്കിലും ആക്കുവാൻ നടപടികൾ സ്വീകരിക്കണം. കൂടുതൽ സഭാ വാർത്തകൾ മാസികയിൽ ഉൾപ്പെടുത്തണം.

സഭാ പത്രിക ഇപ്പോഴത്തെ നിലയിൽനിന്നും 50000 കോപ്പിയായി ഉയർത്തണം. കാതോലിക്കാദിനപിരിവിന്റെ ടാർഗറ്റ് പോലെ ഇതിനും ഉയർന്ന ലക്ഷ്യം നിശ്ചയിക്കണം. സഭാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ എല്ലാവരും ഇത്തരം പ്രസിദ്ധീകരണങ്ങളുടെ ആയുഷ്കാല വരിക്കാരാകണം. ആത്മീയ സംഘടനാ പ്രവർത്തകരും ഇതേ നിലപാട് സ്വീകരിക്കണം. മലങ്കരസഭയുടെ സെമിനാരികൾക്ക് സർവ്വകലാശാലാ പദവി ലഭിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

സഭയിലെ പ്രസിദ്ധീകരണങ്ങൾക്ക് വരിസംഖ്യ സ്വീകരിക്കുന്നതിന് ഏകജാലക സംവിധാനം നടപ്പാക്കണം

അണുകുടുംബങ്ങൾ

അണുകുടുംബങ്ങളുടെ എണ്ണം അപകടകരമായ രീതിയിൽ വർദ്ധിച്ചുവരുന്നു. ഇടവക ഡയറക്ടറികൾ പരിശോധിച്ചാൽ ഒന്നും രണ്ടും പേർ മാത്രമുള്ള അനേക കുടുംബങ്ങൾ കണ്ടെത്താൻ സാധിക്കും. ഏതാനും വർഷങ്ങൾക്കു ശേഷം ആ കുടുംബം തന്നെ ഇല്ലാതെ വരുന്നു. പൈശാചിക പദ്ധതികളിൽ അകപ്പെടാതെ നമ്മുടെ കുടുംബങ്ങളെ ബോധവൽക്കരിക്കേണ്ടത് സഭയുടെ ദൗത്യമാണ്. കത്തോലിക്കാസഭ സജീവ ചർച്ചകൾക്കു ശേഷം കൽപനകൾ പുറപ്പെടുവിച്ചു കഴിഞ്ഞു. മലങ്കരസഭ ഈ വിഷയത്തിൽ വേണ്ടത്ര ഉണർന്നു പ്രവർത്തിച്ചിട്ടില്ല. മക്കൾ യഹോവ നൽകുന്ന ദാനവും ഉദരഫലം അവൻ തരുന്ന പ്രതിഫലവുമായിത്തന്നെ കണക്കാക്കണം. ദൈവത്തെ ആരാധിക്കുന്ന വിശ്വാസികളുടെ എണ്ണം ഏതു രീതിയിലും കുറയ്ക്കുകയെന്നതാണ് സാത്താന്റെ പ്രധാന ഉദ്ദേശ്യം. വിവാഹ കൂദാശകളിൽ കാർമ്മികൻ നവദമ്പതികളെ ഈ വിഷയത്തിൽ ബോധവൽക്കരിക്കണം. കഴിഞ്ഞ ദിവസം പുതുപ്പള്ളിയിൽ നടന്ന ഒരു വിവാഹ കൂദാശയിൽ അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി ഈ വിഷയത്തിൽ ശക്തമായി പ്രസംഗിക്കുന്നതു കേട്ടു. വളരെ മാതൃകാപരമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. ഈ സന്ദേശം നമ്മുടെ സഭയിലെ എല്ലാ കുടുംബങ്ങളിലും എത്തണം. ആർഭാടമില്ലാതെ ലളിതമായി വിവാഹം നടത്തുന്നതിന് യുവജനങ്ങൾ മുന്നോട്ടുവരണം. വിവാഹമോചനം, അബോർഷൻ, കാരണം കൂടാതെയുള്ള വിവാഹരഹിത ജീവിതം ഇതൊക്കെയും ഒഴിവാക്കപ്പെടേണ്ടതാണ്.

ചിതറി പ്പാർക്കുന്ന എല്ലാവരെയും സഭയുടെ ബന്ധത്തിൽ കൊണ്ടുവരണം

പ്രാദേശിക കേന്ദ്രങ്ങൾ

മലങ്കരസഭയുടെ കോട്ടയത്തെ ആസ്ഥാനത്തിനു പുറത്ത് തിരുവനന്തപുരം, എറണാകുളം, ഡൽഹി എന്നീ കേന്ദ്രങ്ങളിൽ ഓരോ കാതോലിക്കേറ്റ് ആസ്ഥാനങ്ങൾ ഉയർന്നുവരണം. തിരുവനന്തപുരം, ഡൽഹി എന്നിവ സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുടെ ഭരണ സിരാകേന്ദ്രം എന്ന നിലയിൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിന് ഈ കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്താം. എറണാകുളത്തെ സെന്റർ വടക്കൻ ഭദ്രാസനങ്ങളുടെ മുഖ്യ ഭരണകേന്ദ്രമായി ഭാവിയിൽ രൂപാന്തരപ്പെടുത്താം.

മാർജിൻ ഫ്രീ മെഡിക്കൽ സ്റ്റോറുകൾ

2011-12 ലെ സഭയുടെ ബഡ്ജറ്റ് നിർദ്ദേശമാണ് ഇത്. എന്നാൽ സഭയിൽ ഒരു സ്ഥലത്തും ഇത്തരം കേന്ദ്രങ്ങൾ ആരംഭിച്ചതായി അറിയില്ല. പ്രാഥമിക ചർച്ചകൾ പോലും നടന്നിട്ടില്ല. തിരുവനന്തപുരം ഭദ്രാസനത്തിൽ മാത്രം ഇത്തരം സ്റ്റോറുകൾ ആരംഭിക്കുവാൻ ആലോചനയുണ്ട്. കുന്നംകുളത്ത് വളരെ ന്യൂനപക്ഷമായ യാക്കോബായ വിഭാഗം വളരെ വർഷങ്ങളായി ഈ രംഗത്ത് വിജയകരമായി പ്രവർത്തിക്കുന്നു. അതിൽനിന്നുള്ള വരുമാനം മറ്റു വികസനകാര്യങ്ങൾക്കായി ഉപയോഗിക്കുകയുംചെയ്യുന്നു. ഔഷധങ്ങൾക്ക് മൊത്തത്തിൽ 30% മുതൽ 60% വരെ മാർജിൻ ആണ് വ്യാപാരികൾക്കു ലഭിക്കുന്നത്. സാമ്പത്തിക ലാഭവും, സാമൂഹ്യ സേവനവും, ജോലിസാധ്യതയും ഉൾക്കൊള്ളുന്ന ഇത്തരം സ്ഥാപനങ്ങൾ ഭദ്രാസനങ്ങൾക്കും, ഇടവകകൾക്കും ഏറ്റെടുത്തു നടത്താവുന്നതാണ്.

വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വർക്കിങ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കുവാൻ സഭ മുൻകൈ എടുക്കണം. ഒട്ടേറെ സഭാംഗങ്ങളായ വനിതകൾ നഗരങ്ങളിൽ ജോലിക്കായി എത്തുന്നുണ്ട്. ഇത്തരം ഹോസ്റ്റലുകൾക്കാവശ്യമായ ധനസഹായം മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആൻഡ് എംപവർമെന്റിൽനിന്നും ലഭിക്കുന്നതാണ്. ഈ സഹായം ഉപയോഗപ്പെടുത്തി എൻ.എസ്.എസ് ഇരുപതിലേറെ കേന്ദ്രങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് തൃപ്പൂണിത്തുറ, കോലഞ്ചേരി, മൂവാറ്റുപുഴ എന്നീ കേന്ദ്രങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഭദ്രാസനങ്ങൾക്കും നഗരങ്ങളിലെ വിവിധ ഇടവകകൾക്കും ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. മർത്തമറിയം സമാജത്തിനും ഈ രംഗത്ത് പ്രവർത്തിക്കുവാൻ സാധിക്കും.

സെൻട്രൽ കൺവൻഷൻ

ഒട്ടേറെ കേന്ദ്രങ്ങളിൽ നിന്നും ഇത്തരം നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സഭയുടെ സുവിശേഷ ദൗത്യത്തിൽ ഇത്തരം ഒരു കൺവൻഷന് നിർണ്ണായക സ്ഥാനമുണ്ട്. സഭയിലെ മുഴുവൻ ഇടവകകളെയും, ആത്മീയ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് വർഷത്തിലൊരിക്കൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന സുവിശേഷ യോഗങ്ങളും പഠനക്ലാസുകളും സംഘടിപ്പിക്കണം. ആത്മീയ പ്രാധാന്യമുള്ളതും സൗകര്യപ്രദവുമായ ഒരു സ്ഥലം കണ്ടെത്തി വിപുലമായ സൗകര്യങ്ങൾ ഒരുക്കണം. ഏറ്റവും കുറഞ്ഞത് 20 ഏക്കർ സ്ഥലമെങ്കിലും ഇതിനു കണ്ടെത്തണം. സ്ഥിരമായ കൗൺസലിങ് കേന്ദ്രം, ധ്യാനകേന്ദ്രം, ക്യാംപ് സെന്റർ എന്നീ നിലകളിലും മറ്റു സമയങ്ങളിൽ ഇതു പ്രയോജനപ്പെടുത്താം.

സ്ത്രീപങ്കാളിത്തം

ഭരണഘടനാ ഭേദഗതിയോടെ സ്ത്രീകളുടെ പങ്കാളിത്തം സഭയിൽ വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. ഇടവക തലത്തിൽ സ്ത്രീകൾക്ക് തുല്യമായ സ്ഥാനം ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത്തരം അനുകൂല സാഹചര്യത്തിൽ സഭയുടെ വികസനപ്രക്രിയയിൽ സ്ത്രീകളെ കൂടുതലായി പങ്കെടുപ്പിക്കണം. എം.ഒ.എം.എസിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങൾ മാതൃകാപരമാണ് എങ്കിലും പ്രവർത്തനങ്ങൾ ശൈശവദശയിലാണ്. കേരളത്തിൽ 2000 കേന്ദ്രങ്ങളിലെങ്കിലും സ്ത്രീകളുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് വിവിധ പദ്ധതികളും, മൈക്രോഫിനാൻസ് പോലുള്ള സാമ്പത്തിക പദ്ധതികളും അനതിവിദൂര ഭാവിയിൽ പൂർത്തീകരിക്കേണ്ടതാണ്.

സേവനപദ്ധതികൾ

സഭയിൽ ഒട്ടേറെ സേവനപദ്ധതികളും, സംഘടനകളും നിലവിലുണ്ട്. ഭദ്രാസനങ്ങളിലും, ഇടവകതലത്തിലും ഇത്തരത്തിലുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുന്നു. എന്നാൽ ഇത്തരം സേവനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സംവിധാനം സഭയിലില്ല. പ. സിനഡ് ഈ കാര്യത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. കേന്ദ്രതലത്തിൽ വിവാഹസഹായ പദ്ധതി, ഭവനസഹായ പദ്ധതി, ആർദ്ര തുടങ്ങി ഒട്ടേറെ സംഘടനകൾ നിലവിലുണ്ട്. മലങ്കരസഭയിൽ ഒരു വർഷത്തിൽ ഏകദേശം 50 കോടിയിലേറെ രൂപയുടെ സേവനപ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലുമായി നടക്കുന്നു. എന്നാൽ ഒരു മോണിറ്ററിങ് സംവിധാനം നിലവിൽ ഇല്ലാത്തതിനാൽ ഓരോ മേഖലയിലും സഹായധനമായി നൽകുന്ന തുകയെ പറ്റിയോ, വ്യക്തിയെ പറ്റിയോ സഹായധനം സ്വീകരിക്കുന്നവരുടെ എണ്ണത്തെപ്പറ്റിയോ വ്യക്തതയില്ല. ഒട്ടേറെ സഹായങ്ങൾ ചില മേഖലകളിൽ ലഭിക്കുമ്പോൾ അർഹരായ മറ്റു ചിലർക്ക് ലഭിക്കാതെയും പോകുന്നു. ഒരു വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്ന വിധം ഇടവക തലം മുതൽ കേന്ദ്രതലം വരെ കാരുണ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

പുതിയ ഭദ്രാസനങ്ങൾ/ദേവാലയങ്ങൾ

വരുന്ന 5 വർഷത്തിനുള്ളിൽ മലങ്കരസഭയിലെ ഓരോ ഭദ്രാസനത്തിലും 5 പുതിയ ഇടവകകൾക്കെങ്കിലും രൂപം നൽകണം. ആ ഒരു ലക്ഷ്യം കണക്കാക്കി സഭ പ്രവർത്തിച്ചാൽ 150-200 പുതിയ ദേവാലയങ്ങൾ എങ്കിലും സ്ഥാപിക്കപ്പെടും. കേരളത്തിനകത്തും പുറത്തും ഒട്ടേറെ സ്ഥലങ്ങളിൽ നമുക്ക് ദേവാലയങ്ങൾ നിലവിലില്ല. അവിടെയൊക്കെ 10-15 കുടുംബങ്ങൾ വീതം ചിതറി പാർക്കുന്നു. പലരും കാലക്രമേണ മറ്റു സഭകളിൽ കുടിയേറുന്നു. വലിയ ഇടവകകൾ ഒക്കെ വിഭജനത്തിനു സ്വയം തയ്യാറാകണം. കുടുംബങ്ങളുടെ എണ്ണം കൂടുതലായതിനാൽ പല വലിയ ഇടവകകളിലും വൈദികർക്ക് വേണ്ടത്ര ശ്രദ്ധ കൊടുക്കുവാൻ സാധിക്കുന്നില്ല. വലിയ ഇടവകകളൊക്കെ വികസനരംഗത്തും തീർത്തും പിന്നോക്കമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിലൊക്കെ പുതിയ ഇടവകകൾ ഇനിയും ഉയർന്നുവരണം.

പുതിയ ഭദ്രാസനങ്ങൾ ഒക്കെ വളർച്ചയുടെ പാതയിൽ മുന്നേറുമ്പോൾ പഴയ ഭദ്രാസനങ്ങൾ മിക്കതും തികഞ്ഞ ആലസ്യത്തിലാണ്. 40 ഇടവകകൾ ചേരുന്ന ഭദ്രാസനക്രമീകരണമാണ് നല്ലത്. ഇത്തര

ത്തിലും ഭദ്രാസനപുനർക്രമീകരണ പ്രക്രിയ സഭയിൽ തുടർന്നുകൊണ്ടേയിരിക്കണം. 1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ അതുവരെ ഒന്നായിരുന്ന മലങ്കരസഭയെ 7 ഭദ്രാസനങ്ങളായി വിഭജിച്ചു. മലങ്കരസഭയുടെ വളർച്ചയ്ക്ക് അത് വഴിതെളിച്ചു എന്നതിൽ സംശയമില്ല. ആധുനിക കാലഘട്ടത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായാണ് ഭദ്രാസനവിഭജനത്തിലൂടെ സഭയുടെ വികസനത്തിന് അടിത്തറ പാകിയത്. ആ പ്രക്രിയ ഇനിയും തുടർന്നുകൊണ്ടേയിരിക്കണം. 80 ലധികം ഇടവകകൾ ഉള്ള ഒട്ടേറെ ഭദ്രാസനങ്ങൾ ഇന്നു നിലവിലുണ്ട്. അത്തരം ഭദ്രാസനങ്ങൾ സഭയുടെ ഭാവിയെ കരുതി വിഭജനത്തിനു സ്വയം തയ്യാറാകണം. കോന്നി, പുനലൂർ, മല്ലപ്പള്ളി, പാമ്പാടി, പാലക്കാട്, നിലമ്പൂർ, കണ്ണൂർ തുടങ്ങിയ ഭദ്രാസനങ്ങൾ ഭാവിയിൽ നിലവിൽ വരണമെന്നു സഭാംഗങ്ങൾ അതിയായി ആഗ്രഹിക്കുന്നു.

ബാഹ്യകേരളത്തിൽ ഒരു സംസ്ഥാനത്ത് ഒരു ഭദ്രാസനമെങ്കിലും എന്ന നിലയിൽ സഭ വളരണം. പ്രത്യേകിച്ച് ഭാഷാ ന്യൂനപക്ഷ സഭാംഗങ്ങൾക്കു വേണ്ടി പ്രത്യേക ഭദ്രാസനങ്ങൾക്ക് രൂപം നൽകണം. കർണാടകത്തിലെ ബ്രഹ്മവാറിൽ കൊങ്ങിണി സംസാരിക്കുന്ന അയ്യായിരത്തിലേറെ സഭാംഗങ്ങളുണ്ട്. 89 വർഷങ്ങൾക്കു മുമ്പ് കാലംചെയ്ത അൽവാറിസ് മാർ യൂലിയോസ് മെത്രാപ്പോലീത്താടോയൊപ്പം (ഗോവ) നമ്മുടെ സഭയിൽ ചേർന്നവരുടെ പിൻതലമുറക്കാരാണിവർ. അവിടെ ഒരു ഭദ്രാസനം ഉയർന്നുവരണം. കൊങ്ങിണി സംസാരിക്കുന്നവരിൽ നിന്നും കൂടുതൽ വൈദികരെയും, സഭാ പ്രവർത്തകരെയും കണ്ടെത്തി ഉപയോഗപ്പെടുത്തണം.

കന്നട സംസാരിക്കുന്ന കുറെ വിശ്വാസികൾ നമുക്കുണ്ട്. അവിടെ പ്രവർത്തനങ്ങൾ വിപുലീകരിക്കണം. മലങ്കര കത്തോലിക്കാസഭയ്ക്ക് ഇവിടെ രൂപത നിലവിലുണ്ട്. നൂറു പുതിയ കേന്ദ്രങ്ങൾ ലക്ഷ്യമാക്കി അവർ അവിടെ പ്രവർത്തിക്കുന്നു. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണ്. മംഗലാപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബ്രഹ്മവാർ ഭദ്രാസനത്തിന് കൂടുതൽ സാമ്പത്തിക സഹായവും പ്രവർത്തകരെയും നൽകണം.

ആന്ധ്രാപ്രദേശിൽ ഏലൂരിലും യാച്ചാരത്തുമൊക്കെ നമ്മുടെ പ്രവർത്തനങ്ങൾ നടക്കുന്നു. 2000 പേരെങ്കിലും തെലുംഗു സംസാരിക്കുന്നവരായി നമ്മുടെ സഭയോടു ചേർന്നു പ്രവർത്തിക്കുന്നു. ഭാവിയിൽ ഒരു ഭദ്രാസനം എന്ന നിലയിൽ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. ഇപ്പോഴത്തെ ബാംഗ്ലൂർ ഭദ്രാസനത്തിന് ഇതിനുവേണ്ടി കൂടുതൽ സഹായങ്ങൾ ആവശ്യമാണ്.

തിരുവിതാംകോട് നമ്മുടെ പൂർവ്വികകേന്ദ്രമാണ്. മലങ്കരസഭ ഏറ്റവും അധികം ശ്രദ്ധ പതിപ്പിക്കേണ്ട സ്ഥലമാണ്. പാലവിള മിഷൻ ഈ പ്രദേശത്തിനു സമീപമാണ്. അവിടെ തമിഴ് സംസാരിക്കുന്ന ആയിരത്തിലധികം പേർ നമ്മുടെ സഭയിലുണ്ട്. അവിടെനിന്നും കുറെ പ്രവർത്തകരെ കണ്ടെത്തി പരിശീലിപ്പിച്ച് തിരുവിതാംകോട് പ്രദേശങ്ങളിൽ നിയോഗിക്കണം. മലങ്കര കത്തോലിക്കാ സഭയ്ക്ക് മാർത്താണ്ഡം രൂപതയും സീറോ മലബാർ സഭയ്ക്ക് തക്കല രൂപതയും നിലവിലുണ്ട്. ഒന്നര ലക്ഷത്തോളം വിശ്വാസികൾ ഇരു ഭദ്രാസനങ്ങളിലുമായുണ്ട്. വൈകിയാണെങ്കിലും നമ്മുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാൽ ഭാവിയിൽ ഒരു ഭദ്രാസനമെന്ന സ്വപ്നം പൂവണിയും. തിരുവനന്തപുരം ഭദ്രാസനത്തിന്റെ ചുമതലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

ഹിന്ദി മേഖലയിൽ ഭിലായ് മിഷനും, ഇറ്റാർസി, കലഹണ്ടി തുടങ്ങിയ മേഖലകളിലും നമ്മുടെ പ്രവർത്തനങ്ങൾ നടക്കുന്നു. ഭാവിയിൽ ഹിന്ദി മേഖലയിലും പുതിയ ഭദ്രാസനങ്ങൾ രൂപീകൃതമാകുമെന്നു നമുക്കു പ്രതീക്ഷിക്കാം.

സഭാ സമിതികൾ

മാനേജിങ് കമ്മിറ്റി, വർക്കിങ് കമ്മിറ്റി, മലങ്കര അസോസിയേഷൻ എന്നിവ സഭയുടെ ഭരണഘടനാനുസൃത സമിതികളാണ്. ഇവയുടെ പ്രവർത്തനം സഭയ്ക്ക് കൂടുതൽ പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്തണം. മാനേജിങ് കമ്മിറ്റി ഇപ്പോൾ വർഷത്തിൽ മൂന്നോ നാലോ പ്രാവശ്യം മാത്രമാണ് സമ്മേളിക്കുന്നത്. അത് രണ്ടു മാസത്തിലൊരിക്കലെങ്കിലും സമ്മേളിക്കുവാൻ തീരുമാനിക്കണം. വർക്കിങ് കമ്മിറ്റി പ. ബാവാ തിരുമേനിയുടെ ഉപദേശക സമിതി എന്ന നിലയിൽ വളരെ പ്രാധാന്യം അർഹിക്കുന്നു. ഇപ്പോൾ രണ്ടു മാസത്തിലൊരിക്കൽ എന്നതു മാറി മാസംതോറും വർക്കിങ് കമ്മിറ്റി വിളിച്ചുചേർത്ത് തീരുമാനങ്ങൾ എടുക്കണം. പ. ബാവാ തിരുമേനിയുടെ ഉത്തരവാദിത്വങ്ങളിലുള്ള തിരക്ക് വളരെയധികം കുറയ്ക്കുവാൻ അതുവഴി സാധിക്കും. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വർഷത്തിൽ ഒരിക്കലെങ്കിലും സമ്മേളിക്കണം. മാർത്തോമ്മാ സഭയിൽ മണ്ഡലം അസംബ്ലി എല്ലാവർഷവും ഓണക്കാലത്ത് വിളിച്ചുചേർക്കുന്നു. ഇത്തരത്തിൽ സഭാ സമിതികളുടെ പ്രവർത്തനം കുറെക്കൂടി സജീവമാകേണ്ടതാണ്.

മലങ്കരസഭാ മാനേജിങ് കമ്മിറ്റിക്ക് വളരെയധികം ഉപസമിതികളുണ്ട്. എന്നാൽ രണ്ടു വർഷത്തിലൊരിക്കൽ പോലും പലതും സമ്മേളിക്കാറില്ല. പ്രത്യേകിച്ച് സുപ്രധാനമായ പ്ലാനിങ് കമ്മിറ്റി പോലുള്ള സമിതികളുടെ പ്രവർത്തനം പരിമിതമാണ്. പ്ലാനിങ് ഇല്ലാത്ത സഭയ്ക്ക് പ്രോജക്ടുകൾ കണ്ടെത്താൻ സാധിക്കാതെ വരുന്നതിൽ അദ്ഭുതപ്പെടേണ്ട കാര്യമില്ല.

മാനേജിങ് കമ്മിറ്റിയംഗങ്ങളുടെ സേവനം സഭാസമിതികളിൽ ഒതുക്കിനിർത്താതെ സഭാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കു വേണ്ടി ഉപയോഗപ്പെടുത്തണം. മട്ടാഞ്ചേരി തീർത്ഥാടനകേന്ദ്രത്തിന്റെ വികസനത്തിനു നേതൃത്വം നൽകുവാൻ 3 മാനേജിങ് കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിയ പ.ബാവ തിരുമേനിയുടെ കല്പന പ്രശംസനീയമാണ്.

മുൻ വർക്കിങ് കമ്മിറ്റി/മാനേജിങ് കമ്മിറ്റി അംഗങ്ങളുടെയും സേവനം സഭ പ്രയോജനപ്പെടുത്തണം. പലരും സഭാ പ്രവർത്തനരംഗങ്ങളിൽനിന്നും വിട്ടുനിൽക്കുന്നവരാണ്. കുറെ പേർ സഭയുടെ വിമർശകരായും മാറുന്നു. 6 മാസത്തിലൊരിക്കലെങ്കിലും മുൻ അംഗങ്ങളുടെ യോഗം വിളിച്ചുചേർത്ത് സഭാകാര്യങ്ങൾ വിശദീകരിക്കുകയും സഭാ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും വേണം.. ദീർഘകാലം സഭാസമിതികളിൽ ഇരുന്ന് വേണ്ടത്ര അനുഭവജ്ഞാനം നേടിയവരുടെ സേവനം സഭ പ്രയോജനപ്പെടുത്തേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഗുണനിലവാരം സഭാംഗങ്ങൾ ഉറപ്പുവരുത്തണം

എക്യുമെനിസം

എക്യുമെനിക്കൽ രംഗത്ത് മലങ്കരസഭയുടെ സംഭാവന വലുതാണ്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ പ്രാമുഖ്യം കുറഞ്ഞുവരുന്നതായി കാണാം. പ്രത്യേകിച്ച് വേൾഡ് ക്രിസ്ത്യൻ കൗൺസിൽ, എൻ.സി.സി. തുടങ്ങിയ വേദികളിൽ നമ്മുടെ പ്രാതിനിധ്യം കുറഞ്ഞുവരുന്നു. മറ്റു ചെറിയ സഭകൾക്കു പോലും കൂടുതൽ അവസരം ലഭിക്കുന്നു. കേരളത്തിൽ നമ്മുടെ നില മെച്ചപ്പെട്ടുവരുന്നു. അടുത്തകാലത്ത് നിലയ്ക്കൽ ട്രസ്റ്റിന്റെ അദ്ധ്യക്ഷനായി പ. ബാവാ തിരുമേനിയെ നിയോഗിച്ചത് മലങ്കരസഭയ്ക്കു ലഭിച്ച അംഗീകാരമാണ്. മാർത്തോമ്മാ പൈതൃകം ഉൾക്കൊള്ളുന്ന സഭാ വിഭാഗങ്ങൾക്ക് നേതൃത്വം നൽകേണ്ടത് നമ്മുടെ കടമയാണ്. വിദേശ സഭാദ്ധ്യക്ഷന്മാരുടെയും, കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെയും സന്ദർശനങ്ങൾ നമ്മുടെ എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ ലഭിക്കുവാൻ ഇടയായി. മലങ്കരസഭയുടെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളെ പ്രകീർത്തിച്ചുകൊണ്ട് മാർത്തോമ്മാ സഭാ മണ്ഡലത്തിൽ അഭിവന്ദ്യ മാർ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നടത്തിയ പ്രസംഗം സഭയ്ക്ക് അഭിമാനമായി. കാതോലിക്കേറ്റ് ശതാബ്ദി വേളയിൽ ഈ രംഗത്ത് കൂടുതൽ മുന്നേറുവാൻ നമുക്കു സാധിക്കണം.

തെരഞ്ഞെടുപ്പ്/നോമിനേഷൻ

സഭയിലെ തെരഞ്ഞെടുപ്പുകൾ ഭരണഘടനാനുസൃതമായാണ് നടത്തിക്കൊണ്ടിരിക്കുന്നത്. നിഷ്പക്ഷമായ തെരഞ്ഞെടുപ്പ് ഉറപ്പുവരുത്തുവാൻ നമ്മുടെ സഭാകേന്ദ്രവും ഭദ്രാസനകേന്ദ്രങ്ങളും നടപടികൾ സ്വീകരിക്കണം. ചില ഭദ്രാസനകേന്ദ്രങ്ങൾ തെരഞ്ഞെടുപ്പുകളിൽ പരോക്ഷമായി ഇടപെടുന്നു എന്ന ആരോപണമുണ്ട്. ഭദ്രാസനമെത്രാപ്പോലീത്തമാർ ഈ കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം.

തെരഞ്ഞെടുക്കപ്പെടുന്നവരുടെ ഗുണനിലവാരം സഭാംഗങ്ങൾ ഉറപ്പുവരുത്തണം. കഴിഞ്ഞ 30 വർഷങ്ങളിലെ മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ കാര്യം പരിശോധിച്ചാൽ 30 പേരുടെയെങ്കിലും സേവനം സഭയ്ക്കു കാര്യമായി ലഭിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇതുതന്നെയാണ് നോമിനേറ്റു ചെയ്യപ്പെടുന്നവരുടെയും അവസ്ഥ. സഭയെ പറ്റി വേണ്ടത്ര അറിവില്ലാത്തവർ കമ്മറ്റികളിൽ വരുമ്പോൾ പലപ്പോഴും ചർച്ചകളുടെ നിലവാരം താണുപോകുന്നു. സഭയ്ക്ക് തീരുമാനങ്ങൾ എടുക്കുവാൻ കാലതാമസം വരുന്നു. ഒരു മാനേജിംഗ് കമ്മറ്റിയുടെ കാലാവധിയായ 5 വർഷം കൊണ്ടാണ് പലരും സഭാകാര്യങ്ങൾ മനസ്സിലാക്കി തുടങ്ങുന്നത്. ആ സമയത്ത് അടുത്ത മാനേജിംഗ് കമ്മറ്റി നിലവിൽ വരുകയും ചെയ്യും. ഇതു നമ്മുടെ കമ്മറ്റികളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

തീർത്ഥാടനകേന്ദ്രങ്ങൾ

മലങ്കരസഭ തീർത്ഥാടനകേന്ദ്രങ്ങളാൽ സമ്പന്നമാണ്. ചെറുതും വലതുമായ നൂറിലേറെ കേന്ദ്രങ്ങൾ സഭയിലുണ്ട്. തീർത്ഥാടനകേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്.

തീർത്ഥാടകരുടെ എണ്ണത്തിലും, വരുമാനത്തിലും കഴിഞ്ഞ ദശകത്തിൽ വലിയ വളർച്ച നേടി. വരുമാനത്തേക്കാൾ ഉപരി ഇതൊക്കെ മലങ്കരസഭയുടെ പൈതൃകകേന്ദ്രങ്ങൾ എന്ന നിലയിൽ നിലനിർത്തി വളർത്തിയെടുക്കണം. വിശ്വാസത്തിന്റെയും, പാരമ്പര്യത്തിന്റെയും, പരിശുദ്ധിയുടെയും ആചാരാനുഷ്ഠാനങ്ങളുടെയും, പൗരാണികതയുടെയുമൊക്കെ പ്രതീകമായി പല കേന്ദ്രങ്ങളും നാട്ടിൽ നിറഞ്ഞു നിൽക്കുമ്പോൾ മലങ്കരസഭയ്ക്ക് അഭിമാനിക്കാം. കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷയുടെ അനുഭവത്തിലേക്ക് സമൂഹത്തിനു കടന്നുവരാം. ഇത്തരം തീർത്ഥാടനകേന്ദ്രങ്ങളുടെ ലഘുവിവരങ്ങളും, പ്രാധാന്യവും ഉൾപ്പെടുത്തി ഒരു തീർത്ഥാടകഗൈഡ് സഭ പ്രസിദ്ധീകരിക്കണം.

വൈദികക്ഷേമം

വൈദികർ സഭയുടെ നട്ടെല്ലാണ്. ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി സഭ വൈദികർക്കുവേണ്ടി നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തിക പരിമിതി പല ക്ഷേമപ്രവർത്തനങ്ങൾക്കും തടസ്സമായിട്ടുണ്ട്. ഇനിയും ഈ രംഗത്ത് സഭയ്ക്ക് ഒട്ടേറെ കടമകൾ നിർവ്വഹിക്കാനുണ്ട്. വൈദികർ പൗരോഹിത്യപാരമ്പര്യത്തിലെ കണ്ണികൾ എന്നതിലുപരി പ്രാദേശിക ഭരണകർത്താക്കൾ കൂടിയാണ്. ഇടവകയുടെ സമഗ്രവികസനത്തിനു വേണ്ടി നേതൃത്വം നൽകേണ്ടത് വൈദികരുടെ കടമയാണ്. ഇടവകയെ ആത്മീയമായും ഭൗതികമായും നയിക്കുന്നത് വൈദികരാണ്. എല്ലാ ഇടവകകളിലും വൈദികർക്ക് പാഴ്സനേജ് സൗകര്യങ്ങൾ ഒരുക്കണം.

പ്രൊഫഷണൽ കോളേജുകൾ

മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ 5 പ്രൊഫഷണൽ കോളജുകൾ നിലവിലുണ്ട്. കോലഞ്ചേരി മെഡിക്കൽ കോളേജ്, ഭിലായി, പീരുമേട്, ശാസ്താംകോട്ട എന്നി സ്ഥലങ്ങളിൽ എൻജിനീയറിംഗ് കോളജുകൾ, തിരുവനന്തപുരത്ത് മാർ ദിയസ്ക്കോറോസ് ഫാർമസി കോളേജ് എന്നിവയാണ്. മദ്രാസിലെ ഓർത്തഡോക്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പോണ്ടിച്ചേരി മെഡിക്കൽ കോളജും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങൾ എല്ലാം പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ കാലത്ത് സ്ഥാപിക്കപ്പെട്ടതാണ്. അതിനു മുമ്പും പിമ്പും പ്രൊഫഷണൽ കോളജുകൾ ഉണ്ടായിരുന്നു കഴിഞ്ഞ ദശകത്തിനുമുമ്പുള്ള കാലഘട്ടത്തിൽ എസ്.എൻ.ഡി.പിയ്ക്ക് ഒരു പ്രൊഫഷണൽ കോളജുപോലും നിലവിലില്ലായിരുന്നു. എന്നാൽ ഇന്ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നതുൾപ്പെടെ 25 ലേറെ കോളജുകൾ അവർക്കുണ്ട്. നമുക്കു ചുറ്റുമുള്ള സമുദായങ്ങളും, സഭകളും ഈ രംഗത്ത് ഒട്ടേറെ മുന്നേറിയപ്പോൾ നാം പിന്തള്ളപ്പെട്ടുപോയി. കാലോചിതമായി ആ കുറവുകൾ നാം പരിഹരിക്കണം.

> **റിട്ടയർമെന്റ് പ്രായം ഇനിയും വർദ്ധിക്കുമെന്നതിനാൽ, സീനിയർ അംഗങ്ങളെ മാത്രം ഉപയോഗപ്പെടുത്താമെന്ന ആശയം ഭാവിയിൽ പ്രയോഗികമല്ല. എല്ലാ പ്രായത്തിലും പെട്ടവർ, പ്രത്യേകിച്ച് യുവാക്കൾ സഭയുടെ നേതൃത്വനിരയിൽ വേണം.**

പരുമലയിൽ മെഡിക്കൽ കോളേജിനുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും നിലവിലുണ്ട്. 250 കോടി രൂപയുടെ ഇന്റർനാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് കൂടി പൂർത്തിയാകുമ്പോൾ നിലവാരം വളരെ ഉയരും. പരുമലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സഭ സ്വീകരിക്കണം. കൽക്കട്ട ഭദ്രാസനാധിപൻ കാലം ചെയ്ത സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ വലിയ ഒരു സ്വപ്നമായിരുന്നു ഭിലായിൽ ഒരു മെഡിക്കൽ കോളജ് ആരംഭിക്കുകയെന്നത് അത് സഭ പൂർത്തിയാക്കണം. 30 കോടി രൂപയോളം ഭിലായിമിഷന്റെ അക്കൗണ്ടിൽ ബാലൻസുണ്ട്. കൽക്കട്ടാഭദ്രാസനത്തിനും ഭിലായി മിഷനും വേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങൾ സ്മരിക്കപ്പെടേണ്ടതാണ്.

മലങ്കരസഭയ്ക്ക് ഡന്റൽ കോളജുകൾ നിലവിലില്ല. ഏകദേശം മുന്നൂറിലേറെ സഭാംഗങ്ങൾ വിവിധ ഡന്റൽ കോളജുകളിൽ പഠിക്കുന്നു. യാക്കോബായ സഭയ്ക്ക് കോതമംഗലത്തും, ചേലാട്ടും ഡന്റൽ കോളജുകൾ നിലവിലുണ്ട്. മലങ്കരസഭ പരുമലയിലും, കുന്നംകുളത്തും ഓരോ ഡന്റൽ കോളജുകൾ ആരംഭിച്ചാൽ നന്നായിരിക്കും.

7 എൻജിനീയറിംഗ് കോളജുകൾ ആരംഭിക്കുവാൻ സഭയിൽ ഇടക്കാലത്ത് ആലോചന ഉണ്ടായിരുന്നു. എന്നാൽ തുടർനടപടികൾ ഒന്നും ഉണ്ടായില്ല. ആ രംഗത്തും സഭ ഉണർന്നു പ്രവർത്തിക്കണം. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, സുൽത്താൻ ബത്തേരി തുടങ്ങിയ സ്ഥലങ്ങൾ ഈ കാര്യത്തിനു പരിഗണിക്കണം.

എല്ലാ സമുദായങ്ങളും ലോ കോളേജ് ആരംഭിച്ചു കഴിഞ്ഞു. എസ്.എൻ.ഡി.പി. കൊല്ലത്തും, എൻ.എസ്.എസ്. കൊട്ടിയത്തും, മലങ്കര റീത്ത് തിരുവനന്തപുരത്തും സ്ഥാപനങ്ങൾ തുടങ്ങികഴിഞ്ഞു. CSI സഭ കാണക്കാരിയിലും, സീറോ മലബാർസഭ രൂപതകൾ പല കേന്ദ്രങ്ങളിലും അപേക്ഷ സമർപ്പിച്ചുകഴിഞ്ഞു. മാർത്തോമാ സഭയിലും ഈ ആലോചന സജീവമായിട്ടുണ്ട്. നമുക്ക് തിരുവനന്തപുരത്തും, കോട്ടയത്തും ഓരോ ലോ കോളേജുകൾ ആരംഭിക്കുവാൻ സാധിക്കണം.

കേരളത്തിൽ ഏകദേശം 500 ഏക്കറോളം സ്ഥലം സഭയുടെയും, ഭദ്രാസനങ്ങളുടെയും, ആശ്രമങ്ങളുടെയും ഒക്കെ പരിധിയിൽ ഉപയോഗരഹിതമായി കിടപ്പുണ്ട്. പുതിയ നിയമമനുസരിച്ച് ആവശ്യമായ സ്ഥലത്തിന്റെ പരിധി വളരെയധികം കുറച്ചിട്ടുണ്ട്.

ബാഹ്യകേരള ഭദ്രാസനങ്ങളിലും ഓരോ പ്രൊഫഷണൽ കോളേജുകൾ വീതം നിലവിൽ വരണം.

കർണാടകത്തിലെ കുസാൽനഗറിൽ പ. വട്ടക്കുന്നേൽ ബാവാതിരുമേനിയുടെ കാലത്ത് എൻജിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ 20ലക്ഷം രൂപമുടക്കി 50 ഏക്കർ സ്ഥലം വാങ്ങിയിരുന്നു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ നേതൃത്വത്തിലാണ് അതിനുള്ള ശ്രമങ്ങൾ നടത്തിയത്. എന്നാൽ പ്രാദേശിക രാഷ്ട്രീയ ഇടപെടലുകൾ നിമിത്തം കോളജ് ആരംഭിക്കുവാൻ സാധിച്ചില്ല. 100 കോടിയോളം വിലമതിക്കുന്ന ഈ വസ്തു കൈമാറ്റം ചെയ്ത് മംഗലാപുരം മേഖലയിൽ പുതിയ സംരംഭങ്ങൾ നമുക്ക് ആരംഭിക്കുവാൻ സാധിക്കും.

ഓഡിറ്റിംഗ്

മലങ്കരസഭയുടെ വാർഷികബഡ്ജറ്റ് മൊത്തത്തിൽ 700 കോടി രൂപയോളം വരും. കേന്ദ്രീകൃത ബഡ്ജറ്റ് തുകയായ 400 കോടിയോടൊപ്പം ഇടവകപള്ളികളുടെയും അനുബന്ധസ്ഥാപനങ്ങളുടെയും തുക കൂടി ഇതിൽ ഉൾപ്പെടുന്നു. ഇത്രയും വലിയ ഒരു സാമ്പത്തിക മേഖലയ്ക്കനുസൃതമായ ഓഡിറ്റിംഗ് സംവിധാനം സഭയിൽ നിലവിലില്ല. എല്ലാ സ്ഥാപനങ്ങളുടെയും വാർഷിക വരവുചെലവുകണക്കുകൾ ഓഡിറ്റിംഗിന് വിധേയമാക്കുന്നുണ്ട്. എക്സ്റ്റേണൽ ഓഡിറ്റിംഗിനോടൊപ്പം ഇന്റേണൽ ഓഡിറ്റിംഗ് കൂടി കാര്യക്ഷമമായി നിർവ്വഹിക്കപ്പെടണം. അതിനുള്ള ശ്രമങ്ങൾ സഭ ആരംഭിച്ചതായി മനസ്സിലാക്കുന്നു. എങ്കിലും ഈ രംഗത്ത് റിട്ടയർ ചെയ്ത സഭാംഗങ്ങളുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. അതോടൊപ്പം സഭാസ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും കാര്യത്തിൽ സോഷ്യൽ ഓഡിറ്റിംഗ് കൂടി നടത്തുന്നത് നല്ലതായിരിക്കും. സഭാ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന് ഇത് സഹായകരമാകും. AG's ഓഫീസിൽ നിന്നും, മറ്റ് ഓഡിറ്റിംഗ് വിഭാഗങ്ങളിൽ നിന്നും റിട്ടയർ ചെയ്ത സഭാംഗങ്ങളുടെ ഒരു പാനൽ തയ്യാറാക്കി അവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

സ്വന്തമായി അനേകം വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്ന ആശ്രമങ്ങളുടെ കണക്കുകളിൽ നിയമനങ്ങൾക്കും മറ്റും ലഭിക്കുന്ന തുകകൾ ചേർക്കാറില്ല. ഇതിന്റെ വരവു ചെലവുകണക്കുകൾ സഭാംഗങ്ങളെ ബോദ്ധ്യപ്പെടുത്തിയില്ലെങ്കിലും സഭയെ ബോദ്ധ്യപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. പ. സിനഡിന് ഇത്തരം സ്ഥാപനങ്ങൾ വരവു ചെലവുകണക്കുകൾ കൃത്യമായി നൽകേണ്ടതാണ്. ഈ കാര്യത്തിൽ ഒരു പൊതു മാനദണ്ഡം നിലവിൽ വരണം.

അടുത്ത നാലുപതിറ്റാണ്ടുകൾ

മൂന്നാം സഹസ്രാബ്ദത്തിലേക്കു കടക്കാൻ മലങ്കരസഭയ്ക്ക് നാലുപതിറ്റാണ്ടുകൾ മാത്രം. ഒരു പക്ഷെ ക്രൈസ്തവലോകത്ത് വളരെ കുറച്ചു സഭകൾക്കേ ഇത് അവകാശപ്പെടുവാൻ കഴിയുകയുള്ളൂ. യരുശലേമിൽ സഭ സ്ഥാപിക്കപ്പെട്ട കാലയളവിൽ തന്നെ മലങ്കര സഭ സ്ഥാപിക്കപ്പെട്ടു എന്നത് ദൈവനിയോഗമായി കരുതി സഭ വ്യക്തമായ കാഴ്ചപ്പാടോടും ലക്ഷ്യബോധത്തോടുംകൂടി ഇനിയുള്ള കാലങ്ങളിൽ പ്രവർത്തിക്കണം. അതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുകയും ചെയ്യണം. എല്ലാ രംഗത്തും സ്വയം പര്യാപ്തത കൈവരിക്കണം. കാലത്തിന്റെ കുത്തൊഴുക്കിൽ എവിടെയോ നമുക്ക് നഷ്ടപ്പെട്ട പ്രതാപം തിരിച്ചുപിടിക്കണം. സഭാ സ്ഥാപനത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങൾ മനസ്സിലാക്കി ആത്മീയ-ഭൗതികരംഗങ്ങളിൽ വൻകുതിച്ചുചാട്ടത്തിനു സഭയെ സജ്ജമാക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. GM

Woman, Nature and the Church

▪ Dr. Saramma Varghese

Virginia Woolf was an English writer who wrote during the first half of the 20th century. In A Room of One's Own she says that a woman needs financial independence and a room of one's own if she is to write fiction or poetry. Woolf looks at literature written during the different centuries and asks a very pertinent question. If Shakespeare had a sister who was equally brilliant and talented, would she have written plays the way Shakespeare did? What would have been her plight ? Woolf finds it deplorable that nothing is known about women before the 18th century. She asks why women did not write poetry in the Elizabethan age, she is not sure whether they were educated, whether they were taught to write, what they did from eight in the morning till eight at night.

In the present times, the plight of women has changed. They go to schools, universities, take degrees, have paying jobs; many of them have the financial independence and enough of privacy or a room of one's own to write. Religion is usually the last sphere where changes occur and it is interesting to note what changes have happened in the life of women in the 20th century in the field of religion and one's own church.

Twentieth century saw two important movements, the struggle of women for equality and also the conscious effort on the part of humans to protect nature. Both women and nature were like property owned by men, to be ruled by them and not to have voices of their own. Women now assert that they have bodies of their own, minds of their own and opinions of their own. Climatic changes and natural calamities warn us about the grim consequences of ruining nature. Inspired by these movements, churches are also trying to render justice to women and to protect nature.

Orthodox women should ask themselves how they can add to the life of the Church

Prayer is the way through which humans connect themselves to God. Orthodox liturgy is resplendent with passages where the elements of nature are acknowledged and blessed. On Palm Sunday, we have the moving lines for the trees and plants from which the flowers and leaves have been plucked. On the day that we remember the baptism of Jesus (Danaha Perunal) water, which is life giving and life preserving and all its sources are blessed. The remarkable feature of these prayers point to the way in which nature is respected, not just treated as a commodity to be bought and sold, or made use of for profit. Our mystic saints, who composed these prayers in their deep meditations, felt oneness with all of God's creation, both animate and inanimate and offered prayers and blessings for all of God's creation.

Looking at the attitude towards women, we derive hope and consolation when we meditate on the life of Jesus. Unlike his Jewish contemporaries, Jesus evinced great sympathy and understanding towards women. When the woman caught in adultery was brought to him and they were about to stone her according to the Jewish custom, Jesus stopped them pointing to their own probable involvement in her actions. Although women didn't have the freedom of movement at that time, we find them accompanying Jesus and being with him during his time of suffering and death on the cross. The women were the first to receive the good news of the resurrection, and in the early church, they actively took part in the mission work. The Acts of the Apostles and the Epistles mention the names of several women who were actively involved in the work of proclaiming the gospel along with the Apostles.

When we look at the biographies of the venerable church fathers, we find that many of them were guided by women. St. Macrina who lived in the fourth century, influenced her brothers, St. Gregory of Nyssa, St. Basil the Great and St. Peter of Sebastea. According to St.Gregory it was from Macrina, that these leaders learned humility, prayer and love of the Word of God.

Coming to modern times, in places like Russia where religion was suppressed during the communist rule, it was the faith that was upheld by the women that mostly helped the Russian Orthodox Church to pass on its beliefs and traditions. In Europe, religion has lost its hold on the masses and practices of religion are fast disappearing and many remain members of the church without being devout practitioners.

In the Indian context, religion is very much alive and in the orthodox worship wherever it is conducted women constitute more than half the body of the church. They observe the traditions, attend mass regularly, keep fasts and vigils, and pass the tradition of the church to the next generation by keeping the practices at home and also by teaching the faith in the Sunday Schools. Their spiritual life is strengthened by attending the prayer meetings and retreats organized by the Martha Mariyam Samajam. These days they are also offered knowledge and help to empower themselves through various schemes. Our seminaries try to impart theological education to the lay people, and encourage women to do the ' Divyabodhanam' courses that they offer. Their spiritual leanings help them to face problems with the deep faith that they have in God. They make prayers for each member of the immediate family and also for the larger family of friends and relations. It is through their efforts that peace is maintained in most families.

Women have a great bonding with nature. In the same manner that the earth nurtures life within its layers and makes new life to emerge from its folds, the woman also experiences the emergence of new life within her womb and nurtures it till giving birth and takes care of the new born with affection and sacrifices. Nature endows her with special gifts and instinctive knowledge for all these experiences and functions which only women can do. These special gifts are most of the time taken for granted and even unacknowledged. Women do most of the cooking, and they spend a lot of time in the kitchen. They interact more with things in nature, many women grow plants and tend to trees, some of them grow vegetables for their kitchen so that the health of the family members are taken care of. Cultivating plants gives a person spiritual lessons. A farmer has to sow the seed, water the plant, give it enough manure and keep it in sunlight, then wait patiently for flowers, fruits or seeds, whatever be the yield. The spiritual lesson of patient waiting happens with women during the times she is pregnant with a baby. The church can encourage women to make greater use of their God-given abilities and talents for the church and society. Women can use the capacity for peace building within communities that are torn apart due to various reasons.

The women in our church were for long denied their voices in decision making bodies. Recently they have been granted that at the local level, but the wisdom of women can be made use of in the governance at a higher level also. When equality has been granted to women at the secular level and when women are proving themselves competent in every area of life, is it not the mission of the Orthodox Church to render justice to women? This is necessary for establishing God's peace among God's people. The silent groans of the marginalized are to be heard by the church, in the same manner that God listens to the groans of his faithful followers.

The Orthodox women also need to be conscious of what has been given to them and they need to make use of the opportunities. I recount two instances particularly just to have a look within to assess and remind ourselves of the miles we need to move forward.

I remember sitting in a church outside Kerala and listening to the announcements and instructions. The vicar of the church

വി. മക്രീന: എന്റെ വലിയ ആരാധനാപാത്രം

■ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

എന്റെ വലിയ ആരാധനാപാത്രമായ ഒരു സ്ത്രീയാണ് മാർത്താ മക്രീന. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന അനുഗൃഹീതയായ മക്രീന പരിശുദ്ധനായ മാർ ബസേലിയോസിന്റെ മൂത്ത പെങ്ങളാണ്. ആ സ്ത്രീയുടെ ജീവചരിത്രം ഇന്നും ഞാൻ വായിക്കുകയായിരുന്നു. 12 വയസ്സായപ്പോഴേക്കും ആ കുട്ടിക്കു സങ്കീർത്തനങ്ങൾ മുഴുവനും മനഃപാഠമായി. ഒരു സ്ഥലത്തുനിന്നും വേറൊരു സ്ഥലത്തേക്കു പോകുന്നതു തന്നെ സങ്കീർത്തനം ചൊല്ലിക്കൊണ്ടായിരിക്കും. മാത്രമല്ല, അന്നത്തെ വേദപുസ്തകത്തിൽ ശലോമോന്റെ വിജ്ഞാനം എന്നൊരു പുസ്തകമുണ്ടായിരുന്നു. അത് അപ്പോക്രീഫാ ബൈബിളിലേ ഉള്ളൂ. അതും മനഃപാഠമാക്കി കഴിഞ്ഞു 12 വയസ്സായപ്പോഴേക്കും ആ കുട്ടി. അന്നുതന്നെ വലിയ ഫിലോസഫർ ആയി. 12 വയസ്സായപ്പോൾ ആ കാലത്തെ ഏറ്റവും വലിയ പണ്ഡിതയെന്ന പ്രശസ്തി അവൾ നേടി. നാലാം നൂറ്റാണ്ടിൽ ഇത്രയും വിദ്യാഭ്യാസമുള്ള ഒരു സ്ത്രീ ഉണ്ടായിട്ടില്ല. വലിയ പിതാക്കന്മാരായ ബസേലിയോസിനേയും ഗ്രീഗോറിയോസിനേയും പഠിപ്പിച്ചത് ഈ സഹോദരിയാണ്. അതുകൊണ്ട് പഠിപ്പിക്കൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമായ ഒരു ധർമ്മമാണ്. മക്രീനയുടെയും, ബസേലിയോസിന്റെയും, ഗ്രീഗോറിയോസിന്റെയും അമ്മയും നല്ല അഭ്യസ്തവിദ്യയായ വനിത ആയിരുന്നു. ദൈവശാസ്ത്രം മാത്രമല്ല ഭൗതിക വിജ്ഞാനീയവും കൂടെ നല്ലതുപോലെ അറിയാമായിരുന്നതുകൊണ്ടാണ് മക്കളെ ഇങ്ങനെ വളർത്തി എടുത്തത്.



ബോധന ശുശ്രൂഷ

സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷ നഷ്ടപ്പെട്ടുപോയാൽ പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം അവയുടെ ജീവൻ നഷ്ടപ്പെടും. വാസ്തവം പറഞ്ഞാൽ പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം സഭകളുടെ നിലനിൽപ്പിന്റെ അടിസ്ഥാനം തന്നെ സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷയാണ്. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്, എന്നിൽ വിശ്വാസത്തിന്റെ അടിത്തറ പാകിത്തന്നത് ആരാണെന്ന്. അത് എന്റെ പള്ളിയിലെ അച്ചൻ ആയിരുന്നില്ല. ഏതെങ്കിലും മെത്രാപ്പോലീത്തയുമല്ലായിരുന്നു. എന്റെ അമ്മയാണ് എന്നെ വിശ്വാസത്തിന്റെ ബാലപാഠം പഠിപ്പിച്ചത്. അവിടെനിന്നാണ് എനിക്കു കിട്ടിയിട്ടുള്ള വിശ്വാസം.

ഇപ്പോഴും ദൈവശാസ്ത്രത്തിൽ പറയും, മെത്രാപ്പോലീത്തന്മാർ അടുത്ത മെത്രാപ്പോലീത്തന്മാർക്കു വിശ്വാസം കൈയ്യേൽപ്പിച്ചു കൊടുക്കുന്നുവെന്ന്. എന്നെ മെത്രാപ്പോലീത്തായൊന്നുമല്ല കൈയ്യേല്പിച്ചത്; എന്റെ അമ്മയാണ്. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഇതാണു നമ്മുടെ സഭയുടെ വലിയ ശക്തി. വിശ്വാസം മക്കൾക്കു കൈമാറുന്നതിനുള്ള സ്വഭാവശുദ്ധിയും വിജ്ഞാനവും നമ്മുടെ സ്ത്രീകൾക്കുണ്ടെങ്കിൽ അതാണു വാസ്തവത്തിലുള്ള കരുത്ത്. സഭയുടെ സ്ഥാപനപരമായ ഘടനയൊക്കെ അവിടെ കിടക്കും. അതിനകത്തു കൂടെ കുറെ കാര്യങ്ങൾ ചെയ്യണം; തർക്കമില്ല. പക്ഷേ, ആ സ്ഥാപനപരമായ ഘടനയേക്കാൾ കൂടുതലായി നമ്മുടെ സഭയുടെ വിശ്വാസം പരിരക്ഷിച്ചു പോന്നിട്ടുള്ളത് അമ്മമാരുടെ വിജ്ഞാനവും വിവേകവും പ്രബോധനങ്ങളും ആണ്. ആദിമുതലേ സഭയിൽ അങ്ങനെ ആയിരുന്നു.

ഇതു സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു കാര്യമാണ്. മുമ്പു പറഞ്ഞ മക്രീനയുടെ അമ്മൂമ്മയും ഒരു മക്രീനയാണ്. ആ മഹതിയും ഒരു വലിയ അദ്ധ്യാപികയായിരുന്നു.ഈ അമ്മയിൽനിന്നും അമ്മൂമ്മയിൽനിന്നുമാണ് ഈ പറയുന്ന കുടുംബത്തിനു മുഴുവൻ വിശ്വാസവും കിട്ടിയിട്ടുള്ളത്. നമ്മുടെ ഇന്നത്തെ പ്രശ്നം വരുന്നതു മുഴുവനും അവിടെയാണ്. നമ്മുടെ അമ്മമാർ ഇന്നു വിശ്വാസം പഠിക്കാത്തതു വലിയ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു. വിശ്വാസകാര്യങ്ങൾ സണ്ടേസ്കൂളിൽ പഠിപ്പിച്ചുകൊള്ളുമെന്നൊരു ധാരണ എങ്ങനെയോ പരന്നിട്ടുണ്ട്. അങ്ങനെ പറഞ്ഞുവിടരുത്. സണ്ടേസ്കൂളിൽ വിശ്വാസം പഠിപ്പിക്കും, പഠിപ്പിക്കണം. അതാവശ്യമാണ്. പക്ഷേ, അടിസ്ഥാനമിടേണ്ടത് അമ്മയാണ്; അമ്മൂമ്മയാണ്. അക്കാര്യത്തിൽ തർക്കം വേണ്ട. അവർക്ക് യഥാർത്ഥമായിട്ടുള്ള വിശ്വാസം ഉണ്ടെങ്കിലേ സഭ നിലനിന്നു പോവുകയുള്ളൂ. അതുകൊണ്ട് ആ ശുശ്രൂഷയ്ക്ക് ഇന്നും ഉയർന്ന മുൻഗണന കൊടുക്കണം. അതൊരു ചെറിയ കാര്യമായി തള്ളിക്കളയരുത്. അപ്പോൾ നമ്മുടെ വനിതകൾ നമ്മുടെ വിശ്വാസം ശരിയായി പഠിച്ചേതീരൂ. അല്ലാതൊക്കുകയില്ല. നമ്മുടെ സ്ത്രീകൾ നമ്മുടെ വിശ്വാസം നന്നായി പഠിച്ചില്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് അതു പകർന്നുകൊടുക്കാൻ കഴിയുകയില്ല. ബുദ്ധിപരമായി മാത്രം പഠിച്ചാൽ പോരാ. വിശ്വാസത്തിൽ ജീവിക്കണം. കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം പ്രായോഗിക നിദർശനം ആണ് കുറെക്കൂടെ അവരുടെ മനസ്സിൽ പതിയുക.

GM

(1990 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് നടന്ന ഓർത്തഡോക്സ് വനിതാ ദേശീയ സമ്മേളനത്തിൽ ചെയ്ത പ്രഭാഷണത്തിൽനിന്ന്)

---

wanted to constitute a committee for a prestigious charity project to be done by the church. He asked for names from the people who were there, but only the names of men kept coming. I was quite surprised that no woman's name was mentioned, finally Achen himself nominated the name of the lady who was in charge of the Martha Mariyam Samajam. What prevented the women from coming up with names of women, I kept wondering. Unless they are willing to take responsibility and do real hard work for church and society, how can they make use of their God given abilities? It might cause them a lot of inconveniences coming for committees in the hot sun when it would be convenient to sit at home making tea for the family members or having to give up something else to really contribute to the work they have been assigned. The men have been taking the leadership in church activities for long; the ladies also can complement their work. Two weeks ago, I attended the 'Pothuyogam' in my own church. The list of eligible people showed the names of many women. But the number of women who actually came was less than ten. This happened in a parish where the number of families came to more than 800. Why is it that the women did not participate? Is it the lack of knowledge or lack of training that is reflected in such instances? Or is it the patriarchal mode of thinking that prompts the women to sit at home and allow the men to decide everything the way they want? Many women forget that their way of analyzing and responding to a situation maybe different from the way men look at the same situation, because women's experiences are different from that of men. This complimentary nature can do a lot towards decision making which takes into account the various aspects.

This is the time that the Orthodox Church celebrates the centenary of the establishment of the Catholicate. We uphold the freedom and the integrity of the Indian Orthodox Church and remember all those who strove to achieve this, the lay people, and the clergy, especially the Holy fathers. Let us not forget that we need to walk still further to offer justice to the mothers, the womenfolk in the church. The Orthodox women also should look within and ask themselves how they can add to the life of the church. It could be through deep prayer and meditation, when the trend is for merrymaking and enjoyment. It could be by standing against the consumerist culture in one's own small ways. It can be in striving to preserve nature in one's own way by caring for plants and trees in one's own garden or locality. Orthodox women can contribute by being counselors or by giving palliative care. They can encourage religious tolerance and can also offer to initiate peace talks among contending parties. They can help a lot by visiting the sick and the old and lonely people, or the HIV infected. Orthodox women can be ambassadors of God's mission in their own lives, in ways which are relevant to the times. May God help them to fulfill their mission by living prayerful, active lives. GM

Dr. Saramma Varghese is formerly Principal of Catholicate College, Pathanamthitta.She writes frequently for church publications on various topics concerning women and spirituality

റോമിലെ സഭയെക്കുറിച്ചുള്ള പൗലോസിന്റെ സാക്ഷ്യം

■ ഫാ. ഡോ. ടി.ജെ. ജോഷ്വ



"റോമിലെ സഭയിൽനിന്ന് മലങ്കരസഭയ്ക്ക് ധാരാളം പഠിക്കാനുണ്ട് "

ക്രിസ്തീയ സഭയുടെ പ്രാഥമിക ഘട്ടത്തിൽ റോമാ നഗരിയിലെ സഭയെപ്പറ്റി പൗലോസ് ശ്ലീഹാ നൽകിയിട്ടുള്ള ചിത്രം, അദ്ദേഹം ആ സഭയ്ക്ക് എഴുതിയിട്ടുള്ള ലേഖനത്തിൽ നിന്നു ലഭിക്കുന്നതാണ്. ഏതെങ്കിലും അപ്പോസ്തോലനാണ് അവിടെ സുവിശേഷം അറിയിച്ചത് എന്നതിന് പുതിയ നിയമത്തിൽ തെളിവൊന്നുമില്ല. എന്തെങ്കിലും കാണേണ്ടത് റോമാ ലേഖനത്തിലാണ്. പക്ഷേ അതിൽ യാതൊരു പരാമർശവുമില്ല. പൗലോസ് കത്തെഴുതുന്ന ഘട്ടത്തിൽ (എ.ഡി. 56) റോമിൽ പ്രശസ്തമായ ഒരു സഭ ഉണ്ടായിരുന്നു. (റോമ.1:8 കാണുക) അതിൽ യഹൂദ പാമ്പര്യത്തിൽനിന്നുള്ളവരും വിജാതീയ സമൂഹത്തിൽനിന്ന് എത്തിയവരുമുണ്ടായിരുന്നു. ബഹുഭൂരിപക്ഷവും വിജാതീയ സമൂഹത്തിൽനിന്നും വന്നവരാകാം.

ലേഖനത്തിന്റെ പതിനാറാം അദ്ധ്യായമാണ് ഇവിടെ വിശകലനം ചെയ്യുന്നത്. പ്രഥമദർശനത്തിൽ അതു വളരെ വിരസമായ ഒരു ഭാഗമെന്നു തോന്നാം. നമുക്ക് അപരിചിതവും, വായിൽ ഒതുങ്ങാത്തതുമായ കുറെ പേരുകളുടെ നീണ്ട ഒരു പട്ടികയാണ്. എങ്കിലും സൂക്ഷ്മതയോടെ നാമതു പഠിക്കുമ്പോൾ അന്നത്തെ അവിടുത്തെ സഭയെക്കുറിച്ചുള്ള ഒരു സൂക്ഷ്മചിത്രം നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും.

(1) സഭ ഭവനങ്ങളിൽ സമ്മേളിച്ചു:

"അവരുടെ വീട്ടിലെ സഭയെ വന്ദനം ചെയ്യുവിൻ" (വാ. 5) അക്കാലത്ത് പള്ളികളോ മറ്റ് ആരാധനാലയങ്ങളോ ക്രിസ്തീയ സഭയ്ക്കില്ലായിരുന്നു. യരുശലേമിലും കൊരിന്തിലും എഫേസൂസിലും കൊലെസ്യയിലും റോമിലും ഫിലിപ്പ്യയിലും എല്ലാം വിശ്വാസികൾ ആരാധനയ്ക്കു സമ്മേളിച്ചത് അവരുടെ ഭവനങ്ങളിലായിരുന്നു. ഇവിടെ അക്വില, പ്രിസ്ക ദമ്പതികളുടെ ഭവനത്തിൽ സമ്മേളിച്ചു എന്നു കാണാം. ഈ ദമ്പതികൾ എവിടെ പാർത്തിരുന്നാലും, അവരുടെ ഭവനം, വിശ്വാസികളുടെ കൂടിവരവിന്റെ കേന്ദ്രമായിരുന്നു.

കർത്താവ് കുർബാന സ്ഥാപിച്ചതു തന്നെ ഒരു ഭവനത്തിൽ വച്ചായിരുന്നല്ലോ. സ്വന്തമായി ദേവാലയങ്ങൾ ഉണ്ടാകുന്നതു വരെ ഭവനത്തിലെ ആരാധന തുടർന്നുപോന്നു. ഇന്നു നമുക്ക് എല്ലായിടത്തും, ഗൾഫ് പ്രദേശങ്ങളിൽ പോലും മനോഹരങ്ങളായ കൂറ്റൻ ദേവാലയങ്ങളുണ്ട്. ആരാധന അനുഗ്രഹപ്രദമായും, ഹൃദ്യമായും അവിടെ നടത്താം. എന്നാൽ **"വീട്ടിലെ സഭ"** അഥവാ ഭവനങ്ങളിലെ കൂടിവരവു അവഗണിക്കാവുന്നതല്ല. നമ്മുടെ പ്രാർത്ഥനാ യോഗങ്ങൾ അതാണു ലക്ഷ്യമിടുന്നത്. തിരുവചനപഠനത്തിനും നമ്മുടെ സഭാ പാരമ്പര്യത്തിന് അനുയോജ്യമായ വിധത്തിൽ കാര്യക്ഷമതയോടെ, എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് അവ നയിക്കപ്പെടണം. അങ്ങിങ്ങായി മുളച്ചുവളരുന്ന 'കൂട്ടായ്മ'ക്കാരുടെ കടന്നുകയറ്റം ആ വിധത്തിൽ പ്രതിരോധിക്കണം.

(2) വിശ്വാസികൾ സഭയിൽ സജീവ പങ്കാളിത്തം വഹിച്ചു

അവർ പേരിനു മാത്രം സഭാംഗത്വം പുലർത്തിയവരല്ല. അവർ ക്രിസ്തീയ സാക്ഷ്യം വഹിക്കുന്നതിൽ ഉത്സാഹികളും ജാഗരൂകരുമായിരുന്നു. സഭയുടെ വളർച്ചയും പുരോഗതിയും മെത്രാന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിലാണെന്ന ധാരണ മാറേണ്ടിയിരിക്കുന്നു. **അൽമായക്കാരായ സഭാമക്കൾ സാക്ഷ്യജീവിതമുള്ളവരും വിശ്വാസതീക്ഷ്ണതയുള്ളവരുമായാൽ മാത്രമെ സഭ വളരുകയുള്ളൂ.** റോമിലെ ഇടവകയിലെ ചിലരെപ്പറ്റി പറയുന്നതു നോക്കുക: "അവർ അനേകർക്കു സഹായികൾ ആയിരുന്നു" (വാ.2) "മറിയ നിങ്ങൾക്കു വേണ്ടി കഠിനമായി അദ്ധ്വാനിച്ചു. (വാ.6) "ക്രിസ്തുവിന്റെ സേവനത്തിൽ നമ്മുടെ സഹപ്രവർത്തകനായ ഉർബാനോസ്" (വാ.9) "കർത്തൃശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ത്രൂഫൈനയും" (വാ.12) "കർത്തൃശുശ്രൂഷയിൽ പ്രമുഖ പ്രവർത്തകയായ രൂഫോസ്" (വാ.13)

ഇടവകയിലെ അത്മായക്കാരുടെ സഭാ പ്രവർത്തനം സജീവമാക്കണം. ജാഥ സംഘടിപ്പിക്കുകയും, വരവേൽപ്പും എതിരേൽപ്പും നടത്തുകയും ചെയ്യുന്നതിലുപരി അവരുടെ ദൗത്യത്തെക്കുറിച്ച് ബോധമതികളാക്കുകയും വേണം. എല്ലാ കാര്യങ്ങളും പുരോഹിതന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും ആകാം. എന്നാൽ അത്മായരുടെ കഴിവുകളും സേവനങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കയും വേണം.

അന്നത്തെ സഭാംഗങ്ങൾ പീഡനങ്ങളും കഷ്ടതകളും വിശ്വാസത്തിനുവേണ്ടി സഹിച്ചവരാണ്. അക്വില, പ്രിസ്കില്ലമാരെപ്പറ്റി പൗലോസ് അനുസ്മരിക്കുന്നു: "അവർ എനിക്കു വേണ്ടി തങ്ങളുടെ ജീവൻ അപകടത്തിലാക്കിയവരാണ്" (വാ.3) എവിടെ, എങ്ങനെ, എപ്പോൾ എന്ന കാര്യം വ്യക്തമാക്കിയിട്ടില്ല. അൻഡ്രോണിക്കോസും, യൂനിയാവും പൗലോസിന്റെ കൂടെ തടവിൽ കിടന്നവരാണ്. (വാ.7) പൗലോസ്, മറ്റൊരു കത്തിൽ വെളിപ്പെടുത്തുന്നു: "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊ. 3:12)

(3) സ്ത്രീകളുടെ പങ്കാളിത്തം

റോമിലെ സഭയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. ഈ അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുള്ള ഇരുപത്താറു പേരുകളിൽ എട്ടെണ്ണം വനിതകളുടേതാണ് - ഏതാണ്ട് മൂന്നിൽ ഒരു ഭാഗം. അവർ ആ സഭയിൽ ശ്രദ്ധേയമായ സേവനം അനുഷ്ഠിച്ചതുകൊണ്ടാണല്ലോ റോം സന്ദർശിച്ചിട്ടില്ലാത്ത അപ്പോസ്തോലന് അവരെപ്പറ്റി അറിയാൻ കഴിഞ്ഞത്.

ഫേബാ കെംക്രേയ സഭയിലെ ശുശ്രൂഷക്കാരിയാണ് (ശെമ്മാശിനി) (വാ.1.) മറിയം കഠിനമായി അദ്ധ്വാനിച്ചവൾ (വാ.6); യൂനിയാ, പൗലോസിനോടുകൂടെ കാരാഗൃഹവാസം അനുഷ്ഠിച്ചവൾ; (വാ.7) കർത്തൃശുശ്രൂഷയിൽ ഏർപ്പെട്ടവരാണ് ത്രുഫൈനയും, ത്രുഫോസും (വാ.12).

യേശുക്രിസ്തു സ്ത്രീകൾക്കു ഒരു പുതിയ യുഗം തുറന്നുകൊടുത്തു. കർത്താവിനെ ശുശ്രൂഷിച്ചുകൊണ്ട് തന്നെ അനുഗമിച്ചവരായ ശിഷ്യകളെപ്പറ്റി നാം വായിക്കുന്നു (ലൂക്കോ.8:3) അവിടുത്തെ ഉയിർപ്പിന്റെ സന്ദേശം ആദ്യം ശ്രവിക്കുവാനും, ഉത്ഥിതനായ കർത്താവിനെ ആദ്യം ദർശിക്കാനുമുള്ള ഭാഗ്യം സ്ത്രീക്കാണു ലഭിച്ചത്. യരുശലേമിൽ കാത്തിരുന്ന ശിഷ്യസമൂഹത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. (അ. പ്ര. 1:14) പൗലോസിന്റെ ഒരു സാക്ഷ്യം ശ്രദ്ധിക്കുക: "എന്റെ കൂട്ടുവേലക്കാരായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷ ഘോഷണത്തിൽ പോരാടിയിരിക്കുന്നു" (ഫിലി. 4:3) കുടുംബിനികളായ സ്ത്രീകളുടെ പ്രവർത്തനസാക്ഷ്യമാണ് പ്രിസ്കില്ല നൽകുന്നത്. ഫേബാ ഒരു പക്ഷേ അവിവാഹിതയായ മുഴുസമയ പ്രവർത്തക ആയിരുന്നിരിക്കാം.

യഹൂദ പാരമ്പര്യത്തിൽ സ്ത്രീകൾക്കു പതിത്വം കൽപ്പിച്ചിരുന്നു. സമൂഹത്തിൽ അവർക്കു യാതൊരു അംഗീകാരവും ഉണ്ടായിരുന്നില്ല. അത്തരത്തിൽ വളരെയേറെ വിവേചനം പുലർത്തിയ ഒരു സമൂഹത്തിൽനിന്നാണ് ക്രിസ്തീയ സഭ ഉദയംചെയ്തത്. എന്നാൽ യേശുക്രിസ്തു വന്ന് ഒരു പുതിയ തുടക്കം കുറിക്കുകയായിരുന്നു. അതേപ്പറ്റി പൗലോസ് പറയുന്നത്, "അതിൽ (സഭയിൽ) യഹൂദനും യവനനും എന്നില്ല. സ്ത്രീയും പുരുഷനും എന്നുമില്ല; എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ." (ഗലാ. 3:28)

എന്നാൽ പിൽക്കാലത്തു സഭയിൽ വളർന്നുവന്ന പുരുഷമേധാവിത്വം ഇന്നും സഭയിൽ നിന്നു വിട്ടുമാറിയിട്ടില്ല. സഭയുടെ മുഖ്യധാരയിൽനിന്ന് സ്ത്രീകളെ പാർശ്വവൽക്കരിച്ച അവസ്ഥയാണ്. മാറ്റത്തിന്റെ മാറ്റൊലി കേൾക്കാൻ തുടങ്ങിയെന്നത് ശുഭോദർക്കം തന്നെ. ഏതായാലും അപ്പോസ്തോലിക സഭയുടെ പശ്ചാത്തലത്തിൽ ഒരു പുനർചിന്തനം ആവശ്യമെന്നതിനു സംശയമില്ല.

നമ്മുടെ സഭയിലെ പ്രശ്നങ്ങളുടെ മുമ്പിൽ സ്തംഭിക്കേണ്ടതായിട്ടൊന്നുമില്ല. ആ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്നുള്ളതിനെപ്പറ്റി അപ്പോസ്തോലൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി, അവയുടെ അടിസ്ഥാനത്തിൽ നാം പരിശ്രമിക്കയാണു വേണ്ടത്.

(4) സഭയിൽ പ്രശ്നങ്ങൾ ഉണ്ടായിരുന്നു

അപ്പോസ്തോലിക കാലത്ത് എല്ലാ സഭകളിലും പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അങ്ങനെയുള്ള പ്രശ്നങ്ങളാണ് വിവിധ സഭകൾക്കു ലേഖനമെഴുതാൻ പൗലോസിനെ പ്രേരിപ്പിച്ചത്. അപ്പോസ്തോലന്മാർ തന്നെ നേതൃത്വം നൽകിയിരുന്നതും പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ഏറെ ലഭിച്ചിരുന്നതുമായ അന്നത്തെ സഭയിലുമുണ്ടായിരുന്നു പ്രശ്നങ്ങൾ. കാരണം, സഭ മാലാഖമാരുടെ സമൂഹമല്ല, ബലഹീനരും പാപികളുമായ മനുഷ്യരുടെ സമൂഹമാണ്. രക്ഷിക്കപ്പെട്ടവരും, വിശു

യേശുവിന്റെ രണ്ടാംവരവും സഭൈക്യവും

■ അമ്മിണി മാത്യു

ഭീകരപ്രവർത്തകർ അഴിഞ്ഞാടുന്ന, അധോലോകപ്രവർത്തനങ്ങൾ തഴച്ചുവളരുന്ന, ഉറുമ്പുകളെ കൊല്ലുന്ന ലാഘവത്തോടുകൂടി കൂട്ടക്കൊലപാതകങ്ങൾ നടത്തുന്ന ഈ കാലഘട്ടത്തിൽ യേശുക്രിസ്തുവിന്റെ രണ്ടാംവരവ് നമുക്ക് പ്രത്യാശ നൽകുന്നു. അതിനാൽ നാം ഉണർന്നും പ്രാർത്ഥിച്ചും കൊണ്ട് അവന്റെ രണ്ടാംവരവിനായി ഒരുങ്ങി യിരിക്കണം.

വിശുദ്ധഗ്രന്ഥത്തിൽ യേശുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയുള്ള പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലുകളും ദൈവദൂതന്മാർ പറഞ്ഞിരിക്കുന്നതും യേശു ശിഷ്യന്മാരോട് പറഞ്ഞിരിക്കുന്നതും നമുക്ക് കാണാവുന്നതാണ്.

മരണം സുനിശ്ചിതമാണ്. അതേപോലെതന്നെ യേശുവിന്റെ രണ്ടാമത്തെ വരവും സുനിശ്ചിതമാണ്. ഇവ രണ്ടും എപ്പോൾ സംഭവിക്കും എന്ന് ആർക്കും അറിയുവാൻ പാടില്ല. ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനുംകൂടെ അറിയുന്നില്ല (വി. മർക്കോസ് 13:32).

സമയത്തിന്റെ പൂർത്തീകരണത്തിൽ യേശു വീണ്ടും വരുമെന്നതിന്റെ മുന്നറിയിപ്പുകൾ ഏവ എന്നു നോക്കാം.

1. സ്വർഗ്ഗത്തിലേക്ക് പോയതുപോലെ തന്നെ യേശു വീണ്ടും വരും: "ഗലീലപുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്ക് നോക്കിനിൽക്കുന്നതെന്ത്? നിങ്ങളെവിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" (അ. പ്ര.1:11).

   ഉത്ഥിതനായ യേശു നാല്പത് നാളോളം മഗ്ദലനമറിയത്തിനും ശിഷ്യന്മാർക്കും ഉൾപ്പെടെ ഏകദേശം അഞ്ഞൂറോളം പേർക്ക് പ്രത്യക്ഷനായി. ഒലിവുമലയിൽ നിന്ന് യേശു ശിഷ്യന്മാർ കാൺകെ ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടി അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു. ഈ കാഴ്ചകണ്ട് അത്ഭുതപരതന്ത്രരായി ഇമവെട്ടാതെ ആകാശത്തിലേക്ക് നോക്കിനിന്ന ശിഷ്യന്മാരോട് 'സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും' എന്ന് ദൈവദൂതന്മാർ ആശ്വാസവചനം നൽകി. ഗബ്രിയേൽ മാലാഖ മറിയാമിനും സഖര്യാവിനും നൽകിയ സന്ദേശം വള്ളിക്കും പുള്ളിക്കും വ്യത്യാസമില്ലാതെ സംഭവിച്ചതുപോലെ ഇതും സംഭവിക്കും.

2. സ്ഥലം ഒരുക്കിയിട്ട് ദൈവമക്കളെ കൂട്ടിക്കൊണ്ടു പോകുവാൻ യേശു വരും: 'ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും' (വി. യോഹന്നാൻ 14:3). യേശു വിശ്വസ്തനായതുകൊണ്ട് ഈ വാഗ്ദത്തം നിറവേറ്റും. സ്ഥലം ഒരുക്കിയതിനുശേഷം യേശു രണ്ടാമതും വന്ന് വിശുദ്ധന്മാരെയും നീതിമാന്മാരെയും പരിശുദ്ധാത്മ നിറവുള്ളവരെയും ജീവപുസ്തകത്തിൽ പേരെഴുതിയിരിക്കുന്നവരെയും പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെയും കൂട്ടിക്കൊണ്ട് സ്വർഗ്ഗരാജ്യത്തിലേക്ക് പോകും. സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കാൻ സാധിക്കാത്തവർ ആരെല്ലാമെന്ന് 1 കൊരി. 6:9,10ൽ പറയുന്നു.

3. ന്യായംവിധിച്ച് തക്കപ്രതിഫലം നൽകുവാൻ യേശു വീണ്ടും വരും: 'ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്' (വെളിപാട് 22:12) ഈ സത്യം മനസ്സിലാക്കികൊണ്ടാണ് പാപികളോട് കരുണ ചെയ്യുവന്നവനെ നീ ന്യായംവിധിക്കുന്ന ദിവസത്തിൽ ഞങ്ങളോട് കരുണചെയ്യണമേ എന്നു നാം പ്രാർത്ഥിക്കുന്നത്.

   യേശുവിന്റെ ന്യായവിധി സാർവ്വത്രിക്കമാണ്. മുഖപക്ഷമില്ലാത്തതാണ്. നമ്മുടെ സമ്പത്തോ വിദ്യാഭ്യാസമോ രാഷ്ട്രീയ സാമുദായികസ്ഥാനമോ അധികാരമോ യേശുവിന്റെ ന്യായവിധിയുടെ മുമ്പിൽ വിലപ്പോവുകയില്ല. അവനവന്റെ പ്രവൃത്തികൾക്കനുസരിച്ച് ന്യായവിധി ഉണ്ടാകും എന്ന യാഥാർത്ഥ്യം മനസ്സിലാക്കി നാം നമ്മുടെ ജീവിതത്തെ ക്രമീകരിക്കണം.

ഢീകരിക്കപ്പെട്ടവരുമെങ്കിലും, അവർ വസിക്കുന്നത് തിന്മയും പാപവും നിറഞ്ഞ ലോകത്തിലാണ്. പോരാട്ടങ്ങളുടെയും പ്രലോഭനങ്ങളുടെയും നടുവിലാണ്. അപ്പോൾ പ്രശ്നങ്ങൾ പല തരത്തിലും, തലത്തിലും സഭയിൽ രംഗപ്രവേശം ചെയ്യാം. റോമിലെ സഭയിലും, മറ്റു പല സഭകളിലും, സഭയുടെ വിശുദ്ധിയും ഐക്യവും ഭഞ്ജിക്കുന്ന ചില പ്രവണതകൾ ഉയർന്നുവന്നു. (റോമ. 15:17-20) ശാഠ്യക്കാരായ വ്യക്തികൾ തങ്ങളുടെ സ്ഥാനവും അഭിപ്രായവും സ്ഥാപിക്കാൻ മുതിരുമ്പോൾ അതു ഭിന്നതയിലേക്കു വഴിതെളിക്കും. കർത്താവിനെയല്ല, തങ്ങളുടെ വയറിനെ സേവിക്കുന്ന (വാ.18) അത്തരക്കാർ എല്ലാക്കാലത്തും സഭയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കയില്ല. സാത്താനാണ് ഇതിന്റെ പിമ്പിലുള്ളതെന്നു പൗലോസ് സൂചിപ്പിക്കുന്നു.

കൊരിന്തിലെ അവസ്ഥ വ്യത്യസ്തമായിരുന്നു. അവിടെ കക്ഷിവഴക്ക്, കോടതികയറ്റം, അസാന്മാർഗ്ഗികത, പരിശുദ്ധാത്മ നൽവരത്തെ ച്ചൊല്ലിയുള്ള തർക്കം - ഇങ്ങനെ വേദശാസ്ത്രപരവും, സദാചാരപരവുമായ വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു. അതുപോലെ അക്കാലത്തെ മറ്റു സഭകളിലും ഓരോ പ്രശ്നം ഉയർന്നുവന്നു. അപ്പോൾ നമ്മുടെ സഭയിലെ പ്രശ്നങ്ങളുടെ മുമ്പിൽ സ്തംഭിക്കേണ്ടതായിട്ടൊന്നുമില്ല. ആ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്നുള്ളതിനെപ്പറ്റി അപ്പോസ്തോലൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കി, അവയുടെ അടിസ്ഥാനത്തിൽ നാം പരിശ്രമിക്കയാണു വേണ്ടത്.

ഒന്നാം നൂറ്റാണ്ടിലെ സാഹചര്യങ്ങളിൽ നിന്ന് തികച്ചും ഭിന്നമായ ഒരു ലോകത്തിലാണ് ഇന്നത്തെ സഭ. സാമൂഹ്യരംഗത്തും, ശാസ്ത്രീയ രംഗത്തും സംഭവിച്ചിട്ടുള്ള വിപ്ലവാത്മകമായ പരിവർത്തനങ്ങളും വെല്ലുവിളികളും സഭയ്ക്കു നേരിടുവാനുണ്ട്. അന്ന് ഒരു സഭയും അതിൽ ചില ആഭ്യന്തര പ്രശ്നങ്ങളുമുണ്ടായിരുന്നു. ഇന്ന് എത്ര സഭകൾ! എത്ര അവാന്തര വിഭാഗങ്ങൾ! ഓരോന്നും ഉയർത്തുന്ന അവകാശപ്രഖ്യാപനങ്ങൾ ചിന്താക്കുഴപ്പം സൃഷ്ടിക്കാതിരിക്കയില്ല. ഇവിടെയാണ് മനുഷ്യബുദ്ധിക്കതീതമായി ദൈവാത്മാവിന്റെ വ്യാപാരം ആവശ്യമായിരിക്കുന്നത്. കാതോലിക്കേറ്റിന്റെ ശതാബ്ദിയാഘോഷങ്ങൾ നടത്തുമ്പോൾ അപ്പോസ്തോലികകാലത്തെ സഭയെക്കുറിച്ചുള്ള ഈ ഹ്രസ്വ പഠനം നമുക്ക് ചില ഉൾക്കാഴ്ചകൾ നൽകാതിരിക്കയില്ല.

GM

സഭയുടെ ഐക്യം

ചുവരില്ലാതെ ചിത്രം വരയ്ക്കുവാൻ സാധ്യമല്ല എന്നതുപോലെ ക്രിസ്തുശിഷ്യന് സഭയില്ലാതെ ആത്മീകവളർച്ചയില്ല. സഭ യേശുവിന്റെ ശരീരമാണ്. യേശുവിന്റെ ശരീരമായ സഭയിലെ അവയവങ്ങളാണ് നാം ഓരോരുത്തരും എന്ന പരമാർത്ഥം മനസ്സിലാക്കി സഭയുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാകണം.

സാഹചര്യം അനുകൂലമായാൽ മാത്രമേ സഭൈക്യം സാധ്യമാവൂ എന്ന അബദ്ധചിന്തയ്ക്ക് നാം വശംവദരാകരുത്. കടലിലെ തിരമാല ശാന്തമാകുവാൻ നോക്കിയിരിക്കുന്നവർക്ക് വഞ്ചി കടലിൽ ഇറക്കുവാൻ സാധ്യമല്ല. തിരമാലയെ നിയന്ത്രിക്കുവാൻ ആരും ശ്രമിക്കേണ്ട. വഞ്ചിയെ നിയന്ത്രിച്ചാൽ മതി. തിരമാല ഉണ്ടാകുക എന്നത് കടലിന്റെ സ്വഭാവമാണ്. അതുകൊണ്ട് ചുറ്റുപാടുകളെ പഴിക്കാതെ അവയെ അതിജീവിക്കാനുള്ള ശക്തി ദൈവത്തിൽ നിന്നും ആർജ്ജിച്ചെടുത്ത് ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ട് പരിശ്രമിക്കുക.

ക്രൈസ്തവ ആദ്ധ്യാത്മികതയിൽ സ്വാർത്ഥതാല്പര്യത്തിനും ഞാൻ എന്ന ഭാവത്തിനും പ്രസക്തി ഇല്ല; ഒരു പരിധിവരെ ഇവ രണ്ടിന്റെയും കൂടെയുള്ള കടന്നാക്രമണമാണ് സഭാ ഐക്യത്തിന് തുരങ്കം വയ്ക്കുന്നത് എന്ന നഗ്നസത്യം മനസ്സിലാക്കി, ഇവയുടെ നീരാളിപിടുത്തത്തിൽ നിന്ന് സടകുടഞ്ഞെഴുന്നേൽക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അതുകൊണ്ട് ക്രൈസ്തവ ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊണ്ട് നാം പ്രവർത്തിക്കണം.

ആത്മീയജീവിതത്തിന്റെ പ്രാണവായുവാണ് വിശ്വാസം. സഭയ്ക്ക് സഹനങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കാതെ, ജഡീകമോഹങ്ങളുടെ പിന്നാലെ പരക്കം പായാതെ തന്റെ കുരിശും എടുത്തുകൊണ്ട് യേശുവിനെ അനുഗമിക്കുന്ന ജീവിതശൈലിയുടെ ഉടമകളായി നാം മാറണം.

ദൃശ്യമായ സഭയുടെ ഐക്യം നമ്മുടെ സഭയിൽ സംജാതമാകുവാൻ വേണ്ടി അദൃശ്യനായ ദൈവത്തിന്റെ കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

GM

സഭയും മീഡിയയും

■ tUm. tPmÀP hÀKo k



സഭയും മീഡിയയും എന്നു കേൾക്കുമ്പോൾ സാധാരണ അതു പറയുന്ന ആളിന്റെ പബ്ലിസിറ്റിയാണ് വിഷയം. അവരുടെ ഫോട്ടോയും വാർത്തയും അവിടുത്തെ പ്രാദേശിക താളിന്റെ ഏതെങ്കിലും മൂലയിൽ വന്നാൽ സഭയുടെ കാര്യം തെളിഞ്ഞു. ഇതാണ് സഭയും മീഡിയയും തമ്മിലുള്ള ബന്ധമെന്നു അവർ കരുതുന്നു. ഈ ബന്ധങ്ങൾ തുടർന്നാൽ മീഡിയാ ബന്ധങ്ങൾ ഓ.കെ.

പ്രതിസന്ധികൾ വരുമ്പോഴാണ് ഈ ബന്ധത്തിന്റെ ഉറപ്പു പരിശോധിക്കുക. ഇതു പൊതുപ്രസിദ്ധീകരണങ്ങളുടെയും ചാനലുകളുടെയും കാര്യം.

സഭയ്ക്ക് പ്രസിദ്ധീകരണങ്ങൾ അനവധിയുണ്ടല്ലോ. ഇവയിൽ പുറത്തുള്ളവർക്ക് കൊടുക്കാൻ കൊള്ളാവുന്നവ രണ്ടോ മൂന്നോ കാണും. മിക്കവയും മെത്രാന്മാരുടെ യാത്രാപരിപാടികൾ, കൽപനകൾ, സൺഡേ സ്കൂൾ വാർഷികങ്ങൾ എന്നിവകൊണ്ടു നിറഞ്ഞിരിക്കും. പിന്നെവിടെയാണ് സഭയും മീഡിയയും തമ്മിലുള്ള ബന്ധങ്ങൾ.

പല പ്രധാനവിഷയങ്ങളിലും ശക്തമായ നിലപാടു സ്വീകരിക്കാനോ അതു പൊതുജനം മുമ്പാകെ അവതരിപ്പിക്കാനോ സഭയ്ക്കു താൽപര്യമില്ലാതെ വന്നു അഥവാ അതിനു കഴിയാതെ വന്നു.

വിവിധ വിഷയങ്ങളെപ്പറ്റി ആധികാരികമായി പറയാനോ പ്രതികരിക്കാനോ പ്രാപ്തിയുള്ളവർ സഭയിലില്ല എന്ന് അതുകൊണ്ട് അർത്ഥമാക്കരുത്.

എറണാകുളം ജില്ലയിൽ പള്ളികൾ പൂട്ടുന്നതും തുറക്കുന്നതും ശവപ്പെട്ടികൾ അമ്മാനമാടുന്നതും മാത്രമായി സഭാ വാർത്തകൾ ചുരുങ്ങുന്നു. ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കില്ല എന്ന് ഒരു പ്രമുഖ പത്രം തീരുമാനിച്ചു. സഭയിൽ ഈ തീരുമാനം അൽപം മുറുമുറുപ്പിന് കാരണമായെങ്കിലും പിന്നീട് ശരിയായ നീക്കമാണെന്ന് ബോധ്യപ്പെട്ടു.

കോടതി വിധികൾ ചില പത്രങ്ങളിൽ വരുന്നത് വാലും തലയുമില്ലാതാണ്. അതായത് വാർത്ത പലപ്പോഴും നിഷ്പക്ഷമല്ല എന്നർത്ഥം. യഥാർത്ഥ വാർത്ത റിപ്പോർട്ടറെ ബോധ്യപ്പെടുത്താൻ ശ്രമിക്കണം. എങ്കിലും വളച്ചേ എഴുതൂ എന്നു വന്നാൽ അയാളെ നേരെയാക്കാൻ വേറെ നിരവധി മാർഗ്ഗങ്ങളുണ്ട്.

മീഡിയയുടെ സ്ഥാനം സഭയിൽ പലർക്കും മനസ്സിലാകുന്നില്ല. പെരുന്നാളിന്റെ ഫോട്ടോ വന്നാൽ എല്ലാം ശരിയായി എന്നാണ് പലരുടെയും ധാരണ.

മീഡിയയുടെ സ്ഥാനം സഭയിൽ പലർക്കും മനസ്സിലാകുന്നില്ല. പെരുന്നാളിന്റെ ഫോട്ടോ വന്നാൽ എല്ലാം ശരിയായി എന്നാണ് പലരുടെയും ധാരണ. പ്രാപ്തരും പ്രശസ്തരുമായ മീഡിയക്കാർ സഭയിലുണ്ട്. അവരെ ഉപയോഗപ്പെടുത്താൻ ഒരു ശ്രമവും നടക്കുന്നില്ല. അവർ സഭയുടെ അഭിമാനമാണ്. നമുക്കു മുതൽ മുടക്കില്ലാതെ കിട്ടിയ നിധികളാണ്. സഭയിൽ ഉത്തരവാദപ്പെട്ടവർ ചേർന്ന് ആലോചിച്ച് ഇത്തരക്കാരെ സഭയ്ക്ക് പ്രയോജനകരമായ വിധത്തിൽ ഉപയോഗപ്പെടുത്തണം.

അറിയപ്പെടുന്ന ചില മീഡിയാപ്രവർത്തകരും സാംസ്കാരിക നേതാക്കളും സഭാംഗങ്ങളാണെന്ന് സാധാരണ സഭാംഗങ്ങൾക്ക് അറിയില്ല. അവരെ അംഗീകരിക്കാനും സഭാംഗങ്ങൾക്ക് പരിചയപ്പെടുത്താനും സഭാനേതാക്കൾ ശ്രമിക്കണം. വിവിധ വിഷയങ്ങളിൽ സഭയുടെ പ്രതികരണവും നിലപാടും വ്യക്തമായി ആളുകളെ ബോധ്യപ്പെടുത്താവുന്നവർ സഭയിലുണ്ട്. അവരെ പ്രോത്സാഹിപ്പിക്കണം.

സഭ ഒരു ചാനൽ തുടങ്ങുന്നു എന്നു കേട്ടിരുന്നു. അതിന്റെ വിഷയം കൈകാര്യം ചെയ്യാനും സാമ്പത്തിക വശം നോക്കാനും പ്രാപ്തിയുള്ളവർ സഭയിലുണ്ട്. ഒന്നോ രണ്ടോ വർഷം പരീക്ഷണാർത്ഥം നടത്താവുന്നതാണ്. നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ അന്നു മറ്റു മാർഗ്ഗങ്ങൾ നോക്കാം.

നല്ല പ്രാപ്തരായ വൈദികരും അത്മായരും നമുക്കുണ്ട്. പ്രത്യേക കഴിവുകളുള്ള തിരുമേനിമാരുമുണ്ട്. മിക്കവരും കൺവൻഷൻ പ്രസംഗങ്ങളോ ഗൾഫിലെ ഇടവക സന്ദർശനമോ നടത്തി സേവനം നടത്തുന്നു. ഇതു മതിയോ സഭയ്ക്ക്? പലരും അവരവരുടെ ഭദ്രാസനങ്ങളിൽ ഒതുങ്ങിക്കൂടുന്നു. അവരെ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കണം. അതിനുവേണ്ടി ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കിയാലും കൊള്ളാം. ഒരാൾക്ക് ചുവന്ന കുപ്പായം നൽകി കഴിഞ്ഞാൽ സഭയുടെ ഉത്തരവാദിത്തവും ചുമതലകളും കഴിഞ്ഞു എന്നു കരുതരുത്.

തിരുമേനിമാരുടെ നേതൃത്വത്തിൽ ചേർന്ന് ദീർഘകാല വീക്ഷണമുള്ള പരിപാടികൾ ഉണ്ടാക്കണം. ഇത്തരം പരിപാടികൾ ആരുടെയും പോക്കറ്റ് പരിപാടികൾ ആകരുത്. സുതാര്യതയിൽ ഭയക്കരുത്. ജനാധിപത്യവും അധികാര വികേന്ദ്രീകരണവും പരിപാടികളുടെ മുഖമുദ്രകളായിരിക്കണം.

മീഡിയ എന്ന ഫോർത്ത് എസ്റ്റേറ്റിനെ വേണ്ടവിധം ഉപയോഗപ്പെടുത്തുന്നതിന് തിരുമേനിമാർക്കും ബന്ധപ്പെട്ട മറ്റുള്ളവർക്കും പരിശീലനം നൽകണം. കാലം ഒത്തിരി മാറിപ്പോയല്ലോ.

മീഡിയയുമായുള്ള ബന്ധം എന്നു പറയുമ്പോൾ സഭാംഗങ്ങളുമായുള്ള ബന്ധം എന്നുകൂടി അർത്ഥമാക്കണം. പിതാക്കന്മാർ സഭാംഗങ്ങളുമായി മികച്ച ബന്ധം ഉറപ്പാക്കണം. ആദ്യം പറഞ്ഞതുപോലെ സുതാര്യത ഉറപ്പു വരുത്തുകയും വേണം. സഭാംഗങ്ങളുടെ അഭിപ്രായങ്ങളും താൽപര്യങ്ങളും മനസ്സിലാക്കാനും അവയുടെ അടിസ്ഥാനത്തിൽ പരിപാടികൾ ആവിഷ്കരിക്കാനും സഭയ്ക്ക് കഴിയണം.

ഉദാസീനത സഭയ്ക്ക്, പ്രത്യേകിച്ച് നേതൃത്വത്തിന്, ഒരിക്കലും ഭൂഷണമല്ല. സജീവമായിരിക്കണം സഭ. നേതൃത്വം കറന്റുപോലെ പ്രവർത്തിക്കണം.

സഭാംഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം, സാമ്പത്തിക നിലവാരം, ആവശ്യങ്ങൾ എന്നിവ പഠിച്ച് വിവിധ പരിപാടികൾ ആവിഷ്കരിക്കണമെന്ന് ഇതെഴുതുന്ന ആൾ മാനേജിംഗ് കമ്മറ്റിയംഗമായിരിക്കുമ്പോൾ നിർദ്ദേശിക്കയുണ്ടായി. ആരും കാര്യമായി ശ്രദ്ധിച്ചതായി കണ്ടില്ല. ഇത്തരം കാര്യങ്ങളിലും പൊതുസമൂഹവുമായുള്ള ബന്ധങ്ങളിലും സഭ താല്പര്യമെടുക്കുമ്പോൾ മീഡിയയും അങ്ങോട്ടു ചെല്ലും.

ഒരു പെരുന്നാളിനോ സമ്മേളനത്തിനോ പബ്ലിസിറ്റി കിട്ടിയാൽ അതിൽ സംതൃപ്തിയടഞ്ഞു കരയ്ക്ക് കയറുന്ന രീതി മാറണം. സഭയ്ക്ക് മീഡിയയുമായി തുടർച്ചയായ, ആത്മാർത്ഥമായ, ബന്ധമുണ്ടാകണം.

മീഡിയാ ബന്ധങ്ങളിൽ സോഷ്യൽ മീഡിയയും കാര്യമായ പങ്കുവഹിച്ചു തുടങ്ങി. പലേടത്തും വിപ്ലവം തുടങ്ങാൻ കഴിഞ്ഞില്ലെങ്കിലും വിപ്ലവത്തിന്റെ പൊരികൾ വിതറാൻ സോഷ്യൻ മീഡിയയ്ക്ക് കഴിഞ്ഞു. പോസിറ്റീവ് ആയ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതിനേക്കാൾ വേഗത്തിൽ നെഗറ്റീവ് ആയ കാര്യങ്ങൾ പ്രചരിപ്പിക്കാൻ കഴിഞ്ഞു. ഉത്തരവാദിത്തം ഒന്നിനും ഏൽക്കേണ്ടി വരുന്നുമില്ല.

വിവിധ സഭാവിഭാഗങ്ങൾ അവർക്കു താൽപര്യമുള്ള വിഷയങ്ങൾ ഈ മീഡിയാ വഴി വേഗത്തിൽ പ്രചരിപ്പിക്കുന്നു. ഇന്ത്യയ്ക്കു പുറത്തുനിന്ന് പല ശ്ലാഘനീയമായ ശ്രമങ്ങളും ഈ മീഡിയയിലൂടെ നടക്കുന്നുണ്ട്. പത്രങ്ങളുടെ പ്രാദേശിക താളുകൾ മാത്രം പരതുന്നവരുടെ കണ്ണിൽ ഇവ പെട്ടു എന്നു വരില്ല. സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരിൽ കൂടുതലും ചെറുപ്പക്കാരാണ് എന്നോർക്കുക.

വ്യക്തിബന്ധങ്ങളെയും കുടുംബബന്ധങ്ങളെയും തകരാറിലാക്കുന്ന ജോലിയിൽ മീഡിയ ഏർപ്പെടരുത്. തങ്ങളുടെ ഉത്തരവാദിത്തം ബോധ്യമുള്ളവരെ മാത്രം ചാനലുകൾ ഫീൽഡ് റിപ്പോർട്ടിംഗിനു വിടണം. നല്ല പെരുമാറ്റ രീതി, പക്വത, ഉത്തരവാദിത്തബോധം, സാമൂഹ്യ പ്രതിബദ്ധത എന്നിവ പത്രപ്രവർത്തകർക്ക് കൂടിയേ കഴിയൂ. കാര്യങ്ങൾ ഗ്രഹിക്കാതെ എടുത്തുചാടുന്ന സ്വഭാവവും ഒഴിവാക്കണം. നല്ല വ്യക്തിബന്ധങ്ങൾ, നല്ല കുടുംബബന്ധങ്ങൾ, നല്ല സമൂഹബന്ധങ്ങൾ എന്നിവയാകണം നമ്മുടെ പൊതുലക്ഷ്യങ്ങൾ. **GM**

പ്രശസ്ത പത്രപ്രവർത്തകനായ ലേഖകൻ ഭാരതസർക്കാരിന്റെ പ്രസാർ ഭാരതിയുടെ ഡയറക്ടറാണ്.

ശ്ലൈഹിക പാരമ്പര്യം നിലനിർത്തണം: പരിശുദ്ധ ബാവ

■ പി.എ. അലക്സാണ്ടർ

മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിത്വവും അപ്പോസ്തോലിക പിന്തുടർച്ചയും അവകാശപ്പെടാൻ അർഹതയുള്ള ഇന്ത്യയിലെ ക്രൈസ്തവസഭയുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി സ്ഥിതി ചെയ്യുന്ന വൈദിക മേലദ്ധ്യക്ഷ സ്ഥാനമാണ് കാതോലിക്കേറ്റെന്ന് പരിശുദ്ധ കാതോലിക്കാ ബാവ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ പ്രസ്താവിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന കാതോലിക്കേറ്റ് സ്മാരക പ്രഭാഷണ പരമ്പരകളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു ബാവ.

മാർ ഏലിയാ കത്തീഡ്രലിൽ ചേർന്ന ഉദ്ഘാടനസമ്മേളനത്തിൽ വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ മുഖ്യ പ്രഭാഷണം നടത്തി. പഴയ സെമിനാരി മാനേജർ ഫാ. കുര്യാക്കോസ് സ്വാഗതവും ജോർജിയൻ മിറർ എക്സിക്യൂട്ടീവ് എഡിറ്റർ പി.എ. അലക്സാണ്ടർ നന്ദിയും പറഞ്ഞു.

നമ്മുടെ പിതാക്കന്മാരുടെ ത്യാഗത്തിന്റെ ഫലമായിട്ടാണ് കാതോലിക്കേറ്റ് സ്ഥാപിതമായതെന്നു പരിശുദ്ധ ബാവ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. അതിന്റെ പുരോഗതിക്കായി സഭാ മക്കളെല്ലാം പ്രയത്നിക്കണം. നമ്മുടെ വിശ്വാസത്തിലും പ്രാർത്ഥനയിലും ത്യാഗത്തിലുമാണ് കാതോലിക്കേറ്റ് പണിയപ്പെട്ടിട്ടുള്ളത്.

മറ്റു പൗരസ്ത്യ സഭകളിലെപ്പോലെ പരാശ്രയം കൂടാതെ സഭയുടെ നിലയും നിലപാടും കൗദാശിക ആവശ്യങ്ങളും ഭരണസ്വാതന്ത്ര്യവും അഭിമാനകരമായി കാത്തുസൂക്ഷിക്കുന്നതിന് ഒരു കാതോലിക്കോസേറ്റ് അനിവാര്യമായിരുന്നുവെന്നു ബാവ ചൂണ്ടിക്കാട്ടി. അത്തരമൊരു തീരുമാനമെടുക്കാൻ മലങ്കരസഭയ്ക്ക് അവകാശമുണ്ടെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. എന്നാൽ 'മലങ്കരസഭാ ഭാസുരൻ' പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് പിതാവിനാണ് ധീരമായ ഈ കാൽവയ്പ് നടത്താൻ കഴിഞ്ഞത്. അത് ഒരു ദൈവനിയോഗമായിരുന്നു. മലങ്കരസഭയുടെ നിലനിൽപ്പിനും അഭ്യുന്നതിക്കും ആവശ്യം വേണ്ട കാതോലിക്കേറ്റിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്നു വട്ടശ്ശേരിൽ തിരുമേനി അദ്ദേഹത്തിന്റെ അന്ത്യകൽപനയിൽ പറഞ്ഞിട്ടുണ്ട്.

ഒരു സ്വതന്ത്ര കാതോലിക്കേറ്റിൻ കീഴിലുള്ള സഭയ്ക്ക് അതിന്റെ ഭാവിയെപ്പറ്റി നല്ല ദർശനവും ഉൾക്കാഴ്ചയും പ്രതീക്ഷകളുമാണുള്ളതെന്നു ബാവ തിരുമേനി വിശദീകരിച്ചു.

ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ട് മുതൽ നിലനിൽക്കുന്നതും മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പൗരോഹിത്യ, സുവിശേഷ സാക്ഷ്യ പാരമ്പര്യത്തിലുള്ളതുമായ പുരാതനസഭയാണ് മലങ്കരസഭയെന്നു വൈദിക സെമിനാരി പ്രിൻസിപ്പൽ ഡോ. ജേക്കബ് കുര്യൻ മുഖ്യ പ്രഭാഷണത്തിൽ ചൂണ്ടിക്കാട്ടി. പുരാതനറോമൻ, പേർഷ്യൻ സാമ്രാജ്യങ്ങൾക്ക് പുറത്തായിരുന്ന ഒരു ക്രൈസ്തവ സമൂഹമെന്ന നിലയിൽ, സ്വതന്ത്രവും തദ്ദേശീയവുമായ സഭാ വ്യക്തിത്വം മലങ്കരസഭയ്ക്കുണ്ടായിരുന്നു. യഹൂദരും യഹൂദ സങ്കരവിഭാഗങ്ങളും, നമ്പൂതിരിമാരും ദ്രാവിഡരും ആര്യഗണങ്ങളും, ഗോത്രവിഭാഗങ്ങളും അനാര്യജാതിക്കാരും എല്ലാം ഈ മാർത്തോമ്മൻ മാർഗ്ഗത്തിലൂടെ ക്രിസ്തുവിന്റെ വെളിച്ചം പകർന്നവരാണെന്നു ഫാ. ഡോ. ജേക്കബ് കുര്യൻ വിശദീകരിച്ചു. റോമൻ, പേർഷ്യൻ സാമ്രാജ്യങ്ങളിലെ ക്രൈസ്തവ സഭാ സമൂഹത്തിന് സൗഹൃദബന്ധങ്ങളും ഉണ്ടായിരുന്നു. ഇപ്രകാരമുള്ള ഒരു തദ്ദേശീകൃത ക്രൈസ്തവ സംസ്കാരമാണ് പതിനാറാം നൂറ്റാണ്ട് വരെ മലങ്കരസഭയ്ക്കുണ്ടായിരുന്നത്, പോർച്ചുഗീസ് ആധിപത്യത്തിന്റെ മറവിൽ പതിനാറാം നൂറ്റാണ്ടോടെ മലങ്കരസഭയെ റോമൻ കത്തോലിക്കാ സഭയുടെ കീഴിലും ലത്തീൻ പാരമ്പര്യത്തിന്റെ തടവറയിലും ആക്കാനുള്ള ശ്രമങ്ങൾ ശക്തമായി. അതിനെതിരെയുള്ള പോരാട്ടം തുടർച്ചയായി മൂന്നു വിദേശ സഭാധിപത്യ ശ്രമങ്ങളോടുള്ള പോരാട്ടമാണ് മലങ്കരയിൽ ഉണ്ടായത്. ആദ്യം റോമൻസഭയോട്, പിന്നീട് പ്രൊട്ടസ്റ്റന്റ് വിശ്വാസത്തോട്, ഒടുവിൽ അന്ത്യോഖ്യൻ സഭാ മേലധികാരത്തോട്.



കാതോലിക്കേറ്റ് സ്മാരക പ്രഭാഷണ പരമ്പരകളുടെ ഉദ്ഘാടനം ചെയ്ത് പരി .ബാവ സംസാരിക്കുന്നു. ഇടത്തുനിന്ന് പി.എ. അലക്സാണ്ടർ, ഫാ. ഡോ. ജേക്കബ് കുര്യൻ, യൂഹാനോൻ മാർ പോളികാർപ്പസ്, പുന്നൂസ് കോർ എപ്പിസ്കോപ്പ, ഫാ. കുര്യാക്കോസ് തുടങ്ങിയവർ

1653 ലാണ് കൂനൻകുരിശ് സത്യം ഉണ്ടായത്. ഭാരതചരിത്രത്തിൽ വിദേശാധിപത്യത്തിനെതിരെയുള്ള ആദ്യത്തെ വിപ്ലവമായിരുന്നു അത്. കൂനൻകുരിശ് സത്യത്തെത്തുടർന്ന് സഭയിൽ പല പ്രക്ഷോഭങ്ങളും ഉണ്ടാവുകയും ആ സമര പരമ്പരയുടെ അവസാനം കാതോലിക്കേറ്റ് സ്ഥാപനത്തിലും 1934 ലെ ഭരണഘടനാ നിർമ്മാണത്തിലും സമാപിക്കുകയും ചെയ്ത 1934 ലെ ഭരണഘടനയിൽ യാക്കോബായ വിഭാഗവും ഒപ്പിട്ട് സഭയിൽ പരിപൂർണ്ണ സമാധാനം ഉണ്ടായെന്ന് ഡോ. ജേക്കബ് കുര്യനച്ചൻ പറഞ്ഞു.

മാർത്തോമ്മാ ശ്ലീഹായിൽ കൂടി മലങ്കരസഭയ്ക്ക് ലഭ്യമായിട്ടുള്ള പൗരോഹിത്യ പിന്തുടർച്ചാ പൂർണ്ണത, അപ്പോസ്തോലികവും തദ്ദേശീയവുമായ പുരാതനസഭാ പൈതൃകം, സാർവ്വത്രിക സുന്നഹദോസുകളുടെ സത്യവിശ്വാസത്തിലുള്ള അടിസ്ഥാനം, മുതലായവ വ്യക്തമാക്കുന്ന ഒരു സ്വത്വദർശനം ഭരണഘടനയിൽ ഇനിയും വ്യക്തമാക്കണമെന്നു ഫാ. ഡോ. ജേക്കബ് കുര്യൻ അഭിപ്രായപ്പെട്ടു.

മലങ്കരസഭാ ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങൾ മൂന്നെണ്ണമാണ്. സമവായതത്വം, തദ്ദേശീയതയും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം, എപ്പിസ്കോപ്പസിയും ജനായത്തരീതിയും തമ്മിലുള്ള സന്തുലനം ഇവയെല്ലാം സമഗ്രമായി അപഗ്രഥിച്ച് പഠിച്ച് പുതിയ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞ് സഭയിൽ നടപ്പാക്കണമെന്ന് അച്ചൻ വിശദീകരിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കാതോലിക്കേറ്റ് പുനഃസ്ഥാപനശതാബ്ദി ആഘോഷത്തോടനുബന്ധിച്ചു നവംബർ 25 ന് കൊച്ചി മറൈൻ ഡ്രൈവിൽ നടക്കുന്ന ശതാബ്ദി സംഗമം വിജയിപ്പിക്കണമെന്നു സ്വാഗത പ്രസംഗത്തിൽ പഴയ സെമിനാരി മാനേജർ ഫാ. കുര്യാക്കോസ് പറഞ്ഞു.

ആകമാനസഭാ കൂട്ടായ്മ പരിരക്ഷിച്ചും സ്വകീയ സ്വാതന്ത്ര്യം കൈവിടാതെയും ഉള്ള ഒരു സഭാ വ്യവസ്ഥിതിയെയാണ മലങ്കരസഭാ ഭരണഘടന വ്യക്തമാക്കുന്നതെന്നും കാതോലിക്കേറ്റ് പുനഃസ്ഥാപന ശതാബ്ദി ആഘോഷങ്ങളിലൂടെ സഭയ്ക്ക് പുതിയ ദർശനങ്ങളും പദ്ധതികളും ഉണ്ടാകണമെന്നും പി.എ. അലക്സാണ്ടർ കൃതജ്ഞത അർപ്പിച്ചുകൊണ്ട് പറഞ്ഞു.

മലങ്കരയിലെ എല്ലാ പള്ളികളിലും, സെന്ററുകളിലുമായി 1500 കേന്ദ്രങ്ങളിൽ കാതോലിക്കേറ്റ് സ്മാരക പ്രഭാഷണങ്ങൾ നടത്തുന്നുണ്ട്. **GM**

കാതോലിക്കേറ്റ് സ്മാരക പ്രഭാഷണ പരമ്പരയുടെ സഭാടിസ്ഥാനത്തിലുള്ള മൂന്ന് സബ് കോ-ഓർഡിനേറ്റേഴ്സിൽ ഒരാളാണ് ലേഖകൻ.

മൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള ക്രിസ്തുപാരമ്പര്യം

■ ഫാ. ഡോ. തോംസൺ റോബി

പൗരോഹിത്യ ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലും വെളിപ്പെടുത്തുന്നുണ്ട്. പഴയനിയമ ലേവി പൗരോഹിത്യം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ലേവി വംശത്തിന് ആയിരുന്നെങ്കിൽ പുതിയനിയമത്തിൽ ആ പൗരോഹിത്യത്തിനെ നീക്കുവാൻ ക്രിസ്തുവിന്റെ വരവോടെ സാധ്യമാക്കിയതിനാൽ ഇന്നുള്ള പൗരോഹിത്യ ക്രമത്തെ ചോദ്യം ചെയ്യുന്നത് ആധുനിക നവീകരണ സഭകളുടെ പഠിപ്പിക്കലുകളിൽ ഒന്നാണ്. എന്നാൽ ക്രിസ്തുവിന്റെ വരവോടെ പഴയനിയമ ലേവി പൗരോഹിത്യം നീക്കി പുതിയ പൗരോഹിത്യക്രമത്തെ ക്രിസ്തു സ്ഥാപിച്ചു എന്നാണ് വേദവചനം നമ്മെ പഠിപ്പിക്കുന്നത്.

ക്രിസ്തുവിന്റെ പൗരോഹിത്യം മൽക്കീസദേക്കിന്റേതുപോലെയുള്ള നിത്യപൗരോഹിത്യമാണ്. "നീ മൽക്കീസദേക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്നു യഹോവ സത്യം ചെയ്തു, അനുതപിക്കുകയുമില്ല" (സങ്കീ. 110: 4). ക്രിസ്തുവിന്റെ പൗരോഹിത്യത്തെക്കുറിച്ച് സങ്കീർത്തനക്കാരൻ പറയുന്നത് ഇതാണ്. മൽക്കീസദേക്ക് ആര് എന്നതിൽ പഴയനിയമത്തിൽ ഉല്പത്തി പുസ്തകം 14:18-20 വരെയുള്ള വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു: ''ശാലേം രാജാവായ മൽക്കീസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു: സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ; നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏൽപിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അവന് അബ്രാം സകലത്തിലും ദശാംശം കൊടുത്തു" ഇതിന്റെ പശ്ചാത്തലം, അബ്രഹാം കനാൻ ദേശത്തു വന്നു താമസം ഉറപ്പിച്ചപ്പോൾ തദ്ദേശവാസികളുമായി ഏറ്റുമുട്ടേണ്ടിവന്നു. തന്റെ സഹോദരനെ പിടിച്ചുകെട്ടി കൊണ്ടുപോയവരെ പരാജയപ്പെടുത്തി ജനത്തെയും സമ്പത്തുകളെയും അവൻ മടക്കിക്കൊണ്ടുവന്നപ്പോൾ സംഭവിച്ചതാണ്.

അബ്രഹാമിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന മൽക്കീസദേക്കിന്റെ പേരുകൾ ആദം മുതൽ അബ്രഹാം വരെയുള്ളവരുടെ വംശാവലികളിൽ കാണുന്നില്ല. മൽക്കീസദേക്ക് അബ്രഹാമിന്റെ മുമ്പിൽ വരുന്നു എങ്കിലും ഇവിടെ പുരോഹിത ദൗത്യത്തെക്കുറിച്ചോ ബലിയർപ്പണത്തെക്കുറിച്ചോ പരാമർശിക്കപ്പെടുന്നില്ല. മൽക്കീസദേക്ക് "ശാലേം രാജാവ്" ആണ് എന്നതിന്റെ അർത്ഥം "സമാധാനത്തിന്റെ രാജാവ്" എന്നാണ്. അബ്രഹാം വിജയിച്ചു വരുമ്പോൾ അവന് അപ്പവും വീഞ്ഞും കൊടുത്ത് അനുഗ്രഹിച്ചിട്ട് അപ്രത്യക്ഷനാകുന്നു. പിന്നീട് ഒരിടത്തും മൽക്കീസദേക്കിനെ കാണുന്നില്ല. പഴയനിയമത്തിൽ മൽക്കീസദേക്കിനെക്കുറിച്ച് മറ്റൊന്നും പറയുന്നില്ല എങ്കിൽ പുതിയനിയമത്തിൽ എബ്രായ ലേഖനകർത്താവ് പറയുന്നത് ശ്രദ്ധേയമാണ്: - "ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ ഈ മൽക്കീസദേക്ക് രാജാക്കന്മാരെ ജയിച്ച് മടങ്ങിവരുന്ന അബ്രഹാമിനെ എതിരേറ്റ് അനുഗ്രഹിച്ചു; അബ്രഹാം അവന് സകലത്തിലും പത്തിലൊന്നു കൊടുത്തു. അവന്റെ പേരിന് ആദ്യം നീതിയുടെ രാജാവെന്നും പിന്നെ 'ശാലേം രാജാവ്' എന്നുവച്ചാൽ സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം. അവന്നു പിതാവില്ല മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല. അവൻ ദൈവപുത്രന് തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു" (എബ്രാ. 7:1-3). ഇവിടെ മൽക്കീസദേക്ക് 'ശാലേം രാജാവും (സമാധാനത്തിന്റെ രാജാവ്) അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനും, അബ്രഹാമിനെ അനുഗ്രഹിച്ചവനും, ദശാംശം സ്വീകരിച്ചവനും, പിതാവും, മാതാവും, വംശാവലിയും, ആദിയും, അന്ത്യവും ഇല്ലാത്തവനും ആകുന്നു എന്ന് എബ്രായ ലേഖനകർത്താവ് പറയുന്നു.

ഈ മൽക്കീസദേക്ക് ക്രിസ്തുവിന്റെ നിഴലായി പഴയനിയമത്തിൽ പറയുന്നു എങ്കിൽ പുതിയനിയമത്തിൽ ക്രിസ്തു പൊരുളായി തീരുന്നു. ജഡധാരണം ചെയ്ത ദൈവപുത്രനു തുല്യനായി അബ്രഹാമിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട ഈ മൽക്കീസദേക്ക് അബ്രഹാമിനെ അനുഗ്രഹിക്കുന്നത് അപ്പവീഞ്ഞുകൾ കൊണ്ടാണ്. യേശുക്രിസ്തു തന്റെ ശരീരരക്തങ്ങൾ തരുന്നതിന്റെ മുന്നോടിയായി ഇതിനെ കാണാം. ദൈവപുത്രനായവന്റെ മുന്നോടിയായി പ്രത്യക്ഷപ്പെടുന്ന മൽക്കീസദേക്ക് മഹാപുരോഹിതനും, പുരോഹിത ഭാഗമായ ദശാംശം സ്വീകരിച്ചവനും ആകുന്നു. ക്രിസ്തുവും മഹാപുരോഹിതനെന്ന് എബ്രായ ലേഖനകർത്താവ് പറയുന്നു "വിശുദ്ധ സഹോദരന്മാരെ, സ്വർഗ്ഗീയ വിളിക്ക് ഓഹരിക്കാരായുള്ളോരെ, നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തോലനും മഹാപുരോഹിതനുമായ ക്രിസ്തുവിനെ ശ്രദ്ധിച്ചുനോക്കുവിൻ" (3:1). ക്രിസ്തു അപ്പോസ്തോലനും മഹാപുരോഹിതനുമാകുന്നു. തന്റെ രക്ഷണ്യപ്രവർത്തനത്തിന്റെ പങ്കാളികളാണ് അപ്പോസ്തോലന്മാർ. ക്രിസ്തു പറയുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). പിതാവ് തന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അപ്പോസ്തോലന്മാരും മഹാപുരോഹിതന്മാരും ആയി അയയ്ക്കുന്നു എന്നാണല്ലോ അർത്ഥം. ആയതിനാൽ അവരുടെ പിന്തുടർച്ച ഇന്നും സഭയിൽ പുരോഹിത നേതൃത്വത്തിന്റെ തുടർച്ചയെ ശക്തമായി സാക്ഷിക്കുന്നു.

> **ക്രിസ്തുവിന്റെ പൗരോഹിത്യ അധികാരങ്ങൾ ഇന്നും സഭയിൽ തുടരുന്നുണ്ടോ?**

അബ്രഹാമിന് ദൈവം കാണിച്ചുകൊടുത്ത മൽക്കീസദേക്കിനെയും അപ്പവീഞ്ഞുകളെയും പുതിയനിയമത്തിൽ യേശുക്രിസ്തുവിനെയും ക്രിസ്തു സ്ഥാപിച്ച അപ്പവീഞ്ഞുകളുടെ യാഗത്തെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യം യോഹന്നാനിൽ നിന്നാണ് എന്നുള്ള ചിന്തയെയും വിലയിരുത്തേണ്ടതായിട്ടുണ്ട് (ആദ്യാചാര്യത്വം കൈക്കൊണ്ട് എന്നുള്ള ആരാധനാഗീതം) പഴയനിയമ പൗരോഹിത്യം ക്രിസ്തുവോടെ നീക്കപ്പെട്ടു. യോഹന്നാൻ സ്നാപകനിൽ നിന്ന് ക്രിസ്തു മാമോദീസാ സ്വീകരിച്ചതിനാൽ പൗരോഹിത്യക്രമം അവസാനിച്ചു എന്നാണ് നവീകരണസഭകൾ പറയുന്നത്. എന്നാൽ ഇവിടെ ചില ചിന്തകൾ കൂടെ നാം അറിയണം. ക്രിസ്തുവിന്റെ സ്നാനം എന്ത്? യോഹന്നാൻ സ്നാപകൻ നൽകിയത് മാനസാന്തര സ്നാനമാണ്. ഇത് യഹൂദന്മാരിൽ ഒരു വലിയ വിഭാഗം സ്വീകരിച്ചിരുന്നു. ക്രിസ്തുവും സ്നാനം ഏൽക്കുവാൻ ചെന്നതായി (മത്തായി 3:13-17) പറയുന്നു. യോഹന്നാൻ വിസമ്മതിച്ചെങ്കിലും യേശു അവനോട് "ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം തന്നെ" എന്നു പറഞ്ഞു. സ്നാനം നൽകിയപ്പോൾ "ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി". വളരെയധികം ആളുകൾ സ്നാനം ഏറ്റു എങ്കിലും ഇത്തരത്തിലുള്ള അടയാളങ്ങളോ, അദ്ഭുതങ്ങളോ ഉണ്ടായില്ല.

പഴയനിയമകാലത്തെ നിഴലായ പൗരോഹിത്യം യോഹന്നാൻ സ്നാപകനിൽ നിലനിൽക്കുന്നു. തന്റെ പിതാവായ സഖറിയായിൽ നിന്ന് അവനു ലഭിച്ചിട്ടുള്ള അവകാശമാണത്. ലേവി പൗരോഹിത്യം യോഹന്നാനിൽ എത്തിച്ചേർന്ന് അവനിൽ അവസാനിക്കുന്നു. എന്നാൽ ക്രിസ്തുവിനെ പുരോഹിതനാക്കുവാൻ ഈ സ്നാനം ആവശ്യമായിരുന്നു. പഴയ നിയമകാലത്ത് കരപൂരണയാഗമോ മറ്റ് അനുഷ്ഠാനങ്ങളോ നടത്തിയാണ് ഒരാളെ പുരോഹിത സ്ഥാനത്തേക്ക് ഉയർത്തുന്നത്. ക്രിസ്തു ജനിച്ചത് ലേവി ഗോത്രത്തിലല്ല, യഹൂദ ഗോത്രത്തിലാണ്. ലേവി കുലത്തിന് അവകാശപ്പെട്ട പുരോഹിത ധർമ്മം യഹൂദ ഗോത്രത്തിലുള്ളവന് എങ്ങനെ ലഭിക്കും? ക്രിസ്തുവിന്റെ പൗരോഹിത്യത്തിന് സ്വീകാര്യത കിട്ടണമെങ്കിൽ അതിന് ഏതെങ്കിലും അംഗീകാരം ലഭിക്കണം. എബ്രായ ലേഖനത്തിലാണ് ഇതിനുള്ള മറുപടി ലഭിക്കുന്നത്. "ന്യായപ്രമാണം ബലഹീനമനുഷ്യരെ മഹാപുരോഹിതന്മാരാക്കുന്നു. ന്യായപ്രമാണത്തിന് പിമ്പുള്ള ആണയുടെ വചനമോ എന്നേക്കും തികഞ്ഞവനായിതീർന്ന പുത്രനെ പുരോഹിതനാക്കുന്നു" (എബ്രാ. 7:28) ന്യായപ്രമാണ പ്രകാരമുള്ള യാഗങ്ങളും (കരപൂരണയാഗം - ലേവി പുസ്തകം 8-ാം അദ്ധ്യായം) നടത്തുമ്പോൾ ഒരു വ്യക്തി പുരോഹിതനായി തീരുന്നു.

എന്നാൽ മൽക്കീസദേക്കിന്റെ വിധത്തിൽ നിത്യപുരോഹിതനായ ക്രിസ്തുവിനെ മറ്റാരേയുംപോലെ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തുന്നതുണ്ടോ? ഉണ്ട്. അതിനുള്ള മുഖാന്തരമായിരുന്നു യോഹന്നാന്റെ അടുത്തുള്ള സ്നാനം. എബ്രായ ലേഖനകർത്താവ് പറയുന്ന "ആണയുടെ വചനം" എന്നാൽ ദൈവവചനം എന്നാണർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ മഹാപുരോഹിത പദവിയുടെ പ്രഖ്യാപനം ന്യായപ്രമാണ ചട്ടങ്ങൾ അനുസരിച്ചല്ല, ദൈവത്തിന്റെ നേരിട്ടുള്ള വചനം മൂലം സ്ഥിരീകരിക്കപ്പെടുന്നു എന്ന് എബ്രായ ലേഖനകർത്താവ് പറയുന്നു.

ഈ ആണയുടെ വചനമാണ് ക്രിസ്തുവിന്റെ സ്നാനസമയത്ത് നടക്കുന്നത്. "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന ദൈവവചനം അവനെ മഹാപുരോഹിതനായി ലോകത്തിന് വെളിപ്പെടുത്തുന്നു. അതിനാൽ ഈ സ്നാനം ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ പാടില്ലാത്തതായിരുന്നു. "താൻ ന്യായപ്രമാണത്തെ നീക്കുവാനല്ല, നിവർത്തിപ്പാനത്രേ വന്നത്" എന്ന തന്റെ വചനം നിറവേറ്റുകയാണ് ക്രിസ്തു ചെയ്തത്. **യോഹന്നാൻ വരെ എത്തിയ ലേവി പൗരോഹിത്യം അവസാനിക്കുകയും മൽക്കീസദേക്കിന്റെ ക്രമത്തിലുള്ള പുതിയനിയമ പൗരോഹിത്യത്തിന് അഹറോന്യ പൗരോഹിത്യം വഴിമാറി കൊടുക്കുകയും ചെയ്തു.**

ദാവീദിന് ദൈവം കൊടുത്ത വാഗ്ദാന പ്രകാരം ഇസ്രയേൽ ഗൃഹത്തിന്റെ സിംഹാസനത്തിലിരിക്കാൻ ദാവീദിന് ഒരു പുരുഷൻ ഇല്ലാതെ വരികയില്ല..." (യിര. 33:17, 18) എന്നാണ്. പിന്നീട് "കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന് കൊടുക്കും" എന്ന് (ലൂക്കോ 1:32) കന്യകമറിയാമിനോട് മാലാഖ പറയുന്നു. ഈ വാഗ്ദാനം നിറവേറ്റുന്നത് ക്രിസ്തുവിലാണ്. ദാവീദിന്റെ പിൻഗാമിത്വവും പൗരോഹിത്യ പിൻഗാമിത്വവും സൂര്യനും, ചന്ദ്രനും, ഉള്ളകാലത്തോളം നിലനിൽക്കും എന്നാണ് വാഗ്ദാനം. **ദാവീദിന്റെ സിംഹാസനത്തിന്റെ പിൻഗാമിയായി യേശുവിനെ കാണുന്നതുപോലെ പൗരോഹിത്യത്തിന്റെ പിൻഗാമിയായും യേശുക്രിസ്തുവിനെ കാണണം.**

ആണയുടെ വചനത്തിലൂടെ ക്രിസ്തുവിന്റെ പൗരോഹിത്യം വെളിപ്പെടുന്നത് ന്യായപ്രമാണത്തിന്റെ പൂർത്തീകരണമായാണ്. ഇവിടെ മുതൽ ലേവി പൗരോഹിത്യമല്ല, മൽക്കീസദേക്കിന്റെ ക്രമത്തിലുള്ള നിത്യമായി നിലനിൽക്കേണ്ട പൗരോഹിത്യമാണ്, ലോകാവസാനം വരെ തുടരേണ്ടതും. യേശുക്രിസ്തു മഹാപുരോഹിതനും, പിതാവാം ദൈവത്തിന്റെ അപ്പോസ്തോലനുമാണെന്ന് എബ്രായ ലേഖനം സാക്ഷിക്കുന്നു. ഈ അധികാരമാണ് ക്രിസ്തു ശിഷ്യന്മാരെ അയയ്ക്കുമ്പോൾ നൽകുന്നതും പിന്തുടരുന്നതും. മൽക്കീസദേക്കിന്റെ പൗരോഹിത്യം യോഹന്നാന്റെ ഈ പ്രവൃത്തിയാൽ ഉറപ്പിക്കുകയായിരുന്നു (പരിശുദ്ധാത്മാവിന്റെ നൽവരം മേൽപ്പട്ടക്കാരൻ വഴി നൽകുന്നതുപോലെ – യോഹന്നാൻ ഒരു മുഖാന്തരമായിത്തീർന്നു.)

> **ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകിയ അനുഗ്രഹങ്ങൾ ഇന്ന് ദൈവജനത്തിന് ലഭിക്കുന്നത് പൗരോഹിത്യ ശുശ്രൂഷയിൽക്കൂടിയാണ്**

നിഴലായ അഹറോന്യ പൗരോഹിത്യത്തിന്റെയും പൊരുളായ മൽക്കിസദേക്ക് പൗരോഹിത്യത്തിന്റെയും ഉടമസ്ഥാവകാശം യേശുക്രിസ്തുവിനുണ്ട്. അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതൻ മൽക്കീസദേക്ക് അബ്രഹാമിന്റെ മുന്നിൽ വന്നതിനു ശേഷം വീണ്ടും പ്രത്യക്ഷപ്പെടുന്നില്ല. ക്രിസ്തു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമാണ്. പൂർണ്ണത മൽക്കീസദേക്കിന്റെ ക്രമപ്രകാരമുള്ള പൗരോഹിത്യത്തിലാണ്. ഈ പൗരോഹിത്യ അധികാരങ്ങൾ തന്റെ ശിഷ്യന്മാരെ ഏല്പിച്ചുകൊടുത്തു. അവരുടെ കൈവെപ്പിനാൽ ഈ പദവികൾ സഭയിൽ ഇന്നും തുടരുന്നു. ഈ നൽവരം സ്വീകരിക്കുന്നവർക്കാണ് പൗരോഹിത്യ നൽവരവും അവകാശവും ഉള്ളത്. ദശാംശം സ്വീകരിക്കുവാൻ പുരോഹിത ഗണത്തിനാണ് അവകാശം (1 പത്രോസ് 2:9 പ്രകാരം, എല്ലാവരും പുരോഹിതന്മാരാണെങ്കിൽ – ചിലർ അവകാശപ്പെടുന്നതുപോലെ – പുരോഹിതഗണത്തിൽ നിന്ന് ദശാംശം സ്വീകരിക്കാമോ?) **പൗരോഹിത്യം സ്വയം പ്രഖ്യാപിക്കുവാൻ കഴിയില്ല. ക്രിസ്തുവിന്റെ പൗരോഹിത്യ നൽവരംപോലും സ്വർഗ്ഗം തുറന്ന് അംഗീകരിക്കപ്പെട്ടതാണ്. ആയതിനാൽ പൗരോഹിത്യ നൽവരം ക്രിസ്തുവിന്റെ നൽവരത്തിന്റെ പിന്തുടർച്ചയാണ്. അതിനായി വേർതിരിക്കപ്പെട്ട വിഭാഗമാണ് പൗരോഹിത്യസ്ഥാനികൾ. അവർക്ക് ലഭിച്ചിരിക്കുന്ന നൽവരം കർത്താവ് ശിഷ്യന്മാർക്ക് നൽകിയ മൽക്കീസദേക്കിന്റെ ക്രമപ്രകാരം ക്രിസ്തു നൽകിയതാണ്. അതിന്റെ പിന്തുടർച്ച ഇന്നും സഭയിൽ നിലനിൽക്കുന്നു. ന്യായപ്രമാണം പൂർത്തിയാക്കി തന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന് ഇന്നും, ക്രിസ്തു ശിഷ്യന്മാർക്ക് നൽകിയ അനുഗ്രഹങ്ങളും നൽവരങ്ങളും തുടർന്നുകൊണ്ടിരിക്കുന്നു.**

GM

കളമശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സഹവികാരിയും കോട്ടയം ബസേലിയോസ് കോളേജിൽ ചരിത്രവിഭാഗം അദ്ധ്യാപകനുമാണ് ലേഖകൻ.

കൂനൻ കുരിശിന്റെ മണ്ണിൽ

■ **സന്തോഷച്ചൻ മട്ടാഞ്ചേരി**

ചരിത്രത്തിന്റേയും സംസ്കാരത്തിന്റേയും അടിസ്ഥാനത്തിൽ അഭിമാനിക്കുവാൻ ഏറെവകയുള്ള മലങ്കര ഓർത്തഡോക്സ് സഭ കാതോലിക്കേറ്റിന്റെ ശതാബ്ദിയിൽ സഭയുടെ സ്വാതന്ത്ര്യസമരമായ കൂനൻ കുരിശ് സത്യത്തോടും അതിന് നേതൃത്വം കൊടുത്ത പിതാക്കന്മാരോടും ഉള്ള സ്മരണക്കായി മട്ടാഞ്ചേരി പഴയ സുറിയാനി പള്ളിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

അനേകം സഭാചരിത്രസംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ഈ ദേവാലയം ശക്രുള്ള മഫ്രിയാനയാൽ സ്ഥാപിതമാണ്. മട്ടാഞ്ചേരിയിലെ ഈ ദേവാലയത്തിന് സഭയുടെ ചരിത്രത്തിൽ അതുല്യമായ സ്ഥാനമാണുള്ളത്. വ്യവഹാരങ്ങളും മറ്റ് കാരണങ്ങളും മൂലം വേണ്ട രീതിയിൽ ഇതിനെ സംരക്ഷിക്കുവാൻ സഭയ്ക്ക് സാധിച്ചില്ല. 1764–ൽ ശക്രുള്ള മഫ്രിയാന കാലംചെയ്തതും ഈ ദേവാലയത്തിൽ വച്ചാണ്. കൂനൻകുരിശ് സത്യം നടന്ന മട്ടാഞ്ചേരിയിലെ മലങ്കരസഭയുടെ ഏക ദേവാലയവും ഇതുതന്നെ. കൊച്ചിയിൽ സഭയ്ക്ക് പത്തിലധികം ദേവാലയങ്ങൾ ഉണ്ടെങ്കിലും ഏറ്റവും പുരാതനദേവാലയം മട്ടാഞ്ചേരി പള്ളിയാണ്.

മട്ടാഞ്ചേരി എന്നു കേൾക്കുമ്പോൾ സഭാമക്കൾ അനുഭവിച്ച വേദനകളും യാതനകളും ഓർമ്മയിൽ ഓടിയെത്തും. വിദേശാധിപത്യത്തിനെതിരെ അന്നും ഇന്നും സഭ വലിയ വില കൊടുക്കേണ്ടതായി വന്നിട്ടുണ്ട്. പല കാര്യങ്ങളിലും നാം അഭിമാനിക്കുമ്പോഴും ഭൂതകാലത്തെ വിസ്മരിച്ച് ഭാവികാലത്തെ കരുപിടിപ്പിക്കുവാൻ സാധിക്കുകയില്ല, എന്ന സത്യം മറന്നുപോകരുത്.

പ. സഭയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ഒരു കൗൺസിലിന്റെ നേതൃത്വത്തിൽ ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രാരംഭമായി പള്ളിയുടെ അധീനതയിലുള്ള സ്ഥലത്ത് പ്രവർത്തിച്ചിരുന്ന കടകളും വീടുകളും സമാധാനചർച്ചയിലൂടെ ഒഴിപ്പിച്ച് പള്ളിയുടെ അധീനതയിലാക്കി. അത് ഒരു ദൈവിക നടത്തിപ്പായി കാണുന്നു. അനേകവർഷങ്ങളായി നിലനിന്നിരുന്ന വ്യവഹാരങ്ങൾക്കാണ് അതോടെ അവസാനമായത്. തുടർന്ന് പ്രവർത്തകർക്ക് താമസിക്കുവാനുള്ള ഒരു കെട്ടിടത്തിന്റെ നിർമ്മാണവും പിതാക്കന്മാർ പണികഴിപ്പിച്ച ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

ദേവാലയത്തിന്റെ പൂർത്തീകരണവും പ്രവർത്തകർക്ക് താമസിക്കുവാനുള്ള കെട്ടിടത്തിന്റെയും പണിയും ശതാബ്ദിയോടെ പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നു. കമ്പിയും കോൺക്രീറ്റുമുപയോഗിക്കാതെ പുരാതനമായ ശൈലിയിൽ യുനെസ്ക്കൊ അംഗീകരിച്ച സാങ്കേതിക വിദ്യയിൽ പഴയ മദ്ബഹായും ഭിത്തിയും നിലനിർത്തിയുള്ള പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. സഭാചരിത്രപരമായ മ്യൂസിയവും തീർത്ഥാടകർക്ക് താമസ സൗകര്യവും ഉണ്ടാകേണ്ടിയിരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അനേകം വിദേശ സഞ്ചാരികൾ സന്ദർശിക്കുന്ന സിനഗോഗ്, ഡച്ച് കൊട്ടാരം, ജയിൻ ടെമ്പിൾ, ജൂത ടൗൺ, ഡച്ച് സെമിത്തേരി, ബീച്ച് എന്നീ സ്ഥലങ്ങളോട് ചേർന്നുകിടക്കുന്ന ദേവാലയത്തിന്റെ പുനരുദ്ധാരണത്തോടെ ലോകശ്രദ്ധയിലേക്ക് സഭയുടെ യശസ് ഉയരും എന്നതിൽ തർക്കമില്ല. വിനോദ സഞ്ചാര കേന്ദ്രങ്ങളാൽ ആകൃഷ്ടമായ ഇവിടെ 60 സെന്റ് സ്ഥലത്താണ് ദേവാലയം സ്ഥിതിചെയ്യുന്നത്.

കൂനൻകുരിശ് സത്യത്തെയും അതിന് നേതൃത്വം കൊടുത്ത പിതാക്കന്മാരെയും അടുത്ത തലമുറ മറക്കാതിരിക്കുവാൻ സഭ ഏറ്റെടുത്ത സംരംഭമാണിത്. പൂർവ്വപിതാക്കന്മാരോടുള്ള ഗുരുത്വവും ബഹുമാനവും സഭ പ്രകടമാക്കുകയാണ്.

സഭാമക്കൾക്ക് ഉന്മേഷവും ചൈതന്യവും ഉണ്ടാകുന്ന ഒരു സ്ഥലമായി ഇവിടം ആയിത്തീരണം. ദൈവനിയോഗം ഏറ്റുവാങ്ങിയ ഈ സ്ഥലവും ദേവാലയവും സഭാമക്കൾക്ക് ഒരു ശക്തിസ്രോതസ്സായി തീരണം എന്നാശിക്കുന്നു. ഭാവിയിൽ ആത്മീയ വെളിച്ചം സഭാമക്കൾക്ക് പ്രദാനം ചെയ്യുവാൻ ഈ സംരംഭം ഇടയാകണം. ആയതിനായി ഏവരും പ്രാർത്ഥിക്കുക, സഹകരിക്കുക.


കൂടുതൽ വിവരങ്ങൾക്ക്: 9539249416

GM

വി. കുർബ്ബാന: ഒരു പഠനം

വി. കുർബാനയിലെ ധൂപപ്രാർത്ഥനകൾ

■ പ്രൊഫ. തോമസ് പി. വർഗ്ഗീസ്



ധൂപപ്രാർത്ഥന

കഴിഞ്ഞ ലക്കത്തിൽ വാങ്ങിപ്പോയ പരിശുദ്ധന്മാർ, ആചാര്യ ശ്രേഷ്ഠന്മാർ എന്നിവരുടെ നാമത്തിലുള്ള കുക്കിലിയോനെക്കുറിച്ചു പഠിച്ചു. ഈ ലക്കത്തിൽ വാങ്ങിപ്പോയ വിശ്വാസികളെ ഓർത്തുള്ള കുക്കിലിയോനെക്കുറിച്ച് പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നു. നാം ആലപിക്കുന്ന ഗീതങ്ങളുടെ അർത്ഥവും ആഴവും മനസ്സിലാക്കാൻ വി. കുർബാനക്രമം കൂടി കൈവശം വയ്ക്കുന്നത് പ്രയോജനകരം ആയിരിക്കും.

നാം എന്തിനാണ് വാങ്ങിപ്പോയ വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കയും അവരുടെ നാമത്തിൽ ധൂപ പ്രാർത്ഥന നടത്തുകയും ചെയ്യുന്നത്?

നാം പലപ്പോഴും മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കണം എന്നു പറയാറുണ്ട്. ഓർത്തഡോക്സ് വിശ്വാസപ്രകാരം ഒരു വിശ്വാസി മരിച്ചുപോയെന്നു പറയുന്നത് ശരിയല്ല; വാങ്ങിപ്പോയി എന്നു പറയുന്നതാണു ശരി. കാരണം വാങ്ങിപ്പോകുകയെന്നു പറഞ്ഞാൽ ഒരു സ്ഥലത്തുനിന്നു മറ്റൊരിടത്തേക്കു മാറുക എന്നാണ്. നമ്മുടെ വിശ്വാസപ്രകാരം വാങ്ങിപ്പോയവർ തിരശ്ശീലയ്ക്ക് അപ്പുറം സജീവരും ക്രിസ്തീയ വിശ്വാസത്തിൽ തുടരുന്നവരുമാണ്. യോഹ. 11:25, 26 ൽ നാം ഇപ്രകാരം വായിക്കുന്നു "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല." ആത്മാവ് ശരീരത്തിൽനിന്നു വേർപെട്ടാലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. വി. പൗലോസ് ശ്ലീഹായും ഇപ്രകാരം സാക്ഷിക്കുന്നു; "അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നു" (2 കൊരി. 5:9) ദൈവത്തെ പ്രസാദിപ്പിക്കുവാൻ ദൈവകൃപ ആവശ്യമാണല്ലോ. ആ ദൈവകൃപ അവർക്കു ലഭിക്കുവാനാണ് നാം വാങ്ങിപ്പോയവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത്. കൂടാതെ വാങ്ങിപ്പോയ ആത്മാക്കൾ എല്ലാം പുനരുത്ഥാനത്തിന്റെ നാൾവരെയും വളർച്ചയുടെയും ശുദ്ധീകരണത്തിന്റെയും അവസ്ഥയിലാണ്. അപ്പസ്തോലനായ പൗലോസ് 1 തെസ്സ. 5:23 ൽ ഇപ്രകാരം ഉദ്ഘോഷിക്കുന്നു; "സമാധാനത്തിന്റെ ദൈവം നിങ്ങളെ മുഴുവനും ശുദ്ധീകരിക്കട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ശരീരവും കർത്താവായ യേശുക്രിസ്തുവിന്റെ വരവിൽ കുറ്റമറ്റതായി പൂർണ്ണതയോടെ കാക്കപ്പെടുമാറാകട്ടെ." ഇപ്രകാരം വാങ്ങിപ്പോയ ആത്മാക്കൾ വിശുദ്ധീകരിക്കപ്പെട്ടവരും, കുറ്റമറ്റവരുമായി കർത്താവിന്റെ രണ്ടാമത്തെ വരവിൽ കാണപ്പെടുവാനായിട്ടാണ് നാം അവർക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു സഭ പഠിപ്പിക്കുന്നത്.

ഓർത്തഡോക്സ് ആരാധനയുടെ മകുടമാണ് വി. കുർബാന. ഈ ആരാധനയിൽ ജീവിച്ചിരിക്കുന്ന വിശ്വാസികളും, വാങ്ങിപ്പോയ വിശ്വാസികളും ഒന്നുപോലെ സംബന്ധിക്കുന്നു. ഈ അവസരത്തിൽ ജീവിച്ചിരിക്കുന്ന വിശ്വാസികൾ വാങ്ങിപ്പോയ വിശ്വാസികൾക്കുവേണ്ടിയും, വാങ്ങിപ്പോയ വിശ്വാസികൾ നമുക്കു വേണ്ടിയും ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഈ കൂട്ടായ പ്രാർത്ഥന ഒരു സുഗന്ധധൂപമായി ദൈവസന്നിധിയിലേക്ക് ഉയരുന്നു. ഈ പഠിപ്പിക്കലിന്റെ അടിസ്ഥാനത്തിലാണ് വി. കുർബാനയിൽ വാങ്ങിപ്പോയ വിശ്വാസികൾക്കു വേണ്ടി പ്രത്യേക ധൂപപ്രാർത്ഥന അണയ്ക്കുന്നത്.

വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള കുക്കിലിയോൻ (അക്ദമ റാഹേം)

വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള കുക്കിലിയോൻ ആരംഭിക്കുന്നതിനു മുൻപ് പട്ടക്കാരൻ പടിഞ്ഞാറു വന്ന് "എന്റെ സഹോദരന്മാരും എന്റെ വാത്സല്യഭാജനങ്ങളുമേ എനിക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ" എന്നു പറഞ്ഞ് ശുബുക്കോനോ ചോദിക്കുന്നു. തുടർന്ന് തിരശ്ശീല ഇടുന്നു.

ഇപ്പോൾ തിരശ്ശീല എന്തിനെ സൂചിപ്പിക്കുന്നു?

എ) സ്വർഗ്ഗാരോഹണത്തിനു ശേഷം കർത്താവ് അദൃശ്യനായി എന്നും

ബി) തന്റെ രണ്ടാമത്തെ വരവ് വരെ സഭ കർത്താവിനു വേണ്ടി കാത്തിരിക്കണമെന്നും

സി) തന്റെ രണ്ടാമത്തെ വരവിനു മുമ്പ് സൂര്യചന്ദ്രനക്ഷത്രങ്ങളുടെ പ്രകാശം ഇരുണ്ടുപോകുമെന്നും (വി. മത്തായി 24:29) സൂചിപ്പിക്കുവാനായിട്ടാണ് മറ (തിരശ്ശീല) ഇടുന്നത്. മറ ഇട്ടതിനു ശേഷം വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള കുക്കിലിയോൻ ആരംഭിക്കുന്നു.

പെത്ഗോമാ – സങ്കീർത്തനം 103: 13–15

മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ ..... ഹാലേലുയ്യാ

....

പൂക്കുന്നിതു വയലിൽ പൂ-ച്ചെടിപോലെ, ബാറെക്മോർ.

(ഒരു പിതാവ് തന്റെ മക്കളിൽ കൃപ ചൊരിയുന്നതുപോലെ സ്വർഗ്ഗീയ പിതാവായ ദൈവം തന്റെ ഭക്തന്മാരിൽ കൃപചൊരിയും. ഈ ഭൂമിയിലെ മനുഷ്യന്റെ ജീവിതം ഇന്നു കണ്ട് നാളെ വാടുന്ന വയലിലെ പുല്ലിനെപോലെയാണ്.

പട്ടക്കാരൻ. ശുബഹോ........ ജനം : മെനഓലം..................

എക്ബോ

ശരണത്താലെ നിൻ കൃപയിൽ

....

കബറീന്നുദ്യാനത്തിനായ്

സ്തൗമൻ കോലോസ് കുറിയേലായിസ്സോൻ

(നിന്റെ കൃപയിൽ ആശ്രയിച്ച് കബറടങ്ങിയിട്ടുള്ള നിന്റെ ദാസന്മാരെ നിന്റെ ജീവന്റെ ശബ്ദത്താൽ കബറിൽ നിന്നു ഉണർത്തി സ്വർഗ്ഗത്തിലേക്ക് നയിക്കേണമെ.)

<u>കോലോകൾ</u>

(1) രക്ഷകനെ നിൻ ഗാത്രത്തേ ഭക്ഷിച്ചും നിൻ

....

അണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി.

ബാറെക്മോർ

(രക്ഷകനായ മ്ശിഹാ, നിന്റെ തിരുശരീരവും തിരുരക്തവും ഭക്ഷിച്ച് പാനം ചെയ്ത് നിന്നെ നോക്കി പാർത്തിരിക്കുന്ന ഞങ്ങളുടെ മരിച്ചുപോയ ആത്മാക്കളെ ജീവിപ്പിച്ച് ശോഭയണിയിപ്പിക്കേണമെ.)

(2) മൃതരെ ജീവിപ്പാനെഴുന്നെള്ളും രാജാ

....

അങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മൊറിയോ...........

(വാങ്ങിപ്പോയ ആത്മാക്കളെ ജീവിപ്പിക്കാനായി ആകാശമേഘങ്ങളിൽ ആഘോഷപൂർവ്വം എഴുന്നെള്ളിവരുന്ന രാജാവേ! നിന്റെ കാഹളത്തിന്റെ ശബ്ദം കേട്ടിട്ട് നയവാന്മാർ പുതുവസ്ത്രം ധരിച്ച് നിന്നെ എതിരേൽക്കുവാൻ വരുന്നു.)

(3) ഉയിരേകുന്നോൻ രാജാ–

വുയരത്തിൽ നിന്നെഴുന്നെള്ളി

....

ഉയിരേകും നി-ന്നെ സ്തുതി ചെയ്തീടുന്നു. – ബാറെക്മോർ

(ജീവൻ നൽകുന്ന മ്ശിഹാ രാജാവ് സ്വർഗ്ഗത്തിൽ നിന്നു എഴുന്നെള്ളി മരിച്ചവരായ ഏവർക്കും ജീവൻ നൽകുന്നു. അവർ കബറുകളിൽ നിന്നു ഉയിർത്തെഴുന്നേറ്റ് ജീവൻ നൽകിയ നിന്നെ സ്തുതി ചെയ്യുന്നു.)

പട്ടക്കാരൻ: ശുബഹോ..........

എന്റെ ശരീരം ഭക്ഷി

ച്ചെൻ രക്തം പാനം ചെയ്തോൻ

....

എന്നും കർത്താ – തന്നരുളിന്നു മഹത്വം. – മൊറിയോ..............

(എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്ത ആരെയും ഞാൻ പാതാളത്തിൽ പോകാൻ അനുവദിക്കുകയില്ലെന്നും, ഞാൻ മരിച്ചത് അവരെ ജീവിപ്പിപ്പാനാണെന്നും അരുളിയ കർത്താവിന് മഹത്വം)

(4) നാഥാ താവകമീരുലോ- കം

....

കാത്തൻപാൽ മുക്തി മൃതർക്കേക ബാറെക്മോർ

(രണ്ടു ലോകങ്ങളിലും തന്റെ അധികാരം പുലർത്തുന്ന നാഥാ, നിന്റെ സ്ലീബായാൽ ജീവിച്ചിരിക്കുന്നവരെ കരുണയോടെ കാക്കുകയും, മരിച്ചവർക്ക് മോക്ഷം നൽകുകയും ചെയ്യേണമെ!.)

പട്ടക്കാരൻ : ശുബ്ഹോ.......

സ്തോത്രം മൃതജീവപ്രദ–നേ!

....

റൂഹായ്ക്കും ഹാലേലുയ്യാ... മൊറിയോ...............

(മരിച്ചവർക്കു ജീവൻ നൽകുന്നവനും, അവരെ കബറിൽനിന്നും ഉയർപ്പിക്കുന്നവനുമേ! നിന്നെ അയച്ച പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തോത്രം)

ബോവൂസോ

1. മരമതിനുയരെ കർത്താവേ

....

മരിച്ചോരും കൈക്കൊണ്ടീടേണം

(കർത്താവേ കുരിശുമരത്തിൽ വച്ച് കള്ളനു നിന്റെ നൽവരത്താൽ പാപമോചനം ലഭിച്ചതുപോലെ, ത്രിത്വത്തെ പാടി പുകഴ്ത്തിയ ഞങ്ങളുടെ മരിച്ചുപോയ ഏവർക്കും പാപമോചനം നൽകേണമെ!)

2. തൻമരണത്താൽ – മരണത്തെ

....

അടിയാരെ പൂഴിന്നേറ്റണമെ.

(തന്റെ മരണത്താൽ മരണത്തെ ജീവിപ്പിച്ച ദൈവപുത്രാ, ഞങ്ങളെ ഈ പൂഴിയിൽ നിന്നു എഴുന്നേൽപ്പിച്ച് നിന്നെ സ്തുതിപ്പാൻ ശക്തി നല്കേണമെ.)

സ്ലീബായുടെ കുക്കിലിയോൻ

വി. കുർബാനയിൽ സാധാരണ വാങ്ങിപ്പോയവരുടെ കുക്കിലിയോനോടുകൂടി ധൂപപ്രാർത്ഥന അവസാനിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും സ്ലീബായുടെ കുക്കിലിയോൻ ചൊല്ലാറില്ല. വെള്ളിയാഴ്ച നമസ്കാരത്തിലും, സ്ലീബായെക്കുറിച്ച് ഓർക്കുന്ന സന്ദർഭങ്ങളിലും. കുരിശിൻതൊട്ടിയിൽ ധൂപപ്രാർത്ഥന നടത്തുന്ന അവസരത്തിലും സ്ലീബായുടെ കുക്കിലിയോൻ ചൊല്ലുന്നു.

ഇപ്രകാരം സ്ലീബായെ വന്ദിക്കുന്നതിന്റെ കാരണങ്ങൾ?

മനുഷ്യരാശിയുടെ രക്ഷ സാധ്യമായത് കർത്താവിന്റെ ക്രൂശുമരണംമൂലമാണ്. വി.ത്രിത്വത്തിൽ രണ്ടാമനായ പുത്രൻ തമ്പുരാൻ – പാപം ഇല്ലാത്തവൻ – മനുഷ്യനായി ഈ ലോകത്തിൽ ജനിച്ച് കഷ്ടത അനുഭവിച്ച്–ക്രൂശുമരണം സ്വയം സ്വീകരിച്ച് മനുഷ്യരാശിക്കു പാപമോചനം നൽകിയത് സ്ലീബായിൽ കൂടിയാണ്. ഇതിനു പുത്രൻ തമ്പുരാനെ പ്രേരിപ്പിച്ചത് മനുഷ്യവർഗ്ഗത്തോടുള്ള അതുല്യ സ്നേഹം മാത്രമാണ്. ഈ സ്നേഹത്തെ നാം സ്വാംശീകരിക്കുകയും, ക്രൂശിലെ യാഗത്തെ അംഗീകരിക്കുകയും കർത്താവിനെപ്രതി കുരിശും കഷ്ടതയും വഹിക്കുവാനുള്ള സന്നദ്ധത പ്രകടമാക്കുകയും ചെയ്യുന്നതിന്റെ പ്രതീകമായിട്ടാണ് സ്ലീബായെ നാം ആദരിക്കുന്നത്.

ഓർത്തഡോക്സ് സഭ സ്ലീബായെ ആദരിക്കുന്നത് എന്തുകൊണ്ട്?

ദൈവവും മനുഷ്യനും, സ്വർഗ്ഗവും ഭൂമിയും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള സുഹൃദ്ബന്ധത്തിന്റെ ദർശനമായി കുരിശ് സ്ഥിതിചെയ്യുന്നു. അഹങ്കാരം നീക്കി വിനയത്തിന്റെയും സേവനത്തിന്റെയും ഉത്തമ മാതൃക കുരിശിൽ ദർശിക്കുന്നു. ഈ കുരിശിനെ ആദരിക്കേണ്ടത് ഓരോ ക്രിസ്ത്യാനിയുടെയും ധർമ്മമാണ്.

സ്ലീബാ വിശ്വാസികളുടെ രക്ഷയുടെ അടയാളമാണ്; സാത്താനെതിരായ ആയുധമാണ്. ചുരുക്കത്തിൽ സ്ലീബാ വിശ്വാസികളുടെ കാവലും കോട്ടയുമാണ്. ഈ വക കാര്യങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ് ഓരോ വിശ്വാസിയും സ്ലീബായെ വന്ദിക്കുന്നത്. ഓർത്തഡോക്സ് സഭ സ്ലീബായെ വന്ദിക്കുന്നതിന് മുഖ്യസ്ഥാനം നൽകുന്നു. അതിന്റെ ഒരു ചെറിയ ഉദാഹരണമാണ് ദുഃഖവെള്ളിയാഴ്ചയിലെ സ്ലീബാ വന്ദനവിന് വിശ്വാസികൾ ഒന്നടങ്കം ചൊല്ലുന്ന പ്രാർത്ഥന "ഞങ്ങളുടെ ആത്മത്തിനു രക്ഷയുണ്ടായ സ്ലീബായെ ഞങ്ങൾ കുമ്പിടുന്നു; മ്ശീഹാ തമ്പുരാനെ നീ എഴുന്നെള്ളിവരുമ്പോൾ ഞങ്ങളെയും ഓർക്കേണമെന്നു കള്ളനോടുകൂടി ഞങ്ങളും ചൊല്ലുന്നു". ഈ വിധത്തിൽ സ്ലീബായെ വന്ദിക്കുന്ന ഒരു സമൂഹമാണ് ഓർത്തഡോക്സ് സഭ എന്നതിൽ നമുക്ക് അഭിമാനിക്കാം.

മേൽപ്പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഓർത്ത്, ധ്യാനിച്ച് വേണം, വിശ്വാസികൾ സ്ലീബായുടെ കുക്കിലിയോനിൽ പങ്കെടുക്കേണ്ടത്.

പെത്ഗോമാ – സങ്കീർത്തനം 44:5–7

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ – ഹാ

....

ശത്രുക്കളെ ലജ്ജിപ്പിച്ചു. ബാറെക്മോർ

(നിന്റെ സ്ലീബയാൽ ഞങ്ങൾ ശത്രുക്കളെ ജയിക്കും; സ്ലീബായുടെ നാമത്തിൽ വിദ്വേഷികളെ തകർക്കും. എതിരാളികളിൽനിന്നും നിന്റെ സ്ലീബാ ഞങ്ങളെ സംരക്ഷിച്ചതിനാൽ ശത്രുക്കൾ ലജ്ജിതരായി തീർന്നു.)

ശുബഹോ...... മെനഓലം

എക്ബാ

സ്ലീബാവെന്നു: വെല്ലുന്നു

....

സ്ലീബായാകട്ടെ കോട്ട.

(സ്ലീബാ വിജയിച്ചു; ശത്രുക്കളുടെ മേൽ വിജയം കൈവരിക്കുന്നു. സ്ലീബായെ സാക്ഷിക്കുന്നവർക്ക് സ്ലീബാ കാവലും കോട്ടയുമായിരിക്കട്ടെ)

കോലോകൾ

1. മൂന്നാം മണിയിലുമെന്നേരത്തും വന്ദിക്കുന്നു–ജീവസ്ലീബായെ

....

രാവും പകലും ദുഷ്ടനെയും സൈന്യത്തെയും പായി–ച്ചതുകാത്തീടുന്നു.

മൂന്നാം മണി നേരത്തു മാത്രമല്ല എല്ലാ കാലങ്ങളിലും യാമങ്ങളിലും ഞങ്ങൾ സ്ലീബായെ വന്ദിക്കുന്നു. ജീവൻ നൽകുന്ന സ്ലീബായെ ഞങ്ങൾ നെറ്റിയിൽ വരയ്ക്കുന്നു. അത് ഞങ്ങൾക്ക് അഭയവും സങ്കേതവുമാണ്. സ്ലീബാ ദുഷ്ടനെയും അവന്റെ സൈന്യത്തെയും പലായനം ചെയ്യിച്ച് ഞങ്ങളെ കാത്തുകൊള്ളുന്നു.)

ബറെക്മോർ. ശുബഹോ.....

വിഭജിച്ചാഴിയെ സൈന്യ സമക്ഷം വടിയാൽ മൂശാ

....

വഴികാട്ടിയ മശിഹാ ധന്യൻ

(യഹോവ മോശയ്ക്കു നൽകിയ വടിയുടെ ശക്തിയാൽ കടലിനെ രണ്ടായി ഭാഗിച്ച് യിസ്രായേൽ ജനത്തെ അതിൽക്കൂടി യാത്ര ചെയ്യാൻ സഹായിച്ചതുപോലെ കർത്താവേശു മശിഹാ തന്റെ സ്ലീബായുടെ ശക്തിയാൽ പാതാളം തുറന്ന് മൃതരായിരുന്നവരെ കബറിൽനിന്നും പറുദീസയിലേക്ക് കരേറ്റി ജീവന്റെ വഴികാട്ടിയ (മശിഹാ) നീ വാഴ്ത്തപ്പെട്ടവനാകുന്നു.

2. സ്ലീബായെ വന്ദിപ്പാനായ് – ഹേലേനി രാജ്ഞി

....

ഹാലേലുയ്യാ – എന്നവരുര ചെയ്തു.

(കർത്താവിനെ തൂക്കിയ സ്ലീബായെ കണ്ടെത്തി അതിനെ വന്ദിപ്പാനായി ഹേലേനീ രാജ്ഞി രാജപുരിയായ റോമാ പട്ടണത്തിൽനിന്നും യരുശലേമിൽ എത്തി, യൂദന്മാരെ വിളിച്ചു കൂട്ടി (കർത്താവിനെ ക്രൂശിച്ച) സ്ലീബാ എവിടെയെന്നു കാണിച്ചുകൊടുപ്പാൻ ആവശ്യപ്പെട്ടപ്പോൾ അവരുടെ ഇടയിൽ ഒരു പ്രമുഖ വ്യക്തിയുണ്ടെന്നും അവനോട് ചോദിച്ചാൽ മശിഹായെ തൂക്കിയ സ്ലീബാ ഇരിക്കുന്ന സ്ഥലം കാണിച്ചുതരുമെന്നുമവർ പറഞ്ഞു)

ബാറെക്മോർ. ശുബഹോ...... ഹാലേലുയ്യാ.

അമ്മാനുവേൽ ദേവേശൻ – തരുവിൽ തൂങ്ങി

....

ഹാലേലുയ്യാ കഷ്ടമവർക്കെന്നും

(അമ്മാനുവേലായ ദൈവപുത്രൻ കുരിശിൽ തൂങ്ങി സർവ്വശക്തനായ ദൈവത്തിന്റെ വീരനായ പുത്രൻ തലതാഴ്ത്തി മരിച്ചു. തന്റെ ആത്മാവിനെ മാത്രം കുരിശിൽ കൈവിട്ടു. എന്നാൽ തന്റെ സാരാംശം ശരീരത്തിൽ വസിച്ചു. നിസ്സാരമായ മനുഷ്യജീവൻ കുരിശിൽ വേർപെട്ടു.ഉന്നതനായ ദൈവത്തെ കുരിശിൽ തൂക്കിയ യൂദന്മാരെ നിങ്ങൾ എന്നാളും വിലപിക്കുക. നിങ്ങൾക്കു ഹാ കഷ്ടം!)

ബോവൂസോ

സ്ലീബാവാഴുക സ്വർഗത്തിൽ

....

ക്കെല്ലാമാകണമേ കോട്ട

(സ്ലീബാ സ്വർഗ്ഗത്തിലും ഭൂമിയിലും വാഴ്ത്തപ്പെടുമാറാകട്ടെ. സ്ലീബാ പള്ളികൾക്കും ദയറാകൾക്കും കോട്ടയായിരിക്കട്ടെ.)

യേരുശലേം ഗോഗുൽത്തായിൽ

....

മൃതരേറീസ്തോത്രം പാടി

(യെരുശലേമിലെ ഗോഗുൽത്തായിൽ ക്രൂശിൽ തൂക്കപ്പെട്ട മശിഹാ തമ്പുരാനെ നിനക്കു സ്തോത്രം. നിന്റെ ശബ്ദത്താൽ പാറകൾ പിളർന്നു, മരിച്ചവർ ഉയിർത്തെഴുന്നേറ്റു നിനക്കു സ്തോത്രം പാടി)

(തുടരും)

GM

k` GIw, hnip²w, ImtXmenIw, At¸mktXmenIw

■ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്ത

ഓർത്തഡോക്സ് വിശ്വാസത്തെപ്പറ്റി ചെന്നൈ ഭദ്രാസന മെത്രാപ്പൊലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് എഴുതുന്ന പരമ്പര ആരംഭിക്കുന്നു.

ഓർത്തഡോക്സ് എന്ന നാമം Ortho + doxa എന്നീ രണ്ടു പദങ്ങളിൽ നിന്നാണ് വരുന്നത്. Ortho എന്നാൽ നേരെയുള്ളത്, ശരിയായത്, സത്യമായത്, സ്തുതി ചൊവ്വാക്കപ്പെട്ടത് എന്നൊക്കെയാണർത്ഥം. Doxa എന്നതിന് glory, മഹത്വം, വിശ്വാസം, മാർഗ്ഗം എന്നൊക്കെ അർത്ഥം നൽകാം. ഈ രീതിയിൽ ഓർത്തഡോക്സ് എന്നതിന് നേരെയുള്ള വിശ്വാസം, ശരിയായ മഹത്വം, രക്ഷയ്ക്കുതകുന്ന വിശ്വാസം, സത്യമുള്ള മാർഗ്ഗം, സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം എന്നിങ്ങനെ വിവിധ അർത്ഥങ്ങൾ നൽകാവുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ പൗരാണിക സഭയാണ്. വി. വേദപുസ്തകത്തിൽ സഭയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന എല്ലാ നിർവ്വചനങ്ങളും വിശേഷണങ്ങളും യഥാവിധി കാത്തുപരിപാലിച്ചുകൊണ്ട് ത്രിയേക ദൈവത്തിന്റെ മൂന്ന് ആളത്വങ്ങൾ തമ്മിലെന്നതുപോലെ പരസ്പര സംസർഗ്ഗവും കൂട്ടായ്മയുമുള്ള ദൈവജനത്തിന്റെ സമൂഹമായി ഈ സഭ മുന്നോട്ടുപോകുന്നു. യേശുക്രിസ്തു ദൈവവും മനുഷ്യനും ദൃശ്യനും അദൃശ്യനും നിത്യനും കാലികനും ആയിരിക്കുന്നതുപോലെ സഭയിലും ദൈവികവും മാനുഷികവുമായ ധാരാളം ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. സകലമനുഷ്യരും ദൈവത്തിന്റെ സത്യവും പ്രസാദവരവും സ്വീകരിക്കുന്നത് സഭയിലൂടെയാണ്. കാരണം സഭ ക്രിസ്തുവിന്റെ രഹസ്യാത്മക ശരീരമാണ്.

സഭ ക്രിസ്തുവിന്റെ ശരീരം:- വി. പൗലോസ് ശ്ലീഹായുടെ ദർശനത്തിൽ ഈ ചിന്തയ്ക്ക് അധിക സ്വാധീനമാണുള്ളത്. "ഒരു ശരീരത്തിൽ നമുക്ക് പല അവയവങ്ങൾ ഉണ്ടല്ലോ. എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലതാനും. അതുപോലെ പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും തമ്മിൽ അവയവങ്ങളുമാകുന്നു" (റോമ. 12:4, 5). എഫേ. 1:23-ലെ ചിന്ത അനുസരിച്ച് "എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്ക് നൽകിയിരിക്കുന്നു" എഫേ. 4:16 ൽ ഇതു കൂടുതൽ വിശദീകരിക്കുന്നു. "ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന് ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനയ്ക്കായി അവനിൽ നിന്ന് പ്രാപിക്കുന്നു". എഫേ. 5:23-ൽ പറയുന്നതനുസരിച്ച് ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്കു തലയാകുന്നു.

സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ വിശ്വാസികളെല്ലാവരും ഒരു ശരീരത്തിലെ അവയവങ്ങളാകുന്നു. പരിശുദ്ധാത്മാവിലൂടെ ക്രിസ്തുവിന്റെ ജീവൻ സഭാഗാത്രത്തിൽ നിറഞ്ഞുനിൽക്കുന്നു. ക്രിസ്തു എന്നും ജീവിക്കുന്നവനാകയാൽ ക്രിസ്തുവിന്റെ ശരീരവും എന്നും ജീവിക്കുന്നതാണ്. അതുകൊണ്ടുതന്നെ അവനിൽ വിശ്വസിച്ച് സജീവരായി നിലകൊള്ളുന്ന സാക്ഷികളുടെ സമൂഹം സഭയിലുണ്ട്. വാങ്ങിപ്പോയ വിശുദ്ധരുടെയും പൂർവ്വികരുടെയും സമൂഹം നമ്മോടൊപ്പം നമ്മുടെ ആരാധനയിൽ സന്നിഹിതരാണെന്നർത്ഥം. സഭയിലെ വിശ്വാസസമൂഹം സർവ്വമാനവരാശിയെയും സൃഷ്ടിമുഴുവനെയും പ്രതിനിധീകരിക്കുന്നവരാകയാലും കർത്താവ് മരിച്ചതും ഉയിർത്തതും സർവ്വലോകത്തിന്റെയും രക്ഷയ്ക്കു വേണ്ടി ആകയാലും സർവ്വസൃഷ്ടിയും സഭാഗാത്രത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതാണ് വിവക്ഷ.

സഭ ദൈവത്തിന്റെ മന്ദിരം :- സഭ ദൈവത്തിന്റെ മന്ദിരവും ഭവനവുമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. (എഫേ. 2:20-22, 1 കൊരി. 3:11). യേശുക്രിസ്തു മൂലക്കല്ലും അപ്പോസ്തോലന്മാരും പ്രവാചകന്മാരും അടിസ്ഥാന കല്ലുകളും വിശ്വാസികളുടെ സമൂഹം ജീവനുള്ള കല്ലുകളുമായി സഭ പണിയപ്പെടുന്നു. അദൃശ്യസമൂഹം സാക്ഷികളുടെ വലിയ സമൂഹമായി നിന്നുകൊണ്ട് സഭയുടെ കെട്ടുപണിക്കാവശ്യമായ ശക്തി നൽകുന്നു (എഫേ. 2:20) കർത്താവ് സ്വയം ദേവാലയം എന്നു വിളിക്കുന്നുണ്ട്. (യോഹ. 2:19) ഈ ആത്മീയ ദേവാലയമാണ് കർത്താവിന്റെ ശരീരമായ സഭയുടെ സമ്മേളനകേന്ദ്രം.

സഭ ക്രിസ്തുവിന്റെ മണവാട്ടി :- സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ് (എഫേ. 5:26-27, വെളിപാട് 21:2). ദൈവകൃപയ്ക്ക് അർഹതയില്ലാത്ത ജനസമൂഹത്തെ തന്നോടുള്ള ഏറ്റവും ആഴമായ ബന്ധത്തിലേക്ക് സ്നേഹപൂർവ്വം പ്രവേശിപ്പിക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയാണ് മണവാളനായ ക്രിസ്തു ചെയ്തത്. സൃഷ്ടി മുഴുവനും സ്നേഹത്തിലൂടെ യേശുക്രിസ്തുവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിനോട് ഒന്നായിത്തീരുക എന്നതിനാണ് സൃഷ്ടിയെ വിളിച്ചിരിക്കുന്നത്. അതിന്റെ മുൻകുറിയും മാതൃകയുമായിട്ടാണ് ക്രിസ്തുവാകുന്ന മണവാളനെയും സഭയാകുന്ന മണവാട്ടിയെയും പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നത്. സഭയ്ക്കു ലഭിച്ചിരിക്കുന്ന മണവാട്ടിയുടെ മനോഹരസ്ഥാനം സർവ്വലോകത്തിനും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന സ്നേഹത്തിന്റെയും രക്ഷയുടെയും പ്രതീകമാണ്.

സഭ ഏകം : നിഖ്യാവിശ്വാസപ്രമാണത്തിൽ സഭയ്ക്കു നൽകുന്ന നാലു പ്രധാനവിശേഷണങ്ങളാണ് ഏകം, വിശുദ്ധം, കാതോലികം, അപ്പോസ്തോലികം എന്നിവ. വി.വേദപുസ്തകപ്രകാരം സഭ ക്രിസ്തുവിന്റെ ശരീരവും മണവാട്ടിയും മന്ദിരവുമാകയാൽ സഭ ഒന്നേയുള്ളൂ. മഹാപുരോഹിതപ്രാർത്ഥനയിൽ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിന് തന്നെ (യോഹന്നാൻ 17:21) എന്ന് കർത്താവ് പഠിപ്പിച്ചത് സഭയുടെ ഏകത എന്ന സ്വഭാവം വെളിവാക്കുന്നതിനുവേണ്ടിയാണ്. "ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസായും" (എഫേ. 4:5) എന്നത് സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനപ്രമാണമാണ്.

ഏകസഭയുടെ പരമമായ മാതൃക വി. ത്രിത്വത്തിലെ അവർണ്ണനീയമായ ഐക്യമാണ്. പിതാവ്, പുത്രൻ, പരിശുദ്ധ റൂഹാ എന്ന മൂന്ന് ആളത്വങ്ങളുടെ ബന്ധം ഉതിർന്നുപോകാത്ത സ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന നിത്യതയുടെ ബന്ധമാണ്. ഈ ബന്ധത്തിലേക്കാണ് സഭയെയും മാനവരാശി മുഴുവനെയും ദൈവം വിളിച്ചിരിക്കുന്നത്. ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം സഭയുടെ ഐക്യത്തിന്റെ അടിസ്ഥാനമെന്നത് യേശുക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതം, മരണം, ഉയിർപ്പ് എന്നിവയിലുള്ള വിശ്വാസവും കർത്താവിന്റെ തിരുശരീരരക്തങ്ങളിലുള്ള സംബന്ധവുമാണ്. നിർഭാഗ്യവശാൽ കാലാകാലങ്ങളായി വിശ്വാസത്യാഗം നടത്തി പലരും സഭയിൽ നിന്നു പുറത്തുപോയിട്ടുണ്ട്. ചരിത്രപരമായ പല കാരണങ്ങളാൽ ഏകസഭയിൽ ഭിന്നതകളും ഉണ്ടായിട്ടുണ്ട്. ഏതു കാരണത്താലായാലും ഐക്യത്തിലേക്കു മുഖം തിരിക്കുവാനും ഏക ഇടയനായ കർത്താവിന്റെ ഏക ആട്ടിൻകൂട്ടമായി നിലനിൽക്കുവാനുമുള്ള തീഷ്ണമായ ആഗ്രഹം ഇന്നും ക്രൈസ്തവ സമൂഹങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നൽകിക്കൊണ്ടിരിക്കുന്നു.

സഭ വിശുദ്ധം :- പാപികളായ മനുഷ്യരാണ് സഭയിലെ അംഗങ്ങൾ എങ്കിലും സഭയെ വിശുദ്ധമെന്നാണ് വിശേഷിപ്പിക്കുന്നത്. പ. പൗലോസ് ശ്ലീഹാ വിശ്വാസികളെ പൊതുവെ വിശുദ്ധർ എന്നാണ് വിളിക്കുന്നത്. (റോമർ 1:3,1 കൊരി. 1:2) ക്രിസ്തുവിനായി വിളിക്കപ്പെട്ടവർ, യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവർ എന്നൊക്കെയാണ് വിശുദ്ധർ എന്ന പദം കൊണ്ട് അർത്ഥമാവുന്നത്.

മഹാപരിശുദ്ധനായ ദൈവവുമായുള്ള സംസർഗ്ഗത്തിൽ കൂടിയാണ് സഭ വിശുദ്ധമാകുന്നത്. ദൈവമഹത്വത്തിനുവേണ്ടി മാത്രം വേർതിരിക്കപ്പെട്ടതുകൊണ്ടും സഭ വിശുദ്ധമാണ്. തന്നെയുമല്ല പരിശുദ്ധാത്മാവ് സഭയിൽ വസിച്ച് അതിനെ നയിക്കുന്നതിനാലും സഭ വിശുദ്ധമാണ്. വിശുദ്ധി പരിശുദ്ധാത്മാവിന്റെ ദാനമാണ്. പൊതുവായി സഭ വിശുദ്ധരുടെ സമൂഹമാണെങ്കിലും വിശുദ്ധിയുടെ വരം അസാധാരണമായി ലഭിക്കുന്ന സഭാംഗങ്ങളെ പ്രത്യേകം വിശുദ്ധരെന്നു വിളിക്കുകയും ആദരിക്കുകയും ചെയ്യുന്നു. **വിശുദ്ധന്മാരുടെ വിശുദ്ധി എന്ന പരിശുദ്ധാത്മദാനം സഭയുടെ മുഴുവൻ കെട്ടുപണിക്കുവേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്.**

സഭ വിശുദ്ധമാണെങ്കിലും ഈ ലോകത്തിലെ തിന്മയുടെ സാന്നിദ്ധ്യം സഭ അനുഭവിക്കുന്നതുകൊണ്ട് തിന്മയോടു പോരാടി വിശുദ്ധിയുടെ സമ്പൂർണ്ണതയിലേക്കു സഭ വളരുകയാണ് ചെയ്യുന്നത്. അതു നിരന്തരവും അനന്തവുമായ പോരാട്ടവും വളർച്ചയുമാണ്. ത്രിയേക ദൈവത്തിന്റെ വിശുദ്ധിയിലുള്ള ഗാഢമായ പങ്കാളിത്തം മൂലം തിന്മ


മാർ പക്കോമിയോസ്: കരുണയുടെ വറ്റാത്ത ഉറവിടം

■ മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത

2012 ഓഗസ്റ്റ് ഒന്നിന് കാലം ചെയ്ത മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പൗലോസ് മാർ പക്കോമിയോസ് തിരുമേനി മനനം കൊണ്ടും നിരന്തരമായ ഉദ്ബോധനം കൊണ്ടും നിസ്തന്ദ്രമായ പ്രവർത്തനം കൊണ്ടും സഭയേയും സമൂഹത്തേയും സേവിച്ച മഹാത്മാവാണ്. മെത്രാപ്പോലീത്ത എന്ന ഔദ്യോഗിക നാമത്തേക്കാൾ ഉയരത്തിലാണ് തിരുമേനിയുടെ വ്യക്തിത്വം നിൽക്കുന്നത്.

പൗലോസ് മാർ പക്കോമിയോസ് തിരുമേനി ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. യേശുക്രിസ്തുവിൽ പൂർണ്ണമായി സമർപ്പിച്ച ജീവിതത്തിന്റെ ഉടമയായിരുന്നു തിരുമേനിയെന്നു നമുക്കു പറയാം.

ദൈവത്തെ സ്നേഹിക്കുക എന്നത് മനുഷ്യനെ സ്നേഹിക്കുകയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. ത്രിയേക ദൈവത്തിന്റെ സത്ത വിശുദ്ധസ്നേഹമാണെന്നും ത്രിത്വം പങ്കിടുന്ന സ്നേഹം ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗ്ഗത്തിൽ പ്രതിഫലിക്കുമ്പോളുണ്ടാകുന്ന സ്വാർത്ഥരഹിതവും ത്യാഗസമ്പന്നവുമായ ജീവിതവും പാരസ്പര്യതയും പങ്കിടലിന്റേതുമായി പരിണമിക്കവഴി ദൈവരാജ്യവ്യവസ്ഥിതി ഈ ലോകത്ത് സൃഷ്ടിക്കപ്പെടുമെന്ന് തിരുമേനി കരുതിയിരുന്നു. അശരണരേയും അനാഥരേയും കൈപിടിച്ചുയർത്തുക, രോഗികളെ സഹായിക്കുക എന്നിങ്ങനെ നിരവധി നല്ലകാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്.



26 Jan 1946 - 1 Aug 2012

പ്രവർത്തനത്തിലുള്ള സുതാര്യത, അർപ്പണബോധം, കഠിനനോമ്പ്, പ്രാർത്ഥന എല്ലാം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. നല്ല എഴുത്തുകാരനും വാഗ്മിയുമായിരുന്നു തിരുമേനി. കരുണയുടെയും കരുതലിന്റെയും സ്നേഹസാഗരമെന്നദ്ദേഹത്തെ വിശേഷിപ്പിച്ചാൽ അതിലൊട്ടും അതിശയോക്തിയില്ല. ചെറുപ്പകാലം മുതലേ ശാന്തമായ പ്രാർത്ഥനാജീവിതം നയിച്ചുപോന്ന തിരുമേനിക്ക് മെത്രാപ്പോലീത്തയാകണമെന്ന അതിയായ ആഗ്രഹമായിരുന്നു. കുറിച്ചി കോലത്തുകളത്തിൽ കെ.കെ. ജോണിന്റെയും മറിയാമ്മയുടെയും രണ്ടാമത്തെ പുത്രനായി 1946 ജനുവരി 26ന് ജനിച്ചു. ചിങ്ങവനം സെന്റ് തോമസ് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും ചങ്ങനാശേരി എസ്.ബി.കോളേജിൽ നിന്ന് ഫിസിക്സിൽ ഡിഗ്രിയും കൽക്കട്ടാ ബിഷപ്പ്സ് കോളേജിൽ നിന്ന് ബി.ഡി.യും കഴിഞ്ഞ ശേഷം ഇംഗ്ലണ്ടിൽ ഉപരിപഠനം നടത്തി ലീഡ്സ് സർവകലാശാലയിൽനിന്ന് എം.റ്റി.എച്ച് കരസ്ഥമാക്കി.

1968-ൽ റാന്നി പെരുനാട് ബഥനി ആശ്രമാംഗമായി. ബഥനി ആശ്രമത്തിലെ ജീവിതകാലത്താണ് ഞങ്ങൾ പരിചയപ്പെടുന്നത്. ഞാനും ആശ്രമാംഗമായിരുന്നു. പ്രാർത്ഥനാകാര്യത്തിലും ലീഡർഷിപ്പിലും മറ്റും അദ്ദേഹം എന്റെ വഴികാട്ടിയായിരുന്നു. ഗുരുസ്ഥാനീയനായ അദ്ദേഹത്തിന്റെ വിനയവും ദൈവഭയവും സന്യാസജീവിതത്തോടുള്ള അടുപ്പവും തൊട്ടറിഞ്ഞ ആളാണ് ഞാൻ. 1973-ൽ ശെമ്മാശപട്ടവും 1974-ൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടവും ലഭിച്ചു. 1992-ൽ റമ്പാൻ പട്ടം കിട്ടി. 1993 ഓഗസ്റ്റ് 16ന് പരിശുദ്ധ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ അദ്ദേഹത്തെ എപ്പിസ്കോപ്പയായി വാഴിച്ചു.

ഇടുക്കി, അങ്കമാലി ഭദ്രാസനങ്ങളുടെ മെത്രാനായ അദ്ദേഹം വടക്കൻ മേഖലയിൽ ചെയ്ത സേവനങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. പാത്രിയർക്കീസ് വിഭാഗത്തിന്റെ എതിർപ്പുകളുടെ മുന ഒടിക്കാനും തൃക്കുന്നത്തു സെമ്മിനാരിയിലിരുന്നുകൊണ്ട് ശക്തമായ ഭരണം നടത്താനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. വടക്കൻ പ്രദേശങ്ങളിലെ ഭദ്രാസനങ്ങളിൽ എന്തു പ്രശ്നങ്ങളുണ്ടായാലും സധൈര്യം അതിനെ നേരിടുമെന്ന് അദ്ദേഹം ഉറക്കെ പ്രഖ്യാപിച്ചിരുന്നു. വടക്കൻ ഭാഗത്തെ ആക്രമണങ്ങളെ അദ്ദേഹം ശക്തിയുക്തം നേരിടുകയും ചെയ്തിരുന്നു.

ക്രൈസ്തവസാക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് ഭാരതീയ സംസ്കാരത്തിലെ ഗാന്ധിയൻ മാർഗ്ഗത്തിലൂടെയുള്ള പ്രവർത്തനങ്ങളിലാണ് തിരുമേനി ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. മലങ്കര വർഗ്ഗീസിന്റെ കൊലപാതകം അദ്ദേഹം അങ്കമാലിയുടെ ചുമതല വഹിക്കുന്ന കാലത്തായിരുന്നു. നിശ്ചയദാർഢ്യത്തോടെ മലങ്കരവർഗ്ഗീസ് കൊലപാതകത്തെപ്പറ്റി സി.ബി.ഐ. അന്വേഷിക്കണമെന്നദ്ദേഹം ആവശ്യപ്പെടുകയും നിരവധി പ്രതിഷേധങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. വടക്കൻമേഖലയിലെ സഭാവിശ്വാസികൾക്ക് തെക്കൻ പ്രദേശങ്ങളിൽ നിന്ന് എല്ലാവിധ സഹായങ്ങളും നൽകി ആത്മവിശ്വാസം പകരണമെന്ന് ആവശ്യപ്പെട്ട അദ്ദേഹം അതിനായി മലങ്കരയാകെ പര്യടനം നടത്തുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്.

പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും സായൂജ്യം പ്രദാനം ചെയ്ത് മലങ്കര ഓർത്തഡോക്സ് സഭയെ നയിച്ച പുണ്യശ്ലോകനായ പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ വേർപാട് നമുക്കെന്നും ഒരു നൊമ്പരമാണ്. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള അന്തരം ഇല്ലാതായി നല്ലൊരു സമൂഹം ഉണ്ടാകണമെന്ന അഭിലാഷം സാക്ഷാത്കരിക്കാൻ വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞുവെച്ചിരുന്നുവെന്ന് നമുക്കുപറയാം. മനുഷ്യകുലത്തിന്റെ പ്രതീക്ഷയും പ്രത്യാ

യെ നശിപ്പിക്കുകയും ദൈവമഹത്വം പ്രതിഫലിപ്പിക്കുവാൻ തക്കവണ്ണം ലോകത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുക എന്നതാണ് വിശുദ്ധീകരണം കൊണ്ടു നാം അർത്ഥമാകുന്നത്.

സഭ കാതോലികം:- കാതോലികം എന്ന വാക്കിന് വിശുദ്ധമായത് സർവ്വത്തെയും ഉൾക്കൊള്ളുന്നത് എന്നൊക്കെ അർത്ഥമുണ്ട്. റോമൻ കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ ചില പ്രാദേശിക സഭകൾ കൂടിച്ചേരുന്നതിനെയല്ല കാതോലിക സഭ എന്നു വിളിക്കുന്നത്. **ഒന്നിനകത്തു തന്നെ എല്ലാം അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുന്നതും കാണുന്നതുമാണ് കാതോലികം.** സഭയ്ക്ക് കാതോലികം എന്ന വിശേഷണം ആദ്യം നൽകിയ അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസിന്റെ (+110) അഭിപ്രായത്തിൽ വി. കുർബാനയുടെ സ്നേഹാധിഷ്ഠിതമായ ഐക്യത്തിൽ വിശ്വാസാചാരങ്ങളുടെ പൂർണ്ണത നിലനിർത്തി ക്രിസ്തുവിനെ സാക്ഷിക്കുന്ന സഭയാണ് കാതോലിക സഭ. റോമൻ കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടിൽ കാതോലികം എന്ന വിശേഷണത്തെ ഭൂമിശാസ്ത്രപരമായി നിർവ്വചിച്ചാൽ റോമൻ കാതോലിക്കാസഭയും കാതോലികല്ലാതായി തീരുന്നു. കൗദാശിക ഐക്യത്തിൽ അഥവാ വി. കുർബ്ബാനയുടെ ഐക്യത്തിൽ എല്ലാ വിശ്വാസികളെയും സഭ ഉൾക്കൊള്ളുമ്പോൾ സഭ കാതോലികമാകുന്നു എന്നർത്ഥം.

സഭ അപ്പോസ്തോലികം : കാതോലിക സഭ എപ്പോഴും അപ്പോസ്തോലിക സഭയുമാണ്. കർത്താവിന്റെ അപ്പോസ്തോലൻ സ്ഥാപിച്ചുവെങ്കിലേ സഭ അപ്പോസ്തോലികമാകൂ എന്ന അർത്ഥം ഇവിടെയില്ല. എന്നാൽ അപ്പോസ്തോലിക വിശ്വാസത്തിലുള്ള തുടർച്ചയും അഖണ്ഡതയും അപ്പോസ്തോലികസഭയുടെ പ്രധാനലക്ഷണമാണ്. അതായത്, അപ്പോസ്തോലിക വിശ്വാസം പ്രഖ്യാപിക്കുന്നതും അപ്പോസ്തോലന്മാർക്കു ലഭിച്ച പാപമോചനാധികാരം ഉൾക്കൊള്ളുന്നതും അപ്പോസ്തോലന്മാരെപ്പോലെ പ്രേഷിതവൃത്തിയിൽ ഏർപ്പെടുന്നതും അപ്പോസ്തോലിക പിൻതുടർച്ച ഉള്ളതുമായ സഭയാണ് അപ്പോസ്തോലിക സഭ. അപ്പോസ്തോലിക പാരമ്പര്യധാരയിൽ നിന്ന് വേറിട്ട് നിന്ന് വി. വേദപുസ്തകം വ്യാഖ്യാനിക്കുകയും വിശുദ്ധ ശുശ്രൂഷകൾ സ്വന്തവ്യാഖ്യാനം അനുസരിച്ച് അനുഷ്ഠിക്കുകയും ചെയ്യുന്ന സഭാവിഭാഗങ്ങൾക്ക് സഭയ്ക്ക് വി. വേദപുസ്തകം നൽകിയിരിക്കുന്ന നിർവ്വചനങ്ങളോ വിശേഷണങ്ങളോ അവകാശപ്പെട്ടുകൂടാത്തതാണ്. അപ്പോസ്തോലിക പിൻതുടർച്ചയും അപ്പോസ്തോലിക അധികാരവും, അപ്പോസ്തോലന്മാരും പ്രവാചകന്മാരും വിശുദ്ധരും വാങ്ങിപ്പോയവരുമായുള്ള സംസർഗ്ഗവും ഇല്ലാതെ ജീവിക്കുന്നവർ ക്രിസ്തുശരീരമായ സഭയ്ക്ക് ഇതരരാകുന്നു. GM

അടുത്തതിൽ : ഓർത്തഡോക്സ് സഭാവിശ്വാസത്തിനാധാരം

ശയും തരുന്ന സ്നേഹത്തിന്റെ ദർശനമായിരുന്നു അദ്ദേഹം.

ഹൃദയനൈർമല്യം കൊണ്ടും ജീവിതവിശുദ്ധികൊണ്ടും സന്ന്യാസത്തിന്റെ ഉത്തമമാതൃകയായിരുന്ന തിരുമേനി മലങ്കര സഭാചരിത്രത്തോട് അഭേദ്യമായ ബന്ധമുണ്ടായിരുന്ന കുടുംബത്തിലാണ് ജനിച്ചത്. തിരുമേനിയുടെ പ്രാർത്ഥനാജീവിതമാണ് എടുത്തുപറയേണ്ട ഒരു കാര്യം. പാതിരായ്ക്കും പ്രഭാതത്തിനുമുമ്പും എല്ലായാമവേളകളിലും തന്റെ ഹൃദയം ദൈവത്തോടു ചേർന്നിരുന്നു. ബഥനി ആശ്രമജീവിതത്തിൽ നിന്നുമാണ് പ്രാർത്ഥനാജീവിതം ഒപ്പിയെടുത്തതെന്നദ്ദേഹം പലപ്പോഴും പറയുമായിരുന്നു. ഈ സുസ്ഥിരമായ ഭക്തി അദ്ദേഹത്തിന്റെ മുഖത്തും പെരുമാറ്റത്തിലും തിളങ്ങിയിരുന്നു. ദൈവസമക്ഷം ഇരിക്കുമ്പോൾ നമുക്കു ലഭിച്ചിട്ടുള്ള അനവധി കൃപകൾ അനുസ്മരിക്കുവാൻ കഴിയുന്നുവെന്ന് തിരുമേനി ഞങ്ങളോടൊക്കെ ആശ്രമജീവിതത്തിനിടയിൽ പറയുമായിരുന്നു. ദൈവസംസർഗ്ഗം നമ്മുടെ വീക്ഷണങ്ങളെ രൂപാന്തരപ്പെടുത്താൻ സഹായിക്കുകയും നമ്മുടെ ജയപരാജയങ്ങളെ സമചിത്തതയോടെ നേരിടാൻ സഹായിക്കുകയും ചെയ്യുമെന്ന് ധ്യാനയോഗങ്ങളിൽ പിതാവ് പറഞ്ഞിട്ടുണ്ട്. പ്രാർത്ഥനയെന്നാൽ പ്രധാനമായും ദൈവസമക്ഷം നാം വിലയം പ്രാപിക്കുന്ന അവസ്ഥയാണെന്ന് ധ്യാനഗുരുവായ തിരുമേനി നമ്മെ ഓർമ്മിപ്പിച്ചിരുന്നു. നമ്മുടെ അപേക്ഷകൾക്ക് മറുപടി ലഭിച്ചാലും ഇല്ലെങ്കിലും ദൈവസമക്ഷം നാം അണയുമ്പോൾ അത് വലിയ മാറ്റങ്ങൾ ജീവിതത്തിൽ വരുത്തിത്തീർക്കുമെന്നദ്ദേഹം പഠിപ്പിച്ചു. "സർവ്വശക്തനായ ദൈവമെ അങ്ങയുടെ ആലയമായ വാസസ്ഥലവും അങ്ങയുടെ മഹത്വത്തിന്റെ നിവാസവും പ്രിയമാകുന്നു." തിരുമേനി എപ്പോഴും ഏകാന്തപ്രാർത്ഥനയിലും ധ്യാനത്തിലും ഇത് ഉരുവിടുമായിരുന്നു. അദ്ദേഹത്തിന്റെ ബലവും അതായിരുന്നു.

നല്ല നേതൃശേഷിയും ഭരണപാടവവും ഒത്തു ചേർന്ന അമൂല്യവും അതുല്യവുമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പൗലോസ് മാർ പക്കോമിയോസ് തിരുമേനി. വറ്റാത്ത കരുണയുടെ ഉറവിടമായിരുന്നുവെന്ന് നമുക്കദ്ദേഹത്തെ വിശേഷിപ്പിക്കാം.

മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമമെത്രാപ്പോലീത്തയായിരിക്കുമ്പോൾ തിരുമേനി നിരവധി പ്രവർത്തനങ്ങൾ അവിടെ നടത്തിയിട്ടുണ്ട്. തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായിട്ടാണ് ഭദ്രാസനത്തിന് 13000 ചതുരശ്ര അടിയിൽ മനോഹരമായ 'തെയോ ഭവൻ' അരമനപണിതത്.

ആത്മബലത്തിന്റെ ആചാര്യശ്രേഷ്ഠനായിരുന്നു തിരുമേനി. അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ പാഞ്ഞെത്തുന്നത് "ബലം നിന്നിലുള്ള മനുഷ്യൻ" എന്ന വേദപുസ്തകത്തിലെ വിശേഷണമാണ്. ശാരീരികവും മാനസികവും ആത്മീകവുമായ ബലങ്ങൾ സമഞ്ജസമായി സമ്മേളിച്ച അതുല്യ വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മന:ശക്തിയും ഇച്ഛാശക്തിയും ആരേയും അത്ഭുതപ്പെടുത്തുമായിരുന്നു.

കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്ന സ്വഭാവമായിരുന്നു തിരുമേനിയുടേത്. ആശ്രമജീവിതത്തിൽ പഠിച്ചെടുത്ത സ്വഭാവമഹിമയാണത്. സംഭാവനകളെല്ലാം സഭയുടെ പണമാണെന്ന ഉത്തമബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളിലും വിവാഹസഹായം നൽകുന്നതിലും വീടു വച്ചു കൊടുക്കുന്നതിലും രോഗികളെ സഹായിക്കുന്നതിലും വിദ്യാഭ്യാസസഹായം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സൗജന്യചികിത്സാപദ്ധതി മനസ്സിലുണ്ടായിരുന്നെങ്കിലും അതു നടപ്പാക്കാൻ കഴിഞ്ഞില്ല.

ജാതിമതചിന്തകൾക്കതീതമായി സൗഹൃദവലയം സൃഷ്ടിച്ച അദ്ദേഹം ജീവിച്ചിരുന്ന സമയത്ത് ഹരിജനങ്ങളെയും മറ്റും കൈയയച്ച് സഹായിച്ചിരുന്നു.

ജീവിതം സന്ദേശമാക്കിയ അപൂർവ്വ ഇടയശ്രേഷ്ഠന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ആരുമായും ഒരു ഹൃദയബന്ധം സ്ഥാപിക്കാൻ പ്രത്യേകം കഴിവുണ്ടായിരുന്നു. സഭാകാര്യങ്ങളിലും പാരമ്പര്യങ്ങളിലും കർക്കശക്കാരനായിരുന്നു.

മലങ്കര ഓർത്തഡോക്സ് സഭ ലോകമെങ്ങും വ്യാപിപ്പിക്കണമെന്നദ്ദേഹം ആഗ്രഹിച്ചിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയാണ് തന്നെ താനാക്കിയതെന്നദ്ദേഹം എപ്പോഴും പറഞ്ഞിട്ടുണ്ട്. സഭയുടെ അന്തസും പാരമ്പര്യവും ശ്രേഷ്ഠതയും പ്രാണനോളം വിലപ്പെട്ടതായി അദ്ദേഹം കണ്ടിരുന്നുവെന്നത് പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്.


വലിയ ആദ്ധ്യാത്മിക ദർശനത്തിന്റെ ഉടമയായിരുന്നു തിരുമേനി. പിതാവിന്റെ വ്രതനിഷ്ഠ പ്രത്യേകം എടുത്തുപറയേണ്ട കാര്യമാണ്. ആത്മശിക്ഷണത്തിലും വ്രതനിഷ്ഠയിലും പ്രാർത്ഥനാശീലത്തിലും അടിയുറച്ചു വളരാനുള്ള മനക്കരുത്ത് ജനങ്ങൾക്കും ആചാര്യന്മാർക്കും വേണമെന്ന് തിരുമേനി പറയുമായിരുന്നു.

പാവപ്പെട്ടവരോട് കരുണകാണിക്കുന്ന ഈ പടത്തലവനെ മലങ്കര സഭയ്ക്കു നൽകിയതിനാൽ സഭ ധന്യമായി. തിരുമേനി സമ്മാനിച്ച നല്ല മാതൃകകളും സഫലമായ സേവനപ്രവർത്തനങ്ങളും സഭയെ കൂടുതൽ ചൈതന്യധന്യമാക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം. പക്കോമിയോസ് തിരുമേനിയുടെ സ്നേഹസ്പർശം അഭംഗുരം തുടരാനുള്ള കടമ നമ്മെ ഏൽപ്പിച്ചിട്ടാണ് തിരുമേനി കടന്നുപോയത്.

GM

വിശ്വാസത്താലും പ്രവൃത്തിയാലും മാത്രം രക്ഷ നേടുമോ?

■ ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്



രക്ഷയുടെ അടിസ്ഥാനം

ചോദ്യം: പ്രവൃത്തിയാലുള്ള രക്ഷ, വിശ്വാസത്താലുള്ള രക്ഷ, കൃപയാലുള്ള രക്ഷ എന്നിവ വി. വേദപുസ്തകത്തിൽ പരാമർശിക്കുന്നുണ്ടല്ലോ. ഇതിൽ ഏതിനാണ് വചനത്തിൽ കൂടുതൽ പ്രാമുഖ്യം? ഓർത്തഡോക്സ് സഭയിൽ ഏതിനാണ് കൂടുതൽ പ്രാധാന്യം?

സുമിത് ആന്റണി
പിറവം

ഉത്തരം: പ്രിയ സുമിതിന്റെ ചോദ്യം ശരിയായ ദിശയിലല്ല യെന്ന് ആദ്യമെ പറഞ്ഞുകൊള്ളട്ടെ. ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം പറഞ്ഞാൽ, രക്ഷ കൃപയാൽ ആകുന്നുയെന്ന് വചനം ഉറപ്പിച്ചുപറഞ്ഞിരിക്കുന്നത് സഭയുടെ അംഗീകൃത നിലപാടാകുന്നു. രക്ഷയെക്കുറിച്ചുള്ള അപ്പസ്തോലികവിശ്വാസം എന്ത് എന്ന് അ:പ്ര: 15:11ൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. "കർത്താവായ യേശുവിന്റെ കൃപയാൽ രക്ഷപ്രാപിക്കും എന്ന് നാം വിശ്വസിക്കുന്നതുപോലെ അവരും വിശ്വസിക്കുന്നു" എന്നാണ് ഈ വേദഭാഗത്ത് വ്യക്തമായി എഴുതിയിരിക്കുന്നത്. ഇതു തന്നെയാണ് സത്യസഭയുടെ വിശ്വാസം

ഈ വിഷയം വായനക്കാർക്കുവേണ്ടി ഒന്നു കൂടെ വിശദീകരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. നമുക്ക് ഒരുമിച്ചു ചിന്തിക്കാം.

രക്ഷയുടെ അടിസ്ഥാനം എന്താകുന്നു? ഈ ചോദ്യത്തിന് നവീകരണസഭകളും ഓർത്തഡോക്സ് സഭയും നൽകുന്ന ഉത്തരങ്ങൾ വ്യത്യസ്തമാകുന്നു. നവീകരണസഭകൾ രക്ഷയുടെ അടിസ്ഥാനം വിശ്വാസം എന്നാണ് പഠിപ്പിക്കുന്നത്. ഇതിനടിസ്ഥാനമായി എഫേസ്യലേഖനം 2:8-ാംവാക്യത്തെ ആണ് ഇവർ ആശ്രയിക്കുന്നത്. 'കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്' എന്ന വാക്യത്തിൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നുയെന്ന ഭാഗം മാത്രം വേർതിരിച്ച് വ്യാഖ്യാനിക്കുന്നതിനാൽ, അതായത് ആക്ഷരിക വ്യാഖ്യാനം സ്വീകരിച്ചിരിക്കുന്നതിനാൽ ആണ് സത്യം ഗ്രഹിക്കാതെ പോകുന്നത്. ഈ വാക്യം പൂർണ്ണമായി പഠിക്കുമ്പോൾ, ഇംഗ്ലീഷിൽ കുറച്ചു കൂടെ വ്യക്തതയുള്ളതായി കാണാവുന്നതാണ്. "For by grace you have been saved through faith", എന്നതിൽ നിന്ന് രക്ഷ by faith എന്നല്ല by grace എന്നുതന്നെയാണെന്ന് മനസ്സിലാക്കുന്നതാണ്. വേദപുസ്തകത്തിന് ആക്ഷരികവ്യാഖ്യാനം സ്വീകരിക്കുവാൻ പാടുള്ളതല്ല. അങ്ങനെ ചെയ്താൽ അത് പലപല വിശ്വാസവിപരീതങ്ങൾക്കും കാരണമായിതീരും. വേദപുസ്തക വ്യാഖ്യാനശാസ്ത്രപ്രകാരം ഒരു വാക്യത്തെ മറ്റ് വാക്കുകൊണ്ട് വേണം വ്യാഖ്യാനിക്കുവാൻ. ഈ വ്യാഖ്യാന നിയമപ്രകാരം എഫേ. 2:8 നെ, അ.പ്ര.15ന്റെ 11നോട് ചേർന്ന് വ്യാഖ്യാനിച്ചാൽ കൃപയാണ് രക്ഷയുടെ അടിസ്ഥാനമെന്ന് വ്യക്തമാകുന്നതാണ്.



വിശ്വസിച്ചപ്പോൾ രക്ഷ പ്രാപിച്ചിട്ടില്ല

ഇന്ന് പലരും സാക്ഷിപറയുന്നത് ഇന്ന ദിവസം, ഇന്ന സമയത്ത് ഞാൻ വിശ്വസിച്ചു ഏറ്റു പറഞ്ഞു രക്ഷിക്കപ്പെട്ടു എന്നാണ്. ഈവിധ വിശ്വാസം ഇന്ന് അനേകരിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഇത് വചനസത്യം ഗ്രഹിക്കാതെ വിളിച്ചു പറയുന്ന ഒരു വേദവിപരീതമാകുന്നു. ഈ വസ്തുത വി. പൗലോസ് റോമർ 13:11ൽ വ്യക്തമാക്കിയിരിക്കുന്നു. ഇതു ചെയ്യേണ്ടത് ഉറക്കത്തിൽ നിന്നുണരുവാൻ നാഴികവന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ, നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. ഈ വാക്യം വ്യക്തമാക്കുന്നതെന്താണെന്ന് ചിന്തിച്ചുനോക്കുക. വിശ്വസിച്ചപ്പോൾ രക്ഷിക്കപ്പെട്ടു എന്നല്ല വിശ്വസിച്ച സമയത്തെക്കാൾ രക്ഷ അടുത്തിരിക്കുന്നു എന്നുതന്നെയല്ലയോ? ഞാൻ പറയുന്ന ഈ ആശയം മറ്റ് വാക്യങ്ങളാൽ ഉറപ്പാക്കിയിരിക്കുന്നുയെന്നും അറിഞ്ഞു കൊള്ളുക. 2 തിമോ: 2:10 അതുകൊണ്ട് ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടെ വൃതന്മാർക്ക് കിട്ടേണ്ടതിന് ഞാൻ അവർക്കായി സകലവും സഹിക്കുന്നു. വീണ്ടും ഫിലി. 3:20 ശ്രദ്ധിക്കുക. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്ന് കർത്താവായ യേശു രക്ഷിതാവായി വരുമെന്ന് നാം കാത്തിരിക്കുന്നു 'എബ്രയാർ 9:28-ൽ തനിക്കായി കാത്തുനില്ക്കുന്നവരുടെ രക്ഷയ്ക്കായിട്ടാണ് കർത്താവായ യേശു വീണ്ടും വരുന്നത് എന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ വചനങ്ങൾ പ്രകാരം വിശ്വസിച്ചപ്പോൾ രക്ഷിക്കപ്പെട്ടുയെന്ന് വിശ്വസിക്കുന്നത് തിരുവചനസത്യമല്ലയെന്ന് വ്യക്തമാകുന്നുണ്ടല്ലോ.

വിശ്വാസവും പ്രവൃത്തിയും കൃപയാൽ ലഭിക്കുന്ന ദാനങ്ങളാകുന്നു. കൃപയാണ് രക്ഷയുടെ അടിസ്ഥാനം

രക്ഷയും പ്രവൃത്തിയും: രക്ഷയ്ക്ക് പ്രവൃത്തി കാരണമാകുന്നില്ലയെന്നതാണ് സത്യവചനം. എഫേ. 2:8-10 വരെ ഒന്നുകൂടെ ശ്രദ്ധിച്ച് വായിക്കുക. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല എന്ന് ഈ ഭാഗം ഉറപ്പിച്ചു പറയുന്നു.

യേശുക്രിസ്തുവിലൂടെ രക്ഷ സകലമനുഷ്യർക്കും ഉള്ളതാകുന്നു. 'അതിന്നായിട്ടുതന്നെ നാം സകല മനുഷ്യരുടെയും പ്രത്യേകം വിശ്വാസികളുടെയും രക്ഷിതാവായ ജീവനുള്ള ദൈവത്തിൽ ആശവെച്ചു അദ്ധ്വാനിച്ചു പോരാടിയും വരുന്നു' (1 തീമോ. 4:10). രക്ഷ സകലജാതിക്കും ഉള്ളതാകുന്നു (വി. ലൂക്കോസ് 2:30, 31) ഇവിടെയാണ് ദൈവത്തിന്റെ കൃപയെ നാം തിരിച്ചറിയേണ്ടത്.

രക്ഷ ദൈവകൃപയാൽ ഇരുപതുവയസ്സുവരെ, വിശ്വാസം കൂടാതെ, സന്തതിക്ക് ലഭിക്കുന്നു. ഇതുപതു വയസ്സിനുമേൽ പ്രായമുള്ളവർ കൃപയാലുള്ള രക്ഷയെ വിശ്വാസത്താൽ ഉറപ്പാക്കുകയാണ് വേണ്ടത്. വിശ്വാസപ്രവൃത്തിയാൽ സ്ഥിരീകരിക്കുകയും വേണം.സംഖ്യ. 14:26-36 വരെ വായിച്ചാൽ ഈ കാര്യം സത്യവചനാടിസ്ഥാനമുള്ളതെന്ന് സമ്മതിക്കുമെന്നാണ് ഞാൻ കരുതുന്നത്. ആകയാൽ കൃപയാണ് രക്ഷയ്ക്ക് അടിസ്ഥാനം. വിശ്വാസവും പ്രവൃത്തിയും കൃപയാൽ ലഭിക്കുന്ന ദാനങ്ങളാകുന്നു.

GM

കൃപയാലുള്ള നീതീകരണം

പ്രവൃത്തിയാലുള്ള നീതീകരണവും വിശ്വാസത്താലുള്ള നീതീകരണവും മറ്റു സഭകൾ ഉയർത്തിപ്പറയുമ്പോൾ കൃപയാലുള്ള നീതീകരണമാണ് ഓർത്തഡോക്സ് സഭയുടെ രക്ഷാസ്ഥാനം. പ്രസിദ്ധീകരണം വഴിയും സംവാദം വഴിയും ഓറിയന്റൽ സഭകളുടെ ദൈവശാസ്ത്രം, ബൈസന്റൈൻ സഭകളും റോമൻ കത്തോലിക്കാ സഭയും പ്രോട്ടസ്റ്റന്റ് സഭകളും സ്വീകരിക്കുവാനുള്ള സാധ്യതയുണ്ട്. നമ്മുടെ കർത്താവിന്റെ അന്ത്യശാസനം സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവാനാണല്ലോ. ആഴമായ ദൈവശാസ്ത്രവും മിഷ്യോളജിയും പ്രായോഗികമാക്കുവാനുള്ള കടമയും നമുക്കുണ്ട്.

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്
ജോർജിയൻ മിറർ 2012 ജൂലൈ - സെപ്റ്റംബർ

a®pw Ip´ncn¡hpw

■ ഫാ. ഡോ. കെ. എം. ജോർജ്ജ്

***ചോ**ദ്യം: മെത്രാപ്പോലീത്താമാരുടെ ശവസംസ്കാരത്തിന് ധാരാളം കുന്തിരിക്കം കബറിൽ ഇടാറുണ്ടല്ലോ. സാധാരണ വിശ്വാസികളുടെ മൃതശരീരത്തിന്മേൽ മണ്ണ് മാത്രമേ ഇടാറുള്ളോ? എന്താണ് വ്യത്യാസം?*

ഉത്തരം: സഭയുടെ തത്വമനുസരിച്ച്, മരിച്ച വ്യക്തി ഏതു സ്ഥാനിയായിരുന്നാലും, മണ്ണും കുന്തിരിക്കവും ചേർന്ന ഒരു മിശ്രിതം മൃതശരീരത്തിന്മേൽ ഇട്ടുകൊണ്ടാണ് സംസ്കരിക്കുന്നത്. മണ്ണിടുന്നതിന്റെ അർത്ഥം നമുക്കു പെട്ടെന്ന് മനസ്സിലാവും. എന്തിൽനിന്നാണോ ശരീരം സൃഷ്ടിക്കപ്പെട്ടത്, ആ മൂലഭൂതമായ ഭൂമിയിലേക്ക് (മണ്ണിലേക്ക്) അത് തിരിച്ചുപോകുന്നു. "നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ തിരികെച്ചേരും. വീണ്ടും നവീകരിക്കപ്പെടുകയും ചെയ്യും" എന്ന ദൈവവചനം നിവൃത്തിക്കപ്പെടുകയാണ് എന്ന് സംസ്കാര ശുശ്രൂഷയിൽ പറയുന്നു. മണ്ണു മാത്രമായോ കുന്തിരിക്കം മാത്രമായോ ഉപയോഗിക്കാറില്ല. മെത്രാൻ, വൈദികൻ, വിശ്വാസി എന്നീ മൂന്നു കൂട്ടർക്കും ഇത് ഒരുപോലെ ബാധകമാണ്. ആചാരപ്രകാരം, എപ്പിസ്ക്കോപ്പൽ പദവിയിലുള്ളവർക്ക് കുറച്ചു കൂടുതൽ കുന്തിരിക്കം ഇടുന്നു എന്നുമാത്രമേയുള്ളൂ. ഇത് ബഹുമാനസൂചകമാണ്. കർത്താവിന്റെ മൃതശരീരം, നിക്കോദിമോസും അരിമത്ഥ്യാക്കാരനായ യൗസേഫും ചേർന്ന് ധാരാളം സുഗന്ധവർഗ്ഗങ്ങളിട്ട് അടക്കം ചെയ്തു എന്നത് ഇതിന്റെ അടിസ്ഥാനമായി കരുതുന്നവരുണ്ടാകാം. എന്നാൽ, കർത്താവിന്റെ മാത്രമല്ല, എല്ലാ യഹൂദന്മാരുടെയും ശവസംസ്കാരത്തിൽ, അവരവരുടെ സാമ്പത്തിക കഴിവനുസരിച്ച് സുഗന്ധവർഗ്ഗങ്ങൾ ചേർക്കുന്ന പൊതുരീതിയുണ്ടായിരുന്നു എന്ന് മറക്കരുത്. ഫറവോരാജാക്കന്മാരെ ഔഷധസുഗന്ധ വർഗ്ഗങ്ങളിട്ട് embalm ചെയ്യുന്ന സാങ്കേതിക വിദ്യ പുരാതന ഈജിപ്തിൽ നിലവിലിരുന്നു. തന്റെ മകൻ യൗസേഫ് ഈജിപ്തിൽ പ്രധാനമന്ത്രിയായിത്തീർന്നതുകൊണ്ടാണല്ലോ, ഫറവോ രാജാക്കന്മാർക്ക് ലഭിക്കുന്ന തരത്തിലുള്ള embalming പരദേശിയായ യാക്കോബിനും ലഭിക്കുന്നത് (ഉൽപ്പത്തി. 50:1–3).

കൂടുതൽ കുന്തിരിക്കം ഇടുന്നത് ബഹുമാനസൂചകമായി

ശവസംസ്കാരത്തിൽ മണ്ണിനോടൊപ്പം കുന്തിരിക്കം ചേർക്കുന്നതിന് വേദശാസ്ത്രപരമായ വലിയ അർത്ഥമുണ്ട്. അത് ചുരുക്കമായി സൂചിപ്പിക്കട്ടെ:

1. സുഗന്ധം പുതിയ ജീവന്റെ (ഉയിർപ്പിന്റെ) അടയാളമാണ്. ദുർഗന്ധം മരണത്തിന്റെ (നാശത്തിന്റെ) പ്രതീകവും. ഇതു മനസ്സിലാക്കാൻ എളുപ്പമാണ്. ജീവൻ പോകുന്ന നിമിഷം മുതൽ ശരീരം ചീയാൻ തുടങ്ങുന്നു. വേദപുസ്തക ഭാഷയിൽ ഇതിന് ദ്രവത്വം (corruption) എന്നുപറയുന്നു. (ജനിക്കുന്ന നിമിഷം മുതൽ ദ്രവത്വം ആരംഭിക്കുന്നു എന്ന് ദാർശനികനായ നിസ്സായിലെ വി. ഗ്രിഗോറിയോസ് പറയുന്നു!). ചീയുന്ന ശരീരത്തിന് ദുർഗന്ധമാണല്ലോ. അതുകൊണ്ട് **മൃതശരീരത്തിൽ സുഗന്ധവർഗ്ഗമിടുന്നത്, മരണത്തിനെതിരെ ജീവന്റെ പ്രത്യാശ കാണിക്കാനാണ്.** കുന്തിരിക്കം സുഗന്ധവർഗ്ഗങ്ങളിലൊന്നാണ്. മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ സുലഭമായ, സൗരഭ്യമുള്ള വൃക്ഷക്കറയാണത്. ഇൻഡ്യയിൽ ഹൈന്ദവ പാരമ്പര്യത്തിൽ, ശവസംസ്കാരത്തിന് ചന്ദനത്തിന്റെ ഒരു ചെറിയ അംശമെങ്കിലും ഉപയോഗിക്കാറുണ്ട്. **സുഗന്ധവർഗ്ഗം ഒരു പ്രതീകം (symbol) ആണ്. അതുകൊണ്ട് അതിന്റെ അളവ് അപ്രധാനമാണ്.** ഏറ്റവും കൂടുതൽ ദുർഗന്ധത്തെ ചെറുക്കാൻ ഏറ്റവും കൂടുതൽ കുന്തിരിക്കം അല്ലെങ്കിൽ ചന്ദനം എന്ന് കണക്കുകൂട്ടാൻ പാടില്ല.

2. പരീശനായ ശീമോൻ കർത്താവിനെ ഭക്ഷണത്തിനു വിളിച്ചപ്പോൾ ഒരു സ്ത്രീ വളരെ വിലയേറിയ അതിവിശിഷ്ടമായ പരിമളതൈലം യേശുവിന്റെ ശരീരത്തിൽ പൂശുന്നതായി നാം വായിക്കുന്നു. പല തരത്തിലാണ് സുവിശേഷങ്ങൾ ഇത് വിവരിക്കുന്നത്. രണ്ടു സുവിശേഷങ്ങളിൽ തലയിൽ തൈലം ഒഴിച്ചു എന്നും മറ്റു രണ്ടു സുവിശേഷങ്ങളിൽ കർത്താവിന്റെ കാലിൽ തൈലം പൂശി എന്നും കാണുന്നു. കണ്ടുനിന്നവർ ആ സ്ത്രീയെ വിമർശിക്കുന്നുണ്ട്. പക്ഷേ കർത്താവ് പറഞ്ഞു, അവൾ തന്റെ ശവസംസ്കാരത്തിനുവേണ്ടിയാണ് അത് ചെയ്തത് എന്ന്. മറ്റാരും സംശയിക്കുന്നതിന് മുൻപ് തന്നെ കർത്താവിന്റെ ഉയിർപ്പിനെ ആ സ്ത്രീ മുൻകൂട്ടികണ്ടു എന്ന് വേണമെങ്കിൽ വായിച്ചെടുക്കാം. അവൾ ചെയ്ത പ്രവൃത്തി, സുവിശേഷം അറിയിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും "അവളുടെ ഓർമ്മക്കായി" പ്രസ്താവിക്കപ്പെടും എന്ന് യേശു പ്രവചിക്കുകയും ചെയ്തു.

   ആ സ്ത്രീ കർത്താവിനെ അഭിഷേകം ചെയ്ത തൈലത്തിന്റെ പരിമളം "വീടു മുഴുവൻ നിറഞ്ഞു" എന്ന് അർത്ഥഗർഭമായി വി. യോഹന്നാൻ രേഖപ്പെടുത്തുന്നു. പുതിയ ജീവൻ, ഉയിർപ്പ്, മാനസാന്തരം, വിലനോക്കാത്ത സ്നേഹത്തിന്റെ ത്യാഗം, എന്നിവയെല്ലാം സൂചിപ്പിക്കുന്നതാണ് ഇവിടെ സുഗന്ധദ്രവ്യങ്ങളും അതിന്റെ വാസനയും. കർത്താവിന്റെ കല്ലറയിലേക്ക്, ഞായറാഴ്ച രാവിലെ സുഗന്ധവർഗ്ഗങ്ങളുമായി പോയ സ്ത്രീകൾ (myrrh-bearing women) ഓർത്തഡോക്സ് വേദശാസ്ത്ര വ്യാഖ്യാനത്തിലും ആദ്ധ്യാത്മികതയിലും വളരെ പ്രാധാന്യമർഹിക്കുന്നവരാണ്. അവരാണ് ഉയിർപ്പിന്റെ ആദ്യസാക്ഷികളും സന്ദേശവാഹകരുമായത്. അപ്പോസ്തോലന്മാരെ "നല്ല വാർത്ത" (സുവിശേഷം) അറിയിക്കുന്നത് സ്ത്രീകളാണ്.

3. മണ്ണും കുന്തിരിക്കവും കൂട്ടിച്ചേർത്ത് ഇടുന്നതിന് മറ്റൊരർത്ഥമുണ്ട്. ഇൻഡ്യയിൽ, ഹൈന്ദവ ചിന്തയനുസരിച്ച്, ശവശരീരം ദഹിപ്പിക്കുകയോ സംസ്കരിക്കുകയോ ചെയ്യുമ്പോൾ, മൂലഭൂതങ്ങളിൽ നിന്ന് കൂട്ടിച്ചേർക്കപ്പെട്ട ഭൗതികശരീരം അവയിലേക്ക് മടങ്ങുന്നു, ആത്മാവ് പുനർജനനത്തിനോ അന്തിമ സാക്ഷാത്ക്കാരത്തിനോവേണ്ടി വിമോചിപ്പിക്കപ്പെടുന്നു എന്നചിന്തയാണ് പ്രബലമായത്. ശരീരം തന്നെ ആത്യന്തികമായി അയഥാർത്ഥമാണ്, എന്റെ ശരീരം, നിന്റെ ശരീരം എന്ന ശരീരബോധം അവിദ്യയുടെ ഫലമാണ് എന്നാണല്ലോ അദ്വൈത വേദാന്തം പറയുന്നത്. ഇവിടെ ക്രിസ്തീയ ചിന്തയുമായി കാര്യമായ ഒരു വ്യത്യാസമുണ്ട്. ക്രിസ്തീയ പാരമ്പര്യത്തിൽ, ശരീരത്തിന്റെ ക്ഷണികതയും ഇന്ദ്രിയാധിഷ്ഠിത ജ്ഞാനത്തിന്റെ പരിമിതികളും നന്നായി അംഗീകരിക്കുന്നുവെങ്കിലും, ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച മനുഷ്യൻ എന്നേക്കുമായി ആത്മശരീരങ്ങളുടെ സംയോഗമാണ്, അവയെ ഒരിക്കലും വേർതിരിക്കാനാവില്ല എന്നു പഠിപ്പിക്കുന്നു. മരണം മൂലം താൽക്കാലികമായി വേർപെട്ടാലും ദ്രവത്വമുള്ള ശരീരം രൂപാന്തരപ്പെട്ടു ആത്മാവിനോടു വീണ്ടും കൂടിച്ചേരും എന്നാണ് ഇവിടത്തെ നിലപാട്. മനുഷ്യശരീരം, വസ്തുമയമായ പ്രപഞ്ചത്തിന്റെ ചെറിയ രൂപമാണ് (micro cosmos). ശരീരത്തിന് രൂപാന്തരം സംഭവിക്കുന്നതുപോലെ, ദൈവസൃഷ്ടിയായ ദ്രവ്യപ്രപഞ്ചവും രൂപാന്തരത്തിന് വിധേയമാകും (റോമ. 8). ആത്മാവിനോടൊപ്പം ദൈവത്തിന്റെ അപരിമേയമായ മഹത്വം സ്വീകരിക്കാൻ ഒരുങ്ങുന്ന ശരീരത്തെ, നാം ബഹുമാനിക്കയും, അത് "പരിശുദ്ധാത്മാവിന്റെ മന്ദിരം" എന്ന് കരുതുകയും ചെയ്യുന്നു. ക്രിസ്തീയ ധർമ്മശാസ്ത്രം (ethics) ഈ വേദശാസ്ത്രാടിസ്ഥാനത്തിലാണ് രൂപപ്പെടുന്നത്. ഉയിർപ്പും പുതിയ ജീവനും രൂപാന്തരവുമാണ് നല്ല "നടപടി"യുടെ നിയാമകതത്വം.

ഹൈന്ദവചിന്തയനുസരിച്ച്, ആത്മാവ് പുനർജന്മത്തിനോ അന്തിമ സാക്ഷാത്കാരത്തിനോ വേണ്ടി വിമോചിക്കപ്പെടുന്നു. ക്രിസ്തീയ പാരമ്പര്യം പഠിപ്പിക്കുന്നത് എന്നെന്നേക്കുമായുള്ള ആത്മശരീരങ്ങളുടെ സംയോജനമാണ്.

കുന്തിരിക്കമോ, മറ്റേതെങ്കിലും സുഗന്ധദ്രവ്യമോ മണ്ണുമായി കൂട്ടിച്ചേർത്ത് മൃതശരീരത്തിന്മേൽ വീഴ്ത്തുന്നതിനു പുറകിലുള്ള ചില ദൈവശാസ്ത്ര ചിന്തകളാണ് ഇവിടെ സൂചിപ്പിച്ചത്. മൺമയമായ ശരീരവും വിൺമയമായ ആത്മാവും തമ്മിലുള്ള ബന്ധമാണ് മതചിന്തയുടെ മൗലിക സമസ്യകളിലൊന്ന്. **GM**

\{kmWn F¶ tZiob kzXzt_m[w

■ ഡോ. എം. കുര്യൻ തോമസ്



ജാതിയും ജാതി നാമങ്ങളും ജാതി ചിഹ്നങ്ങളും അനിവാര്യമായിയിരുന്ന കാലത്ത് കേരളത്തിലെ പൂർവിക ക്രിസ്തുമാർഗ്ഗക്കാർ ഉപയോഗിച്ചിരുന്ന സംജ്ഞയാണ് *നസ്രാണി* എന്നത്. പിൽക്കാലത്ത് *മാർത്തോമ്മാ ക്രിസ്ത്യാനികൾ* എന്ന് അവരുടെ കഠിനമായ *തോമാവബോധം* മൂലം പാശ്ചാത്യർ പേരിട്ടു വിളിച്ചെങ്കിലും കേരളത്തിലെ കൊളോണിയൽപൂർവ ക്രൈസ്തവർ എന്നെങ്കിലും ആ നാമം സ്വയം ഉപയോഗിച്ചിരുന്നോ എന്നു സംശയമാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ കൊച്ചിയിലെ ഡച്ചു ഗവർണർ മോയൻസ്, നസ്രാണികൾക്ക് അവരുടെ ആരാധനാ ഭാഷയുടെ അടിസ്ഥാനത്തിൽ നൽകിയ *സുറിയാനി ക്രിസ്ത്യാനി* എന്ന പേർ ഇന്നു ഔദ്യോഗിക നാമമായി എങ്കിലും, റവന്യൂ- ജുഡീഷ്യൽ രേഖകളിൽ ജാതിനാമം അനിവാര്യമായിരുന്ന ഇരുപതാം നൂറ്റാണ്ടിന്റെ പകുതി വരെ *നസ്രാണി* സർക്കാർ രേഖകളിൽ ഇടം പിടിച്ചിരുന്നു. ഭൂമി കൈമാറ്റ കരണങ്ങളിൽ ... *(ഇന്നിടത്ത്) നസ്രാണി മക്കവഴി (ഇന്നാരുടെ മകൻ)*... എന്ന രീതിയിൽ അവരുടെ ദായക്രമവുംകൂടി ചേർത്താണ് രേഖപ്പെടുത്തി വന്നിരുന്നത്.

മതം അപ്രസക്തവും, ജാതി അനിവാര്യവുമായിരുന്ന കേരളീയ സമൂഹത്തിൽ *നസ്രാണി* ഒരു മത നാമം എന്നതിലധികം ജാതി സംജ്ഞയായിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ അനുയായികൾക്ക് *നസ്രാണി* എന്ന നാമം ലഭിച്ചത് അദ്ദേഹത്തിന്റെ കാലത്തുതന്നെയാണ്. നസറായനായ യേശു എന്നാണ് അദ്ദേഹം തന്റെ ജീവിതകാലത്ത് അറിയപ്പെട്ടിരുന്നത്. ക്രൂശാരോഹണ സമയത്ത് ... *ഇവൻ നസറായനായ യേശു യഹൂദന്മാരുടെ രാജാവ്* ... എന്ന് റോമാ ഗവർണറായിരുന്ന പൊന്തിയോസ് പീലാത്തോസ് കുരിൽ സ്ഥാപിച്ച മേലെഴുത്തു തന്നെ (യോഹന്നാൻ 19:19) ഈ വസ്തുതയുടെ അംഗീകാരമാണ്.

യേശുക്രിസ്തുവിനെ *വരുവാനുള്ള രക്ഷകനായ ക്രിസ്തു*വായി അംഗീകരിക്കാത്ത യഹൂദർ അദ്ദേഹത്തിന്റെ അനുയായികളെ അപ്പോസ്തോല കാലത്തുതന്നെ *നസറായ മതക്കാർ* എന്നു വിവക്ഷിച്ചു വന്നിരുന്നു (അപ്പോസ്തോല പ്രവൃത്തികൾ 24:5). ഇതോടെ എബ്രായ ഭാഷയിൽ ക്രിസ്ത്യാനി എന്ന അർത്ഥത്തിൽ *നസ്രാ* എന്ന പദം രൂപീകൃതമായി. പിന്നീട് ഇതേയർത്ഥത്തിൽ മറ്റു സെമറ്റിക് ഭാഷകളിലും ഈ പദം ഉപയോഗിച്ചു തുടങ്ങി. ഖുറാനിൽ ക്രിസ്ത്യാനികൾക്കു പൊതുവായി *നസ്രാ* എന്ന പദമാണ് ഉപയോഗിക്കുന്നത്. ഒരിക്കൽ നസ്രാണി ആവാസ ഭൂമിയായിരുന്ന ഇന്നത്തെ സൗദി അറേബ്യയിൽ ഉൾപ്പെട്ട പ്രദേശത്തിന്റെ *നജ്റാൻ* എന്ന പേരിന്റെ അർത്ഥംതന്നെ *നസ്രാണികളുടെ നാട്* എന്നാണ്.

എ. ഡി. 313-ലെ മിലാൻ എഡിക്ടിലൂടെ കോൺസ്റ്റന്റൈൻ ചക്രവർത്തി ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രാഖ്യാപിച്ചു. ഇതോടെ റോമിന്റെ ശത്രുവായ പേർഷ്യൻ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളുടെ കഷ്ടകാലവും ആരംഭിച്ചു. ശത്രുരാജ്യത്തെ രാജകീയ മതത്തിൽ ഉൾപ്പെട്ടവർ എന്ന നിലയിൽ പേർഷ്യയിലെ ക്രിസ്ത്യാനികളെ ശത്രു ചാരന്മാരായി പരിഗണിച്ച് പേർഷ്യൻ ഭരണാധികാരികൾ കഠിനമായി പീഡിപ്പിച്ചു. ഈ പീഡയിൽ നിന്നും രക്ഷപെടാൻ നാടുവിട്ടോടിയവരിൽ ഒരു വിഭാഗമാണ് ക്നായിത്തൊമ്മന്റെ നേതൃത്വത്തിൽ കേരളത്തിൽ കുടിയേറിയത്.

ഈ സാഹചര്യത്തിൽ റോമൻ സാമ്രാജ്യത്തിലേതിൽനിന്നു വ്യത്യസ്തമായ ഒരു ക്രിസ്തുമതമാണ് തങ്ങളുടേതെന്ന് സ്ഥാപിക്കേണ്ടത് പേർഷ്യൻ ക്രൈസ്തവരുടെ നിലനിൽപ്പിന് അനിവാര്യമായി. ഇത്തരം സ്വത്വ നിർമാണത്തിന് റോമാ സാമ്രജ്യത്തിൽ നിന്നു വ്യത്യസ്തമായ പദസംജ്ഞകളും വിശ്വാസ സംഹിതയും പേർഷ്യൻ സഭ സ്വീകരിച്ചു. റോമാ സാമ്രാജ്യത്തിലെ സഭകൾ പരിത്യജിച്ച നെസ്തോറിയൻ വേദശാസ്ത്രം സ്വന്തം വിശ്വാസ സംഹിതയായും, അതിന്റെ ഉപജ്ഞാതാവായ നെസ്തോറിയോസിനെ പരിശുദ്ധനായും പേർഷ്യൻ സഭ സ്വീകരിച്ചു. റോമൻ സഭകളിലെ സഭാദ്ധ്യക്ഷന്മാർ *പാത്രിയർക്കീസ്* എന്ന സ്ഥാനനാമം സ്വീകരിച്ചപ്പോൾ പേർഷ്യൻ സഭ വ്യത്യസ്തമായ *കാതോലിക്കോസ്* എന്ന സ്ഥാനം തങ്ങളുടെ സഭാദ്ധ്യക്ഷനു നൽകി. ഇതോടൊപ്പം റോമാ സാമ്രാജ്യത്തിലെ *ക്രിസ്ത്യാനി* എന്നതിനു പകരം *നസ്രാണി* എന്ന സംജ്ഞ തങ്ങളുടെ മതവിശ്വാസത്തിന്റെ നാമമായി സ്വീകരിച്ചു എന്നും ചിലർ ചൂണ്ടിക്കാട്ടുന്നുണ്ട്.

കേരള തുറമുഖങ്ങളിൽ ക്രിസ്തുമാർഗ്ഗം രൂപീകൃതമായപ്പോൾ ഈ നവവിഭാഗത്തിന് ഒരു സ്വത്വ പ്രകാശന സംജ്ഞ ആവശ്യമായി വന്നു. അതേ തുറമുഖങ്ങളിലുണ്ടായിരുന്ന, യേശുവിനെ രക്ഷകനായി അംഗീകരിക്കാത്ത യഹൂദരോ, *നസ്രാ* നാമം പരിചിതമായിരുന്ന അറബികളോ ആകാം ഇവരെ *നസ്രാ* എന്നു സംബോധന ചെയ്തു തുടങ്ങിയത്. മുകളിൽ പറഞ്ഞ ബൈബിൾ പരാമർശനമുള്ളതിനാൽ അത് അംഗീകരിക്കുന്നതിന് നവവിശ്വാസികൾക്ക് ബുദ്ധിമുട്ടുണ്ടായിരിക്കാൻ തരമില്ല. പേർഷ്യൻ സഭ *നസ്രാ* എന്ന മതസംജ്ഞ സ്വീകരിച്ചിരുന്നു എങ്കിൽ, അവരുമായി മാത്രം ബന്ധപ്പെട്ടിരുന്ന, റോമാ സാമ്രാജ്യത്തിലെ ക്രിസ്തുമത വികസനം അന്യമായിരുന്ന, കേരളത്തിലെ ക്രിസ്തുമാർഗ്ഗക്കാർ *നസ്രാ* അഥവാ *നസ്രാണി* എന്ന സംജ്ഞ സ്വീകരിച്ചതിൽ അത്ഭുതമില്ല.

കേരളത്തിൽ നമ്പൂതിരി കേന്ദ്രീകൃത ജാതി വ്യവസ്ഥ രൂപമെടുത്തപ്പോൾ അതിൽ കച്ചവടം കുലധർമ്മമായി അനുഷ്ഠിക്കുന്ന വൈശ്യ ജാതിയായി പ്രവേശിച്ചതോടെ *നസ്രാണി* എന്നത് അവരുടെ ജാതിപ്പേരായി. കേരളതീരത്ത് വ്യാപാരം നടത്തുന്ന യഹൂദർ, നസ്രാണികൾ, അറബികൾ എന്നിവർ യഥാക്രമം ചൂത(യൂദ)മാപ്പിള, നസ്രാണി മാപ്പിള, ചോനക(ജോനക)മാപ്പിള എന്നറിയപ്പെട്ടിരുന്നു.

1498-ൽ ആരംഭിച്ച പാശ്ചാത്യ അധിനിവേശം *ക്രിസ്താനി* എന്ന പദത്തെ കേരളത്തിലെത്തിച്ചു. എന്നാൽ ഈ പാശ്ചാത്യ പദത്തെ സ്വന്ത മതനാമമായി അംഗീകരിക്കാൻ നസ്രാണികൾ വിസമ്മതിച്ചു. അധിനിവേശ സംസ്കാരത്തിന്റെ ഭാഗമായി *ക്രിസ്ത്യാനി* എന്ന സംജ്ഞയേയും നസ്രാണികൾ കണക്കാക്കി എന്നത് ഈ നിരസനത്തിന്റെ ഒരു ഹേതുവാണെങ്കിലും, വിവിധ ജാതികളിൽനിന്നും പോർട്ടുഗീസ് റോമൻ കത്തോലിക്കർ മതപരിവർത്തനം നടത്തി രൂപംകൊണ്ട നവക്രൈസ്തവരായിരുന്നു ഈ വിസമ്മതത്തിന്റെ ഒരു മുഖ്യ കാരണം. ജാതിയും കുലത്തൊഴിലും ഇല്ലാത്ത ഈ വിഭാഗത്തെ തങ്ങളുടെ സമൂഹത്തിന്റെ ഭാഗമാക്കിയാൽ കർശനമായ നമ്പൂതിരി-കേന്ദ്രീകൃത ജാതിവ്യവസ്ഥയിൽനിന്നും തങ്ങൾ പുറത്താകുമെന്ന തിരിച്ചറിവ് നസ്രാണിക്കുണ്ടായിരുന്നു. തങ്ങളുടെ കുലധർമ്മവും ജീവിതോപാധിയും ഇല്ലാതാക്കുന്ന ഈ നടപടിയെ നസ്രാണികൾ എതിർത്തത് സ്വാഭാവികം.


പോർട്ടുഗീസ് റോമൻ കത്തോലിക്കർക്കാകട്ടെ നസ്രാണികളെ ജാതിവ്യവസ്ഥയിൽ നിന്നും അന്യരാക്കണമെന്ന് അതിയായ താത്പര്യമുണ്ടായിരുന്നു. അതുവഴി തൊഴിൽ നഷ്ടപ്പെട്ട് നിസഹായരാകുന്ന നസ്രാണികൾ ജീവസന്ധാരണത്തിനായി തങ്ങൾക്ക് പൂർണ്ണ വിധേയരാകുമെന്ന് പോർട്ടുഗീസുകാർ പ്രത്യാശിച്ചു. ഇതിനോടുള്ള നസ്രാണി പ്രതികരണം *ക്രിസ്ത്യാനി* എന്ന പദംതന്നെ തങ്ങളുടെ നിഘണ്ഡുവിൽനിന്ന് മായിച്ചു കൊണ്ടായിരുന്നു. ഉദാഹരണത്തിന്, *ആദ്യം അന്ത്യോഖ്യയിൽവെച്ച് ക്രിസ്ത്യാനി എന്ന പേര് ഉണ്ടായി* (അപ്പോസ്തോല പ്രവൃത്തികൾ 11:26) എന്ന വാക്യം *ആദ്യം അന്ത്യോഖ്യയിൽവെച്ച് നസ്രാണി എന്ന പേര് ഉണ്ടായി* എന്നു ഭേദപ്പെടുത്തിയാണ് പതിനെട്ടാം നൂറ്റാണ്ടിൽ *നിരണം ഗ്രന്ഥവരി*യിൽ പ്രതിപാദിച്ചിരിക്കുന്നത്.

നസ്രാണികളുടെ വിട്ടുവീഴ്ചയില്ലാത്ത ഈ സ്വത്വബോധപ്രകടനം അംഗീകരിക്കാൻ അധിനിവേശ പോർട്ടുഗീസ് റോമൻ കത്തോലിക്കരും നിർബന്ധിതരായി. 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളുടെ മലയാളം പകർപ്പിൽ ഉടനീളം *ക്രിസ്ത്യാനി* എന്ന അർത്ഥത്തിൽ *നസ്രാണി* എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. എന്നാൽ നസ്രാണി കാണാത്ത, അതോടൊപ്പം എഴുതിയുണ്ടാക്കിയ, ലത്തീൻ പകർപ്പിൽ ക്രിസ്ത്യാനി എന്നുതന്നെയും. 1606-ലെ റോസിന്റെ നിയമാവലിയിലും ക്രിസ്ത്യാനിക്കു പകരം നസ്രാണിയാണ്. 1772-ൽ റോമിൽ അച്ചടിച്ച ഫാ. ക്ലെമന്റ് പിയാനോസിന്റെ റോമൻ കത്തോലിക്കാ വേദപാഠ പുസ്തകത്തിന്റെ പേരുതന്നെ *നസ്രാണികൾ ഒക്കെക്കും അറിയേണ്ടുന്ന സംക്ഷേപ വേദാർത്ഥം* എന്നാണ്.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ നവക്രൈസ്തവരേയും പൂർവിക ക്രൈസ്തവരേയും ജാതീയമായി തിരിച്ചറിയേണ്ടത് കൊച്ചിയിലെ ഡച്ച് അധികാരികൾക്ക് ഭരണപരമായ ആവശ്യമായി വന്നു. വിശ്വാസത്തെ *നിയമം എന്നതിലുപരി മാർഗ്ഗം* ആയി കാണുവാൻ ഗ്രീക്കോ-റോമൻ പശ്ചാത്തലമുള്ള യൂറോപ്യർക്ക് സാദ്ധ്യമായിരുന്നില്ല. അതിനേക്കാളുപരി, *നസ്രാണി* എന്നതിനു സമാന്തരമായി വിവിധ ജാതികളിൽനിന്ന് പരിവർത്തനം ചെയ്യപ്പെട്ട നവക്രൈസ്തവർക്ക് നൽകുവാൻ ഒരു പൊതുപദം നിർദ്ധാരണം ചെയ്യുവാനും സാദ്ധ്യമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് നവക്രൈസ്തവർക്കും നസ്രാണികൾക്കും അവരുടെ ആരാധനാ ഭാഷയുടെ അടിസ്ഥാനത്തിൽ യഥാക്രമം *ലത്തീൻ ക്രിസ്ത്യാനികൾ*, *സുറിയാ*


സഭാ ചരിത്രപ്രവേശിക: കാലത്തിന്റെ സൂചനകൾ

■ പോൾ മണലിൽ



കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ചു മലങ്കര സഭാചരിത്രം സംഗ്രഹിച്ച് ഒരു വൈദികൻ അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് 'സഭാ ചരിത്രപ്രവേശിക'. ചരിത്രകാരനായ ഫാ. സൈമൺ ജേക്കബ് മാത്യു എഴുതിയ ഈ ഗ്രന്ഥം രണ്ടായിരത്തോളം ചോദ്യോത്തരങ്ങളുടെ സമാഹാരമാണ്. സൺഡേ സ്കൂൾ വിദ്യാർത്ഥികൾ മുതൽ മുതിർന്നവർ വരെയുള്ള വിശ്വാസികൾക്ക് സഭാസംബന്ധമായ സംശയങ്ങൾക്ക് ഏതു സന്ദർഭത്തിലും ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന ഒരു പുസ്തകമാണിത്. സഭാചരിത്രത്തിൽ കേന്ദ്രീകരിച്ചു തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകം കഠിനമായ പഠനങ്ങളുടെയും വർഷങ്ങൾ നീണ്ട അന്വേഷണങ്ങളുടെയും ഒരു ഉല്പന്നമാണ്. ചരിത്രത്തിന്റെ അഗാധതകളിൽ മുങ്ങിത്തപ്പി സഭാസംബന്ധിയായ കാര്യങ്ങൾക്ക് ഉത്തരം തരുന്ന ഈ പുസ്തകം സഭയുടെ ചരിത്രത്തിന്റെ മാത്രമല്ല ഇരുപത്തിയൊന്നു നൂറ്റാണ്ടുകളിൽ സഭ കൈവരിച്ച നേട്ടങ്ങളുടെയും വളർച്ചയുടെയും കഥ കൂടി വിവരിക്കുന്നു. ഈ പുസ്തകത്തിലെ ഓരോ ചോദ്യവും ഉത്തരവും സഭയുടെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. വർഷങ്ങൾ, നാമങ്ങൾ, വിശേഷണങ്ങൾ, വിശദീകരണങ്ങൾ, സ്ഥലങ്ങൾ എന്നിങ്ങനെ വാക്കുകളായും വാചകങ്ങളായും അണിനിരത്തുന്ന ഇതിലെ വിഷയങ്ങൾ കാലാതീതമായ പ്രസക്തിയുള്ളവയാണ്.

> **അജ്ഞതയിൽ വളർന്നുവരുന്ന ഒരു സമൂഹമാണ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ**



സഭാചരിത്രത്തിലേക്ക് പ്രവേശിക്കാൻ ഉപകരിക്കുന്ന ഒരു നൂൽപ്പാലമാണ് ഫാ. സൈമൺ ജേക്കബ് മാത്യുവിന്റെ ഈ ഉദ്യമം. മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രവും പാരമ്പര്യവും അറിഞ്ഞുകൂടാത്തവരാണ് അതിലെ അംഗങ്ങൾ ഏറെയും. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിൽ നാം ഊറ്റം കൊള്ളുമെങ്കിലും അതു സംബന്ധിച്ച ചരിത്രബോധം നമുക്കു കുറവാണ്. അജ്ഞതയിൽ വളർന്നുവന്ന ഒരു സമൂഹമാണ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ എന്നാണ് എന്റെ പക്ഷം. കേരള ചരിത്രത്തിന്റെ നിർമ്മിതിയിൽ മറ്റു സമുദായങ്ങളിലെ വ്യക്തികളും കുടുംബങ്ങളും സ്ഥാപനങ്ങളും ചമച്ചുവച്ചിരുന്ന ഗ്രന്ഥവരികളും കരണങ്ങളും നാൾവഴികണക്കുകളും കീഴ്വഴക്കങ്ങളും ഉടമ്പടികളും നിശ്ചയങ്ങളും കൈമാറ്റ ചട്ടങ്ങളും മറ്റും മുഖ്യ ആധാരരേഖകളായി മാറിയിട്ടുണ്ട്. എന്നാൽ രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള മലങ്കസഭ കേരള ചരിത്ര നിർമ്മിതിക്ക് എന്തെല്ലാം ഉപദാനങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. പോർച്ചുഗീസുകാർ കേരളത്തിൽ വരുന്നതിനു മുമ്പുള്ള ചരിത്രങ്ങൾ സൂക്ഷിച്ചുവയ്ക്കാൻ നസ്രാണി സമൂഹം ജാഗ്രത പുലർത്തിയിരുന്നില്ല.

കേരള ജീവിതത്തിന്റെ പ്രാദേശികതകളിലേക്ക് വെളിച്ചം വീശുന്നതും ഉൾക്കാഴ്ച പകരുന്നതുമായ ധാരാളം രേഖകൾ നമ്മുടെ ദേവാലയങ്ങളിൽ നിന്നും ക്രൈസ്തവ കുടുംബങ്ങളിൽനിന്നും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. കേരളചരിത്രത്തെ സ്വരൂപിക്കുന്നതിൽ മുഖ്യപങ്കാളിത്തം വഹിക്കാൻ പാശ്ചാത്യശക്തികളുടെ കടന്നുവരവിനു ശേഷമുള്ള കാലത്ത് രചിക്കപ്പെട്ട ക്രൈസ്തവ സമൂഹത്തിന്റെ ആധാരരേഖകൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. പാശ്ചാത്യർ അവരുടെ ദൃഷ്ടിയിൽ കൂടി എഴുതിയ ചരിത്രത്തിന്റെ വരികൾക്കിടയിലൂടെ വായനനടത്തിയാൽ മലങ്കരസഭയുടെ സൂക്ഷ്മചരിത്രവും കണ്ടെത്താം. ആറാം മാർത്തോമ്മായുടെ കാലത്ത് എഴുതപ്പെട്ട നിരണം ഗ്രന്ഥവരി പോലെയുള്ള ആധാരരേഖകളെ വിസ്മരിച്ചുകൊണ്ടല്ല ഞാനിതു പറയുന്നത്. ചരിത്രരേഖകൾ സൂക്ഷിച്ചുവയ്ക്കാനും കൈമാറാനും നാം ശ്രദ്ധിക്കാതെ പോയി.

മലങ്കരയിൽ നവീകരണ വാദികളുടെയും അന്ത്യോഖ്യൻ വാദികളുടെയും രംഗപ്രവേശനം സൂക്ഷ്മമായി വിലയിരുത്താൻ ഉതകുന്ന ഒരു രേഖാപാരമ്പര്യം നമുക്കുണ്ടോ? ചരിത്രത്തെ സംബന്ധിച്ച അജ്ഞത മലങ്കര സഭയുടെ വളർച്ചയ്ക്കു പല ഘട്ടങ്ങളിലും കോട്ടം വരുത്തിയിട്ടുണ്ട്. ഫാ. സൈമൺ ജേക്കബ് മാത്യുവിന്റെ 'സഭാ ചരിത്ര പ്രവേശിക' നമ്മെ സംബന്ധിച്ചിടത്തോളം ഒരു ചൂണ്ടുപലകയാണ്. നമ്മുടെ ചരിത്രവും പാരമ്പര്യവും മനസ്സിലാക്കാൻ ഉപകരിക്കുന്ന ഒരു ഗ്രന്ഥമെന്ന നിലയ്ക്കാണ് ഈ പുസ്തകത്തിന്റെ പ്രാധാന്യം.

സഭാചരിത്ര പ്രവേശിക
ഫാ. സൈമൺ ജേക്കബ് മാത്യു
വില : 130 രൂപ
കോപ്പികൾക്ക്: ഫാ. സൈമൺ ജേക്കബ് മാത്യു
കടമാൻപതാലിൽ
കൊറ്റാത്തൂർ പി.ഒ., അയിരൂർ–689 614.
ഫോൺ: 9496325208

GM


നി ക്രിസ്ത്യാനികൾ എന്ന സംജ്ഞകൾ ഡച്ചുകാർ രൂപപ്പെടുത്തിയത്. പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുവിതാംകൂർ-കൊച്ചി രാജ്യഭരണം നിയന്ത്രിച്ചിരുന്ന ബ്രിട്ടീഷുകാർ *സുറിയാനി ക്രിസ്ത്യാനികൾ* എന്നു സ്ഥിരമായി ഉപയോഗിച്ചു തുടങ്ങിയതോടെ *നസ്രാണി* അപ്രസക്തമാവുകയും *സുറിയാനി ക്രിസ്ത്യാനി* ഉറയ്ക്കുകയും ചെയ്തു.

യഥാർത്ഥത്തിൽ *നസ്രാണി* എന്ന സംജ്ഞ ഒരു പാശ്ചാത്യ കൊളോണിയൽ അധിനിവേശ വിരുദ്ധ പ്രതീകമാണ്. അതിനാലാണ് അധിനിവേശ ശക്തികളുടെ അവശിഷ്ടമായ കേരളത്തിലെ നസ്രാണി പാരമ്പര്യം അവകാശപ്പെടുന്ന ചില സഭകൾക്ക് നസ്രാണി സ്വത്വം ഉറച്ചും ഉറപ്പിച്ചും പ്രഖ്യാപിക്കാനാവാത്തത്. അവരുടെ പാശ്ചാത്യ വിധേയത്വം - അത് താത്വികവും ഭരണപരവുമാകാം - കുടഞ്ഞുകളയാതെ നസ്രാണി എന്നു അഭിമാനിക്കുന്നത് അർത്ഥരഹിതവുമാണ്.

എന്നാൽ യഥാർത്ഥ ഇന്ത്യൻ ക്രിസ്തുമാർഗ്ഗക്കാർക്ക് നസ്രാണി സംജ്ഞയുടെ പ്രാധാന്യം വർദ്ധിച്ചുവരികയാണെന്ന യാഥാർത്ഥ്യം അവർപോലും അറിയുന്നില്ല. ഇന്ത്യൻ ക്രൈസ്തവികത പാശ്ചാത്യ അധിനിവേശത്തിന്റെ ഉപോൽപ്പന്നമാണെന്ന പരക്കെയുള്ള ധാരണയിൽനിന്ന് പൂർവിക ക്രൈസ്തവർക്കുള്ള സംരക്ഷണ കവചമാണ് *നസ്രാണി* എന്ന പൂർവിക സംജ്ഞ. ഈ യാഥാർത്ഥ്യം അതിവേഗം അവർ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

GM

പുതിയ പുസ്തകങ്ങൾ



കാതോലിക്ക എന്നു ചൊല്ലി വാഴ്ത്തി ഞായം

ഡോ. എം.കുര്യൻ തോമസ്

ദ്വിസഹസ്രാബ്ദത്തിലെത്തിനിൽക്കുന്ന മാർത്തോമ്മാ നസ്രാണികളുടെ സ്വാതന്ത്ര്യത്തിന്റെയും ദേശീയതയുടെയും പ്രതീകമായ മലങ്കരയിലെ കാതോലിക്കേറ്റിന്റെ അധിനിവേശവിരുദ്ധ ചരിത്ര സമീപനങ്ങളുടെ നേർവായന.

സോഫിയാ ബുക്ക്സ്
കോട്ടയം
വില : 125 രൂപ

അജപാലകൻ

ഫാ. ഡോ. ടി.ജെ. ജോഷ്വ



സഭയുടെ വളർച്ചയുടെ പാതയിൽ നിർണ്ണായക പങ്കുവഹിക്കുന്ന വൈദികന്റെ ജീവിതവും കർമ്മസരണികളും വിശുദ്ധവേദപുസ്തകത്തിന്റെ വെളിച്ചത്തിൽ വിചിന്തനം ചെയ്യുന്ന പഠനം. സഭാശുശ്രൂഷയിൽ ഏർപ്പെടുന്നവർക്ക് പ്രയോജനപ്രദവും പ്രചോദനപ്രദവുമായ പുസ്തകം.

സി.എസ്.എസ്. ബുക്ക്സ്
വില : 90 രൂപ

ഐക്കണുകളുടെ ദൈവിക സൗന്ദര്യം

■ ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

ഓർത്തഡോക്സ് ആരാധനയെ ചൈതന്യവത്താക്കുന്നതിൽ പ്രതീകങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കലാരൂപങ്ങളും ചിഹ്നങ്ങളും പ്രതീകങ്ങളും നിറഞ്ഞുനിൽക്കുന്ന നമ്മുടെ ആരാധന അവാച്യമായ അനുഭൂതികളിലേക്ക് വിശ്വാസികളെ നയിക്കുന്നു. അങ്ങനെയാണ് സുബോധ മനസ് അബോധ പ്രജ്ഞാതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള ശക്തി ആർജിക്കുന്നത്.

പൗരസ്ത്യ സഭകളിൽ ഇത്തരം വചനേതര ആദ്ധ്യാത്മിക അദ്ധ്യയനത്തിന് വലിയ പ്രാധാന്യമാണുള്ളത്. വിശുദ്ധബലിയിൽ ജനം ഭാഗഭാക്കാകുന്നത് പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, ചെവി, മൂക്ക്, രസന, സ്പർശം എന്നിവകൊണ്ടാണ്. അതുകൊണ്ട് സത്യവിശ്വാസം അതിന്റെ തനിമയിൽ നിലനിർത്തുവാൻ പൗരസ്ത്യസഭകൾ വിവിധ കലാരൂപങ്ങളെ ആശ്രയിച്ചുപോരുന്നു. പോർച്ചുഗീസുകാരും ഇംഗ്ലീഷുകാരും ഉൾപ്പെടുന്ന പാശ്ചാത്യ സഭാസമൂഹങ്ങൾ യുക്തിയിൽ അധിഷ്ഠിതമായ അവരുടെ സംസ്കാരം അടിച്ചേൽപ്പിക്കുക വഴി ഇത്തരം കലാരൂപങ്ങളെ നിഷേധിക്കുവാൻ ഇടവരുത്തിയിട്ടുണ്ട്. അവയെ വീണ്ടെടുക്കേണ്ടത് ഇന്നു നമുക്ക് അത്യാവശ്യമാണ്. കാരണം, ഇന്ദ്രിയങ്ങൾക്ക് ഗ്രഹിക്കുവാൻ പ്രയാസമുള്ള യാഥാർത്ഥ്യങ്ങളെ കുറച്ചെങ്കിലും ശരിയായി ഉൾക്കൊള്ളുവാനുള്ള ഉപാധികളാണ് പ്രതീകങ്ങൾ.

ആരാധനയിൽ ഐക്കണുകളുടെ പ്രാധാന്യം

ക്രിസ്തുവിന്റെ ക്രൂശിതരൂപം വഹിക്കുന്ന കുരിശുകൾ പാശ്ചാത്യ പാരമ്പര്യത്തിൽ പെട്ടവയാണ്. അവയെ പൗരസ്ത്യസഭകൾ പ്രോത്സാഹിപ്പിക്കുന്നില്ല. ചിത്രങ്ങൾ ഉപയോഗിക്കേണ്ടിവരുമ്പോൾ ദൈവസാന്നിദ്ധ്യം പ്രകടമാകുന്ന ഐക്കണുകളാണ് ഏറ്റവും അഭികാമ്യം. ക്രിസ്തുവിന്റെയും മാതാവിന്റെയും തിരുഹൃദയ ചിത്രങ്ങൾ ലത്തീൻ മതഭക്തിയുടെ ഒരു പ്രത്യേക കാലഘട്ടത്തിന്റെ സംഭാവനകളാകയാൽ അവ നാം ഒഴിവാക്കുക തന്നെ വേണം. എന്താണ് ഇപ്പറയുന്ന പൗരസ്ത്യ ഐക്കണുകൾ എന്ന് മനസ്സിലാക്കുവാൻ നമുക്കൊന്ന് ശ്രമിക്കാം.

'ഐക്കൺ' എന്ന വാക്കിന് ഓക്സ്ഫോർഡ് നിഘണ്ടു കൊടുക്കുന്ന അർത്ഥം പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ വരയ്ക്കപ്പെടുന്ന ക്രിസ്തുവിന്റെയും മറ്റും ചിത്രം എന്നത്രെ. ഇതിൽനിന്നും ഐക്കണുകൾക്ക് ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധം വ്യക്തമാണല്ലോ. തന്നെയുമല്ല, അത് സഭാ പാരമ്പര്യത്തിൽ പെടുന്ന ഒരു കലാരൂപം കൂടിയാണ്. ഏതൊരു കലാരൂപവും അതിന്റേതായ പ്രത്യേക നിയമാവലികളുടെ ചട്ടക്കൂട്ടിൽ നിൽക്കേണ്ടവയാണ്. ഒരു മനുഷ്യന്റെ കലാപരമായ സിദ്ധികൾ തന്റെ തീക്ഷ്ണമായ ആത്മീയാനുഭവങ്ങളിലൂടെ ദൈവകൃപയിൽ സാക്ഷാൽക്കരിക്കപ്പെടുന്നതിന്റെ ഏറ്റവും ഉത്തമമായ ദൃഷ്ടാന്തമാണ് ഐക്കണുകൾ. വേദശാസ്ത്രപരവും ക്രിസ്തുശാസ്ത്രപരവും ആയ സനാതനസത്യങ്ങളാണ് ഐക്കണുകളിൽ കൂടെ അനാവരണം ചെയ്യപ്പെടുന്നത്. ദൈവത്തിന്റെ മർത്ത്യീകരണം അതിന്റെ എല്ലാ അർത്ഥതലങ്ങളിലും ഇവിടെ വെളിവാക്കപ്പെടുന്നു. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല; എന്നാൽ ക്രിസ്തുവിൽ ദൈവം പൂർണ്ണമായി വെളിപ്പെട്ടു. അങ്ങനെ വർണ്ണനയ്ക്ക് അതീതനായിരുന്ന ദൈവം വർണ്ണനയ്ക്ക് വിധേയനായി. ക്രിസ്തുവിന്റെ ഛായയിൽ ദൈവത്തിന്റെ ഛായ പ്രകടമായി. ഈ വസ്തുതകൾ ഒരു പശ്ചാത്തലമെന്നോണം മനസ്സിൽ വെച്ചുകൊണ്ട് ആറു വിവിധ വീക്ഷണ കോണുകളിൽ കൂടി ഐക്കണുകളെക്കുറിച്ച് ചിന്തിക്കുന്നതാണ് കരണീയം.

1 വേദശാസ്ത്ര തലം:

ഐക്കണുകൾ നിലനിൽക്കുന്നത് ദൈവം എന്ന അടിസ്ഥാനത്തിലാണ്. ഐക്കണുകളുടെ വേദശാസ്ത്രമാനം മനുഷ്യസൃഷ്ടിക്ക് വിശുദ്ധ തിരുവെഴുത്തുകളിലൂടെയും സഭാ പാരമ്പര്യങ്ങളിലൂടെയും വെളിവാകപ്പെട്ട വിശ്വാസസത്യങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. നിരക്ഷരരുടെ സുവിശേഷം എന്ന് പഴയകാല പിതാക്കന്മാർ ഐക്കണുകളെ വിശേഷിപ്പിച്ചിരുന്നു. അക്ഷരാഭ്യാസത്തിന്റെ കുറവുള്ളവർ ദേവാലയ ഭിത്തികളെ ധന്യമാക്കിയിരുന്ന ഐക്കണുകൾ കണ്ടാണ് സുവിശേഷ സത്യങ്ങൾ കുറെയെങ്കിലും ഗ്രഹിച്ചിരുന്നത്. യാതൊന്നിനെയെങ്കിലും പ്രതിനിധീകരിക്കുന്നവയല്ല ഐക്കണുകൾ, മറിച്ച്, അവ പലതിനെയും വെളിവാക്കുകയാണ് ചെയ്യുന്നത്. അദൃശ്യനായ ദൈവത്തെ ആരും നേരിട്ടു കണ്ടിട്ടില്ല. പക്ഷേ ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ ദൈവം ദൃശ്യനായി. ഈ സത്യത്തിനു സമാനമായ തലത്തിൽനിന്നുകൊണ്ടു മാത്രമേ നാം ഐക്കണുകളെ മനസ്സിലാക്കാവൂ.

'പഴയനിയമം' ദൈവത്തിന്റെയോ ദൈവസംബന്ധിയോ ആയ ഛായകളോ പ്രതിമകളോ നിർമ്മിക്കുന്നതിനും ആരാധിക്കുന്നതിനും കർശനമായ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട് (പുറപ്പാട് 20:4, 5) മനുഷ്യനിർമ്മിത ഛായകളെ ആരാധിക്കുന്നത് സ്രഷ്ടാവിനെ ആരാധിക്കുന്നതിനു പകരം സൃഷ്ടിയെ ആരാധിക്കുന്നതിനു തുല്യമാണ്. ഈ വിഷയത്തിലെ 'പുതിയനിയമ' നിലപാട് സൂക്ഷ്മമായി മനസ്സിലാക്കണം. സീനായ് മലയിൽ മോശെ ദൈവസാന്നിദ്ധ്യം അനുഭവിച്ചു, പക്ഷേ ദൈവദർശനം മോശെയ്ക്ക് പ്രാപ്യമായില്ല. ഏലിയാവിന്റെയും ശമുവേലിന്റെയും ഒക്കെ അനുഭവം ഇങ്ങനെതന്നെ ആയിരുന്നു. അതേസമയം വി. യോഹന്നാന്റെ സുവിശേഷം 1:14 ൽ ഇങ്ങനെ പറയുന്നു, "വചനം ജഡമായി നമ്മിൽ ആവസിച്ചു; അവന്റെ മഹത്വം പിതാവിൽനിന്നുള്ള ഏകജാതന്റെ മഹത്വംപോലെ ഞങ്ങൾ കണ്ടു; അവൻ കൃപയും സത്യവും നിറഞ്ഞവനാകുന്നു." അതുപോലെ 1 യോഹന്നാൻ 1:1 ൽ അവനെ ഞങ്ങൾ കണ്ണുകൊണ്ടു കണ്ടു എന്ന് സ്പഷ്ടമായി പറയുന്നുണ്ട്. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്ന് ക്രിസ്തു തന്നെ പറഞ്ഞിരിക്കുന്നു. അദൃശ്യനായവന്റെ ഛായ പകർത്തുക സാധ്യമല്ല. എന്നാൽ അദൃശ്യനായവൻ ദൃശ്യനാകുമ്പോൾ ഛായ പകർത്തുവാൻ സാധിക്കും. വർണ്ണക്കൂട്ടുകൾ ഉപയോഗിച്ച് അത്തരം ഛായകൾ കടലാസിലോ കാൻവാസിലോ ചുവരുകളിലോ ഒക്കെ പകർത്താവുന്നതാണ്.

ക്രിസ്തുശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനായ ക്രിസ്തുവിന്റെ ഛായയും ദൈവത്തിന്റെ ഛായയും വ്യത്യസ്തമല്ല; മർത്ത്യീകരണത്തിൽ ദൈവം മനുഷ്യനുമായി സർവ്വ പൂർണ്ണതയിലും ഒന്നായി. ക്രിസ്തുവിൽ നിറയുന്ന മനുഷ്യൻ ദൈവത്തിന്റെ സജീവഛായ ആർജ്ജിക്കുന്നു. സ്രഷ്ടാവ് പദാർത്ഥരൂപം സ്വീകരിച്ചുകൊണ്ടാണ് സൃഷ്ടിക്ക് രക്ഷയുടെ വാതിൽ കാണിച്ചുകൊടുത്തത്. അങ്ങനെ വരുമ്പോൾ പദാർത്ഥവും ബഹുമാനം അർഹിക്കുന്നതായി മനസ്സിലാക്കാം. വർണ്ണനകൾക്ക് അതീതനായ വചനമാകുന്ന പിതാവ് ദൈവപ്രസവിത്രിയിൽനിന്നും ജഡമെടുത്തപ്പോൾ വർണ്ണനകൾക്കു വിധേയനായി. അങ്ങനെ മനുഷ്യന്റെ വികലമാക്കപ്പെട്ട ദൈവസാദൃശ്യത്തിന്റെ വീണ്ടെടുപ്പിനു വഴി തുറന്നു. രക്ഷയുടെ ഈ മാർഗ്ഗമാണ് വചനമാകുന്ന തിരുവെഴുത്തുകളിലും ഛായകളാകുന്ന ഐക്കണുകളിലും അനാവരണം ചെയ്യപ്പെടുന്നത്.

ഐക്കണുകൾ ക്രിസ്തുവിന്റെ മനുഷ്യഭാവത്തെ തുറന്നുകാണിക്കുന്ന പ്രതീകങ്ങളല്ല, മറിച്ച് ക്രിസ്തുവിലെ ദൈവഭാവത്തെയാണ് വിശദമാക്കുന്നത്. എന്നാൽ നവോത്ഥാനകാലം മുതൽ പാശ്ചാത്യ പാരമ്പര്യത്തിൽ ക്രിസ്തുവിനെ 'മനുഷ്യഭാവത്തിലാണ്' അവതരിപ്പിക്കുന്നത്. അത്തരം ഛായാചിത്രങ്ങൾ ഒരുക്കുവാൻ മനുഷ്യമോഡലുകളെ വാടകയ്ക്ക് എടുക്കുകപോലും ചെയ്യുന്നുണ്ട്. ഓർത്തഡോക്സ് പാരമ്പര്യത്തിലെ ഐക്കണുകളെ ഈ പശ്ചാത്തലത്തിൽ കൂടെയും തിരിച്ചറിയണം. നമുക്കു കാണുവാൻ കണ്ണുകളും കേൾക്കുവാൻ ചെവികളും ഉണ്ട്. സുവിശേഷം വായിക്കപ്പെടുമ്പോൾ ചെവികൾ കൊണ്ടു കേൾക്കുകയും തിരുവചനം ഉൾക്കൊള്ളുകയും ചെയ്യുന്നു. അതേ സമയം, കണ്ണുകൾ കൊണ്ട് ക്രിസ്തുവിനെ ഐക്കണുകളിൽ കണ്ട് ദൈവത്വത്തിലുള്ള നമ്മുടെ വിശ്വാസം ദൃഢമാക്കുന്നു. ഈ കാരണം കൊണ്ടുതന്നെയാണ് ഐക്കണുകൾ ക്രിസ്തുവിനെ മനുഷ്യന്റെ ഛായയിൽ അവതരിപ്പിക്കാതെ ദൈവമനുഷ്യനായി, മഹത്വീകരണത്തിന്റെ അത്യുച്ചകോടതിയിൽ ചിത്രീകരിക്കുവാൻ ശ്രമിക്കുന്നത്. ഇതേ കാരണം കൊണ്ടുതന്നെ ഓർത്തഡോക്സ് പാരമ്പര്യം ക്രിസ്തുവിനെ തന്റെ പീഡാനുഭവ അവസ്ഥയിൽ ചിത്രീകരിക്കുന്നില്ല. 'കുരിശിന്റെ വഴി' തുടങ്ങിയവ നമ്മുടെ സഭകളിൽ ഇല്ലാത്തതും ഇതുകൊണ്ടുതന്നെയാണ്. എന്നാൽ പാശ്ചാത്യസംസ്ക്കാരത്തിന്റെ കാഴ്ചപ്പാട് ഇതിനുവിരുദ്ധമാണ്. ഓർത്തഡോക്സ് ഐക്കണുകൾ തനതു കലാമൂല്യത്തോടെ ക്രിസ്തു മാർഗ്ഗത്തിലെ വിശ്വാസസത്യങ്ങളായ പരിശുദ്ധത്രിത്വം, മർത്ത്യീകരണം, നിത്യത, മനുഷ്യന്റെ ദൈവീകരണം മുതലായവയെ സംവേദനം ചെയ്യുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിനെക്കാൾ നാം പ്രാധാന്യം കൊടുക്കുന്നത് പാതാളത്തിൽ നിന്നുള്ള തന്റെ ആരോഹണത്തിനാണ്. ഇത് ക്രിസ്തുവിന്റെ ഉത്ഥാനവുമായി ബന്ധപ്പെട്ട നമ്മുടെ ആരാധനകളോട് ഇണങ്ങിപ്പോകുന്നു.

2 ആരാധന, അനുഷ്ഠാന, സാമൂഹിക തലം:

ഓരോ ഐക്കണിനും അതിന്റേതായ സത്തയിൽ ആചാര, അനുഷ്ഠാന, സാമൂഹിക പ്രസക്തി ഉണ്ട്. ഐക്കണുകളിൽ ഒരു വ്യക്തിയുടെ ഛായ നിർബന്ധമാണ്. അത് ക്രിസ്തു ആകാം, പരിശുദ്ധമാതാവോ ഏതെങ്കിലും വിശുദ്ധനോ വിശുദ്ധയോ ആകാം. മാലാഖ

മാരെ അവതരിപ്പിക്കുന്നുണ്ടെങ്കിൽ അവർക്ക് മനുഷ്യരൂപമാണ് നൽകുക. പ്രകൃതിയുടെ ചിത്രീകരണം ഏറ്റവും അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമായിരിക്കും. എപ്പോഴും ഐക്കണിലെ പ്രധാന വ്യക്തിത്വം മനുഷ്യഛായയിൽ തന്നെ ആയിരിക്കണം. എന്നാൽ ഇത് ഒരു സാധാരണ ഛായാചിത്രത്തിന്റെ പ്രകൃതത്തിൽ ആയിക്കൂടാ. ഒരു വിശുദ്ധനെ ചിത്രീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ യഥാർത്ഥചിത്രമോ രൂപമോ ഭാവമോ അല്ല വർണ്ണിക്കുന്നത്. ആദിമകാലത്ത് ജീവിച്ചിരുന്നവരുടെ തനതുരൂപഭാവങ്ങൾ നമുക്ക് നിശ്ചയമില്ലതാനും. സമീപകാലത്ത് ജീവിച്ചിരുന്നവരാണെങ്കിൽ അവരുടെ യഥാർത്ഥ ഫോട്ടോകൾ ഉണ്ടാകും. പക്ഷെ ഒരു വിശുദ്ധൻ ഐക്കണിൽ ചിത്രീകരിക്കപ്പെടുമ്പോൾ അദ്ദേഹത്തിന്റെ ഫോട്ടോയിൽനിന്ന് വ്യത്യസ്തനായിരിക്കും. കാരണം, ഐക്കണിൽ നിഴലിക്കുന്നത് ഒരു വിശുദ്ധന്റെ പ്രകൃതത്തിലും ജീവിതചര്യകളിലും ശുശ്രൂഷകളിലും പ്രത്യക്ഷമായി നിഴലിച്ചിരുന്ന ഭാവങ്ങളായിരിക്കും. അതായത് അദ്ദേഹത്തെ ഐക്കണിൽ നാം തിരിച്ചറിയുമ്പോഴും അദ്ദേഹം വ്യത്യസ്തനാണ്.

ഈ വ്യത്യാസത്തിനുകാരണം ഐക്കണിൽ വിശുദ്ധന്റെ രൂപാന്തരപ്പെട്ട, ദൈവീകരിക്കപ്പെട്ട അവസ്ഥയെ ചിത്രീകരിക്കുവാനാണ് ശ്രമിക്കുന്നത് എന്നതത്രെ. ആ ശരീരം മാനുഷിക ശരീരപ്രകൃതത്തിൽ നിന്നും വേറിട്ടു നിൽക്കത്തക്കവണ്ണം അവതരിപ്പിക്കപ്പെടുന്നു. ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ട, ദൈവീകരിക്കപ്പെട്ട ശരീരം പോലെ ഈ അവതരണത്തെ മനസിലാക്കണം.

ഓർത്തഡോക്സ് ഐക്കണുകൾ നമ്മുടെ വിശ്വാസസത്യങ്ങളെ ദൃശ്യമാധ്യമത്തിൽ കൂടെ പഠിപ്പിച്ചുതരുന്നവയാണ്. ഐക്കണുകളിൽ കൈകളും കാലുകളും യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ശോഷിച്ച പ്രകൃതത്തിലാണ് അവതരിപ്പിക്കാറുള്ളത്. അതേസമയം കണ്ണ്, മൂക്ക് എന്നിവയും ചിലപ്പോൾ ചെവികളും കൂടുതൽ വലുപ്പത്തിൽ കാണിക്കുന്നു. ചില ഐക്കണുകളിൽ തല താരതമ്യേന ചെറുതായിരിക്കും. ഈ വിധത്തിലുള്ള വ്യത്യാസങ്ങൾ ആ വിശുദ്ധൻ തന്റെ ഇഹലോക ജീവിതത്തിൽ അനുഭവിച്ച ശാരീരിക പീഡനങ്ങളുടെയും സ്വയ പരിത്യാഗക്രിയകളുടെയുമൊക്കെ പ്രതിഫലനമായി മനസിലാക്കണം. വീഴ്ചയാൽ വൈകല്യപ്പെട്ട ഛായ അല്ല ഐക്കണുകൾ ചിത്രീകരിക്കുന്നത്. ഐക്കണുകളിൽ അവതരിപ്പിക്കപ്പെടുന്ന വിശുദ്ധർ മോഹങ്ങളെ ജയിച്ചവരാണ്. അവർ സ്വർഗ്ഗരാജ്യം കാംക്ഷിക്കുന്നവരല്ല, സ്വർഗ്ഗരാജ്യം നേടിയവരാണ്.

ഐക്കണിൽ ചിത്രീകരിക്കുന്ന വിശുദ്ധനെ എപ്പോഴും നേർക്കുനേർ മുഖാമുഖമായി മാത്രം അവതരിപ്പിക്കുന്നു. ഒരിക്കലും പാർശ്വദൃഷ്ടിയിലല്ല ചിത്രീകരണം. എന്നാൽ വിശുദ്ധന്മാരുടെയൊപ്പം ബഹുമാനിക്കപ്പെടേണ്ടവരല്ലാത്ത വ്യക്തിത്വങ്ങൾ പാർശ്വദൃഷ്ടിയിൽ ചിത്രീകരിക്കപ്പെടുന്നു. ഉദാഹരണത്തിന് പാലാരിവട്ടം ഇടവകയുടെ ഹൗസ് മാഗസിനായ 'എറൈസ് 2012'ന്റെ മെയ് 2012 ലക്കം ശ്രദ്ധിക്കുക. ഗീവർഗീസ് സഹദായുടെ ഐക്കണിൽ സഹദാനമ്മെ നേർക്കുനേർ മുഖാമുഖമായി കാണുമ്പോൾ സർപ്പം, കുതിര ഇവയുടെ ഒരുവശം മാത്രമാണ് നമ്മൾ കാണുന്നത്. ഗീവർഗീസ് സഹദായുടെ ഇതരചിത്രങ്ങളുമായി ഐക്കണിന്റെ വ്യത്യാസം ഇവിടെ വ്യക്തമാകുന്നു. യൂദാസിനെപ്പോലെയുള്ള നെഗറ്റീവ് വ്യക്തിത്വങ്ങളെ ഐക്കണിൽ അവതരിപ്പിക്കുമ്പോഴും ചിത്രീകരണം പാർശ്വദൃഷ്ടിയിൽ മാത്രമായിരിക്കും.

നിസായിലെ വിശുദ്ധ ഗ്രിഗോറിയോസ് പറയുന്നതുപോലെ പുനരുത്ഥാനത്തിൽ പദാർത്ഥമയമായ നമ്മുടെ പഴയ ശരീരത്തിനുപകരം നമുക്ക് പുതിയതും മഹത്വീകരിക്കപ്പെട്ടതുമായ ശരീരം ലഭിക്കുന്നു. പഴയ ശരീരത്തോട് ഈ പുതിയ ശരീരം പ്രത്യക്ഷസാദൃശ്യം നിലനിർത്തുമ്പോഴും പഴയതിന്റെ സർവദൂഷ്യങ്ങളും പുതിയതിൽ അപ്രത്യക്ഷമായിരിക്കും. വാർദ്ധക്യത്തിന്റെ ചുളിവുകളോ വൈകല്യങ്ങളോ ഒന്നും ഇതിൽ ഉണ്ടാകുകയില്ല. വൈകാരികഭാവങ്ങൾക്കും ഐക്കണുകളിൽ സ്ഥാനം ഇല്ല. വേദനയോ സഹനമോ ചിത്രീകരിക്കപ്പെടുന്നില്ല. ക്രൂശിലെ അവസാനതിരുവചനം "എല്ലാം നിവൃത്തിയായി" എന്നായിരുന്നല്ലോ. ഐക്കണുകളിലെ ചിത്രീകരണങ്ങൾ ഈ തിരുവചനത്തിനുശേഷം ഉള്ളതാണ്, മുൻപുള്ളവയല്ല. പാശ്ചാത്യ പാരമ്പര്യം "എല്ലാം നിവൃത്തിയാകുന്ന"തിനു മുൻപുള്ള കഷ്ടതകൾക്ക് പ്രാധാന്യം കൊടുക്കുമ്പോൾ ഐക്കണുകൾ അത്തരം വൈകാരികഭാവങ്ങളെ ഒഴിവാക്കുകയാണ് ചെയ്യുക. ക്രൂശീകരണം ഐക്കണുകളിൽ അവതരിപ്പിക്കപ്പെടേണ്ട സാഹചര്യം ഉണ്ടായാൽ മരിച്ച ക്രിസ്തുവിനെ മാത്രം ചിത്രീകരിക്കുന്നു. മരിച്ച ക്രിസ്തു ജീവിച്ചിരുന്ന ക്രിസ്തുവിന്റെ സർവവിധ സൗന്ദര്യഭാവങ്ങളിലുമാണ് അവതരിപ്പിക്കപ്പെടുന്നത്.

അതേപോലെ, ഐക്കണുകളുടെ ആത്മീയകേന്ദ്രം കണ്ണുകളാണ്. അവ കാഴ്ചക്കാരന്റെ മുഖത്തോട്ടല്ല, മറിച്ച് അവന്റെ ഹൃദയത്തിലേക്ക് ചൂഴ്ന്ന് ഇറങ്ങുകയാണ്. കൈകൾക്കും ഉണ്ട് ശ്രദ്ധേയപ്രാധാന്യം. പൊതുവേ കൈകൾ തുറന്നും സ്വർഗ്ഗീയപിതാവിനോടുള്ള നിരന്തരമായ അപേക്ഷയുടെ ഭാവത്തിലുമാണ് ചിത്രീകരിക്കപ്പെടുക.

3. സാർവ്വത്രികതലം:

ഒരു വ്യക്തിയെ കേന്ദ്രീകരിച്ച് തയാറാക്കുന്ന ഐക്കണിന്റെ പശ്ചാത്തലം പ്രതിനിധാനം ചെയ്യുന്നത് രൂപാന്തരപ്പെട്ട ലോകത്തിന്റെ ഛായയെ ആയിരിക്കും. അവിടെ പ്രകൃതി നിത്യതയിലെ രൂപാന്തരത്തിന് വിധേയപ്പെട്ടിരിക്കും. പ്രകൃതിയും മനുഷ്യനോടൊപ്പം രൂപാന്തരത്തിനും വീണ്ടെടുപ്പിനുമായി കാത്തിരിക്കുകയാണ്. "എന്തെന്നാൽ സർവ്വസൃഷ്ടിയും ദൈവമക്കളുടെ പ്രത്യക്ഷതയ്ക്ക് പ്രത്യാശിച്ചും പ്രതീക്ഷിച്ചും ഇരിക്കുന്നു" (റോമർ 8:19). മാനവികതയുടെ വക്താവ് എന്നു വിശേഷിപ്പിക്കപ്പെടാവുന്ന പ്രസിദ്ധ സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീർ തന്റെ വിഖ്യാതമായ ചെറുകഥ "ഭൂമിയുടെ അവകാശികൾ" മാധ്യമമാക്കി സംവേദനം ചെയ്യുന്ന ആശയങ്ങൾ ഇവിടെ ചേർത്തുവായിക്കപ്പെടേണ്ടവയാണ്.

ഐക്കണുകളിൽ പ്രതിഫലിക്കുന്ന പ്രകൃതി വീണ്ടെടുക്കപ്പെട്ടതും ദൈവീകരണം പ്രാപിച്ചതുമായ അവസ്ഥയിലാണ്. അതുകൊണ്ടാണ് ഐക്കണുകളിൽ ചിത്രീകരിക്കപ്പെടുന്ന മൃഗങ്ങളുടെ കണ്ണുകൾ മനുഷ്യരുടെ കണ്ണുകൾ പോലെ കാണപ്പെടുന്നത്. ദൈവം വാഴുന്ന ഏകസഭയുടെ ഭാഗമാണ് പ്രകൃതിയും അതിലെ സർവ്വ ചരാചരങ്ങളും എന്ന സത്യം ഐക്കണുകളിൽ നിഴലിക്കുന്നു. ഇവിടെ സൂചിപ്പിക്കപ്പെടുന്നത് പുതുക്കപ്പെട്ട സൃഷ്ടിയാണ്.

യേശുവിന്റെ യോർദ്ദാൻ നദിയിലെ സ്നാനം ചിത്രീകരിക്കുന്ന ഐക്കണിൽ യേശുവിന്റെ വലതുവശത്ത് യോഹന്നാൻ സ്നാപകൻ നിൽക്കുമ്പോൾ ഇടതുവശത്ത് നീണ്ടുനരച്ച തലമുടിയും താടിയും ഉള്ള ഒരു വയോവൃദ്ധൻ കൈയിൽ ഒരു പച്ച മരച്ചില്ല പിടിച്ചുകൊണ്ട് നിൽക്കുന്നു. ഈ വൃദ്ധൻ യോർദ്ദാൻനദിയുടെ മനുഷ്യവൽക്കരണമാണ്. പ്രകൃതിയെ ജീവനുള്ളതായി ഐക്കണുകൾ ചിത്രീകരിക്കുന്നതിന്റെ ഉദാഹരണമാണിത്. ഭൂതലത്തിലെ എല്ലാ മനോഹാരിതയും ഉദ്ഭവിക്കുന്നത് ദൈവീക സൗന്ദര്യത്തിൽ നിന്നാണ്. പ്രകൃതിയും ലോകം മുഴുവനും ദൈവീക സൗന്ദര്യത്തിന്റെ പ്രതിഫലനമാണ്. ഈ സത്യമാണ് ഐക്കണുകൾ വെളിപ്പെടുത്തുന്നത്. ദൈവീക സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് ഈ മനോഹാരിതയിൽ ഭാഗഭാക്കാകാനാണ് സൃഷ്ടി വിളിക്കപ്പെട്ടിരിക്കുന്നത്. നന്മയും തിന്മയും ലോകമാകെ നിറഞ്ഞിരിക്കുന്നുവെങ്കിലും മുൻതൂക്കം നന്മയ്ക്കു തന്നെയാണ്. അതുകൊണ്ടാണ് ഐക്കണുകളിൽ നന്മ എപ്പോഴും മനോഹാരിതയുടെ നിറവിനാൽ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നത്.

4. ആരാധനാതലം:

ഐക്കണുകളുടെ ഉദ്ദേശം ആരാധനയാണ്. സഭാകേന്ദ്രീകൃതമായ ആരാധനയുടെ അവശ്യഘടകമാണ് ഐക്കണുകൾ. സ്വകാര്യ വ്യക്തിതല വണക്കത്തിനുള്ള ഉപാധികളായിട്ടല്ല ഇവയെ ഉദ്ദേശിക്കുന്നത്. അടിസ്ഥാനപരമായി ഇവ സഭാതല ആരാധനയുടെ അവിഭാജ്യ ഘടകമാണ്. ആരാധനയിൽ തിരുവചനസന്ദേശങ്ങളെ ഐക്കണുകൾ പൂർണ്ണമാക്കുന്നു. ഐക്കണുകൾ ഒരിക്കലും ഒരു ഫോട്ടോ ഗാലറിയിൽ പ്രദർശിപ്പിക്കപ്പെടേണ്ടവയല്ല. ഗാലറിയിൽ തൂക്കപ്പെടുന്ന ഐക്കണുകൾക്ക് വെറും പ്രദർശനവസ്തുക്കളുടെ സ്ഥാനം മാത്രമേ ഉണ്ടാകൂ. തിരുവചനത്തോടൊപ്പം ഐക്കണുകൾ ആരാധനയിൽ സജീവമായി വസിക്കുന്നു. ആരാധനയിലൂടെ അവ ബഹുമാനിക്കപ്പെടുന്നു. പ്രാർത്ഥനയിൽ അവ ബഹുമാനവും ആദരവും കരഗതമാക്കുന്നു. അവയ്ക്കു ലഭിക്കുന്ന ആദരവ് വാസ്തവത്തിൽ ആ ഐക്കൺ ആരുടേതാണോ ആ വിശുദ്ധൻ ആദരിക്കപ്പെടുവാനാണ് കാരണമാകുന്നത്. ഐക്കണുകൾ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുമ്പോൾ ഒരിക്കലും അവയെ ആരാധനാവസ്തുവായി കണക്കാക്കരുത്.

പഴയകാലത്ത് പള്ളികളിൽ ജലഛായാചിത്രങ്ങൾ ഭിത്തിയിലും മച്ചിലും ഒക്കെ ചെയ്യുന്ന പതിവുണ്ടായിരുന്നു. സഭാസംബന്ധിയായ പെരുന്നാളുകൾ, കന്യകാമറിയം, വിശുദ്ധർ ഒക്കെ ഇത്തരം ജലഛായാചിത്രങ്ങളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ആരാധനാചക്രത്തിലെ വിവിധ സംഭവങ്ങൾ ഈവിധ ചിത്രങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുമ്പോൾ അവ ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികൾക്ക് സഹായകരമാകുന്നു. അതേ സമയം, ഐക്കണുകൾ ഇത്തരം ജലഛായാചിത്രങ്ങളെക്കാൾ ഉപരിയായ മറ്റൊരു തലത്തിലാണ് നിൽക്കുന്നത്.

കോൺസ്റ്റന്റയിൻ കാലഘട്ടത്തിനുശേഷം തടികൊണ്ടുള്ള പാനലുകളിൽ ആലേഖനം ചെയ്യപ്പെട്ട ഐക്കണുകൾ പ്രചാരം നേടിത്തുടങ്ങി. ഐക്കണുകളുമായി ബന്ധപ്പെട്ട വേദശാസ്ത്രസംവാദങ്ങൾ നൽകിയിട്ടുള്ള സന്ദേശം ഇവ ആരാധനയിൽ വിശ്വാസികൾക്ക് സഹായകരമായ മാധ്യമങ്ങൾ തന്നെയാണെന്നത്രെ. ബൈസന്റയിൽ കാലത്ത് ധാരാളം ചിത്രങ്ങൾ, മദ്ബഹാകളെ ധന്യമാക്കിയിരുന്നു. വി. കുർബാനയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വിശേഷിച്ച് അപ്പോസ്തോലന്മാരുടെ വി. കുർബ്ബാനസ്വീകരണം, അവസാനത്തെ അത്താഴം മുതലായവ വിശ്വാസികൾക്ക് വി. കുർബ്ബാനയുമായി ജൈവബന്ധം പുലർത്തുവാൻ ഇടയായി എന്നത് നിസ്തർക്കമായ സംഗതിയത്രെ. ക്രമേണ, പരമ്പരാഗത ഓർത്തഡോക്സ് ഐക്കണുകളുടെ സ്വീകാര്യത വിശ്വാസികൾക്കിടയിൽ വർദ്ധിക്കുകയും ചെയ്തു.

5. ആത്മീയതലം:

ഐക്കണിൽ തീർച്ചയായും ആത്മീയത നിറഞ്ഞുനിൽക്കുന്നു. ഒരു ആത്മീയ സമൂഹത്തിന്റെ ആത്മീയ ജീവിതവുമായി ഐക്കണുകൾക്ക് ഇഴപിരിയാത്ത ബന്ധമാണുള്ളത്. സഭ മുഴുവനുമായി അതിന്റെ ആത്മീയ അനുഭൂതികൾ ഐക്കണുകളിൽ കൂടി പങ്കുവെക്കുന്നു. ഐക്കണുകൾ തയാറാക്കുന്നവർ തീഷ്ണമായ ആത്മീയ അനുഭൂതികളിൽ കൂടി കടന്നുപോയവർ ആയിരിക്കും. അവരുടെ ഐക്കണുകൾ അവരുടെ ആത്മീയ അനുഭൂതികൾക്കൊപ്പം സഭാപാരമ്പര്യത്തിലെ ആഴമായ സത്യങ്ങൾ ഉൾക്കൊള്ളുന്നവയും ആയിരിക്കും. 14,15 ശതകങ്ങളിൽ രൂപപ്പെട്ട ഒരു പ്രസിദ്ധ ഐക്കൺ താബോർ മലയിലെ മറുരൂപ അനുഭവവുമായി ബന്ധപ്പെട്ടതായിരുന്നു. ഇതിൽ ഒരു തൂവെള്ള മേലങ്കി ധരിച്ച ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നും സുവർണ്ണ രശ്മികൾ പുറപ്പെടുന്നതായി കാണാം. "സൃഷ്ടിക്കപ്പെടാത്ത പ്രകാശം" എന്ന് പിതാക്കന്മാർ ഇതിനെ വിശേഷിപ്പിക്കുന്നു. പ്രാർത്ഥനയിലാണ് ഐക്കണുകളുടെ വളർച്ച. പ്രാർത്ഥനയിൽ അല്ലാതെ ഐക്കൺ ഒരിക്കലും നിലനിൽക്കുകയില്ല. അത് പ്രാർത്ഥനയിൽ രൂപം കൊള്ളുന്നു. അത് പ്രാർത്ഥനയ്ക്കുവേണ്ടി രൂപം കൊള്ളുന്നു. അത് ദൈവസ്നേഹം എന്ന ചാലകശക്തിയാൽ രൂപം കൊള്ളുന്നു.

ഐക്കണുകളുടെ മുൻപിൽ നിന്ന് സത്യസന്ധതയോടെ പ്രാർത്ഥിക്കുന്നവർക്ക് അവ സജീവമാകുന്ന അനുഭവം ഉണ്ടാകാറുണ്ട്. ഏതൊരു വിശുദ്ധന്റെ ഐക്കണിനു മുൻപിലാണോ നിൽക്കുന്നത്, ആ വിശുദ്ധന്റെ സജീവസാന്നിദ്ധ്യം അനുഭവിക്കുവാൻ സാധിക്കുന്നു. ക്രിസ്തുവിന്റെ ഐക്കണിനു മുൻപിൽ നിന്ന് പ്രാർത്ഥിക്കുന്ന വ്യക്തിക്ക് തന്റെ വിശ്വാസ തീഷ്ണതയിൽ ക്രിസ്തുസാന്നിദ്ധ്യം സജീവമായി അനുഭവവേദ്യമാകുന്നു. ചില സന്ദർഭങ്ങളിൽ വർണ്ണനയ്ക്ക് അതീതമായ പരിമള സൗരഭ്യം അനുഭവപ്പെടുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം അനുഭവങ്ങൾ അത്ഭുതങ്ങളുടെ ഗണത്തിൽപ്പെടുത്തി വാണിജ്യവൽക്കരിക്കുന്ന പ്രവണത തെറ്റുതന്നെയാണ്. അവയെ ആത്മീയ അനുഭൂതികളായി ഉൾക്കൊണ്ടുകൊണ്ട് വിശ്വാസത്തിൽ കൂടുതൽ തീഷ്ണതയാർജ്ജിക്കുകമാത്രമാണ് നാം ചെയ്യേണ്ടത്.

6. ധാർമ്മികതലം:

ഐക്കണുകൾ സംവേദനം ചെയ്യുന്ന സന്ദേശങ്ങളിൽ ധാർമ്മിക മൂല്യങ്ങൾ നിറഞ്ഞുനിൽക്കുന്നു. ആദിമകാലത്ത് ക്രിസ്തീയസഭ സമൂഹത്തിൽ അഭീമുഖീകരിക്കേണ്ടിവന്നത് സംസ്കാര ശൂന്യരായവരേയോ കിരാതമതവിഭാഗങ്ങളിൽപെട്ടവരേയോ സത്യം തിരിച്ചറിയുവാൻ പ്രാപ്തരല്ലാത്തവരേയോ ഒക്കെ ആയിരുന്നു. എന്നാൽ ഇന്ന് സഭ നേരിടുന്നത് ക്രിസ്തീയ മൂല്യങ്ങളുടെ സത്ത മനസിലാക്കിയ ശേഷം അവയെ നിഷ്കാസനം ചെയ്ത ഒരു സമൂഹത്തെയാണ്. ഓർത്തഡോക്സ് സഭകൾ ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ തയ്യാറാകണം. ഈ രംഗത്ത് സഭയുടെ താങ്ങ് ആരാധനാജീവിതവും ഐക്കണുകൾ സംവേദനം ചെയ്യുന്ന സന്ദേശങ്ങളുമാണ്. വിശ്വാസം ത്യജിച്ച ഒരു സമൂഹത്തെ നേർവഴിക്കു കൊണ്ടുവരുവാനുള്ള ബാധ്യത നമുക്കുണ്ട്. സ്വന്ത ജീവിതം അൽപനേരത്തേക്കെങ്കിലും പാർശ്വവൽക്കരിക്കപ്പെട്ട പക്ഷത്തിനുവേണ്ടി പങ്കുവെക്കുവാൻ ആരും സന്നദ്ധരാകുന്നില്ല. അതേസമയം സഭ വിശ്വാസികളെ ഒരേ ശരീരത്തിന്റെ ഭാഗമാക്കി ക്രിസ്തു എന്ന തലയുടെ കീഴിലാക്കുവാനുള്ള യത്നം തുടരുന്നു. പരിശുദ്ധത്രിത്വത്തിലെ മൂന്ന് ആളത്തങ്ങൾ സ്നേഹം പരസ്പരം പങ്കിടുന്ന, ആ അവാച്യ അനുഭവത്തിലേക്ക് നാം രൂപാന്തരപ്പെടുന്ന അവസ്ഥ സംജാതമാകണം.

സഭ എക്കാലവും സന്മാർഗ്ഗജീവിതമൂല്യങ്ങളും വൈവാഹിക ജീവിതവിശുദ്ധിയും തിന്മകൾ ഉപേക്ഷിച്ചുള്ള പെരുമാറ്റരീതികളും പഠിപ്പിക്കുന്നു. ഗർഭഛിദ്രം അതീവഗുരുതരവും കൊലപാതകസമാനവും ആയ പാപമായി സഭ കണക്കാക്കുന്നു. മാതൃത്വത്തിന് വലിയ പ്രാധാന്യമാണ് ഓർത്തഡോക്സ് സഭകൾ കൽപിക്കുന്നത്. ദൈവപ്രസവിത്രിയായ പരിശുദ്ധമാതാവിനെ കെരുബുകളേക്കാൾ ഉപരിയായി ബഹുമാനിക്കുന്നു, സോപ്രേൻമാരെക്കാൾ അധികമായി ആദരിക്കുന്നു. ഒരു ക്രിസ്തീയ സ്ത്രീയെ സമ്പന്ധിച്ചിടത്തോളം ഓർത്തഡോക്സ് സഭകൾ പങ്കുവെക്കുന്ന ആശയം ഉണ്ണിയേശുവിനെ മാറോട് ചേർത്തണയ്ക്കുന്ന പരിശുദ്ധമാതാവിനെയാണ്. ഭിഷഗ്വരൻമാരുടെ സഹായത്തോടെ ദയാവധം കാംക്ഷിക്കുവാൻ തക്കവണ്ണം പലരും സ്വഭാവികസഹനങ്ങളെയും മരണത്തെയും ഭയപ്പെടുന്ന ഒരു സമൂഹത്തിന് ഈ പരിശുദ്ധ മാതാവാണ് പ്രാർത്ഥനയിലൂടെ ആശ്വാസം പകരുന്നത്. അവസാനഘട്ടം വരെയും അനുതാപത്തിന് അവസരം നോക്കിക്കൊണ്ടുതന്നെ നാം ജീവിക്കണം. മാതാവിന്റെ ജീവിതാനുഭവങ്ങൾ ഇവിടെ സമൂഹത്തെ ഉത്തേജിതമാക്കുകതന്നെ ചെയ്യും.

ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പുമായി ബന്ധപ്പെട്ട പ്രസിദ്ധമായ ഐക്കണിന്റെ സന്ദേശം നാം ഉൾക്കൊള്ളേണ്ടത്. പരിശുദ്ധമാതാവിന്റെ ശരീരം ഒരു ശയ്യയിൽ കിടത്തിയിരിക്കുന്നു. അപ്പോസ്തോലൻമാരുടെ സംഘം സന്നിഹിതരാണ്. മാലാഖമാരുടെ വൃന്ദം പ്രത്യക്ഷമാണ്. പരിശുദ്ധ മാതാവിന്റെ ആത്മാവിനെ യേശു സ്വന്ത കൈകളിൽ വഹിക്കുന്ന ഒരു ശിശുവായി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. മരണം ഒരു പുതുജീവിതത്തിലേക്കുള്ള കാൽവെയ്പാണ്. കഴിഞ്ഞുപോയ ലോകജീവിതത്തേക്കാൾ അതിസുന്ദരമായ ഒരു പുതിയ ജീവിതം. ഇതാണ് ഈ ഐക്കൺ സംവേദനം ചെയ്യുന്ന അർത്ഥസമ്പുഷ്ടമായ സന്ദേശം. ഇന്ന് ലോകം പ്രചരിപ്പിക്കുന്ന മൂല്യങ്ങൾക്കപ്പുറം മറ്റു പലതും ഉണ്ട് എന്ന സത്യം ഐക്കണുകൾ പഠിപ്പിക്കുന്നു.

പൊതുവായ ചില സംഗതികൾ

ഐക്കൺ ഓർത്തഡോക്സ് വേദശാസ്ത്രത്തിന്റെ ഒരു നിശബ്ദ പ്രചാരകനാണ്. സഭയ്ക്കുള്ളിലും സഭയക്കുപുറത്തും സഭയുടെ വിമർശകർക്കിടയിലും അത് അങ്ങനെതന്നെയാണ്. ക്രിസ്തുവിനെ അനുഭവിക്കുവാൻ സുവിശേഷങ്ങളിലൂടെയും ആരാധനയിലൂടെയും ഐക്കണുകളിൽ കൂടെയും നമുക്കു സാധിക്കുന്നു. ഐക്കണുകൾ ഓർത്തഡോക്സിക്കുവേണ്ടി, സത്യത്തിനുവേണ്ടി, സനാതനമൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും മനുഷ്യാത്മാക്കൾക്കുവേണ്ടി തീഷ്ണത കാണിക്കുകയും ചെയ്യുന്നു. സഭ എന്തിനുവേണ്ടി നിലനിൽക്കുന്നുവോ, ആ ലക്ഷ്യപ്രാപ്തി ലാക്കാക്കി ഐക്കണുകൾ സജീവസാന്നിദ്ധ്യം നിലനിർത്തുന്നു.

ഗ്രീസിലെ ഗ്രാമപ്രദേശങ്ങളിൽ ദർശിക്കുവാൻ കഴിയുന്നത് ഐക്കണുകളുടെ നിറസാന്നിദ്ധ്യമാണ്. എവിടെയും ഐക്കണുകൾക്കു മുൻപിൽ ഒരു ദീപം തെളിഞ്ഞു നിൽപുണ്ടാകും. ഓർത്തഡോക്സ് ഭവനങ്ങളിൽ പ്രധാനമുറിയുടെ കിഴക്കുഭാഗത്ത് ഒരു ഐക്കൺ എപ്പോഴും ഉണ്ടാകും. ഗൃഹനാഥന്റെ പേര് ഏതു വിശുദ്ധന്റെ നാമത്തിലാണോ ആ വിശുദ്ധന്റെ പെരുന്നാൾ ദിനത്തിലും ഒരു ഭവനത്തിൽ വെച്ചിരിക്കുന്ന ഐക്കൺ ഏതു വിശുദ്ധന്റേതാണോ ആ വിശുദ്ധന്റെ പെരുന്നാൾ ദിനത്തിലും പുരോഹിതൻ ഭവനം സന്ദർശിച്ച് ആരാധനനടത്തുന്ന ഒരു രീതി ഗ്രീസിൽ ഉണ്ട്. അവരുടെ പള്ളികളിലും ഐക്കണുകൾ ധാരാളമായി വെച്ചിട്ടുണ്ട്. ഐക്കണുകൾ കേന്ദ്രീകരിച്ചുള്ള ആരാധനകൾ വിഗ്രഹാരാധനയായി തരംതാണുപോകാതെ പുരോഹിതർ ശ്രദ്ധിക്കുന്നു. ആരാധനയും ബഹുമാനവും ഒരിക്കലും ഐക്കണിനോടല്ല, മറിച്ച് ആ ഐക്കൺ പ്രതിനിധാനം ചെയ്യുന്ന വിശുദ്ധന്റെ മദ്ധ്യസ്ഥതയിലൂടെ പരിശുദ്ധത്രിത്വത്തിൽ ആയിരിക്കണം. ഐക്കണുകൾ മാധ്യമമാകുന്ന ആരാധനാതലങ്ങൾ വികലമാക്കപ്പെടാതെ ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വം സഭയ്ക്കുണ്ട്.

> **ഐക്കൺ കേന്ദ്രീകരിച്ചുള്ള ആരാധന വിഗ്രഹാരാധനയോ?**

ബൈസന്റയിൻ ദേവാലയങ്ങളിൽ തുണികൊണ്ടുള്ള തിരശീലക്കുപകരം ഐക്കണോസ്റ്റേസിസ് എന്ന് അറിയപ്പെടുന്ന ഒരു തരം മറ ഉപയോഗിക്കാറുണ്ട്. ഈ മറ തടികൊണ്ടുള്ള ഏതാനും പാനലുകൾ ചേർന്നതാണ്. ഇവയിൽ ഐക്കണുകൾ ചേർത്തുവെച്ചിട്ടുണ്ടാകും. മദ്ബഹാ തിരശീലയാൽ അടയ്ക്കുന്ന സന്ദർഭത്തിൽ ഈ ഐക്കണുകളെ നോക്കി വിശ്വാസികൾ ധ്യാനനിരതരാകുന്നു. തുറക്കേണ്ടിവരുമ്പോൾ ഇവയെ മടക്കി ഒരു വശത്തേക്ക് നീക്കുന്നു. ഈ രീതിയിലും ഐക്കണുകളുടെ പ്രാധാന്യം ആരാധനയിൽ വളരെ സ്പഷ്ടമായി വ്യക്തമാക്കപ്പെടുന്നു എന്ന് നാം തിരിച്ചറിയണം

ഒരു നിർദ്ദേശം:

നമ്മുടെ മട്ടാഞ്ചേരിയിലെ ശതകങ്ങൾ പഴക്കമുള്ള ദേവാലയം ഇപ്പോൾ പുനരുദ്ധരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. പുനരുദ്ധരിക്കപ്പെട്ടുകഴിയുമ്പോൾ ഈ ദേവാലയത്തിന്റെ പൗരാണിക ഭാവം അതിന്റെ സർവ്വ സമ്പന്നതയിലും നിലനിൽക്കണമെന്നാണ് അതുമായി ബന്ധപ്പെട്ടവർ ആഗ്രഹിക്കുന്നതെന്നാണ് മനസിലാക്കുന്നത്. അങ്ങനെയെങ്കിൽ പാശ്ചാത്യ സമ്പ്രദായങ്ങൾ അനുസരിച്ചുള്ള ചിത്രങ്ങൾ വെക്കാതെ പള്ളിയകം ഐക്കണുകളാൽ സമ്പുഷ്ടമാക്കിക്കൂടെ? ഓർത്തഡോക്സ് പൈതൃകം സജീവമായി വ്യക്തമാക്കപ്പെടുവാൻ ഐക്കണുകൾ മറ്റെന്തിനെക്കാളും അധികമായി സഹായിക്കും എന്നതിൽ സംശയം വേണ്ട. ഐക്കണുകൾ ഓർത്തഡോക്സിയുടെ നിശബ്ദ പ്രചാരകരാണല്ലോ.


GM

(കുറിപ്പ്: ഈ ലേഖനം തയാറാക്കുവാൻ ഭാഗ്യസ്മരണനാർഹനായ യ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, റഷ്യൻ സഭയുടെ ആർച്ച് ബിഷപ്പായ ഹിലേറിയൻ ആൽഫിയേവ് മെത്രാപ്പോലീത്ത, ബൈസന്റയിൻ സഭയിൽ ബിഷപ്പായ ഔക്സന്റിയോസ് എന്നിവരുടെ പ്രബന്ധങ്ങളെയും കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ പ്രൊഫസർ ഫാ. എബ്രഹാം തോമസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദികൻ ഫാ. ബോബി വർഗീസ് എന്നിവരുടെ നിർദ്ദേശങ്ങളെയും ആശ്രയിച്ചിട്ടുണ്ട്. ഫാ. ബോബി വർഗീസ് ഇപ്പോൾ ന്യൂയോർക്കിലെ വ്ലാഡിമിർ സെമിനാരിയിൽ ഐക്കണോഗ്രാഫിയിൽ ഉപരിപാഠനം നടത്തുന്നു.)

പൊതുവിന്റെ കാതോലിക്കേറ്റ്

ശതാബ്ദി ആഘോഷത്തോടുകൂടി തീരുന്നതാകരുത് കാതോലിക്കേറ്റ് പഠനങ്ങൾ. സഭയിൽ സാമൂഹ്യമായും സാമ്പത്തീകമായും ഏറ്റവും പിന്നിൽ നിൽക്കുന്ന ചെറിയവരായ വിശ്വാസികൾക്കും കൂടി അർത്ഥവത്തായ രീതിയിൽ കാതോലിക്കേറ്റ് വ്യാഖ്യാനിക്കപ്പെടണം. ബലഹീനതയുള്ള കുഞ്ഞാടിനെ ചുമലിലേറ്റി നടക്കുന്ന നല്ല ഇടയന്റെ ദർശനമാകണം കാതോലിക്കേറ്റിന് ഉണ്ടാകേണ്ടത്.

ബിജു മാത്യു കെ.സി.
പത്തനംതിട്ട



k Xyhnizmk¯nsâ hÀjw

കൊച്ചിയിൽ നടക്കുന്ന മഹാസമ്മേളനം സഭയുടെ ഒരു പുതുയുഗ പിറവി ആകുമെന്ന് പ്രത്യാശിക്കുന്നു. ഈ മഹാസംഗമത്തിൽ നിന്ന് ലഭിക്കുന്ന ഊർജ്ജം സഭയ്ക്ക് കൂടുതൽ കരുത്തേകട്ടെ.

ഭാരത ഓർത്തഡോക്സ് സഭയുടെ കൈമുതലായ സത്യവിശ്വാസം (ഓർത്തഡോക്സി), സഭാസ്ഥാപകനായ പരിശുദ്ധ തോമാശ്ലീഹായോടുള്ള ഒരുകാലത്തും മാറ്റമില്ലാത്ത ഭക്ത്യാദരവ്, വിശുദ്ധപാരമ്പര്യങ്ങൾ, പ്രാദേശിക പാരമ്പര്യങ്ങൾ, പൗരസ്ത്യദർശനം, പൗരാണികത, ദേശീയത, സ്വാതന്ത്ര്യം എന്നിവകൾ നിർഭാഗ്യകരമായ ചരിത്രനിമിഷങ്ങളിൽ നഷ്ടമാക്കിയവരുടെ തലമുറകൾ നമുക്കു ചുറ്റും ഉണ്ട്. അവർക്കുകൂടി വെളിച്ചം പകരുവാൻ വരും വർഷങ്ങളിൽ നമുക്ക് കഴിയണം. സത്യവിശ്വാസത്തെ ബലപ്പെടുത്തുന്ന വിശ്വാസവർഷം ആയിരിക്കട്ടെ 2013.

പോൾ ഗീവർഗീസ്
റാന്നി

ഭാരതീയനാമം വേണം

ഭാരതസഭയ്ക്ക് മാത്രമല്ല, ക്രിസ്തീയവിശ്വാസത്തിന് കൂടി ലഭിച്ച സ്വാതന്ത്ര്യമാണ് ഇന്ത്യയിലെ കാതോലിക്കേറ്റ്. വിദേശമേധാവിത്വത്തിൻകീഴിൽ, ഇന്ത്യയിൽ ക്രിസ്തീയത ഒരു വൈദേശിക മതദർശനം ആയിട്ടാണ് അറിയപ്പെട്ടത്. പൂർണ്ണസ്വതന്ത്രമായ കാതോലിക്കേറ്റ് ഇന്ത്യയിലെ ക്രിസ്തീയവിശ്വാസത്തിന് ഒരു സ്വദേശിമുദ്ര സമ്മാനിക്കുന്നു. അതിനാൽ പൗരസ്ത്യ കാതോലിക്കേറ്റിന് ഒരു ഭാരതീയനാമം കൂടി നൽകുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. വിശേഷിച്ചും, കാതോലിക്കേറ്റ് എന്ന് സ്വയം നാമകരണം നടത്തി വിദേശിതലവന്റെ കീഴ്സ്ഥാനമാണതെന്ന് പ്രഖ്യാപിച്ചുകൊണ്ട്, ഭാരതീയതയെ അപമാനിക്കുന്നവർ ഇവിടെയുള്ളപ്പോൾ.

കെ.ജെ. ചാക്കോ
കോട്ടയം

വേണ്ടത് ആത്മീയപോരാട്ടം

സാമ്രാജ്യശക്തികളുടെ പിന്തുണയോടെ വിദേശികൾ കവർന്നെടുത്ത മലങ്കരസഭയുടെ സ്വാതന്ത്ര്യം നൂറ്റാണ്ടുകളുടെ പോരാട്ടത്തിലൂടെയാണ് നാം തിരികെ നേടിയത്. ആശയപരവും നിയമപരവും ആയ പോരാട്ടങ്ങൾ ഇന്നും തുടരുന്നു. (മറ്റൊരു രാജ്യത്തും ഈ സമിതിക്ക് കൂട്ടുനിൽക്കുവാൻ അവിടുത്തെ മീഡിയയോ സർക്കാരോ നിയമവ്യവസ്ഥിതിയോ അനുവദിക്കില്ല. ദേശീയമായ കാഴ്ചപ്പാടിൽ ഇന്ത്യൻ പത്രങ്ങൾ ബഹുദൂരം വളരാനുണ്ട് എന്നതിന് തെളിവാണിത്).

നമ്മുടെ പോരാട്ടത്തിന്റെ പരിസമാപ്തിയിലേക്ക് വൈകാതെ എത്തുന്നതിന് നാം ഉത്സാഹിക്കണം. ശത്രുവിനെ ജയിക്കുന്നതിനുള്ള പോരാട്ടം ആത്മീയമാണ്. ഈ പോരാട്ടം കൊണ്ട് മാത്രമേ സഭയ്ക്ക് യഥാർത്ഥ വിജയം ഉണ്ടാകുകയുള്ളു.

ജോൺ ജെ. വർഗീസ്
പത്തനാപുരം

കഴിവുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കണം

കഴിഞ്ഞ ലക്കം (ജൂലൈ-സെപ്റ്റംബർ) ജോർജിയൻ മിററിൽ സാലിക്കുട്ടി പി. എഴുതിയ കത്ത് വായിച്ചു. കുഞ്ഞുങ്ങളുടെ കഴിവിനെ കണ്ടെത്തി, അവരെ പ്രോത്സാഹിപ്പിക്കുകയാണ് മാതാപിതാക്കളുടെയും ഗുരുക്കന്മാരുടെയും കടമ. അതിന് നിഷ്കളങ്കരായ നമ്മുടെ കുഞ്ഞുങ്ങളുടെ ഉള്ളിലേക്കു പണക്കാരനെന്നും പാവപ്പെട്ടവനെന്നും ഉള്ള ചിന്ത കടത്തിവിടണമോ? ദൈവം കൊടുത്തിട്ടുള്ള കഴിവിനെ തിരിച്ചറിയുകയാണ് ദൈവനീതി. മത്സരം ഏതായാലും (പ്രത്യേകിച്ച് പ്രസംഗം) അതിന് സ്വന്തമായ ഒരു ശൈലി ഉണ്ട്; അതിന്റെ അവതരണവും, ഭാഷയും, ഭാവവും, ചലനങ്ങളും, ശബ്ദവ്യത്യാസവും എല്ലാം അതിന്റെ തനിമയോടെ അവതരിപ്പിക്കണം. ഒരു വീഡിയോ റിക്കാർഡിങ് കണ്ട്, പരിശീലനം നടത്തുന്ന ഒരു കുട്ടിക്ക്, അവന്റെ തനതായ ശൈലിയിൽ അതിനെ അവതരിപ്പിക്കുവാൻ ഒരിക്കലും സാധിക്കുകയില്ല. അപ്പോൾ നമ്മൾ ഒരു പ്രസംഗം തയ്യാറാക്കി അവരെ അഭ്യസിപ്പിക്കുകയല്ലേ നല്ലത്. നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ആത്മീയമായി വളരുവാനും, പ്രഭാഷണം തയ്യാറാക്കുവാനും ഉതകുന്ന തരത്തിൽ എത്രയോ കൃതികളുണ്ട്. ബഹു. ജോഷാ അച്ചന്റെ പുസ്തകങ്ങൾ (വചനമാധുരി, തിരുവചനദീപ്തി, തിരുവചനധ്വനി, വചനബോധിനി, വിതയും വിളവെടുപ്പും സങ്കീർത്തനധ്യാനം) അഭിവന്ദ്യ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 'ഹൃദയം പകരുന്ന ആത്മീയത' (പുതിയ ഗ്രന്ഥം) തുടങ്ങി എല്ലാം പ്രസംഗങ്ങൾ എഴുതി പഠിക്കാൻ പറ്റിയവയാണ്.

ലീലാമ്മ കുര്യൻ
പാലാരിവട്ടം, എറണാകുളം

ഓർത്തഡോക്സ് ജേണൽ

'The Journal of Indian Orthodoxy' എന്ന ബ്രാൻഡിംഗ് ജോർജിയൻ മിററിനെ കൂടുതൽ മികവുറ്റതാക്കുന്നു. അതിന് യോജിക്കുന്ന ഉന്നത നിലവാരമുള്ള പഠനങ്ങളും ലേഖനങ്ങളും വരും ലക്കങ്ങളിൽ പ്രതീക്ഷിക്കുന്നു. ഗൗരവമേറിയ വിഷയങ്ങൾ എല്ലാവർക്കും രുചിക്കില്ല. എന്നാൽ അത്തരം പഠനങ്ങളിലൂടെയാണ് സഭ വളരുന്നത്.

IqSmsX IpSpw_ hnjb§Ä XpSÀ¶pw {]m[m\y¯msSS {]kn²olcn¡pw F¶ IcpXp¶p.

ഏലിയാസ് ചാക്കോ
കേശവദാസപുരം, തിരുവനന്തപുരം.